# സമർപ്പണം

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# സമർപ്പണം


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി – 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 80


●


All rights reserved with the publisher

# ആമുഖം

Arthur T. Pierson പറഞ്ഞു: "The whole church of God should be a great body of evangelists. Let us alone and go after the lost."

ആത്മാക്കളെക്കുറിച്ചുള്ള സ്നേഹത്തോടും ഭാരത്തോടും കൂടി സുവിശേഷത്തിന്റെ പ്രചുര പ്രചാരത്തിനായി സ്വയം സമർപ്പിക്കുകയും ചെലവഴിക്കപ്പെടുന്നതുമായ ജീവിതമാണ് സൗഭാഗ്യജീവിതം.

Corrie Ten Boom, നാസി തടങ്കൽ പാളയത്തിലെ ഭീകരമായ നരവേട്ട കണ്ട്, നരകം ഭൂമിയിൽ താണ്ഡവമാടുന്നത് നേരിട്ടനുഭവിച്ചെഴുതിയ സമർപ്പണം നോക്കൂ:

Ready to suffer grief and pain,
Ready to stand the test.
Ready to stay at home and send others
If He sees best.

Ready to go,
Ready to stay,
Ready my place to fill.
Ready for service lowly or great,
Ready to do His will.

Ready to go,
Ready to bear,
Ready to watch and pray

Ready to stand aside and wait
'Til He shall clear the way.

Ready to speak,
Ready to think,
Ready with heart and brain.
Ready to stand where He sees fit.
Ready to bear the strain.

Ready to speak,
Ready to warn,
Ready o'er souls to yearn.
Ready in life,
Ready in death,
Ready for His return.

Go therefore and make disciples of all nations..........
Matthew 28 : 19 RSV

ജീവിതം ക്രിസ്തുവിനായി സമർപ്പിക്കുക എന്നത് ഒരു മഹാഭാഗ്യമാണ്. ക്രിസ്തു ഹൃദയത്തിൽ വരുമ്പോൾ, ക്രിസ്തു ക്രൂശിൽ വഹിച്ച ഭീകരയാതന നാം സ്വാംശീകരിക്കുകയും നമ്മുടെ ഹൃദയം ദിവ്യസമാധാനംകൊണ്ട് നിറയുകയും ചെയ്യും.

എന്റെ ദേഹിയും ദേഹവും ആത്മാവും സമ്പൂർണ്ണ കാഴ്ചയായി തിരുമുമ്പാകെ ഞാൻ സമർപ്പിക്കുന്നു എന്ന് ആത്മാർത്ഥമായി പറഞ്ഞ അനേകരും ചില പരീക്ഷണ ഘട്ടങ്ങളിൽ മനസ്സിലാക്കും, ഞാൻ പൂർണ്ണമായി സമർപ്പിച്ചിട്ടില്ലല്ലോ എന്ന്.

ജീവനുള്ള ക്രിസ്തുവിനോടുള്ള സ്നേഹമാണ് സമർപ്പണത്തിന്റെ അടിസ്ഥാനം.

"എന്നെ മയക്കീ നിൻ നൽസൗന്ദര്യാശ്ചര്യങ്ങൾ" എന്ന് പൂർവ്വപിതാക്കന്മാർ പാടിയ അനുഭവം നമുക്കും ലഭിക്കും.

ക്രൂശിലെ നിസ്തുല സ്നേഹം നമ്മെ ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്യുമ്പോഴാണ് സാക്ഷാത്തായ സമർപ്പണം ഉളവാകുന്നത്.

എത്ര വാത്സല്യത്തോടെയാണ് ക്രിസ്തു തന്റെ നിത്യ സ്നേഹത്തിലേക്ക് നമ്മെ വശീകരിക്കുന്നത്! ക്രിസ്തുവിന്റെ സ്നേഹം അനുഭവിക്കുന്തോറും നാം എന്നുമെന്നും സമർപ്പണത്തിന്റെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കും.

സുഖശീതളശയ്യയിൽ വിശ്രമിക്കുവാനല്ല, നാൾതോറും കുരിശ് എടുത്തുകൊണ്ട് ക്രൂശിന്റെ പാതയിൽ മുന്നേറുവാനാണ് ക്രിസ്തു നമ്മെ ക്ഷണിക്കുന്നത്. എബ്രായ ലേഖന കർത്താവ് പറയുന്നു:

> *"വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കയും ചെയ്തു." എബ്രായർ 12 : 2*

അവനവന്റെ കുരിശും പേറി, ക്രൂശിതന്റെ പിന്നാലെ ക്രൂശിന്റെ പാതയിൽക്കൂടി പുഞ്ചിരിയോടെ പോകുന്നതാണ് ക്രിസ്തീയജീവിതം.

"എന്റെ നാമം നിമിത്തം സകലരും നിങ്ങളെ പകയ്ക്കും. അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും" എന്ന് കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്. ക്രൂശിന്റെ മിത്രമാകാനും സാക്ഷിയാകാനും നമുക്ക് സാധിച്ചില്ലെങ്കിൽ നാം ഏറ്റവും നിർഭാഗ്യരായിരിക്കും.

> *"അനേകർ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞും കൊണ്ട് പറയുന്നു. അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറ്; ലജ്ജയായതിൽ അവർക്കു മാനം*

*തോന്നുന്നു; അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു. നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു."*

*ഫിലിപ്പിയർ 3 : 18 – 20*

എന്ന് സെന്റ് പോൾ ഫിലിപ്പ്യ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു.

ഫിലിപ്പിയിലെ ലുദിയ ആണ് യൂറോപ്പിലെ ആദ്യത്തെ ക്രിസ്ത്യാനി. തുണിച്ചായം ഉണ്ടാക്കി വിൽക്കുന്ന ഒരു സാധു സ്ത്രീയായിരുന്നു ലുദിയ.

"പൗലോസ് സംസാരിക്കുന്നത് ശ്രദ്ധിക്കേണ്ടതിന് കർത്താവ് അവളുടെ ഹൃദയം തുറന്നു." അവൾ തന്നെത്തന്നെ ക്രിസ്തുവിന് സമർപ്പിച്ചു. തന്മൂലം അവൾ ക്രിസ്തുവിനെ കൈക്കൊണ്ടു, ക്രിസ്തുവിന്റെ ശിഷ്യന്മാരെ കൈക്കൊണ്ടു.

ദൈവത്തെയും ദൈവത്തിന്റെ ആത്മാവുള്ള ദൈവമക്കളെയും കൈക്കൊള്ളുവാൻ സാധിക്കുന്നത് മഹാഭാഗ്യമാണ്. ആ സമർപ്പണത്തിൽക്കൂടി മുമ്പോട്ട് പോകുമ്പോൾ നമുക്ക് മനസ്സിലാകും ക്രിസ്തീയജീവിതം പൂമെത്തയല്ല, മുൾപാതയാണ് എന്ന്.

യഥാർത്ഥമായ സമർപ്പണം എടുക്കുമ്പോൾ സെന്റ് അഗസ്റ്റ്യൻ പറഞ്ഞതു പോലെ: "ഞാൻ ഈ മഹാസ്നേഹം അനുഭവിക്കാൻ വൈകിപ്പോയല്ലോ" എന്ന് നാമും പറഞ്ഞു പോകും. അപ്പോൾ നാം നമ്മുടെ കഴിഞ്ഞകാല ജീവിതത്തിന്റെ ഇരുളടഞ്ഞ ഇടനാഴികൾ കണ്ട് ഉള്ളം തകർന്ന് നെടുവീർപ്പിടും. ജീവിതത്തിൽ വന്നുപോയ സകല പാപങ്ങളും എണ്ണിയെണ്ണി കണ്ടുപിടിച്ച് നാം അനുതപിക്കും. അപ്പോൾ ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ നിറഞ്ഞു നിറഞ്ഞു വരും. അതാണ് ആത്മനിറവ്.

ഈ ആശയങ്ങളാണ് 'സമർപ്പണം' എന്ന ഈ ഗ്രന്ഥത്തിലെ പ്രമുഖസന്ദേശം.

ഇതിന്റെ രചനയിലും DTP, Correction, Editing, Printing,

Cover page എന്നീ വിവിധ കാര്യങ്ങളിലും ശുഷ്ക്കാന്തിയോടെ പ്രവർത്തിച്ച അനേകം ദൈവമക്കളുണ്ട്. അവരോടുള്ള എന്റെ നന്ദി നിസ്സീമമാണ്.

ഈ പുസ്തകം വായിക്കുന്ന ഓരോരുത്തരും സാക്ഷാത്തായ സമർപ്പണത്തിലേക്ക് വന്നുചേരണമെന്നുള്ള പ്രത്യാശയോടും പ്രാർത്ഥനയോടും കൂടെ ഞാനീ ആമുഖക്കുറിപ്പുകൾക്ക് വിരാമമിടട്ടെ.

നിങ്ങളുടെ സ്വന്തം സഹോദരൻ,
**യോഹന്നാൻ സാർ.**

## ഒന്ന്

*"അവളെ കണ്ടയുടനെ അവൻ തന്റെ വസ്ത്രം കീറി: അയ്യോ, എന്റെ മകളേ, നീ എന്റെ തല കുനിയിച്ചു. നീ എന്നെ വ്യസനിപ്പിക്കുന്നവരുടെ കൂട്ടത്തിൽ ആക്കിയല്ലോ; യഹോവയോടു ഞാൻ പറഞ്ഞുപോയി; എനിക്കു പിന്മാറിക്കൂടാ എന്നു പറഞ്ഞു."* *ന്യായാധിപന്മാർ 11 : 35*

വളരെ ശക്തമായ ഒരു വേദവാക്യമാണ് ഇത്. "യഹോവയോടു ഞാൻ പറഞ്ഞുപോയി എനിക്കു പിന്മാറിക്കൂടാ." ന്യായാധിപന്മാരുടെ പുസ്തകത്തിൽ ഒരു ഭരണകർത്താവായ യിഫ്താഹ് പറയുന്ന വാക്യമാണിത്. യിഫ്താഹ് ഒരു ന്യായാധിപതിയായിരുന്നു. ആ കാലത്ത് ജനത്തെ ഭരിക്കുവാൻ ന്യായാധിപന്മാരാണുണ്ടായിരുന്നത്. രാജാക്കന്മാർ ഇല്ലാതിരുന്ന കാലം! ജനം താന്താങ്ങൾക്ക് ബോധിച്ചപോലെ നടന്നിരുന്ന ഒരു കാലം!

മോശയ്ക്ക് ശേഷം യോശുവയാണ് യിസ്രായേൽജനത്തെ നയിച്ചത്. പിന്നീടുള്ള കുറേക്കാലം ജനത്തെ ശക്തമായി നയിക്കുവാൻ ആത്മവീര്യമുള്ള നേതാക്കന്മാർ ഉണ്ടായിരുന്നില്ല. ദൈവം അതാത് കാലത്ത് ന്യായാധിപന്മാരെ എഴുന്നേൽപ്പിച്ചു.

പരീക്ഷകൾ വരുമ്പോൾ, ശോധനകൾ വരുമ്പോൾ, ദുരിതങ്ങൾ വരുമ്പോൾ, പ്രതിസന്ധികൾ വരുമ്പോൾ, പരാജയങ്ങൾ വരുമ്പോൾ, വീട്ടിൽ ഐക്യതക്കുറവ് വരുമ്പോൾ, സ്നേഹശൂന്യമായ പെരുമാറ്റം വരുമ്പോൾ, വീട്ടിൽ നിങ്ങൾ

ഒറ്റപ്പെട്ട് പോകുമ്പോൾ, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ ഒറ്റപ്പെട്ട് പോകുമ്പോൾ, കൂട്ടുകാർ നിങ്ങളെ തൊഴുത്തിൽകുത്തുകൊണ്ട് വിഷമിപ്പിക്കുമ്പോൾ, നിങ്ങൾ മനം മടുത്ത് പോകുമ്പോൾ, അപ്പോഴെല്ലാം നിങ്ങൾക്ക് പറയാം: "യഹോവയോടു ഞാൻ പറഞ്ഞുപോയി എനിക്ക് പിന്മാറിക്കൂടാ!"

ഒരിക്കലായി ഞാൻ ദൈവത്തോട് ഒരു വാക്ക് പറഞ്ഞു പോയി. കരുത്തുറ്റ വാക്യം! വ്യക്തമായ ഒരു സമർപ്പണം! വളരെ കൃത്യമായ ഒരു പ്രതിഷ്ഠയാണ് ആ വാക്യം. എനിക്ക് ഇനി പിറകോട്ട് മാറുവാൻ പാടില്ല!

ഇന്ന് അനേകം വിശ്വാസികളും, "One step forward and two steps backward" ആണ്. ഒരു ചുവട് മുമ്പോട്ട് വയ്ക്കും, അടുത്ത രണ്ടു ചുവട് പുറകോട്ട് വയ്ക്കും. ഇടയ്ക്ക് നാം മുമ്പോട്ട് കാൽ വയ്ക്കുന്നുണ്ട്, തീരുമാനങ്ങൾ എടുക്കുന്നുണ്ട്, ദൈവത്തോട് വാക്കു പറയുന്നുണ്ട്. പല സമർപ്പണങ്ങളും എടുക്കുന്നുണ്ട്. പക്ഷേ, അതിനേക്കാൾ കൂടുതൽ പിന്നീട് പുറകോട്ട് പോകും. ദിനംപ്രതി പുറകോട്ട് പുറകോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. എന്നാൽ മുൻപോട്ടെടുത്തുവച്ച കാൽ പുറകോട്ട് എടുക്കുകയില്ല എന്ന ഉറച്ച തീരുമാനം നമുക്ക് വേണം.

ഞാൻ യേശുവിനോട് എന്റെ ഹൃദയം സമർപ്പിച്ച് പറഞ്ഞു. ഇനി പുറകോട്ടില്ല. അതാണ് ക്രിസ്തീയജീവിതം. മുന്നോട്ട് ഒരു ചുവട് വച്ചു, അത് മുന്നോട്ട് തന്നെ. പ്രതിസന്ധികളുണ്ട്, പ്രശ്നങ്ങളുണ്ട്, ഭാരങ്ങളുണ്ട്. പക്ഷേ, ഞാൻ വാക്കുപറഞ്ഞത് യേശുവിനോടാണ്; സർവ്വവല്ലഭനോടാണ്. സർവ്വശക്തനോടാണ് ഞാൻ വാക്ക് പറഞ്ഞത്. മുമ്പോട്ട് വച്ച കാൽ ഞാൻ പുറകോട്ട് ഒരു ചുവടും വയ്ക്കുകയില്ല. മുമ്പോട്ട്, മുമ്പോട്ട് മാത്രം.

പ്രിയപ്പെട്ടവരേ, ഇന്ന് നിങ്ങൾ മുമ്പോട്ട് ചുവട് വയ്ക്കുന്ന സുദിനമായി തീരട്ടെ. ഇന്ന് നിങ്ങളുടെ ജീവിതത്തിൽ പുതിയ ചില ചലനങ്ങൾ ഉണ്ടാകുന്ന ദിവസമായി തീര

ട്ടെ. ഇന്ന് നിങ്ങളുടെ ജീവിതം ക്രിസ്തുവിനായി തുറന്നു കൊടുത്ത്, ക്രിസ്തുവിനോട് ചില വ്യക്തമായ സമർപ്പണങ്ങൾ പറയുന്ന ദിവസമായിത്തീരട്ടെ. “യഹോവയോടു ഞാൻ പറഞ്ഞുപോയി; എനിക്ക് പിന്മാറിക്കൂടാ.”

ഇനി ഞാൻ കോപിക്കുകയില്ല എന്ന് പറഞ്ഞവരുണ്ട്. പക്ഷേ, പിന്നെയും കോപിച്ചു പോയി. ഇനി ഞാൻ തെറ്റായ വഴിക്ക് പോകയില്ല എന്ന് പറഞ്ഞവരുണ്ട്. പക്ഷേ, പിന്നെയും തെറ്റായ വഴിക്ക് പോയി. ഇനി അശുദ്ധിയ്ക്ക് ഞാൻ ഇടം കൊടുക്കയില്ല എന്ന് പറഞ്ഞവരുണ്ട്. പക്ഷേ, പിന്നെയും അശുദ്ധി ഇരച്ചു വന്ന് കയറിപ്പോയി. ഇനി ഞാൻ വിശ്വസ്തതയോടെ നിൽക്കും എന്ന് പറഞ്ഞവരുണ്ട്. പക്ഷേ, പിന്നെയും പണസംബന്ധമായ കാര്യങ്ങളിൽ ക്രമക്കേട് സംഭവിച്ചുപോയി.

ഇനി ഞാൻ വീട്ടിൽ കലക്കമുണ്ടാക്കയില്ല എന്ന് പറഞ്ഞവരുണ്ട്. പക്ഷേ, പിന്നെയും കലക്കത്തിന് കാരണമായിപ്പോയി. ഇനി എന്റെ ജീവിതംകൊണ്ട് ആരും ദു:ഖിക്കാൻ ഇടവരില്ല എന്ന് പറഞ്ഞവരുണ്ട്. എന്നാൽ അവിടെയും തെറ്റുപറ്റിപ്പോയി. എന്നാൽ ഇന്ന് നിങ്ങൾ പറയൂ: “ഞാൻ യഹോവയോടു പറഞ്ഞുപോയി, ഇനി എനിക്ക് പിന്മാറിക്കൂടാ.”

നിങ്ങൾ വ്യക്തമായി ദൈവത്തോട് ഇങ്ങനെയൊരു സമർപ്പണം പറഞ്ഞിട്ടുണ്ടോ? നിങ്ങൾ ചില വാക്കുകൾ പ്രാർത്ഥിക്കുന്നുണ്ടെങ്കിലും അത് ജീവനുള്ള ദൈവം കേൾക്കുന്നു എന്ന വിശ്വാസമില്ല. കർത്താവ് കേൾക്കുന്നു എന്ന് ഉറപ്പില്ല. നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ട്, വേദപുസ്തകം വായിക്കുന്നുണ്ട്, പള്ളിയിൽ പോകുന്നുണ്ട്, ആരാധനകളിൽ പങ്കെടുക്കുന്നുണ്ട്, ദൈവത്തിന്റെ വചനം കേൾക്കുന്നുണ്ട്. പക്ഷേ, കൃത്യമായ, വ്യക്തമായ ഒരു ദിശാബോധമില്ല.

വ്യക്തമായ ഒരു ബോദ്ധ്യമുണ്ടാകണം. ഞാൻ ക്രിസ്തുവിന്റെ പാദപീഠത്തിൽ ഇരിക്കുന്നു. എനിക്ക് ചില വേദനാവിഷയങ്ങളുണ്ട്. എന്റെ ഹൃദയത്തിന്റെ വേദനകൾ

ഞാൻ അറിയുന്നതിനുമുമ്പ് എന്റെ യേശു അറിയുന്നു. എന്റെ സ്രഷ്ടാവ് സർവ്വശക്തനാണ്. എന്റെ യേശു എന്നെ കാണുന്നു, എന്നെ കേൾക്കുന്നു; ഞാൻ ഉള്ളുതുറന്ന് യേശുവിനോടാണ് പറയുന്നത്. എന്റെ ഭാരം മാറ്റാൻ യേശുവിന് കഴിയും.

യേശു എനിക്ക് ആശ്വാസം തരും. യേശു എന്നെ അനുഗ്രഹിക്കും. എന്റെ ഹൃദയത്തിന് സമാധാനം തരും. യേശു എന്റെ ജീവിതത്തിൽ ഒരു പുതിയ വഴി തുറന്നുതരും. ഈ ഒരു വിശ്വാസത്തോടെ നിങ്ങൾ ഉള്ളുതുറന്ന് നിങ്ങളുടെ അരികത്തിരിക്കുന്ന ഒരു സ്നേഹിതനോട് എല്ലാം തുറന്നുപറയുന്നതുപോലെ യേശുവിനോട് എല്ലാം തുറന്നുപറയണം.

*"ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു."*
*സങ്കീർത്തനങ്ങൾ 34 : 18*

ഞാൻ ഹൃദയം നുറുങ്ങി മനസ്സ് നൊന്താണ് വന്നിരിക്കുന്നത്. എനിക്ക് ചില ആവശ്യങ്ങളുണ്ട്, ആഗ്രഹങ്ങളുണ്ട്, ഭാരങ്ങളുണ്ട്. "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ" എന്നത് ദൈവത്തിന്റെ വചനമാണെങ്കിൽ, യേശു എന്റെ അരികത്ത് വന്നിട്ടുണ്ട്. ഇത് നിങ്ങൾ വിശ്വസിക്കണം. കാരണം, വചനം സത്യമാണ്. വചനം ആത്മാവാണ്. വചനം ജീവനാണ്. വചനത്തിന് മാറ്റം വരികയില്ല.

*"യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു."* *സങ്കീർത്തനങ്ങൾ 145 :18*

അങ്ങനെ, യേശു നിങ്ങളുടെ സമീപത്തുണ്ട് എന്ന് വിശ്വസിച്ച് നിങ്ങൾ പ്രാർത്ഥിക്കൂ. ഉള്ള് തുറന്ന്, നാവെടുത്ത്, ചുണ്ട് അനക്കി, ചെറിയ ശബ്ദത്തിൽ നിങ്ങൾ യേശുവിനോട് എല്ലാം പറയണം. ഹൃദയം തുറന്ന് സംസാരിക്കണം. എഴുന്നേൽക്കുന്നതിന് മുമ്പ് ഒരു വലിയ ആശ്വാസം ലഭിച്ചത് നിങ്ങൾക്കനുഭവിക്കാം. ഇതാണ് ക്രിസ്തീയജീവിതം!

ക്രിസ്തീയജീവിതം അറിവിന്റെ ജീവിതമല്ല. ജ്ഞാനം സമ്പാദിക്കുന്ന ജീവിതമല്ല. അത് അനുഭവത്തിന്റെ മധുരിമ യുള്ളതാണ്. നിങ്ങൾ വ്യക്തിപരമായി ദൈവസന്നിധി യിലിരുന്ന് പ്രാർത്ഥിച്ച് അനുഭവങ്ങൾ നേടണം.

മൂവാറ്റുപുഴയിൽ ഡെന്റൽ ലാബ് നടത്തുന്ന ജോൺ, നാലായിരത്തഞ്ഞൂറോളം പേർക്ക് മാസംതോറും ശമ്പളം കൊടുക്കുന്ന വലിയോരു സ്ഥാപനം നടത്തുന്നു. അനേകം വാഹ നങ്ങൾ ജോണിനുണ്ട്. അതെല്ലാം ദൈവവേലയ്ക്കുവേണ്ടി ഉപയോഗപ്പെടുന്നു. ദൈവം കൊടുത്തതുകൊണ്ട് കർത്താവി നായി തന്നെ ചെലവഴിക്കുകയാണ്.

ജോണിന്റെ മാതാപിതാക്കൾ കൂലിപ്പണിക്കാരായിരുന്നു. അപ്പൻ ഭ്രാന്ത്ബാധിച്ച മനുഷ്യനായിരുന്നു. ജോണിന്റെ അമ്മയാണ് ആദ്യം വചനം കേട്ടത്. പിന്നെ ജോണും സഹോദ രങ്ങളും വന്ന് വചനം കേട്ടു. ഇപ്പോൾ 34 വർഷമായിട്ട് ജോണിന്റെ അപ്പൻ കുര്യാക്കോസ്, ഒരു ഗുളികപോലും കഴി ക്കാതെ സുഖമായി ഉറങ്ങുന്നു. നല്ല ആരോഗ്യത്തോടെ ജോലി ചെയ്യുന്നു. എങ്ങനെ സാധിച്ചു? ജോണിന്റെ അമ്മയും ജോണും ദൈവസന്നിധിയിലിരുന്ന് പ്രാർത്ഥിച്ചു. ഉള്ളുതുറന്ന് കർത്താവിനോട് എല്ലാം പറഞ്ഞു.

കൂലിപ്പണിക്കാരന്റെ മകനായിരുന്നിട്ടും ജോണിന് ദൈവ ത്തിന്റെ വേല പുച്ഛമായിരുന്നു. അതുകൊണ്ട്, രണ്ടു സ്ത്രീകൾ രാത്രി യോഗം കഴിഞ്ഞ് പോയപ്പോൾ കുറ്റിക്കാടിന്റെ മറവിൽ മറഞ്ഞിരുന്ന് ഒരു വലിയ കല്ലെടുത്ത് മുകളിലേയ്ക്ക് എറിഞ്ഞിട്ട് ഉച്ചത്തിൽ ഞെട്ടിപ്പിക്കുന്ന രീതിയിൽ 'ഹല്ലേലുയ്യ' എന്ന് ആർത്തു പറഞ്ഞു. അതുകേട്ട് ആ സ്ത്രീകൾ ഭയന്നു പോയി. അങ്ങനെയുള്ള ജോൺ, ആ കാലങ്ങളെല്ലാം കഴിഞ്ഞ് യേശുവിനെ കണ്ടെത്താൻ ഇടയായി. ഇന്ന്, യേശുവിനു വേണ്ടി എരിഞ്ഞടങ്ങണമെന്ന ദാഹത്തോടെ വേല ചെയ്യുന്നു.

നാളിതുവരെയുള്ള ജീവിതത്തിൽ നിങ്ങൾ യേശുവിനെ

പരിഹസിച്ചവരാകാം; ദൈവത്തിന്റെ വേലയെ പുച്ഛിച്ചവരായി രിക്കാം. കളിയാക്കിയവരായിരിക്കാം; സാരമില്ല. ദൈവത്തിന്റെ മുമ്പാകെ മുട്ട് മടക്കിയിട്ട് നിങ്ങൾ പറയണം: തെറ്റുകൾ ക്ഷമി ക്കുന്ന രക്ഷകാ! എന്നോട് ക്ഷമിക്കണമേ. എന്നോട് മനസ്സലിയ ണമേ. എന്റെ അകൃത്യങ്ങൾ എണ്ണി വയ്ക്കല്ലേ; കർത്താവേ, എല്ലാം മായിച്ചു തരണമേ. ഇങ്ങനെ നിങ്ങൾ ഒരു സമർപ്പണ ത്തിലേക്കു വരണം.

എന്താണ് സമർപ്പണം? ലൂക്കോസിന്റെ സുവിശേഷം ഒന്നാമദ്ധ്യായത്തിൽ കന്യകമറിയാമിന്റെ സമർപ്പണം കാണാം. കന്യകമറിയാമിന്റെ അടുക്കൽ ഗബ്രിയേൽ മാലാഖ വന്ന് ഒരു വചനം കൊടുത്തു.

> *"ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു: കൃപ ലഭിച്ചവളേ, നിനക്കു വന്ദനം; കർത്താവ് നിന്നോടുകൂടെ ഉണ്ട് എന്നു പറഞ്ഞു. അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു: ഇത് എന്തൊരു വന്ദനം എന്നു വിചാരിച്ചു. ദൂതൻ അവളോട്: മറിയയേ, ഭയപ്പെടേണ്ട; നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും; അവന്ന് യേശു എന്നു പേർ വിളിക്കേണം. അവൻ വലിയ വൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളി ക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാ വായ ദാവീദിന്റെ സിംഹാസനം അവന്നുകൊടു ക്കും." ലൂക്കോസ് 1: 28 – 32*

കന്യകമറിയാമിന് ഒന്നും മനസ്സിലായില്ല. എന്റെ ആയു സ്സിൽ ഒരിക്കലും കേട്ടിട്ടില്ലാത്ത ഒരു സ്വരം കേൾക്കുന്നു. എങ്കിലും അവൾ ഗബ്രിയേൽ ദൂതനോട് ഇത്രയും ചോദിച്ചു.

> *"മറിയ ദൂതനോട്: ഞാൻ പുരുഷനെ അറിയായ്ക യാൽ ഇത് എങ്ങനെ സംഭവിക്കും എന്നു പറഞ്ഞു." ലൂക്കോസ് 1: 34*

ആദ്ധ്യാത്മികത്വം മനുഷ്യർക്ക് മനസ്സിലാകുകയില്ല. ക്രിസ്തു ഒരാളിൽ ഉരുവാകുക എന്നത് ആരുടേയും ബുദ്ധിയിൽ വിധേയപ്പെടുകയില്ല. ആരുടേയും ജ്ഞാനത്തിന് വശംവദമാകുകയില്ല. ആരുടേയും ചിന്തയ്ക്ക് അധീനപ്പെടുകയില്ല. സമർപ്പണജീവിതം! ക്രിസ്തീയ ജീവിതത്തിന്റെ ഉയർന്ന പടവുകൾ! പലതും നിങ്ങൾക്ക് മനസ്സിലാവുകയില്ല. പക്ഷേ, നിങ്ങളുടെ എളിമയിൽ നിങ്ങൾക്ക് ചോദിക്കാം, ഇതെങ്ങനെ സംഭവിക്കും?

> *"അതിന്നു ദൂതൻ: പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. നിന്റെ ചാർച്ചക്കാരത്തി എലീശബെത്തും വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു; മച്ചി എന്നു പറഞ്ഞുവന്നവൾക്ക് ഇത് ആറാം മാസം. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്ന് ഉത്തരം പറഞ്ഞു." ലൂക്കോസ് 1 : 35 – 37*

കന്യകമറിയാമിന് ഒന്നും മനസ്സിലായില്ല. എങ്കിലും അവൾ സമർപ്പിച്ചു. ആ സമർപ്പണംമൂലം മനുഷ്യജാതിക്കുണ്ടായ അനുഗ്രഹങ്ങൾ വളരെ ശ്രേഷ്ഠവും, തലമുറകൾ, തലമുറകളായി യുഗങ്ങളോളം നീണ്ടുനിൽക്കുന്നതുമായിരുന്നു.

> *അതിനു മറിയ: "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നു പറഞ്ഞു." ലൂക്കോസ് 1 : 38*

ഇതാണ് സമർപ്പണം! നിങ്ങളുടെ ജീവിതത്തിലും വ്യക്തമായ ഒരു സമർപ്പണം വരണം. ഞാനിതാ, എന്നെ നിന്റെ പാദപീഠത്തിൽ സമർപ്പിക്കുന്നു; നിങ്ങൾ യേശുവിനോടു പറയണം: ഇന്നുമുതൽ ഞാൻ നിന്റെ ദാസി, നിന്റെ അടിമ. നിങ്ങളുടെ വ്യക്തിത്വം യേശുവിന്റെ പാദപീഠത്തിൽ വയ്ക്കണം.

കൊച്ചുകുട്ടികൾ, പ്രായമായവർ, വാർദ്ധക്യത്തിലായവർ, ഏതു പ്രായത്തിലുള്ളവരും സമർപ്പണമെടുക്കണം.

ഞാൻ പതിനേഴാമത്തെ വയസ്സിൽ ജീവിതം കർത്താവിനായി സമർപ്പിച്ചു. അതിന് മുമ്പും നിഷ്ഠകൾ ഉള്ള മനുഷ്യനായിരുന്നു. എന്റെ അപ്പൻ എനിക്ക് ഒരു വയസ്സുള്ളപ്പോൾ മരിച്ചതിന് ശേഷം എന്റെ അമ്മ എന്നെ വളരെ കർക്കശമായിട്ട് തന്നെയാണ് വളർത്തിയത്. എന്നും പ്രാർത്ഥന നിർബ്ബന്ധമായിരുന്നു. വേദപുസ്തകം ഒരു അദ്ധ്യായമെങ്കിലും വായിക്കാതെ കിടക്കാൻ പറ്റുകയില്ല; എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽ പോകണം. വളരെ അച്ചടക്കമുള്ള ജീവിതം.

എന്റെ പതിനേഴാമത്തെ വയസ്സിൽ ദൈവത്തിന്റെ വചനം ഞങ്ങളുടെ പള്ളിയിൽ പ്രസംഗിക്കുന്നത് കേട്ടാണ് ഞാൻ മാനസാന്തരപ്പെട്ടത്. അന്ന് പ്രസംഗകൻ, ലാസറിന്റെ ഉയർത്തെഴുന്നേല്പിനെക്കുറിച്ചാണ് പറഞ്ഞത്. മരിച്ച ലാസറിനെ കല്ലറയിൽ വച്ച് നാല് ദിവസത്തിനുശേഷം കർത്താവ്, “ലാസറേ, പുറത്ത് വരിക” എന്നുപറഞ്ഞ് ലാസറിനെ ഉയർപ്പിച്ചു. അന്ന് അദ്ദേഹം പറഞ്ഞ ഒരു കാര്യമാണ് എന്നെ തൊട്ടത്: കല്ലറയുടെ പുറത്ത് ദുർഗ്ഗന്ധമില്ല, കല്ലറയ്ക്ക് അകത്താണ് ചീഞ്ഞിരിക്കുന്നത്.

ഈ ദേവാലയത്തിൽ ഇരിക്കുന്ന അനേകർക്ക് പുറമെ ദുർഗ്ഗന്ധമൊന്നുമില്ല പക്ഷേ, അകം ചീഞ്ഞിരിക്കുകയാണ്; അകത്ത് ചീത്ത ചിന്തകളുണ്ട്, വൈരാഗ്യമുണ്ട്, പിണക്കമുണ്ട്, കൊള്ളരുതാത്ത മോഹങ്ങളുണ്ട്. പുറമെ അതൊന്നും വരുന്നില്ലെന്നേയുള്ളൂ; ഒരു പക്ഷേ അതിന് സാഹചര്യമില്ലാത്തതുകൊണ്ടാകാം; അതല്ലെങ്കിൽ അതിന് കഴിവില്ലാത്തതുകൊണ്ടാകാം. ഏതായാലും അകം ചീഞ്ഞിരിക്കുന്നു.

ഞാൻ തലയുയർത്തി നോക്കിയപ്പോൾ അദ്ദേഹം എന്റെ നേരെ വിരൽ ചൂണ്ടുന്നതുപോലെ എനിക്ക് തോന്നി. വീണ്ടും അദ്ദേഹം പറഞ്ഞു: അങ്ങനെയുള്ളവരെ യേശു ഇപ്പോൾ വിളി

ക്കുന്നു: "ലാസറേ, പുറത്ത് വരിക." ആ വാക്ക് കേട്ടപ്പോൾ ഞാൻ അവിടെയിരുന്ന് എന്നെത്തന്നെ സമർപ്പിച്ചു: "കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക."

അത് ഒരു തുടക്കമായിരുന്നു. ഇന്നും ഞാൻ ദിനംപ്രതി സമർപ്പിക്കുന്നു. കൃപയാൽ കർത്താവ് അനുനിമിഷം നടത്തിക്കൊണ്ടിരിക്കുന്നു. ഇനിയും പലതും നേരെയാക്കാനുണ്ട് എന്ന് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. ഓരോ ദിവസവും കർത്താവിന്റെ കൃപയാൽ തിരുരക്തത്താൽ കഴുകി, പരിശുദ്ധാത്മാവിന്റെ നവീകരണശക്തിയാൽ എന്നെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

നിങ്ങൾ ഇങ്ങനെ ഒരു തുടക്കം കുറിച്ചിട്ടുണ്ടോ? കർത്താവേ, ഇനി മനസ്സറിഞ്ഞ് ഒരു പാപം എന്റെ ജീവിതത്തിൽ സംഭവിക്കുകയില്ല. ഇനി മനസ്സറിഞ്ഞ് ഞാൻ കോപിക്കയില്ല. ഇനി മനസ്സറിഞ്ഞ് അശുദ്ധിയ്ക്ക് ഇടം കൊടുക്കയില്ല. ഇനി മനസ്സറിഞ്ഞ് അസത്യമായ വാക്ക് എന്റെ ജീവിതത്തിൽ വരികയില്ല. ഇനി മനസ്സറിഞ്ഞ് ആരെയും മുറിപ്പെടുത്തുന്ന രീതിയിൽ സംസാരിക്കയില്ല. അങ്ങനെയൊരു തീരുമാനം എന്നെങ്കിലും നിങ്ങളുടെ ജീവിതത്തിൽ വന്നിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്ന് സമർപ്പണത്തിന്റെ ദിവസമാകട്ടെ. "യഹോവയോട് ഞാൻ പറഞ്ഞുപോയി, എനിക്കു പിന്മാറിക്കൂടാ."

നിങ്ങൾ ഒരിക്കലെങ്കിലും യഹോവയോട് വാക്ക് പറഞ്ഞവരാണെങ്കിൽ ഇന്ന് നിങ്ങൾ പുതുക്കിപ്പറയണം: കർത്താവേ, ഒരിക്കൽ പറഞ്ഞ വാക്ക് ഞാൻ പാലിക്കും. ഞാൻ നേർന്നത് ഞാൻ നിവർത്തിക്കും. ഞാൻ സമർപ്പണം പറഞ്ഞത് ഞാൻ അനുഭവമാക്കും.

എന്റെ ജീവിതത്തിൽ എന്നും യേശു ഉണ്ടായിരുന്നു. അതുകൊണ്ട് ഞാൻ മടിക്കാതെ, അലസനാകാതെ പഠിച്ചു. ക്രിസ്തു എന്നെ ആ സമർപ്പണത്തിൽക്കൂടി നടത്തി. അതുകൊണ്ട് ദൈവമെന്നെ വാലല്ല, തലയാക്കി ഉയർത്തി. ഇന്ന് ഇത്

വായിക്കുന്ന നിങ്ങളെ വാലല്ല, തലയാക്കാൻ ദൈവം ആഗ്രഹിക്കുന്നു.

ഒരു സമർപ്പണമെടുക്കാൻ ഇടയാകുന്നത് ഭാഗ്യമാണ്; ദൈവം തരുന്ന ഒരു കൃപയാണ്. നിങ്ങൾ ഏതു പ്രായത്തിലുള്ളവരാണെങ്കിലും ഇന്ന് ജീവിതം യേശുവിനു കൊടുക്കൂ. സംശയിക്കേണ്ട. യേശുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേയ്ക്ക് നിങ്ങളുടെ ഭാവി ഏല്പിച്ച് കൊടുക്കൂ. യേശുവിന്റെ കരങ്ങളിലേയ്ക്ക് കൊടുത്താൽ ഒരിക്കലും നഷ്ടമല്ല. സ്വർഗ്ഗത്തിലെ ദൈവം ഏറ്റെടുക്കും; അവൻ ഏറ്റെടുത്താൽ മനോഹരമാക്കും.

> *"ദൈവം തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കയും യിസ്രായേൽ ആനന്ദിക്കയും ചെയ്യും."* *സങ്കീർത്തനങ്ങൾ 53 : 6*

തന്റെ ജനം എന്ന് പറയത്തക്കവണ്ണം കർത്താവേ, ഞാൻ നിന്റെ വകയല്ലേ എന്ന് നിങ്ങൾ ചോദിക്കണം. രോഗം വരുമ്പോൾ നിങ്ങൾ പറയണം: യേശുവേ, എന്റെ ആയുസ്സ് നിന്നെ ഏൽപ്പിച്ചതല്ലേ? ഈ രോഗത്തിൽ നിന്റെ കരം ഒന്ന് വച്ചേ പറ്റൂ. പരീക്ഷയ്ക്ക് പോകുമ്പോൾ പറയണം: നാഥാ! എന്റെ ജീവിതം ഞാൻ നിനക്ക് തന്നതല്ലേ? ഈ പരീക്ഷയിൽ നിന്റെ കരം എന്റെ വലങ്കരത്തിൽ പിടിച്ച് എന്നെക്കൊണ്ട് എഴുതിക്കണം. നിങ്ങൾക്ക് വിവാഹം ആലോചിക്കുമ്പോൾ പറയണം: എനിക്ക് ആത്മീയനായി ജീവിക്കാൻ പറ്റിയ ബന്ധം എനിക്ക് തന്നേ പറ്റൂ. എന്റെ കുഞ്ഞിന്റെ ദു:സ്വഭാവത്തിന്റെ മേൽ, അലസതയുടെമേൽ നിന്റെ കരം വയ്ക്കണം.

ചോദിച്ചാൽ തരുന്ന ഒരു ദൈവമുണ്ട്; പ്രാർത്ഥന കേൾക്കുന്ന, ഹൃദയംനൊന്ത് കരഞ്ഞാൽ കേൾക്കുന്ന, കണ്ണുനീരിനെ മറികടന്ന് പോകാത്ത ഒരു ദൈവമുണ്ട്. നിങ്ങൾ വിശ്വാസത്തോടെ സമർപ്പിക്കൂ: "ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ."

സമർപ്പണം വിലപ്പെട്ടതാണ്. കന്യകമറിയാം അത്ഭുതകരമായി ഗർഭം ധരിച്ചു. മാലാഖ വന്ന് സംസാരിച്ചത് കന്യകമറിയാമിന് മാത്രമേ അറിയുകയുള്ളൂ. അതൊരു രഹസ്യമായ വചനബന്ധമാണ്.

*"കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും."*

*ലൂക്കോസ് 1 : 32*

*"പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും."* *ലൂക്കോസ് 1 : 35*

മാലാഖ അരുളിച്ചെയ്തത് കന്യകമറിയാമിന് അറിയാം, വേറെ ആർക്കും അറിയില്ല. മകനേ, നിനക്ക് ലഭിച്ച വചനത്തിന്റെ അർത്ഥം വേറെ ആർക്കും മനസ്സിലാവുകയില്ല. നിനക്കുള്ള specific message ദൈവം തന്നിരിക്കുകയാണ്.

ആളുകൾ കളിയാക്കുമ്പോൾ നിങ്ങൾ പേടിക്കേണ്ട. നിങ്ങൾക്ക് കിട്ടിയ നിധി എന്താണ് എന്ന് നിങ്ങൾക്കല്ലേ അറിയാവൂ? പാവം കന്യകാമാതാവ് വിഷമിച്ചു. ഒരിടത്തും പോകാൻ പറ്റാതെ ഒറ്റപ്പെട്ട അവസ്ഥയിലായിത്തീർന്നു.

*"ആ നാളുകളിൽ മറിയ എഴുന്നേറ്റു മലനാട്ടിൽ ഒരു യെഹൂദ്യ പട്ടണത്തിൽ ബദ്ധപ്പെട്ടു ചെന്നു."*

*ലൂക്കോസ് 1 : 39*

നാട്ടിൽ നിൽക്കാൻ നിർവ്വാഹമില്ലാതെ കന്യകമറിയാം ബദ്ധപ്പെട്ട് ഓടിപ്പോയി. നിങ്ങളിൽ യേശുക്രിസ്തു ഉരുവായാൽ നിങ്ങളെ ആളുകൾ തെറ്റിദ്ധരിക്കും, പരിഹസിക്കും, വെറുക്കും, പകയ്ക്കും.

*"സെഖര്യാവിന്റെ വീട്ടിൽ എത്തി എലീശബെത്തിനെ വന്ദിച്ചു. മറിയയുടെ വന്ദനം എലീശ*

> *ബെത്ത് കേട്ടപ്പോൾ പിള്ള അവളുടെ ഗർഭത്തിൽ തുള്ളി.”* *ലൂക്കോസ് 1: 40, 41*

ആറുമാസം പ്രായമുള്ള കുഞ്ഞ് ഗർഭത്തിൽ തുള്ളുന്നു. ആ കുഞ്ഞിന് മനസ്സിലായി എന്റെ സ്രഷ്ടാവാണ്, സാക്ഷാൽ ദൈവമാണ് വന്നിരിക്കുന്നത് എന്ന്. ദൈവപൈതലേ, നിന്നെ സകലരും പുച്ഛിക്കുമ്പോൾ നിന്നെക്കണ്ട് ആനന്ദിച്ച് തുള്ളുന്ന ഒരു ന്യൂനപക്ഷമുണ്ടായിരിക്കും. ആത്മീയർ മാത്രമേ നിന്നെ അഭിനന്ദിക്കുകയുള്ളൂ.

യേശുക്രിസ്തുവിനെ വഹിച്ചുകൊണ്ട് കന്യകമറിയാം ചെന്നപ്പോൾ അവിടെ എലീശബെത്ത് ആത്മാവിൽ നിറവുള്ള വളായി. നിങ്ങൾ പരിശുദ്ധാത്മാവിൽ നിറഞ്ഞ് ഒരു വീട്ടിൽ ചെന്നാൽ, ആ വീട്ടിൽ പരിശുദ്ധാത്മാവിൽ നിറഞ്ഞ് ഒരാളോട് സംസാരിച്ചാൽ ആ ആൾക്ക് പരിശുദ്ധാത്മാവിന്റെ നിറവ് കിട്ടും. ഒരാൾക്കുവേണ്ടി പ്രാർത്ഥിച്ചാൽ അവിടെ ആത്മനിറ വിൽ അത്ഭുതങ്ങൾ നടക്കും.

> *“എലീശബെത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവ ളായി, ഉച്ചത്തിൽ വിളിച്ചു പറഞ്ഞത്: സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ; നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടത്; എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെ നിന്ന് ഉണ്ടായി. നിന്റെ വന്ദനസ്വരം എന്റെ ചെവിയിൽ വീണപ്പോൾ പിള്ള എന്റെ ഗർഭത്തിൽ ആനന്ദം കൊണ്ടു തുള്ളി. കർത്താവു തന്നോട് അരുളിച്ചെയ്തതിന്ന് നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി.”*
>
> *ലൂക്കോസ് 1 : 41 – 45*

നാട്ടിൽ കേട്ടത്, പിഴച്ച് പോയവൾ എന്ന്; ഇപ്പോൾ കേൾക്കുന്നതോ, സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ എന്ന്. സകലരും പഴിക്കുമ്പോൾ ആത്മാവിലുള്ള ദൈവമക്കൾ

നമ്മെ അനുഗ്രഹിക്കും. കന്യകമറിയാം സമാധാനമുള്ളവളായിത്തീർന്നു.

> *"അപ്പോൾ മറിയ പറഞ്ഞത്: "എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ."* ***ലൂക്കോസ് 1: 46 – 48***

കന്യകമറിയാം സമർപ്പണമെടുത്തപ്പോൾ കഷ്ടതയുണ്ടായി, പീഡയുണ്ടായി. കഷ്ടതയുണ്ടായപ്പോൾ അത് ഒഴിവാക്കി കിട്ടാൻ ആർത്തിയോടെ, ദു:ഖത്തോടെ ഓടി. അപ്പോൾ ഒരു ഫെല്ലോഷിപ്പ് കിട്ടി. ഫെല്ലോഷിപ്പ് കിട്ടിയപ്പോൾ സ്തുതി കിട്ടി.

1. Dedication – സമർപ്പണം
2. Persecution – നിന്ദ
3. Fellowship – കൂട്ടായ്മ
4. Worship – സ്തുതി

> *"ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും. ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു; അവന്റെ നാമം പരിശുദ്ധം തന്നേ."* ***ലൂക്കോസ് 1: 48, 49***

നിങ്ങൾ ഇന്ന് ഒരു സമർപ്പണത്തിലേയ്ക്ക് വരുമോ? എങ്കിൽ മഹാഭാഗ്യമാണ്! കർത്താവേ, ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ! എനിക്ക് നിന്ദ വന്നാലും പരിഹാസമേറ്റാലും സാരമില്ല, എന്റെ അകത്ത് യേശു ഉരുവായിരിക്കുന്നു. എന്നെത്തന്നെ ഞാൻ യേശുവിനാണ് കൊടുക്കുന്നത്.

ഇപ്പോൾ ഇതാ, യേശു നിങ്ങളുടെ മുമ്പിൽ വന്നു നിൽക്കുന്നു. നിങ്ങൾക്ക് വേണ്ടി രക്തം കൊടുത്തവന്, ജീവൻ

വച്ചവന്, പാപം പേറിയവന് നിങ്ങൾ എന്തുകൊടുക്കും? യേശുവേ, എന്റെ ദേഹവും എന്റെ ദേഹിയും ആത്മാവും ഞാനിതാ നിനക്ക് തരുന്നു. യഹോവയോട് ഞാൻ പറഞ്ഞു പോയി, എനിക്ക് പിന്മാറിക്കൂടാ. യേശുവേ, തിരുരക്തത്തിന്റെ അത്ഭുത ശക്തിയെ ഞാൻ വാഴ്ത്തിപ്പാടും.

ഇന്ന് നിങ്ങൾ യേശുവിനായി സമർപ്പിക്കുമെങ്കിൽ നാളിതുവരെ വന്ന പാപങ്ങൾ കർത്താവ് ക്ഷമിച്ചുതരും; ശാപങ്ങൾ മാറ്റിത്തരും; രോഗങ്ങൾ സൗഖ്യമാക്കിത്തരും; ജീവിതം ഐശ്വര്യമുള്ളതായിത്തീരും; ഭാവി ശോഭനമായിത്തീരും. യേശു നിങ്ങളെ അനുഗ്രഹിക്കട്ടെ. യേശുവിന്റെ കരം നിങ്ങളുടെ കണ്ണുനീർ തുടയ്ക്കട്ടെ. യേശുവിനോട് വാക്കുപറയുവിൻ: യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക!

## രണ്ട്

*“സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ”* *സെഖര്യാവ് 4 : 6*

*“ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നു; ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും. അവർ കുനിഞ്ഞു വീണുപോയി; എന്നാൽ ഞങ്ങൾ എഴുന്നേറ്റു നിവർന്നു നിൽക്കുന്നു.”*

*സങ്കീർത്തനങ്ങൾ 20 : 7, 8*

ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ ആശ്രയിക്കുക എന്നത് മാത്രമേ നമുക്ക് ചെയ്യാൻ കഴിയുകയുള്ളൂ. നമുക്ക് സ്വന്തമായി ഒന്നും ചെയ്യാൻ സാധിക്കയില്ല. “മനുഷ്യന്റെ ശക്തിയിൽ ആശ്രയിച്ചവർ കുനിഞ്ഞുപോയി. ഞങ്ങൾ എഴുന്നേറ്റ് നിവർന്ന് നിൽക്കുന്നത്” ദൈവത്തിന്റെ കൃപയാണ്.

ഒരു സമർപ്പണത്തിലേക്ക് നാം വരുന്നത് പരിശുദ്ധാത്മാവിന്റെ കൃപയാലാണ്.

സമർപ്പണം പറഞ്ഞതിൽ നിലനിൽക്കാൻ സാധിക്കുന്നത് പരിശുദ്ധാത്മാവിന്റെ ശക്തിയാണ്. സമർപ്പണത്തിൽ നിന്നും പുറകോട്ട് മാറാതെ, യഹോവയോട് ഞാൻ പറഞ്ഞുപോയി, എനിക്ക് പിന്മാറിക്കൂടാ എന്നുള്ള വ്യക്തമായ നിലപാട് നമുക്ക് കിട്ടുന്നത് ദൈവാത്മാവിന്റെ ശക്തിയാലാണ്.

*“സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായ്ത്തീരും; അതിന്നു*

*കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണി ക്കല്ലു കയറ്റും.” സെഖര്യാവ് 4 : 7*

ക്രിസ്തുവിനെയാണ് നാം കാണേണ്ടത്. നമ്മെ കരം പിടിച്ച് നടത്തുന്ന അദൃശ്യനായ ദൈവം! ക്രിസ്തുവിൽക്കൂടി മാത്രമേ ജയജീവിതമുള്ളൂ. ഒരു വ്യക്തിയെ ആശ്രയിച്ചു നിന്നാൽ ആ വ്യക്തി വീണുപോകുമ്പോൾ നാം പതറിപ്പോകും, നാമും വീണുപോകും. എന്നാൽ ഞാൻ പിടിച്ചിരിക്കുന്നത് യേശുവി നെയാണ്, ഒരിക്കലും ഇളകിപ്പോകാത്ത പാറയിലാണ് എന്ന ഉറപ്പ് നിങ്ങൾക്ക് വേണം.

യേശുക്രിസ്തുവിനോടുള്ള സ്നേഹബന്ധത്തിൽക്കൂടി മാത്രമേ നമുക്ക് ആത്മീയജീവിതം നയിക്കുവാൻ സാധിക്കുക യുള്ളൂ. ക്രിസ്തു ഇല്ലാത്ത മനോഗുണപ്രവൃത്തികൾ, ക്രിസ്തു വിന്റെ മഹത്വത്തിന് വേണ്ടിയല്ലാത്ത നന്മപ്രവൃത്തികൾ, എല്ലാം വിലയില്ലാത്തതാണ്, വൃഥാവാണ്. ക്രിസ്തുവിൽക്കൂടി മാത്രമേ ശ്രേഷ്ഠതയുള്ളൂ; മാന്യതയുള്ളൂ.

ക്രിസ്തുവിന്റെ ആത്മാവാണ് നിങ്ങളെ നയിച്ചുകൊണ്ട് പോകേണ്ടത്. മനസ്സുവാടി തളർന്ന അവസ്ഥയിൽ നിങ്ങൾ തനിയേ ക്രിസ്തുവിന്റെ പാദത്തിൽ ഇരുന്ന് പ്രാർത്ഥിക്കുന്നു. അപ്പോൾ തളർച്ച മാറുന്നത് നിങ്ങൾക്കനുഭവിക്കാം. പതറി ഉലഞ്ഞു പോകുന്ന, അന്ധാളിച്ചു പോകുന്ന ചില പ്രതിസന്ധികൾ വരുമ്പോൾ നിങ്ങൾ ക്രിസ്തുവിന്റെ പാദപീഠത്തിലിരുന്ന്, ക്രിസ്തുവിനോട് ഉള്ളുതുറന്ന് കർത്താവേ, ഇതിന് ഒരു പരി ഹാരം തരണമേ എന്ന് അപേക്ഷിക്കുന്നു.

അപ്പോൾ ക്രിസ്തു നിങ്ങളെ ആശ്വസിപ്പിക്കും; നിങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരത്തിനുള്ള വഴി ഒരുക്കിത്തരും. ഇങ്ങനെ യേശുക്രിസ്തുവിനോടുള്ള സജീവമായ സ്നേഹബ ന്ധത്തിൽ ഊട്ടി ഉറപ്പിച്ചുകൊണ്ട് പോകേണ്ടതാണ് ക്രിസ്തീയ ജീവിതം. അങ്ങനെ നാം ദൈനംദിന ജീവിതത്തിൽ ആത്മാ വിൽ വളരണം എന്നതാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹി

ക്കുന്നത്.

ക്രിസ്തീയജീവിതം വാസ്തവത്തിൽ ഒരു കുതിച്ചു ചാട്ടമാണ്. ശൂന്യതയിലേയ്ക്കുള്ള ഒരു കുതിച്ച് ചാട്ടം! പക്ഷേ, ചാടിയാൽ പിടിക്കാൻ ആണിപ്പാടുള്ള രണ്ടുകരങ്ങളുണ്ട്. ആത്മീയമായി മുമ്പോട്ട് വരുവാൻ ആഗ്രഹിക്കുന്നവർക്ക് കടുത്ത എതിരുകൾ നേരിടേണ്ടിവരും. പക്ഷേ, അതിനെ തൃണവൽഗണിച്ചുകൊണ്ട് മുമ്പോട്ട് പോകുമ്പോഴാണ് നമുക്ക് വിജയം കൈവരിക്കാൻ സാധിക്കുന്നത്.

കന്യകമറിയാം പറഞ്ഞു: "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ." അതാണ് Dedication; പക്ഷേ, ഉടനെ persecution തുടങ്ങി. സമർപ്പണമെടുത്ത കന്യകമറിയാമിന്റെ ഉദരത്തിൽ ക്രിസ്തു ഉരുവായിക്കഴിഞ്ഞപ്പോൾ അതിനെ തുടർന്നുണ്ടായ ആക്ഷേപങ്ങൾ! മനുഷ്യരിൽ നിന്നുണ്ടായ അവഹേളനങ്ങൾ! അപ്പോൾ കന്യകമറിയാം ബദ്ധപ്പെട്ട് ഓടുന്നത് സെഖര്യാപുരോഹിതന്റെ ഭാര്യ എലീശബത്തിന്റെ അടുത്തേയ്ക്കാണ്. അവിടെ കന്യകമറിയാമിന് Fellowship കിട്ടി. Persecution വരുമ്പോഴാണ് ഫെല്ലോഷിപ്പിന്റെ ആവശ്യം.

ഒരു കൂട്ടായ്മയിൽ ഉറച്ച് നിന്നാൽ മാത്രമേ നമുക്ക് ആത്മീയജീവിതത്തിൽ വളരാൻ പറ്റുകയുള്ളൂ. വീട്ടിൽ ഒരു ഫെല്ലോഷിപ്പ് വേണം. നിങ്ങളുടെ വീട്ടിൽ ഐക്യം നിലനിർത്തണം.

> *"വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു."*
>
> *അപ്പൊസ്തലപ്രവൃത്തികൾ 4 : 32*

നിങ്ങൾ ആഴത്തിലുള്ള ശുദ്ധീകരണത്തിലേയ്ക്ക് നീങ്ങാൻ തയ്യാറായാൽ നിങ്ങളുടെ കുടുംബം ഒരു കൊച്ചു സ്വർഗ്ഗമായി മാറും. ഭാര്യയും ഭർത്താവും മക്കളും ഒരുമിച്ചുള്ള ഒരു കൊച്ചു യൂണിറ്റ്. നമ്മൾ പ്രാർത്ഥിക്കുന്നു: "സ്വർഗ്ഗസ്ഥനായ ഞങ്ങ

ളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ, നിന്റെ രാജ്യം വരേണമേ.” എന്റെ ഹൃദയത്തിൽ ദൈവത്തിന്റെ രാജ്യം വരാതെ എന്റെ വീട്ടിൽ ദൈവരാജ്യം വരികയില്ല.

നിങ്ങൾ സ്നേഹം കൊടുക്കുന്നുണ്ടോ? എന്നെ സ്നേഹിക്കണം, എന്നെ കരുതണം, എന്റെ അഭിപ്രായം ചോദിക്കണം, ഞാൻ പറയുന്നത് കേൾക്കണം എന്നതിനേക്കാൾ, മറ്റുള്ളവരെ ഞാൻ മാനിക്കും, മറ്റുള്ളവരെ ആദരിക്കും, വീട്ടിൽ മറ്റുള്ളവരെ കൂടുതൽ കരുതുകയും ശ്രദ്ധിക്കുകയും ചെയ്യും എന്ന തീരുമാനമുണ്ടോ? നിങ്ങൾ സ്നേഹം കൊടുക്കുന്നവരാകണം.

സ്നേഹം കൊടുക്കാതെ സ്നേഹം കിട്ടുകയില്ല. നാമെല്ലാം സ്നേഹം ഡിമാന്റ് ചെയ്യുന്നവരാണ്; മറിച്ച്, പരസ്പരം വിനയപ്പെടാൻ തയ്യാറാകണം. സ്നേഹമുള്ള കുടുംബം നശിച്ചുപോകയില്ല. ഒരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണുന്നു. നമ്മുടെ കുടുംബത്തിൽ സ്വർഗ്ഗം തുടങ്ങുമ്പോൾ മറ്റു കുടുംബങ്ങളിലേക്കും ഇത് വ്യാപിക്കും.

ഫിലാഡൽഫിയായിൽ ഒരു തെരുവ്. ആ ഇരുണ്ട തെരുവിൽ സന്ധ്യയാകുന്ന സമയത്ത് മദ്യവില്പനക്കാർ വരുന്നു, മദ്യപാനം ചെയ്യാനുള്ള ആളുകൾ വരുന്നു, കൊള്ളക്കാർ കൂടുന്നു; അവിടെ അവിഹിതമായത് പലതും നടക്കുന്നു. എന്നാൽ അവിടെ ഒരാൾ ഒരു കാര്യം ചെയ്തു. അയാളുടെ വീടിനു മുമ്പിൽ സന്ധ്യയ്ക്ക് മുമ്പേ വിളക്ക് കൊളുത്തി വച്ചു. അദ്ദേഹം വിളക്ക് കൊളുത്തി വച്ചിടത്തേയ്ക്ക് ഈ ആളുകൾ അടുത്ത് വന്നില്ല. ഇരുട്ടുള്ളയിടത്തേയ്ക്ക് മാറിപ്പോയി. പിറ്റേദിവസമായപ്പോൾ അടുത്ത വീട്ടുകാരും അവരുടെ വീടിന് മുമ്പിൽ വിളക്ക് വച്ചു. ഏതാണ്ട് രണ്ടാഴ്ച കഴിഞ്ഞപ്പോഴേയ്ക്കും ആ തെരുവ് മുഴുവൻ ‘Street of light and illumination’ ആയി മാറി. അങ്ങനെ വെളിച്ചം വന്നപ്പോൾ അവിടെ നിന്ന് മ്ലേച്ഛതകൾ മാറി.

തിന്മകൾ മാറിയിട്ട് വെളിച്ചം കത്തിച്ചുവയ്ക്കാം എന്ന് വിചാരിക്കരുത്. നിങ്ങൾ ഒരാൾ ജീവന്റെ വെളിച്ചമായി നിൽക്കുക. പ്രകാശമുള്ള അനേകം കുടുംബങ്ങൾ ചേർന്നാണ് നാട്ടിൽ ഫെല്ലോഷിപ്പ് ഉണ്ടാകുന്നത്. ദൈവമക്കളുടെ സ്നേഹ ത്തിന്റെ കൂട്ടായ്മയാണ് ഫെല്ലോഷിപ്പ്.

കന്യകമറിയാം യഹൂദ്യാ നാട്ടിൽ ബദ്ധപ്പെട്ടു ചെന്ന് എലീ ശബത്തിനെ വന്ദിച്ചു. കന്യകമറിയാമിന്റെ വന്ദനസ്വരം കേട്ട പ്പോൾ പിള്ള ആനന്ദംകൊണ്ട് തുള്ളി. എലീശബത്തിന് മനസ്സി ലായി എന്റെ കർത്താവിന്റെ മാതാവാണ് എന്റെ അടുക്കൽ വന്നിരിക്കുന്നത്.

*"എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെനിന്ന് ഉണ്ടായി. നിന്റെ വന്ദനസ്വരം എന്റെ ചെവിയിൽ വീണ പ്പോൾ പിള്ള എന്റെ ഗർഭത്തിൽ ആനന്ദംകൊണ്ടു തുള്ളി. കർത്താവ് തന്നോട് അരുളിച്ചെയ്തതിന്ന് നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യ വതി."* *ലൂക്കോസ് 1: 43 – 45*

കന്യകമറിയാം സന്തോഷിച്ച് നൃത്തം ചെയ്തു.

*"അപ്പോൾ മറിയ പറഞ്ഞത്: "എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ല സിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ച കടാ ക്ഷിച്ചിരിക്കുന്നുവല്ലോ; ഇന്നുമുതൽ എല്ലാ തലമുറ കളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും."*

*ലൂക്കോസ് 1 : 46 – 48*

ശരിയായ ഫെല്ലോഷിപ്പ് ആണെങ്കിൽ അവിടെ worship ഉണ്ട്.

സമർപ്പണം – Dedication, സമർപ്പണത്തെ തുടർന്ന് Persecution – പീഡ, Persecution – നെ തുടർന്ന് ഫെല്ലോഷിപ്പ്

–കൂട്ടായ്മ, ഫെല്ലോഷിപ്പിനെ തുടർന്ന് Worship – ആരാധന.

സാക്ഷാൽ ആരാധനയുടെ അനുഭവത്തിലേയ്ക്ക് നിങ്ങൾ വന്നിട്ടുണ്ടോ? ഞാൻ യേശുവിന്റെ ഉള്ളംകൈയിലാണ് എന്ന ബോദ്ധ്യം. അത് കിട്ടുന്നതാണ് ഭാഗ്യം.

നിന്റെ കൈ നിറയെ പണം നേടിയാൽ ഭാഗ്യമൊന്നുമല്ല. മാസംതോറും വൻതുക ശമ്പളം കിട്ടി എന്നതും ഭാഗ്യമല്ല. അതെല്ലാം മാറി മറഞ്ഞു പോകും.

"മാളിക മുകളേറിയ മന്നന്റെ
തോളിൽ മാറാപ്പ് കേറ്റുന്നതും ഭവാൻ
രണ്ടുനാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ"

എന്ന് പൂന്താനം നമ്പൂതിരി പാടിയത് വളരെ അർത്ഥവത്താണ്.

ഗുജറാത്തിൽ ഭൂകമ്പമുണ്ടായപ്പോൾ ഞാൻ ന്യൂസ്ചാനലിൽ കണ്ടു. അവിടെ വലിയ നെടുനെടുങ്കൻ ഗോപുരങ്ങളെല്ലാം ഇടിഞ്ഞുവീണു. അനേകം ഫ്ളാറ്റുകളുടെ ഉടമസ്ഥനായ ഒരു കോടീശ്വരൻ, എല്ലാം തകർന്നുടഞ്ഞ് - ഭാര്യ മരിച്ചു, മക്കൾ മരിച്ചു - പ്രായമായ അദ്ദേഹം അന്ന് റോഡരികിൽ മരത്തണലിൽ കിടന്നുറങ്ങി. ഒരു ലോറിയിൽ ദുരിതാശ്വാസത്തിന് ആഹാരപ്പൊതിയുമായി സന്നദ്ധസംഘടനകൾ ചെന്നപ്പോൾ ഇദ്ദേഹം ചെല്ലുന്നതിനു മുമ്പേ ചെറുപ്പക്കാർ പിള്ളേർ ആഹാരപ്പൊതി എല്ലാം മേടിച്ചു കഴിഞ്ഞു. ഇദ്ദേഹം വെറും കൈയായി മടങ്ങുന്നു.

തലേന്ന് ഇഷ്ടംപോലെ ഭക്ഷണം കഴിച്ച മനുഷ്യൻ ഇന്ന് ഒരുപൊതി ആഹാരത്തിനായി കേഴുന്നു. തലേന്ന് സുഖകരമായ ശയ്യയിൽ കിടന്ന മനുഷ്യൻ, ഇന്ന് റോഡരികിൽ കിടക്കുന്നു. ഇതാണ് ലോകം! അതുകൊണ്ട് കൈ നിറയെ പണമുണ്ടായാലും സ്വത്താകില്ല. യേശുക്രിസ്തുവിനെ അകത്ത് കിട്ടിയാൽ അതാണ് സ്വത്ത്! എല്ലാം മാറിമറയും!

ഇന്നുള്ള ആരോഗ്യം പോകാൻ, കരുത്തു പോകാൻ, ബിസിനസ്സ് പോകാൻ, സൗന്ദര്യം പോകാൻ എന്തുമാത്രം നേരം വേണം?

യേശു തന്റെ തിരുമാർവ്വോടണച്ച് നമ്മെ ചേർത്ത് നടത്തുന്നതാണ് ക്രിസ്തീയജീവിതം. വേദപുസ്തകം പറയും:

*"മരുഭൂമിയിൽനിന്നു തന്റെ പ്രിയന്റെ മേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആർ?"*

*ഉത്തമഗീതം 8 : 5*

നിങ്ങൾ ഈ പ്രിയനിൽ ചാരിയിട്ടുണ്ടോ? യേശു നിങ്ങളുടെ നിധിയായി നിങ്ങൾക്ക് കിട്ടിയിട്ടുണ്ടോ? നിങ്ങളുടെ ഹൃദയത്തിൽ യേശു വസിക്കുന്നുണ്ടോ? യേശുവിൽ അലിഞ്ഞും ലയിച്ചും പോകുന്ന ജീവിതത്തിന്റെ സന്തോഷസൗഭാഗ്യസമ്പത്ത് അനുഭവിച്ച് ദൈവത്തെ സ്തുതിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? അതാണ് worship.

കന്യകമറിയാമിന് ആരാധന കിട്ടി. നിങ്ങൾക്ക് ആത്മാവിന്റെ ആരാധന കിട്ടിയിട്ടുണ്ടോ? അത് അകത്താണ്; അകം തുള്ളിക്കൊണ്ടിരിക്കും. ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടിരിക്കും. അത്യുന്നതന് ഞാൻ എന്നെ ഏല്പിച്ചു എന്ന സമർപ്പണം നിങ്ങൾക്ക് കിട്ടിയിട്ടുണ്ടോ? എന്നെ മുഴുവനായി അവനെ ഏല്പിച്ചിരിക്കുന്നു. അത്യുന്നതന്റെ കൈകളിലേയ്ക്ക് ജീവിതം കൊടുത്ത ഒരു ദൈവപൈതലിന്റെ ജീവിതത്തിന്റെ ധന്യത എന്ന് പറയുന്നത് അപരിമേയമാണ്. സർവ്വവല്ലഭൻ എന്റെ സ്വന്തമാണ്. അവൻ എന്റെ വലങ്കരത്തിൽ പിടിച്ചിരിക്കയാണ്.

അവന്റെ കൈയിൽ നിന്ന് എന്നെ പിടിച്ചുപറിക്കാൻ ആർക്കും കഴികയില്ല. ഒരു ശത്രുവിനും എന്നെ തൊടാൻ കഴികയില്ല. എനിക്കെതിരെ ഏതെല്ലാം കൂട്ടുകെട്ടുണ്ടാക്കിയാലും എന്നെ തൊടാൻ പറ്റില്ല.

"യഹോവാഭക്തന് ദൃഢധൈര്യമുണ്ട്." കാരണം, അവന്റെ കാര്യം നോക്കുന്നത് സർവ്വത്തിന്റേയും ഉടയവനാണ്. സർവ്വ

ത്തിന്റേയും അധിപതിയെ നിങ്ങളുടെ കാര്യങ്ങൾ നോക്കാൻ നിങ്ങൾ ഏല്പിക്കണം. അതാണ് സമർപ്പണം. നിങ്ങളുടെ വരവും, നിങ്ങളുടെ ചെലവും, നിങ്ങളുടെ കടവും, നിങ്ങളുടെ ധനവുമെല്ലാം അവനെ ഏല്പിക്കണം.

നിങ്ങളുടെ വിവാഹത്തിന്റെ കാര്യം, വിദ്യാഭ്യാസത്തിന്റെ കാര്യം, അഡ്മിഷന്റെ കാര്യം, ജോലിയുടെ കാര്യം, ബിസിനസ്സിന്റെ കാര്യം എല്ലാം അവന്റെ കരങ്ങളിലേയ്ക്ക് കൊടുക്കണം. എന്നിട്ട് നിങ്ങൾ അലസരായി ഇരിക്കയല്ല, അദ്ധ്വാനിക്കുകയാണ്. നിങ്ങളുടെ കൂടെ യേശുവും സ്വർഗ്ഗത്തിലെ ദൂതന്മാരുമാണ് അദ്ധ്വാനിക്കുന്നത്. നിങ്ങളുടെ വിഷയം സ്വർഗ്ഗത്തിലെ വിഷയമായിക്കഴിഞ്ഞു.

നമ്മെ മാലാഖമാർക്ക് പരിചയം വരണം. അങ്ങ് ചെല്ലുമ്പോൾ അത് ഇന്ന ആളല്ലേ, നമുക്ക് നല്ല പരിചയമുള്ളയാൾ എന്ന് പറഞ്ഞ് നമ്മെ എതിരേറ്റ് കൊണ്ടുപോകണം. കൂടെക്കൂടെ സ്വർഗ്ഗത്തിൽ കയറി ഇറങ്ങി വരുന്ന ആൾ! നിങ്ങൾ കൂടെക്കൂടെ സ്വർഗ്ഗസന്നിധിയിലേയ്ക്ക് കയറിച്ചെല്ലൂ. അവിടെ മാലാഖമാരുമായി സംഭാഷണം ചെയ്യുക. യേശുവിന്റെ പാദപീഠത്തിലിരുന്ന് ഉള്ള് തുറന്ന് യേശുവിനോട് കാര്യങ്ങളെല്ലാം പറയുക. കൃപാസനത്തിലേയ്ക്ക് കടന്നുചെന്ന് ആവശ്യങ്ങളെല്ലാം പറയുക. ഇതൊരു അപൂർവ്വമായ, അത്യന്തം ശ്രേഷ്ഠമായ, അനന്യസുലഭമായ ഒരു മഹാഭാഗ്യമാണ്. അത് നിങ്ങൾ പ്രാപിക്കണം.

സാക്ഷാൽ സമർപ്പണം! അവിടെ Dedication ഉണ്ട്, Persecution (പീഡ) ഉണ്ട്, Fellowship (കൂട്ടായ്മ) ഉണ്ട്, Worship (ആരാധന or സ്തുതി) ഉണ്ട്. ഈ നാല് പടികൾ നമ്മുടെ ജീവിതത്തിൽ നാം നേടിയെടുക്കുന്നതാണ് സമർപ്പണത്തിന്റെ യഥാർത്ഥമായ ഒരു അനുഭവം. ഇതിലേക്ക് നിങ്ങൾ വരണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്.

സമർപ്പണം, മാനസാന്തരം, പശ്ചാത്താപം, അനുതാപം, ഹൃദയത്തിന്റെ ശുദ്ധീകരണം, ഇതെല്ലാം ഓരോ ദൈവപൈത

ലിന്റെയും ജീവിതത്തിൽ നടക്കുന്ന അത്ഭുതങ്ങളാണ്. ഇതൊന്നും എല്ലാവർക്കും കിട്ടുന്നില്ല. വചനം കേട്ടാൽ ഉള്ളത്തിൽ പതിയുകയെന്നത് കൃപയാണ്; ഉള്ളത്തിൽ പതിയുന്നത് അനുസരിച്ച് പുതിയോരു ജീവിതം ചിട്ടപ്പെടുത്തുവാൻ സാധിക്കുന്നത് ദൈവത്തിന്റെ വലിയ കൃപയും അനുഗ്രഹവുമാണ്.

ആത്മീയമായി ക്ഷീണംവരുമ്പോൾ എനിക്ക് ദൈവത്തെ സ്തുതിക്കാൻ പറ്റുന്നില്ല. അപ്പോൾ ഞാൻ എന്റെ ബന്ധുക്കളെയും വീട്ടുകാരെയും ഓർക്കും. അവരിൽ നിന്നെല്ലാം വ്യത്യസ്തമായി യേശുക്രിസ്തുവിനെ തിരിച്ചറിയാൻ എനിക്ക് ഭാഗ്യം ലഭിച്ചല്ലോ! ക്രിസ്തുവുമായി ഒരു personal intimacy വേണം എന്ന് മനസ്സിലാക്കാൻ എനിക്ക് ഇടയായല്ലോ! ഇത്രയും ഓർക്കുമ്പോഴേയ്ക്കും നന്ദികൊണ്ട് എന്റെ ഹൃദയം നിറയും. ഞാൻ സ്തുതിക്കാൻ തുടങ്ങും. മറ്റു പലർക്കും കിട്ടാത്ത മഹാഭാഗ്യമാണ് എനിക്ക് കിട്ടിയത്; സ്വർഗ്ഗമുണ്ട് എന്ന് അറിയാൻ ഇടയായി. ക്രിസ്തുവിന്റെ രക്തം എന്റെ പാപങ്ങൾ പരിഹരിച്ചു എന്ന് മനസ്സിലാക്കാൻ ഇടയായി.

നന്ദിയാണ് സമർപ്പണത്തിന് അടിസ്ഥാനം! യേശുവിനോട് നിങ്ങൾക്ക് നന്ദി വരുന്നുണ്ടോ? ദൈവം ചെയ്ത നന്മകൾ എണ്ണിനോക്കൂ. Minus points നോക്കാതെ plus points എണ്ണൂ. എത്രയെത്ര അവസരങ്ങളിൽ ഈ ഭൂമിയിൽ നിന്നും മാറ്റപ്പെട്ടു പോകേണ്ടിയിരുന്നു! നിങ്ങളെ കാത്തുപരിപാലിച്ച് ഇത്രത്തോളം ആക്കിയത് ആരാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഈ നല്ലവനായ യേശുവിന്റെ സ്നേഹത്തെ അറിഞ്ഞാൽ നിങ്ങൾ സ്തുതിക്കും.

അവന്റെ മുമ്പിൽ നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിച്ചു പോകും. ഈ വിലകെട്ടവനായ എന്നെ നീ സ്നേഹിച്ചുവല്ലോ! ആർക്കും വേണ്ടാത്ത എന്നെ നീ സ്നേഹിച്ചല്ലോ! നീ എന്നെ സ്നേഹിപ്പാൻ ഞാൻ ആര്? ഈ അനാഥനായ എന്നെ, നിസ്സാരനായ എന്നെ, അല്പപ്രാണിയായ എന്നെ നീ സ്നേഹിച്ചല്ലോ!

ഇത്രയും കൊടുംക്രൂരപാതകം ചെയ്ത എന്നെ സ്നേഹിപ്പാൻ എങ്ങനെ തോന്നി കർത്താവേ?

ഇത്രയും നിഷ്ഠൂരഹൃദയമുള്ള, കല്ലിച്ച മനസ്സുള്ള എന്നെ സ്നേഹിപ്പാൻ കർത്താവേ, നിനക്ക് എങ്ങനെ തോന്നി? ഈ സ്നേഹത്തിന് മുമ്പിൽ എന്നെ മുഴുവനായും ഞാൻ അർപ്പണം ചെയ്യുകയാണ്. എന്റെ ജീവിതം, ഭാവി, എന്റെ മക്കൾ, മക്കളുടെ മക്കൾ എല്ലാം നിന്നെ ഏല്പിക്കുകയാണ്. ഇതാണ് സമർപ്പണം. നന്ദിയിൽ നിന്നും സമർപ്പണം ഉരുത്തിരിഞ്ഞു വരുന്നു.

എണ്ണിയാൽ തീരാത്തത്ര പാപങ്ങൾ! ഒരുദിവസം എന്തെല്ലാം വാക്കുകളാണ് പറഞ്ഞത്! ഏതെല്ലാം കാര്യങ്ങളിലാണ് ഇടപെട്ടത്! അതിൽ വളവുള്ള, വക്രതയുള്ള, സൂത്രവും കൗശലവുമുള്ള കാര്യങ്ങൾ ഉണ്ടായിരുന്നില്ലേ? ഭാഗികമായ അസത്യങ്ങൾ വന്നുപോയിട്ടുണ്ടല്ലോ. ആളുകളുടെ മുമ്പിൽ നല്ലപിള്ളയായി കാണിക്കാൻ വേണ്ടി എന്തെല്ലാം ചെയ്തികൾ വന്നുപോയി. എണ്ണിയാൽ തീരാത്ത പാപങ്ങൾ എന്നിൽ വരുന്നുണ്ടെങ്കിലും കർത്താവേ, തിരുരക്തത്താൽ നീ എന്നെ കഴുകുന്നുവല്ലോ.

നിന്റെ മഹാസ്നേഹത്തിന് മുമ്പിൽ ഞാൻ പകരം എന്തു തരേണ്ടൂ! പാപം ഒരിക്കലും വരാത്തതുപോലെ എന്നെ ആക്കിത്തീർക്കുന്ന സ്നേഹം! തിരുരക്തത്തിന്റെ മുദ്ര പതിപ്പിക്കുന്ന സ്നേഹം! ഈ സ്നേഹത്തിന് മുമ്പിൽ എന്നെത്തന്നെ സമർപ്പിച്ചുകൊണ്ട് അടിയറ പറയുകയാണ്. ഇങ്ങനെ നന്ദിയിൽ നിന്നുള്ള സമർപ്പണം, അതാണ് ആത്മീയജീവിതത്തിന്റെ അടിസ്ഥാനം.

നമ്മോടുള്ള യേശുക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള നന്ദിയും, സ്നേഹവും വന്നുകഴിയുമ്പോൾ നമുക്ക് പരസ്പരമുള്ള സ്നേഹം വർദ്ധിക്കും.

*"താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്ന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ*

*കഴിയുന്നതല്ല.”* *1 യോഹന്നാൻ 4 : 20*

*“നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും.”* *യോഹന്നാൻ 13 : 34, 35*

നിങ്ങൾക്ക് ഇന്ന് ഈ സ്നേഹത്തെ കിട്ടിയോ? ആ സ്നേഹം നിങ്ങളെ തൊടുമ്പോൾ നിങ്ങളുടെ രോഗങ്ങൾ മാറും, നിങ്ങളുടെ ക്ഷീണം മാറും, നിങ്ങളുടെ നിരാശ മാറും, നിങ്ങളുടെ ആശങ്കകൾ മാറും, നിങ്ങളുടെ ബാധകൾ മാറും, നിങ്ങളുടെ ശാപങ്ങൾ മാറും, നിങ്ങളുടെ കുടുംബം ഐശ്വര്യമാകും. ആ സ്നേഹമാണ് സ്വർഗ്ഗം! ആ സ്നേഹത്തിൽ നിങ്ങൾ അലിയട്ടെ, നിറയട്ടെ. അപ്പോൾ യേശു ശത്രുവിന്റെ തീയമ്പുകൾ ഏൽക്കാതെ നമ്മെ പരിപാലിക്കും. ഈ സ്നേഹത്തിന്റെ വക്താക്കളായിത്തീരാൻ രാജാധിരാജൻ നിങ്ങളെ വിളിക്കുകയാണ്.

നിന്റെ രോഗം മാറ്റുന്ന സ്നേഹം! നിന്റെ അവശത മാറ്റുന്ന സ്നേഹം! നിന്റെ ബലഹീനത മാറ്റുന്ന സ്നേഹം! നിന്റെ കഴിവുകേട് മാറ്റുന്ന സ്നേഹം! നിന്റെ ഭാവി ശോഭനമാക്കുന്ന സ്നേഹം! ആ സ്നേഹത്തിന്റെ കുരിശും പേറിക്കൊണ്ട് യേശുവിന്റെ പിന്നാലെ യാത്ര ചെയ്യുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിന്നെ നിർബ്ബന്ധിക്കുകയാണ്. സ്വർഗ്ഗീയസീയോൻ യാത്രാസംഘത്തോടുകൂടെ നീയും പോവുക.

# മൂന്ന്

വേദപുസ്തകത്തിൽ സമർപ്പണമെടുത്തവരെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്.

1. കന്യകമറിയാമിന്റെ സമർപ്പണം.

2. യാക്കോബിന്റെ സമർപ്പണം.

*"യാക്കോബ് ഒരു നേർച്ച നേർന്നു."*

*ഉല്പത്തി 28 : 20*

യാക്കോബ് നേർച്ച നേർന്നതുപോലെ നിങ്ങൾ ഒരു നേർച്ച നേരണം. യാക്കോബിനെ നേർച്ചയിലേയ്ക്ക് നയിച്ചത് ദൈവസ്നേഹമാണ്. യാക്കോബ് ദൈവത്തെ അത്ര വിശ്വാസമുള്ള ആളായിരുന്നില്ല. അപ്പൻ പ്രാർത്ഥിക്കുന്നത് കണ്ടിട്ടുണ്ട്; അപ്പന്റെ അപ്പനായ അബ്രാഹാം കൂടാരത്തിലിരുന്ന് നെടുവീർപ്പോടെ പ്രാർത്ഥിച്ച് കരയുന്നത് യാക്കോബ് കേട്ടിട്ടുണ്ട്. യാക്കോബിന്റെ പതിനഞ്ചുവയസ്സ് വരെ അബ്രാഹാം ജീവിച്ചിരുന്നു. അപ്പന്റെ അപ്പനായ അബ്രാഹാം പറയുന്ന കഥകൾ കേട്ടിട്ടുണ്ട് എങ്കിലും, ഭക്തി കണ്ടിട്ടുണ്ട് എങ്കിലും ഈ മകന് വാസ്തവത്തിൽ ദൈവവിശ്വാസം ഉണ്ടായിരുന്നില്ല.

പൂർവ്വികന്മാരായ പിതാക്കന്മാർ എല്ലാവരും സിദ്ധന്മാരെപ്പോലെ ജീവിച്ചവരായിരുന്നു. എന്നാൽ അവർ കാണിച്ചു തന്ന സത്പാതയിലൂടെ നിങ്ങൾ ജീവിതം നയിച്ചിട്ടുണ്ടോ? അവർ സേവിച്ച ജീവനുള്ള ക്രിസ്തുവിനെ ആരാധിക്കണമെന്ന് നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? പലപ്പോഴും ഇല്ല എന്നതാണ് വസ്തുത. സാഹചര്യം വരുമ്പോൾ വീണ് പോകുന്നതാണ്

അനുഭവം.

യാക്കോബിന്റെ അപ്പന്റെ അപ്പൻ നല്ല അനുഗൃഹീതനായ ദൈവദാസൻ ആയിരുന്നു. അവൻ വിശ്വാസികളുടെ പിതാവായിരുന്നു. യാക്കോബിന്റെ അപ്പനായ യിസ്ഹാക്കോ അതിലുമേറെ ഭക്തിനിർഭരമായ ജീവിതം നയിച്ച ആൾ! സ്വന്തം അപ്പനായ അബ്രാഹാം, മോനേ, നിന്നെയാണ് യാഗം കഴിക്കുന്നതെന്നു പറഞ്ഞപ്പോൾ യാതൊരു മടിയും കൂടാതെ കഴുത്ത് നീട്ടിക്കൊടുത്തു, കൈകൾ നീട്ടിക്കൊടുത്തു. അങ്ങനെ കൈകൾ കെട്ടുവാനും കാലുകൾ കെട്ടുവാനും തയ്യാറായി കിടന്ന മകൻ യിസ്ഹാക്ക്, അപ്പന്റെ സ്വഭാവത്തിന്റെ പ്രതിഛായയായ ഏറ്റവും അനുഗൃഹീതനായ പുരുഷനായിരുന്നു!

നിങ്ങളുടെ ജീവിതത്തിൽ ആത്മീയമായി മികച്ച പാരമ്പര്യം ഒന്നും ഇല്ലെങ്കിലും, നിങ്ങൾ ഒരാൾ പാരമ്പര്യത്തിന്റെ ആദ്യത്തെ ദീപശിഖ കൊളുത്തണം. വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ആദ്യത്തെ കൊളുത്തു കണ്ണിയായി മാറണം. ഈ കണ്ണിയിൽ നിന്നാണ് ഉദാത്തമായ ആത്മീയ പാരമ്പര്യം തുടങ്ങുവാൻ പോകുന്നത്.

നല്ല പാരമ്പര്യമുള്ള കുടുംബത്തിലാണ് നിങ്ങൾ ജനിച്ചതെങ്കിലും പ്രിയപ്പെട്ടവരേ, നിങ്ങളുടെ ആ പാരമ്പര്യത്തിന് യേശുക്രിസ്തുവുമായി ഒരു ബന്ധവുമില്ല. എന്നാൽ, ഇന്നുമുതൽ ഞാൻ യേശുക്രിസ്തു പ്രസാദിക്കുന്ന ഒരു പാരമ്പര്യത്തിന്റെ ഉടമയായിത്തീരാൻ എന്റെ ജീവിതമിതാ സമർപ്പിക്കുന്നു എന്നു നിങ്ങൾക്കു പറയാം.

യാക്കോബ് അബ്രാഹാമിനോടുകൂടെ 15 വയസ്സുവരെ ജീവിച്ചിട്ടുണ്ട്. അബ്രാഹാം പറഞ്ഞു കാണും: മോനേ, നീ ഒരു ഭാഗ്യവാനാണ്. നിന്റെ അപ്പൻ ശ്രേഷ്ഠനായ ഒരപ്പനാണ്. അവൻ എന്റെ ഏകജാതനാണ്. നിന്റെ അപ്പൻ എന്ത് അനുസരണമുള്ളവനായിരുന്നു എന്ന് നിനക്കറിയാമോ? മോനേ, ഒരു സംഭവമുണ്ടായി. ഒരു ദിവസം ഞാൻ ഉറങ്ങിക്കിടക്കുകയായിരുന്നു. അപ്പോൾ ദൈവം എന്നെ ‘അബ്രാഹാമേ,’ എന്നു വിളി

ക്കുന്ന ശബ്ദം ഞാൻ കേട്ടു. ഞാൻ ഞെട്ടി എഴുന്നേറ്റപ്പോൾ ദൈവം പറഞ്ഞു: "നീ നിന്റെ ഏകജാതനായ യിസ്ഹാക്കിനെ കൂട്ടിക്കൊണ്ട് മോറിയാ ദേശത്ത് ചെന്ന്, അവിടെ ഞാൻ കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക" എന്ന്.

ദൈവം എനിക്ക് വാർദ്ധക്യത്തിൽ തന്ന മോനല്ലേ നിന്റെ അപ്പൻ! അവനെ കൊല്ലണമെന്നത് ദൈവം തന്നെയാണോ പറഞ്ഞത്? ഞാൻ കാതോർത്തു. അതേ, ദൈവം തന്നെയാണ്. ഞാൻ തീരുമാനിച്ചു, ദൈവം പറഞ്ഞത് ഞാൻ അനുസരിക്കും. ഞാൻ നിന്റെ അപ്പന്റെ അമ്മയോടുപോലും പറഞ്ഞില്ല; അമ്മ ഒരുപക്ഷേ തടഞ്ഞാലോ. യാഗംകഴിക്കാൻ പോകുകയാണെന്നേ പറഞ്ഞുള്ളൂ. മോനേ, മൂന്ന് ദിവസം യാത്രചെയ്യുമ്പോൾ മുഴുവനും എന്റെ മനസ്സിൽ ദൈവം തന്ന വാക്കാണ്. എന്റെ മോനെ ഞാൻ കൊല്ലണമോ?

യാത്രയിൽ ഞാൻ കൂട്ടിയും കിഴിച്ചും നോക്കി. അവസാനം ഉറച്ചു, എന്റെ ദൈവം വലിയവനാണ്; അത്യുന്നതനാണ്. ഞാൻ എന്റെ മകനെ കൊന്നാൽ ദൈവം എന്റെ മകനെ ആ ചാരത്തിൽ നിന്നും ഉയിർത്തെഴുന്നേൽപിച്ച് തരുമെന്ന് ഞാൻ വിശ്വസിച്ചു. യാക്കോബ് അതിശയത്തോടെ കണ്ണ് വിടർത്തി എല്ലാം കേട്ടുകൊണ്ടിരിക്കയാണ്.

അബ്രാഹാം തുടർന്നു: പോകുന്ന വഴിയ്ക്ക് മോറിയാ മലയുടെ ചുവട്ടടിയിൽ എത്തിയപ്പോൾ കഴുതപ്പുറത്ത് നിന്ന് വിറകുകെട്ട് എടുത്ത് നിന്റെ അപ്പന്റെ ചുമലിലേയ്ക്ക് വച്ചുകൊടുത്തു. പിന്നെ, ഞാനും നിന്റെ അപ്പനായ യിസ്ഹാക്കും കൂടി ആ മല കയറി. ഞാൻ ഇത്രയും മാത്രം വേലക്കാരോട് പറഞ്ഞു: "നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ; ഞാനും ബാലനും അവിടത്തോളം ചെന്നു ആരാധന കഴിച്ചു മടങ്ങിവരാം."

യിസ്ഹാക്ക് നല്ല ഉത്സാഹത്തോടെ മല കയറി. യിസ്ഹാക്ക് ചുറ്റുപാടുമുള്ള കുറ്റിക്കാട്ടിലെല്ലാം ഓടിനടക്കുകയാണ്. ഞാൻ യാഗത്തിനുള്ള വിറകുകെട്ടെല്ലാം അടുക്കിക്കഴി

ഞ്ഞു. എല്ലാം ശരിയായി. കത്തി എടുത്തു കൈയിൽ പിടിച്ചു, ഞാൻ യിസ്ഹാക്കിനെ വിളിച്ചു. അവനെ എന്റെ മാർവ്വോട് അണച്ചുകൊണ്ട് ഞാൻ പറഞ്ഞു: “മോനേ, നിന്നെയാണ് യാഗം കഴിക്കാൻ പോകുന്നത്.”

മോനേ, നിന്റെ അപ്പൻ അനുസരണമുള്ള മകനാണ്. അപ്പൻ കൈ രണ്ടും നീട്ടിത്തന്നു. നീ ആ അപ്പന്റെ മകനാണ്; നീ അനുസരണമുള്ളവനാകണം; സ്നേഹമുള്ളവനാകണം; നീ വിശ്വാസമുള്ളവനാകണം. അന്ന് ആ വല്യപ്പന്റെ മടിയിലിരുന്ന് യാക്കോബ് ഉറച്ചു, എന്റെ അപ്പൻ കാണിച്ചു തന്ന പാതയിൽ കൂടി ഞാനും പോകും.

അബ്രാഹാം തുടർന്നു: അന്ന് ഞാൻ നിന്റെ അപ്പനെ കൊല്ലുവാൻ കത്തി ഉയർത്തിയപ്പോൾ ദൈവം പെട്ടെന്ന് ഇട പെട്ടു. “അബ്രാഹാമേ, അബ്രാഹാമേ” എന്ന് ദൈവം വീണ്ടും വിളിച്ചു. “ബാലന്റെമേൽ കൈ വയ്ക്കരുത്.” മോനേ, ഞാൻ അത്ഭുതപ്പെട്ടു. ജീവനുള്ള ദൈവം യിസ്ഹാക്കിനെ രക്ഷിക്കേണ്ടതിന് അവിടെ ഒരു ആട്ടിൻകുട്ടിയെ കരുതിയിരുന്നു. ആ ആട്ടിൻകുട്ടിയെ യാഗം കഴിച്ചു ഞങ്ങൾ മടങ്ങിപ്പോന്നു. യാക്കോബ് ഈ കഥകൾ എല്ലാം കേട്ടാണ് വളർന്നത്. അന്ന് ഇതെല്ലാം കേൾക്കുമ്പോൾ യാക്കോബിന്റെ ഹൃദയത്തിൽ നല്ല നല്ല സമർപ്പണങ്ങൾ വരുന്നുണ്ട്. എന്റെ അപ്പനെപ്പോലെ എനിക്ക് ജീവിക്കണം. എന്റെ അപ്പന്റെ അപ്പനെപ്പോലെ എനിക്ക് വിശ്വാസിയായിത്തീരണം.

ഇതെല്ലാം വായിക്കുമ്പോൾ പൂർവ്വ പിതാക്കന്മാരെപ്പോലെ വിശുദ്ധിയോടെ ജീവിക്കണമെന്ന് നിങ്ങൾക്ക് ആഗ്രഹം വരുന്നുണ്ടോ? നിങ്ങളുടെ കുടുംബത്തിലുള്ള വിശുദ്ധന്മാരായ പിതാക്കന്മാർ, അവരെപ്പോലെ പ്രാർത്ഥനാജീവിതം നയിക്കണമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

യാക്കോബിന്റെ ജീവിതത്തിൽ വന്ന സമർപ്പണങ്ങളെല്ലാം ആവിയായിപ്പോയി. ദിവസങ്ങളും കാലങ്ങളും കടന്നുപോയി. അവന്റെ യൗവ്വനപ്രായമായപ്പോൾ ഒരു ദിവസം അതി

രാവിലെ യാക്കോബിന്റെ അമ്മ അവനെ വിളിച്ചുണർത്തി. അമ്മ പറഞ്ഞു: ഇത് നിന്റെ കൈയിൽ ഇരിക്കട്ടെ. ഒരു പൊതി അപ്പവും ഒരു തുരുത്തിയിൽ കുറച്ച് വെള്ളവും. എന്നിട്ട് അമ്മ അവനോടു പറഞ്ഞു: നീ പൊയ്ക്കോ, നിന്റെ സഹോദരൻ ഏശാവ് നിന്നെ കൊല്ലാൻ പരിപാടിയിട്ടിരിക്കയാണ്. നീയും തിരിച്ച് വല്ലതും ചെയ്യില്ലേ? രണ്ടു മക്കളും ഒരു ദിവസം മരിക്കുന്നത് ഞാൻ എങ്ങനെ കാണും?

യാക്കോബ് ഭയപ്പെട്ടുപോയി. യാക്കോബ് അപ്പോൾത്തന്നെ അപ്പത്തിന്റെ പൊതിയും തുരുത്തിയുമെടുത്തുകൊണ്ട് ഓട്ടം തുടങ്ങി. അന്ന് മുഴുവൻ അവൻ ബേർശേബ മരുഭൂമിയിൽ കൂടി ഓടി. വൈകുന്നേരമായപ്പോഴേക്കും യാക്കോബ് ഓടിയോടി തളർന്നു.

നിങ്ങൾ ഓടിയോടി തളർന്നവരാണോ? നിങ്ങൾ ക്ഷീണിതരാണോ? ഏതെല്ലാം വഴിയിൽ കൂടി ഓടി! കഷ്ടപ്പാടിന്റെ വഴിയിൽ കൂടി, രോഗത്തിന്റെ വഴിയിൽക്കൂടി, ആപത്തുകളുടെ വഴിയിൽക്കൂടി ഓടിയവർ! ചിലർ ഓപ്പറേഷൻ ടേബിളിൽ കിടന്നു; ചിലർ മരണക്കിടക്കയിൽ കിടന്നു; എഴുന്നേറ്റു പോന്നത് അത്ഭുതം!

1982-ൽ ഞാൻ ഒരു വലിയ സ്കൂട്ടർ ആക്സിഡന്റിൽപ്പെട്ടു. അന്ന് ഓപ്പറേഷൻ തീയറ്ററിലേക്കു പോകുമ്പോൾ ഞാൻ മാറി മാറി എല്ലാവരേയും നോക്കുകയാണ്. ഞാൻ തിരികെ വരുമോ? എന്റെ വീട്ടിൽ അന്ന് അയൽപക്കത്തുള്ളവർ കാത്തിരുന്നു എന്റെ ഡെഡ്ബോഡി വരുമെന്ന് വിചാരിച്ച്.

ഓടി ഓടി തളർന്നവർ! ഇനി ആശയ്ക്ക് വകയില്ല എന്ന് മെഡിക്കൽ സയൻസ് വിധിച്ചപ്പോൾ പിന്നെയും കരകയറിപ്പോന്നവർ! ഇനിയുണ്ടോ അവന് ഒരു എഴുന്നേൽപ്പ്? അവന്റെ കഥ തീർന്നില്ലേ? അവന്റെ ഭാവി തീർന്നില്ലേ? അവൻ കടത്തിൽ മുങ്ങിയില്ലേ? ഇനിയുണ്ടോ അവനൊരു ഭാവി? ഇനി അവന്റെ കടമുണ്ടോ മാറാൻ പോകുന്നു? എന്നിങ്ങനെ ചിലരെല്ലാം പറഞ്ഞതല്ലേ? ഒരുകാലത്ത് ഓടിയോടി തളർന്ന ദൈവപൈതലേ,

നീ, ഇന്ന് തലപൊക്കി നിൽക്കുന്നു.

ആരാണ് ഈ ഓട്ടത്തിൽ നിന്നെ താങ്ങിയത്? നിനക്ക് കഞ്ഞി കുടിയ്ക്കാൻ മാർഗ്ഗം തന്നതാരാണ്? നിങ്ങൾക്ക് കുഞ്ഞുങ്ങളെ തന്നതാരാണ്? നിനക്ക് ഇത്രയും വിദ്യാഭ്യാസം തന്നതാരാണ്? ഞാൻ നന്ദിയോടെ പറയട്ടെ, എന്റെ യേശു തന്നതല്ലാതെ എനിക്കൊന്നുമില്ല. അവൻ തന്ന ആയുസ്സ്, ആരോഗ്യം, സമ്പത്ത്, വിദ്യാഭ്യാസം, ജോലി, പെൻഷൻ. എല്ലാറ്റിന്റെയും ഉത്തരവാദി കർത്താവായ യേശുക്രിസ്തു മാത്രം.

നിങ്ങൾ വിശ്വസിക്കൂ. സ്നേഹവാനായ യേശു നിന്റെ അരികത്ത് വന്നിരിക്കുകയാണ്. നിനക്ക് ലഭിച്ചതല്ലാതെ എന്തുള്ളൂ എന്നാണ് ചോദിക്കുന്നത്. എന്തിലാണ് നിനക്ക് പ്രശംസിക്കാനുള്ളത്? എന്തിലാണ് നിനക്ക് പുകഴുവാനുള്ളത്? എന്തിലാണ് നിനക്ക് അഭിമാനിക്കുവാനുള്ളത്?

എനിക്ക് ഒരേയൊരു സ്വത്തുണ്ട്. അത് എന്റെ യേശു എന്നെ സ്നേഹിക്കുന്നു എന്നുള്ള വിശ്വാസമാണ്. യേശുവിന് എന്നോട് പ്രിയമാണ് എന്നുള്ള വിശ്വാസമാണ്. ഞാൻ നീതിമാനായതുകൊണ്ടല്ല, നല്ലവനായതുകൊണ്ടല്ല; എനിക്ക് ബലഹീനതകളുണ്ട് എന്നു ഞാൻ അറിയുന്നു. എന്റെ ദൈവത്തെ കുത്തിമുറിവേൽപ്പിക്കുന്ന ചില പ്രവണതകളുണ്ട്, ഞാനറിയുന്നു. എന്നാലും ദൈവത്തിന് എന്നെ വലിയ സ്നേഹമാണ്. എന്നോട് വലിയ പ്രിയമാണ്.

നിങ്ങളോടും യേശുവിന് സ്നേഹമാണ്. നിങ്ങൾ വിചാരിക്കും നിങ്ങളെ ആർക്കും സ്നേഹമില്ലെന്ന്. സത്യം നീ ഗ്രഹിക്കൂ, നിന്നെ യേശുവിന് വലിയ സ്നേഹമാണ്. നിനക്ക് സൗന്ദര്യമുണ്ടോ, ആരോഗ്യമുണ്ടോ, വിദ്യാഭ്യാസമുണ്ടോ, പണമുണ്ടോ? നിനക്ക് എന്തുണ്ട് എന്നല്ല, നിനക്ക് എന്തില്ല എന്നാണ് കർത്താവ് നോക്കുന്നത്. നിനക്ക് സ്നേഹം തരാൻ യേശു വന്നിരിക്കുന്നു. ആ സ്നേഹത്തിലാണ് സമർപ്പണം വരുന്നത്.

യാക്കോബ് ഓടിയോടി തളർന്നു. ഓടിയോടി തളർന്നവരുടെ തളർച്ച മാറ്റാൻ യേശു വന്നിരിക്കുകയാണ്. വാടി വാടി കൊഴിഞ്ഞവരേ, നിങ്ങളുടെ വാട്ടം മാറ്റുവാൻ യേശു ഇന്ന് വന്നിരിക്കുകയാണ്. ജീവിതത്തിൽ തളർന്ന് ഉലഞ്ഞുപോയവരേ, നിങ്ങളുടെ തളർച്ച മാറ്റാൻ യേശു വന്നിരിക്കുകയാണ്. ആവലാതി പൂണ്ട് കരഞ്ഞവരേ, നിങ്ങളുടെ കരച്ചിൽ മാറ്റാൻ യേശു വന്നിരിക്കുകയാണ്. യേശു നിങ്ങളുടെ അരികത്ത് വന്നിരിക്കുന്നു. അവൻ നിങ്ങളുടെ കുടുംബത്തിലേക്ക് ഐശ്വര്യമായി എഴുന്നള്ളി വരുന്നു. നിങ്ങളുടെ കുടുംബത്തെ സ്വർഗ്ഗീയ സമ്പത്തുകൊണ്ട് നിറയ്ക്കുന്നു. പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ ഊതുന്നു.

യാക്കോബ് സന്ധ്യയായപ്പോൾ ഒരിടത്ത് തളർന്നിരുന്നു. ഏശാവ് എന്നെ കൊല്ലുന്നെങ്കിൽ കൊല്ലട്ടെ. ഇനി ഒരു ചുവട് മുമ്പോട്ട് വയ്ക്കാൻ വയ്യ. യാക്കോബ് ഒരു കല്ലിന്മേൽ ചാരി ഇരുന്നു. എപ്പോഴോ മയങ്ങിപ്പോയി. അപ്പോഴാണ് അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും ദൈവം യാക്കോബിന് പ്രത്യക്ഷനായത്. വാടി വാടി തളർന്നവർക്ക് പ്രത്യക്ഷനാകുന്ന ഒരു നല്ല ദൈവമുണ്ട്.

യാക്കോബ് മയങ്ങിക്കിടക്കുകയാണ്. അപ്പോഴാണ് ഒരു കോവണി കാണുന്നത്. നോക്കിയപ്പോൾ കോവണിയുടെ അറ്റം അങ്ങ് മുകളിലേയ്ക്കാണ്. കോവണിയിൽ കൂടെ തേജോമയന്മാരായ സ്വർഗ്ഗീയ മാലാഖമാർ കയറുന്നു! അപ്പോഴാണ് യാക്കോബ് ഓർത്തത് ഈ മാലാഖമാർ ഇവിടെ ഉണ്ടായിരുന്നു എന്ന്! ഞാൻ ഏകനാണ് എന്ന് ചിന്തിച്ച് ഭയചകിതനായി ഓടുമ്പോൾ ഈ മാലാഖമാർ എന്റെ കൂടെ ഉണ്ടായിരുന്നു! യാക്കോബ് അതിശയിച്ചു. നിങ്ങളെ സ്നേഹിക്കാൻ ആരുമില്ല എന്നല്ലേ തോന്നിയത്? എനിക്ക് ആരുമില്ല എന്ന് നിങ്ങൾ ചിന്തിച്ചില്ലേ? എന്നാൽ മാലാഖമാർ നിങ്ങൾക്ക് കൂട്ടായിട്ടുണ്ട്.

യാക്കോബ്, താൻ വിലകെട്ടവനാണ് എന്നാണ് കരുതിയത്. പക്ഷേ, സ്വർഗ്ഗം തനിക്കുവേണ്ടി കരുതിയിരിക്കുന്നു.

ഏകാകിയായി പോകുന്ന യാക്കോബിന് സ്വർഗ്ഗീയസൈന്യ ത്തിന്റെ അകമ്പടി.

ദൈവപൈതലേ, നിനക്ക് മനസ്സിലായോ, സ്വർഗ്ഗം നിനക്ക് അകമ്പടി സേവിക്കാമെന്നാണ് പറയുന്നത്.

*"അവരൊക്കെയും രക്ഷപ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാ ക്കളല്ലയോ?"* *എബ്രായർ 1 : 14*

നമ്മെ സഹായിപ്പാൻ ദൈവത്തിന്റെ മാലാഖമാർ വരുന്നു. യാക്കോബ് നോക്കി ഇരിക്കുമ്പോൾ കാണാം, ഗോവണിയുടെ മുകളിൽ നിത്യനായ ദൈവം! എന്റെ അപ്പനായ യിസ്ഹാ ക്കിന്റെ ദൈവം! എന്റെ അപ്പന്റെ അപ്പനായ അബ്രാഹാമിന്റെ ദൈവം! എന്റെ പിതാക്കന്മാരുടെ ദൈവം എനിക്ക് പ്രത്യക്ഷനാ യിരിക്കുന്നു. ഈ ദൈവം പ്രത്യക്ഷനാകുമ്പോഴാണ് സമർപ്പണം വരുന്നത്.

"ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവും ആകുന്നു." ദൈവം പരിചയപ്പെടു ത്തുന്നത് അങ്ങനെയാണ്.

വരുംകാലത്ത് ദൈവം നമ്മുടെ പേര് പറഞ്ഞിട്ട് പറയ ണം, ഞാൻ ഇന്ന ആളുടെ ദൈവമാകുന്നു എന്ന്. ദൈവം തന്റെ വിശുദ്ധന്മാരുടെ അഡ്രസ്സിൽ അറിയപ്പെടാൻ ആഗ്രഹിക്കുന്നു. ഇന്ന് നിങ്ങൾ തീരുമാനിക്കുക, ഞാൻ ദൈവത്തിന്റെ പ്രതിനി ധിയായി ഭൂമിയിൽ ജീവിക്കും. ദൈവത്തിന്റെ മകനായി, മക ളായി ഞാൻ ഈ ഭൂമിയിൽ ജീവിക്കും. ദൈവത്തിന് അഡ്രസ്സ് കൊടുക്കുന്ന ഒരു മകനായി, ഒരു മകളായി ഞാൻ ജീവിക്കും. നമുക്ക് പുതിയ സമർപ്പണം ദൈവത്തോടു പറയാം.

## നാല്

*"യാക്കോബ് ഒരു നേർച്ച നേർന്നു."*

*ഉല്പത്തി 28 : 20*

യാക്കോബ് സമർപ്പണമെടുത്തു. യാക്കോബിന്റെ ജീവിതം മുഴുവനും അനുഗ്രഹിക്കപ്പെട്ടു എന്ന് മാത്രമല്ല, തലമുറകളിലേയ്ക്ക് അതിന്റെ അനുഗ്രഹങ്ങൾ പകർന്ന് പകർന്ന് അത് യുഗങ്ങളോളം നിലനിൽക്കുന്നു. നാം ഒരു സമർപ്പണമെടുത്താൽ, ആ സമർപ്പണത്തിൽ നിന്നുകൊണ്ട് അനേകരെ സ്വാധീനിച്ച് ക്രിസ്തുവിന്റെ സന്നിധിയിലേയ്ക്ക് കൊണ്ടുവരുന്നതിന് സാധിക്കും.

യാക്കോബ് അപ്പനേയും അമ്മയേയും വിട്ട് മരണഭീതിയോടെ ഓടി. മരുഭൂമിയിലെ മണലാരണ്യത്തിലൂടെ, കഠിനമായ സൂര്യതാപമേറ്റ് ഓടിത്തളർന്ന യാക്കോബ്, സന്ധ്യയ്ക്ക് ഒരു കല്ല് തലയണയായിവച്ച് മയങ്ങിപ്പോയി. അപ്പോൾ ഒരു സ്വപ്നം കണ്ടു.

1. യാക്കോബിന് ഒരു സ്വപ്നം ലഭിച്ചു - Vision.

*"എന്നാൽ യാക്കോബ് ബേർ-ശേബയിൽ നിന്നു പുറപ്പെട്ടു ഹാരാനിലേക്കുപോയി. അവൻ ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അസ്തമിക്കകൊണ്ട് അവിടെ രാപാർത്തു; അവൻ ആ സ്ഥലത്തെ കല്ലുകളിൽ ഒന്ന് എടുത്ത് തലയണയായി വച്ചു അവിടെ കിടന്നുറങ്ങി. അവൻ ഒരു സ്വപ്നം കണ്ടു."* *ഉല്പത്തി 28 : 10 – 12*

യാക്കോബിനെ സമർപ്പണത്തിലേയ്ക്ക് നയിച്ചത് ആ ഒരനുഭവം, ഒരു സ്വപ്നമാണ് - vision . നമ്മുടെ എല്ലാവരുടേയും ജീവിതത്തിൽ ദൈവം നമ്മെ സന്ദർശിക്കുന്നു എന്നുള്ള ഒരു അനുഭവമുണ്ടാകണം. തളർന്ന് അവശനായ ഒരു മനുഷ്യന് ദൈവിക ദർശനം ലഭിച്ചു.

നമ്മുടെ ജീവിതത്തിൽ നമുക്ക് ദുരിതങ്ങളുണ്ട്, യാതനകളുണ്ട്, രോഗങ്ങളുണ്ട്, പണത്തിന്റെ ഞെരുക്കങ്ങളുണ്ട്, കടത്തിന്റെ കെണികളുണ്ട്. അനേകം പ്രയാസങ്ങളിൽ കൂടെയാണ് നാം ഓരോ ദിവസവും ഇഴഞ്ഞിഴഞ്ഞ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഓരോ മനുഷ്യനും ഓരോ അഗ്നിപർവ്വതമാണ്. “Every human being is a walking volcano” എന്ന് ഒരു ചിന്തകൻ പറഞ്ഞിട്ടുണ്ട്.

കഷ്ടപ്പാടുള്ള ജീവിതത്തിൽ ജീവനുള്ള ദൈവത്തെ ഒന്ന് കാണാൻ ഇടയാകുക എന്തൊരു മഹാഭാഗ്യമാണ്! ജീവിതത്തിൽ വളർന്ന് വന്നിട്ടുള്ള അനേകർ ദൈവികദർശനം ലഭിച്ചവരാണ്. ദൈവികദർശനം ദൈവത്തിന്റെ വചനമാണ്; എഴുതപ്പെട്ട തിരുവചനം ദൈവത്തിന്റെ ശബ്ദമാണ്.

1. Vision - ദർശനം.
2. Voice - ശബ്ദം.

ഓരോ ദിവസവും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ, ദൈവസന്നിധിയിൽ ചെന്നിരുന്ന് ദൈവത്തോട് സംഭാഷണം ചെയ്യാൻ കുറച്ചു സമയം നാം കണ്ടെത്തണം. രാവിലെ നമുക്ക് ഈ തിരുവചനവുമായി ദൈവത്തിന്റെ പാദപീഠത്തിൽ ഇരിക്കാം. രാവിലെയും വൈകുന്നേരത്തും മുടങ്ങാതെ പ്രാർത്ഥനയുള്ള കുടുംബങ്ങൾ അധ:പതിക്കുകയില്ല. ആ തലമുറ നശിച്ച് പോകുകയില്ല. ഹൃദയം ദൈവസന്നിധിയിൽ പകർന്ന് പ്രാർത്ഥിക്കുന്നവരാകണം.

വേദപുസ്തകം വായിക്കുമ്പോൾ അതിൽനിന്ന് ദൈവത്തിന്റെ ശബ്ദം നിങ്ങൾക്ക് ലഭിക്കും; ദൈവത്തിന്റെ നടത്തിപ്പ്

നിങ്ങൾക്ക് ലഭിക്കും. ദൈവം നിങ്ങളോട് നേരിട്ട് സംസാരിക്കുന്നത് നിങ്ങൾക്ക് അനുഭവിക്കാം. നിങ്ങൾക്കുള്ള വ്യക്തിപരമായ ദൂത് ദൈവം നിങ്ങളോട് പറയും.

ദൈവം വന്നു എന്ന് വിശ്വസിക്കാൻ കഴിയുന്നതെങ്ങനെയാണ്?

*"ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ;*
*മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു."*
*സങ്കീർത്തനങ്ങൾ 34 : 18*

പാപം നിങ്ങളുടെ ഉള്ളിൽ ഉണ്ട് എന്ന് തിരിച്ചറിഞ്ഞ് പാപബോധംകൊണ്ട് ഉള്ള് തകർന്നാണ് ഇരിക്കുന്നതെങ്കിൽ ദൈവം നിങ്ങളുടെ അരികത്ത് വന്നു എന്ന് നിങ്ങൾക്ക് വിശ്വസിക്കാം. ദൈവസന്നിധിയിൽ ഇരിക്കുമ്പോൾ, എനിക്ക് പ്രശംസിക്കാൻ എന്തെങ്കിലുമുണ്ടോ എന്നല്ല, എനിക്ക് പാപബോധമുണ്ടോ? എനിക്ക് അനുതപിക്കാൻ എന്തെങ്കിലുമുണ്ടോ? എന്ന് എപ്പോഴും ഓർക്കണം.

*"എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും."* *യെശയ്യാവ് 66 : 2*

*"യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു."* *സങ്കീർത്തനങ്ങൾ 145 : 18*

നിങ്ങൾ അത്യാവശ്യക്കാരായി യേശുവിനോട് പ്രാർത്ഥിക്കണം: കർത്താവേ, എനിക്ക് വേറെ അഭയമില്ല, സങ്കേതമില്ല, എനിക്ക് വേറെ ആശ്രയമില്ല; വേറെ ആരോടും പറയാനില്ല. എന്റെ പ്രതിസന്ധിയിൽ നീ മാത്രമേ എനിക്ക് താങ്ങായിട്ടുള്ളു. കർത്താവേ, ഞാൻ നിന്റെ കരുണയിൽ ആശ്രയിക്കുന്നു. ഞാൻ വിശ്വസിക്കുന്നു: "ദൈവത്തെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും അവൻ സമീപസ്ഥനാകുന്നു."

*“കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.” സങ്കീർത്തനങ്ങൾ 50 : 15*

കഷ്ടപ്പാടിന്റെ കാലങ്ങളിൽ നീ എന്നെ വിളിച്ചപേക്ഷിയ്ക്ക, ഞാൻ നിന്നെ വിടുവിക്കും; നീ എന്നെ മഹത്വപ്പെടുത്തും. ഒരു vision ലഭിക്കുകയാണ്. ഹൃദയം തകർന്നിരിക്കുന്നവർക്കാണ് vision ലഭിക്കുന്നത്.

യാക്കോബ് ഓടിത്തളർന്ന്, വശംകെട്ട്, ക്ഷീണിതനായി ആ കല്ലിന്മേൽ തലവെച്ച് കിടക്കുമ്പോൾ ദൈവം അവന് പ്രത്യക്ഷപ്പെട്ടു. അപ്പോൾ അവന് vision ലഭിച്ചു.

നിങ്ങൾക്ക് ആരുമില്ല എന്നോർത്ത് കേഴുമ്പോൾ നിങ്ങളുടെ അരികത്ത് വരുന്ന ഒരു ദൈവമുണ്ട്. ഇത് സ്വന്തമായി അനുഭവിക്കുമ്പോഴാണ് ധൈര്യം കിട്ടുന്നത്.

ഹൃദയം നുറുങ്ങിയാണോ വന്നിരിക്കുന്നത്, ദൈവം സമീപത്ത് വന്നിരിക്കുന്നു. സത്യമായി വിളിച്ചപേക്ഷിക്കുന്നുണ്ടോ, ദൈവം സമീപത്ത് വന്നിരിക്കുന്നു.

യാക്കോബ് തളർന്നവനായിരുന്നു, തകർന്നവനായിരുന്നു. യാക്കോബിന്റെ അരികത്തേയ്ക്ക് ജീവനുള്ള ദൈവം വന്നു. ഗോവണിയുടെ ദർശനം കിട്ടി; മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് കണ്ടു.

*“അവൻ ഒരു സ്വപ്നം കണ്ടു: ഇതാ ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും.”*

*ഉല്പത്തി 28 : 12, 13*

യാക്കോബ് പകലത്തെ ഓട്ടംകൊണ്ട് ക്ഷീണിച്ചുപോയിരുന്നു. പക്ഷേ, ഇപ്പോൾ നവോന്മേഷം പകരാൻ ദൈവം വന്നിരിക്കുന്നു. ഒരു വിഷൻ ലഭിക്കുകയാണ്.

ദൈവം എപ്പോഴും മനുഷ്യർക്ക് തന്നെ പരിചയപ്പെടുത്തികൊടുക്കുന്നത് വിശ്വാസികളുടെ പേരിലാണ്. നാം ദൈവത്തിന്റെ സ്ഥാനാപതികളായി (Ambassadors) ഈ തലമുറയിൽ നിൽക്കണം.

ഡി.എൽ. മൂഡി എന്ന അനുഗൃഹീതനായ ഒരു സുവിശേഷകനുണ്ടായിരുന്നു. അദ്ദേഹം കൊച്ചുകുട്ടിയായിരുന്ന കാലത്തുതന്നെ മാനസാന്തരപ്പെട്ടു. പിറ്റേന്ന് നേരം വെളുത്തപ്പോൾ അദ്ദേഹം പറയുകയാണ്: ഈ പ്രകൃതി എന്ത് സുന്ദരം! ഈ പ്രകൃതിയിലെ ഓരോ പക്ഷിയും മൃഗവുമെല്ലാം എന്ത് മനോഹരം! ഈ പ്രകൃതിയിലെ മരങ്ങളും ചില്ലകളുമെല്ലാം എന്ത് മനോഹരം! ഈ ആകാശവും ഭൂമിയുമെല്ലാം എന്ത് സുന്ദരം! എല്ലാം സ്നേഹമയം! ഡി.എൽ. മൂഡി പറയുകയാണ്: ഒരു പുതിയലോകം എന്റെ മുമ്പിൽ തുറന്ന് കിട്ടിയിരിക്കുന്നു.

മാനസാന്തരം നിങ്ങൾക്ക് കിട്ടിക്കഴിഞ്ഞാൽ ഒരു പുതിയ ലോകം നിങ്ങളുടെ മുമ്പിൽ തുറന്ന് കിട്ടും. അത് സ്നേഹത്തിന്റെ അന്തരീക്ഷമാണ്.

നിങ്ങളുടെ കുടുംബാന്തരീക്ഷം സ്നേഹമായി മാറും. ആരെങ്കിലും തെറ്റ് ചെയ്താൽ നിങ്ങൾക്ക് അത് തെറ്റായി തോന്നുകയില്ല. ആരെങ്കിലും നിങ്ങളെ തരംതാഴ്ത്തിക്കളഞ്ഞാൽ നിങ്ങൾക്ക് ഒരു വിഷമവും വരികയില്ല. ആരെങ്കിലും നിങ്ങളെ തെറ്റിദ്ധരിക്കുകയോ അപവാദം പറയുകയോ ചെയ്താൽ ഒന്നും നിങ്ങളെ സ്പർശിക്കില്ല. കാരണം, നിങ്ങൾ സ്നേഹത്തിന്റെ പെരുവെള്ളത്തിൽ മുങ്ങി നിൽക്കുകയാണ്. സ്നേഹമാണ് ഏറ്റവും വലിയ മതം. അതാണ് യേശുക്രിസ്തു ക്രൂശിൽ കാണിച്ചുതന്നത്; ഒരു തെറ്റും ചെയ്യാതെ, എല്ലാ തെറ്റും തന്റെ മേൽ ഏറ്റെടുത്തു.

സ്വർഗ്ഗത്തോളം എത്തുന്ന കോവണി ഈ ഭൂമിയിൽ സ്ഥാപിക്കേണ്ടത് നാമാണ്. അന്ധകാരംനിറഞ്ഞ ലോകത്ത്, ഇരുൾ പരത്തുന്ന ഈ ലോകത്ത്, അക്രമവും തിന്മയും നടമാടുന്ന ഈ ലോകത്ത് സ്വർഗ്ഗത്തിലേയ്ക്ക് എത്തുന്ന കോവണി പണിയേണ്ടവരാണ് നാം ഓരോരുത്തരും. സ്വർഗ്ഗം ഭൂമിയിൽ രചിക്കാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

നിരാശമുറ്റിയ ഭവനത്തിൽ ആശ പകരാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. നിരാശയുടേയും നെടുവീർപ്പിന്റേയും ദു:ഖത്തിന്റേയും വിഷാദത്തിന്റേയും മ്ലാനതയുടേയും എല്ലാ അന്ധകാരവും മൂകതയും നിറഞ്ഞ ഭവനങ്ങളിലും ഹൃദയങ്ങളിലും സമാധാനം വാരിവിതറാനുള്ള ദൗത്യം സ്വർഗ്ഗത്തിലെ ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നു, അതിനായി നമ്മെ വിളിച്ചിരിക്കുന്നു.

യാക്കോബ് നോക്കി. കോവണി മുകൾവരെയും എത്തുന്നു. അതിന്മീതെ ദൈവം നിന്ന് അരുളിച്ചെയ്യുന്നു. യാക്കോബിന് voice കിട്ടി.

> *"ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും."* *ഉല്പത്തി 28 : 13*

ദൈവം അരുളിച്ചെയ്യുമ്പോൾ എപ്പോഴും ഭാവികാലത്തേയ്ക്ക് കൂടിയാണ് അരുളിച്ചെയ്യുന്നത്. നിനക്ക് മാത്രമല്ല, നിന്റെ സന്തതിയ്ക്കും തരാമെന്ന്. യാക്കോബിന്റെ ഉള്ളിൽ ഭയമാണ്. എപ്പോഴാണ് സഹോദരൻ ഏശാവ് വന്ന് കൊല്ലുന്നത്? യാക്കോബിന് പ്രതീക്ഷയില്ല വിവാഹം കഴിക്കുമെന്ന്, മക്കളുണ്ടാകുമെന്ന്.

അങ്ങ് ദൂരെ ഹാരാനിൽ എത്തുവാൻ ഏതാണ്ട് അറുന്നൂറ് നാഴിക ദൂരം ഇനിയും സഞ്ചരിക്കേണ്ടിയിരിക്കുന്നു. അപ്പോഴാണ് ദൈവം പറയുന്നത്, നിന്റെ ജീവിതം തീർന്നില്ല

എന്ന്. ദൈവത്തിന്റെ ശബ്ദം പ്രത്യാശ തരുന്ന ശബ്ദമാണ്. ഭാവികാല മോഹനവാഗ്ദാനങ്ങൾ തരുന്ന ശബ്ദമാണ്. നിനക്ക് വിവാഹമുണ്ടാകും! നിനക്ക് മക്കളുണ്ടാകും! നിനക്കും നിന്റെ സന്തതിയ്ക്കും ഈ ദേശമെല്ലാം ഞാൻ തരും. ഇപ്പോൾ നീ പരദേശിയെപ്പോലെ ഓടി, നീ തളർന്നു കിടക്കുന്ന ഈ ഭൂമിയുണ്ടല്ലോ, അത് നിനക്കും നിന്റെ സന്തതിയ്ക്കും ഞാൻ അവകാശമായിത്തരും.

> *"നിന്റെ സന്തതി ഭൂമിയിലെ പൊടി പോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇതാ, ഞാൻ നിന്നോടു കൂടെയുണ്ട്; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേക്കു നിന്നെ മടക്കി വരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തത് നിവർത്തിക്കും."* *ഉല്പത്തി 28 : 14, 15*

ഭൂമിയിലെ പൊടിപോലെ എണ്ണമില്ലാത്ത സന്തതി പരമ്പരകൾ നിനക്കുണ്ടാകും. നീ നാനാദിക്കുകളിലേയ്ക്ക് പരക്കും. നിന്റെ സന്തതി, ദേശങ്ങൾ, ദേശങ്ങൾ പരന്ന് കിടക്കത്തക്കവണ്ണം അനേകങ്ങളായിത്തീരും. നീ മൂലം സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.

ഒരു കൊച്ചുകുട്ടി. അവൻ കരഞ്ഞുകൊണ്ടാണ് വീട്ടിൽ നിന്നും ഇറങ്ങിയത്. വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ അവന്റെ മനസ്സ് നിറയെ ദു:ഖം. അവന്റെ അപ്പൻ അന്നും അവനെ കഠിനമായി മർദ്ദിച്ചു. അവന്റെ തലയ്ക്കടിച്ചു, അവന്റെ കവിളത്തേയ്ക്ക് അടിച്ചു, പിന്നെ അവനെ ശപിച്ചു. നീ ഗുണം പിടിക്കില്ല, ഇനി നിന്നെക്കണ്ടു പോകരുത് എന്ന് പറഞ്ഞു. എല്ലാം തകർന്ന് അവൻ ഇറങ്ങി.

അവൻ കുറച്ച് നടന്നപ്പോൾ വഴിയരികിൽ ഒരു വൃദ്ധ

നായ ഭിക്ഷക്കാരൻ ഇരിക്കുന്നു. അവൻ ആ ഭിക്ഷക്കാരന്റെ അടുത്തു ചെന്നു. ആ ഭിക്ഷക്കാരന്റെ കൈ എടുത്ത് അവന്റെ തലയിൽ വച്ചു. എന്നിട്ട് പറഞ്ഞു: എന്നെ അനുഗ്രഹിക്കണം. എന്റെ അപ്പൻ എന്നെ ശപിച്ചു. നിങ്ങൾ എങ്കിലും എന്നെ ഒന്ന് അനുഗ്രഹിക്കൂ. ആ ഭിക്ഷക്കാരൻ പറഞ്ഞു: 'ബൊനവെന്തുരെ.' ലാറ്റിൻ ഭാഷയിലാണ്. 'നല്ലത് വരട്ടെ' എന്ന്. അപ്പൻ ശപിച്ചു പക്ഷേ, യാചകൻ അനുഗ്രഹിച്ചു. ഈ ബാലനാണ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി.

ഫ്രാൻസിസ് അസ്സീസിയുടെ അരികിൽ വരുന്നവരെയെല്ലാം അദ്ദേഹം അനുഗ്രഹിച്ച്, 'ബൊനവെന്തുരെ' എന്ന് പറയും. 'നല്ലത് വരട്ടെ!' ഫ്രാൻസിസ് അസ്സീസി അനുഗ്രഹിച്ച് വിട്ട ഒരാളുടെ അടുക്കൽ രോഗിയായ ഒരു കുട്ടിയെ കൊണ്ടുവന്നു. ആ കുട്ടിയുടെ അച്ഛൻ പറഞ്ഞു: ഈ കുട്ടിയുടെ തലയിൽ കൈവച്ച് അനുഗ്രഹിക്കണം. ഫ്രാൻസിസ് അസ്സീസി അനുഗ്രഹിച്ച് വിട്ട അയാൾ ഈ കുട്ടിയുടെ തലമേൽ കൈവച്ചു, ആ കുട്ടിയെ അനുഗ്രഹിച്ചു, 'ബൊനവെന്തുരെ.' ആ കുട്ടി വളർന്ന് വന്നപ്പോൾ Saint Bonaventure ആയിത്തീർന്നു.

ശപിക്കപ്പെട്ട് ഇറങ്ങിപ്പോയ അനേകം പേർ അനുഗ്രഹപാത്രങ്ങളായി മാറുന്നുണ്ട്. നിങ്ങളെ ചിലർ ശപിച്ച് തള്ളിക്കാണും. നിങ്ങൾ കൊള്ളരുതാത്തവൻ എന്ന് ലോകം വിധിച്ചുകാണും. സ്വന്തംവീട്ടിൽപോലും നിങ്ങൾക്ക് അംഗീകാരം കിട്ടിയില്ല എന്ന് വരും. അവർ, നിങ്ങൾ നശിച്ചുപോകട്ടെ എന്ന് പറഞ്ഞിരിക്കാം. സ്വർഗ്ഗത്തിലെ ദൈവം പറയുന്നത്, 'നല്ലത് വരട്ടെ' എന്നാണ്. ദൈവം എന്നും അനുഗ്രഹിക്കുന്നവനാണ്.

യാക്കോബിനോട് ദൈവം പറഞ്ഞു: ഞാൻ നിന്നെ ഒരു അനുഗ്രഹപാത്രമാക്കി വച്ചിരിക്കുകയാണ്. നീ മൂലം ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.

1. നീ കിടക്കുന്ന ഭൂമി നിനക്കും നിന്റെ സന്തതിക്കും തരും.

2. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെയാകും.

3. നീയും നിന്റെ സന്തതിയും മുഖാന്തരം ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.

4. ഇതാ ഞാൻ നിന്നോട് കൂടെയുണ്ട്.

ഒരു മനുഷ്യന് നേടാവുന്ന ഏറ്റവും വലിയ ഭാഗ്യം ദൈവം കൂടെയുണ്ട് എന്ന ഉറപ്പാണ്. എന്തെല്ലാം എനിക്ക് നേരിട്ടാലും എന്റെ യേശു എന്നോട് കൂടെയുണ്ട് എന്ന ഉറപ്പ്. യേശു കൂടെയിരിക്കണമെങ്കിൽ പാപം വരരുത്. പാപം ഉള്ളയിടത്ത് യേശുവിന് നിൽക്കുവാൻ കഴികയില്ല.

*"ആകാശമേ, കേൾക്ക; ഭൂമിയേ, ചെവി തരിക; യഹോവ അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനേയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല. അയ്യോ, പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ! അവർ യഹോവയെ ഉപേക്ഷിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ചു പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു. ഇനി നിങ്ങളെ അടിച്ചിട്ട് എന്ത്? നിങ്ങൾ അധികം അധികം പിന്മാറുകേയുള്ളൂ; തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ടു മുടിവരെ ഒരു സുഖവും ഇല്ല; മുറിവും ചതവും പഴുത്ത വ്രണവും മാത്രമേ ഉള്ളൂ; അവയെ ഞെക്കി കഴുകീട്ടില്ല, വെച്ചു കെട്ടീട്ടില്ല, എണ്ണ പുരട്ടി ശമിപ്പിച്ചിട്ടുമില്ല." യെശയ്യാവ് 1 : 2 – 6*

ദൈവം നമുക്ക് ആയുസ്സ് തന്നു, ആരോഗ്യം തന്നു, വിദ്യാഭ്യാസം തന്നു, ഇത്രത്തോളം കാലം ജീവിക്കാൻ കൃപ

തന്നു. രോഗങ്ങൾ വന്നപ്പോൾ ദൈവം നമുക്ക് സൗഖ്യം തന്നു. ഭക്ഷിക്കാൻ ആഹാരം തന്നു; കിടക്കാൻ കിടപ്പാടം തന്നു. നമുക്ക് വേണ്ടതെല്ലാം ദൈവം തന്നു. എന്നാൽ നാം പാപം ചെയ്ത് ദൈവത്തെ ദു:ഖിപ്പിക്കുകയാണ് ചെയ്തത്.

ദൈവം നമ്മോടുകൂടെ ഇരിക്കണമെങ്കിൽ മേലിൽ പാപം ചെയ്യില്ല എന്ന് തീരുമാനിക്കണം. വന്നുപോയ പാപങ്ങൾ ക്ഷമിച്ച് കിട്ടുവാൻവേണ്ടി ദൈവത്തോട് യാചിക്കണം. എന്റെ കർത്താവേ, പാപങ്ങൾ സംഭവിച്ചുപോയി. എന്റെ പാപങ്ങൾ ക്ഷമിച്ച്, എന്റെ അകൃത്യം പൊറുത്ത് തരണമേ. എന്റെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടി കുരിശിൽ മരിച്ച മശിഹാതമ്പുരാനേ, തിരുരക്തത്താൽ എന്റെ പാപം കഴുകിത്തരണമേ എന്ന് നാം ഹൃദയം നുറുങ്ങി യാചിച്ചുകൊണ്ട് ദൈവകരങ്ങളിലേയ്ക്ക് നമ്മെ സമർപ്പിക്കണം.

നാം അനുതാപത്തോടെ ദൈവസന്നിധിയിലേക്ക് കടന്നു ചെല്ലണമെന്ന് പിതാക്കന്മാർ ഓർമ്മിപ്പിക്കുന്നു:

നമുക്ക് തീരുമാനിക്കാം: കർത്താവേ, ഓർമ്മ വച്ചകാലം മുതലുള്ള പാപങ്ങളെല്ലാം ഞാൻ ഏറ്റുപറഞ്ഞുകൊള്ളാം; ഇനിമേൽ മനസ്സറിഞ്ഞ് ഒരു പാപവും വരാതെ ഞാൻ ജീവിച്ചുകൊള്ളാം. ഇനിമേൽ ഞാൻമൂലം ആരും വേദനിക്കാൻ ഇടവരില്ല. എന്റെ ദൈവമേ, നിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയ ചോരയാലും നീരിനാലും എന്റെ പാപക്കറകൾ കഴുകിത്തരണമേ. നീ എന്നോട് കൂടെയുണ്ട് എന്ന ഉറപ്പ് കൃപയാൽ എനിക്ക് തരണമേ.

> *"ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ."* *സങ്കീർത്തനങ്ങൾ 32 : 1, 2*

ഒരു മാതൃകാ ഭാര്യയായി, അമ്മയായി, മരുമകളായി, അമ്മായിയമ്മയായി, മകനായി, ഭർത്താവായി, അപ്പനായി, വിദ്യാർത്ഥി

യായി ഈ ഭൂമിയിൽ ഞാൻ ഇന്നുമുതൽ ജീവിക്കും. ഇതുവരെ വന്നതെല്ലാം എനിക്ക് ക്ഷമിച്ച് തരണമേ. നീ എന്റെ കൂടെയിരിക്കണമേ.

നിങ്ങൾ കരഞ്ഞാൽ യേശു നിങ്ങൾക്ക് പാപക്ഷമ തരും. സമാധാനം തരും. നിങ്ങളുടെ ജീവിതവസ്ത്രം അലക്കിത്തരും. യേശു നിങ്ങൾക്ക് തിരുരക്തത്തിന്റെ മുദ്ര തരും. യേശുവിനോടു കൂടെ വാഴുന്നതാണ് ഭാഗ്യം! യേശുവിന്റെ സന്നിധിയിലേയ്ക്ക് ചേർക്കപ്പെടുന്നതാണ് ഭാഗ്യം! ആര് എന്നെ ക്ഷണിക്കുന്നുണ്ട് എന്ന് യേശു നോക്കുന്നു.

യേശുവിനോട് അപേക്ഷിപ്പിൻ: നാഥാ! നീ എന്നെ കടന്നുപോകല്ലേ! യേശുവേ, നീ എന്റെ കൂടെ ഉണ്ടായിരിക്കണമേ. എന്റെ നിരാശമുറ്റിയ ഭവനത്തിലേക്ക്, രോഗമുള്ള ഭവനത്തിലേക്ക്, പണത്തിന്റെ ഞെരുക്കമുള്ള ഭവനത്തിലേക്ക് യേശുവേ, നീ വരണമേ. നീ വന്നാൽ സ്വർഗ്ഗമാണല്ലോ! യേശുവിനായി ഹൃദയം തുറപ്പിൻ! യേശുവിനുവേണ്ടി പാത നിരപ്പാക്കുവിൻ! യേശുവിനെ സ്നേഹത്തോടെ ക്ഷണിച്ചുകൊണ്ട് പുതിയ ജീവിതം തുടങ്ങുവിൻ!

# അഞ്ച്

യാക്കോബ് ഒരു കല്ലിന്മേൽ തലവച്ച് ഉറങ്ങിപ്പോയി. ഉറക്കത്തിൽ യാക്കോബിന് ദർശനം ലഭിച്ചു. ഒരു കോവണി! കോവണിയിൽക്കൂടി മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നു! കോവണിയുടെ മുകൾത്തട്ടിൽ നിത്യനായ ദൈവം എഴുന്നള്ളി നിൽക്കുന്നത് യാക്കോബ് കണ്ടു.

1. കോവണി കണ്ടു!

2. മാലാഖമാരെ കണ്ടു!

3. ദൈവത്തെ കണ്ടു!

ദർശനം – vision. ദർശനത്തെ തുടർന്ന് voice ലഭിച്ചു. യാക്കോബിന് ഏഴ് വാഗ്ദാനങ്ങൾ – promises - നൽകി. നമ്മൾ എപ്പോഴെല്ലാം ദൈവസന്നിധിയിൽ ചെല്ലുന്നുണ്ടോ അപ്പോഴെല്ലാം ദൈവത്തിന്റെ വചനം നമുക്ക് ലഭിക്കുന്നു. വാഗ്ദത്തം ലഭിക്കുന്നു.

യാക്കോബിന് ഏഴ് വാഗ്ദത്തങ്ങൾ ലഭിച്ചു!

1. A promise of Land – ഭൂമി.

*"നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും." ഉല്പത്തി 28 : 13*

*"നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും." ഉല്പത്തി 28 : 14*

2. The promise of the multiplied seed.

3. നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും

തെക്കോട്ടും പരക്കും; നീ വിശാലതയിലേയ്ക്ക് പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ഉല്പത്തി 28 : 14

നിന്റെ സന്തതിപരമ്പരകൾ വർദ്ധിച്ച് വർദ്ധിച്ച് എണ്ണത്തിൽ പെരുകി വരും. സന്തതി ദേശത്തിന്റെ ദിഗന്തങ്ങളിലേയ്ക്ക് പരക്കും.

4. The promise of the very presence of God.

*"ഇതാ, ഞാൻ നിന്നോടു കൂടെയുണ്ട്."*

*ഉല്പത്തി 28 : 15*

പാരിൽ പരദേശി യാക്കോബിന്, ഞാൻ നിന്നോട് കൂടെയിരിക്കാം എന്ന് ദൈവം വാഗ്ദത്തം കൊടുത്തു. ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യമാണ് ജീവനുള്ള ദൈവം കൂടെ ഇരിക്കുക എന്നത്; ദൈവത്തിന്റെ സാന്നിദ്ധ്യം കൂടെയുണ്ട് എന്നുള്ളത്.

5. "എന്റെ മഹത്വം നിനക്ക് പിൻപടയായിരിക്കും"

യഹോവയുടെ മഹത്വം ഒരു സൈന്യം പോലെ പിന്നാലെ വരുമെന്ന്!

നീ പരീക്ഷാഹാളിൽ ഇരിക്കുമ്പോൾ ദൈവം നിന്നോട് കൂടെ ഇരിക്കും. നീ ബിസിനസ്സ് രംഗത്ത്, കടത്തിന്റെ ബാദ്ധ്യതയിൽ പുളയുന്ന സന്ദർഭങ്ങളിൽ ദൈവം നിന്നോട് കൂടെയിരിക്കും. നീ രോഗക്കിടക്കയിലായിരിക്കുമ്പോൾ ദൈവം നിന്നോട് കൂടെയിരിക്കും. എല്ലാവരും എതിരാകുമ്പോൾ ദൈവം നിന്നോട് കൂടെയിരിക്കും. അനേകം പ്രതിസന്ധികൾ വന്ന് അലട്ടുമ്പോൾ ദൈവം നിന്നോട് കൂടെയിരിക്കും. മക്കൾ വേണ്ടാത്ത വഴിക്ക് പോകുമ്പോഴും ദൈവം നിന്നോട് കൂടെയിരിക്കും. ഔദ്യോഗിക ജീവിതത്തിൽ അമ്പരപ്പിലാകുന്ന സമയത്തും ദൈവം കൂടെ ഇരിക്കും.

*"കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ*

*ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ." സങ്കീർത്തനങ്ങൾ 23 : 4*

The valley of the shadow of death!

Thomas (Tom) Paine മരിക്കാൻ കിടക്കുമ്പോൾ വലിയ വിഭ്രാന്തിയിലായി. കാരണം, ദൈവമില്ല എന്നുപറഞ്ഞ മനുഷ്യ നാണ്. അദ്ദേഹം പറയുകയാണ്: എനിക്ക് ഒരു വിളക്ക് കിട്ടിയി രുന്നെങ്കിൽ! അദ്ദേഹം നരകത്തിന്റെ ഭീകരമായ കൂരിരുട്ട് കാണുകയാണ്. ദൈവമില്ലാത്തവർക്ക് വെളിച്ചമില്ലാത്ത മരണ നിഴൽ താഴ്‌വരയിലേക്ക് ഇറങ്ങിപ്പോകുന്ന അനുഭവമാണ്.

ദൈവം കൂടെയുണ്ട് എന്ന അനുഭവം ലഭിച്ചില്ലെങ്കിൽ കൂരിരുട്ടാണ്. നിരാശയുടെ കൂരിരുട്ട്. എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വന്നാൽ ദുഷിച്ച പ്രവണതകൾ മാറ്റിക്കിട്ടും.

*"നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീര ത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." റോമർ 8 : 13*

പഴഞ്ഞോട്ടത്തുള്ള പൗലോസ്, Synthite -ലെ ഡ്രൈവർ ആയിരുന്നു. ഒരു തികഞ്ഞ മദ്യപാനി! ഭാര്യയെ എന്നും ഉപദ്ര വിക്കും, തല്ലും. ആ സാധു സ്ത്രീ മർദ്ദനമേറ്റ് പിടയും. അപ്പ നെയും അമ്മയെയും ചീത്ത വിളിക്കും. ഒരവസരത്തിൽ ഭാര്യ പറഞ്ഞു, ആത്മഹത്യ ചെയ്യുമെന്ന്. അപ്പോൾ പൗലോസ് പറ ഞ്ഞു: നല്ലകാര്യം, എനിക്ക് വേറെ പെണ്ണിനെ കെട്ടി സുഖമായി ജീവിക്കാമല്ലോ. പക്ഷേ, യേശുക്രിസ്തുവിന്റെ വചനം പൗലോസിനെ കുഞ്ഞാടുപോലെയാക്കി. മദ്യപാനം മാറ്റി. കൊള്ളരുതാത്ത ജീവിതം മാറ്റി. കോപശീലംമാറ്റി. ഭാര്യയെ ഉപദ്രവിക്കുന്ന സ്വഭാവം മാറ്റി. കുടുംബം സ്വർഗ്ഗമായി ത്തീർന്നു. പൗലോസിന്റെ മക്കൾ രണ്ടുപേരും വിദേശത്ത് ജോലി ചെയ്യുന്നു.

ദൈവം യാക്കോബിന് ഭാവികാല വാഗ്ദത്തം കൊടുക്കു

കയാണ്.

*"നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേയ്ക്കു നിന്നെ മടക്കി വരുത്തും."*
*ഉല്പത്തി 28 : 15*

നീ നിന്റെ പിതൃഭവനത്തിലേയ്ക്ക് ഇനിയും വരും.

6. ഞാൻ നിന്നെ മടക്കിവരുത്തും.

ഇന്നു നീ പുറകോട്ടു പുറകോട്ട് ഓടി പോവുകയാണ്. നിന്നെ മടക്കിവരുത്തുന്ന ഒരു ദൈവമുണ്ട്. ദൈവപൈതലേ, നീ ലക്ഷ്യം വിട്ട് ഓടുകയാണ്. എന്നാൽ നിന്നെ മടക്കി വരുത്തും, നിന്റെ ഭാവി അടഞ്ഞുപോയില്ല എന്നാണ് പറയുന്നത്.

*"ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളി ച്ചെയ്തതു നിവർത്തിക്കും."* *ഉല്പത്തി 28 : 15*

7. ഞാൻ നിന്നെ കൈവിടുകയില്ല. I will not leave, I will not forsake you.

എന്നും കൂടെയിരിക്കുന്ന ദൈവം! നിങ്ങൾ പ്രശ്നങ്ങൾ വരുമ്പോൾ പറയണം: കർത്താവേ, നീ യാക്കോബിന്റെ മേന്മ നോക്കിയല്ലല്ലോ ഇത് പറഞ്ഞത്. യാക്കോബ് അപ്പനെ കബളിപ്പിച്ചവനാണ്. ചേട്ടനെ വഞ്ചിച്ചവനാണ്. തന്ത്രങ്ങൾ പ്രയോഗിച്ചവനാണ്. യാക്കോബ് സൂത്രശാലിയാണ്. അപ്പനോട് നുണ പറഞ്ഞവനാണ്. യാതൊരു നന്മയും യാക്കോബിനില്ല.

അങ്ങനെയുള്ള യാക്കോബിനോട് നീ അന്ന് പറഞ്ഞല്ലോ ഞാൻ നിന്നോട് കൂടെ ഇരിക്കാമെന്ന്. ഞാൻ ആ വാക്ക് ഓർക്കുന്നു. നീ എന്നെ കൈവിടാതിരിക്കുവാനുള്ള യോഗ്യത ഒന്നും എനിക്കില്ല. വിശുദ്ധിയില്ല. തെറ്റുകൾ ഏറെ പറ്റിയിട്ടുണ്ട്. എന്നാൽ ഞാൻ നിന്നോട് ഒന്ന് അപേക്ഷിക്കുന്നു. എന്നോടു മനസ്സലിയണമേ. എന്റെ പാപങ്ങൾ ഓർക്കല്ലേ. കഴിഞ്ഞകാല ജീവിതങ്ങൾ ഓർക്കല്ലേ. എന്റെ പേരിലുള്ള പാപങ്ങളെല്ലാം

നീ മായിച്ച് കളയണമേ.

തിരുവചനം പറയുന്നു:

*“എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിന്നും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും. “ മത്തായി 12 : 36*

എന്റെ പ്രവൃത്തികൾ നീ അറിഞ്ഞല്ലോ. ന്യായവിധി ദിവസത്തിന് മുമ്പ് എന്റെ പേരിലുള്ള ചാർജ്ജ്ഷീറ്റ് കീറിക്കളയണമേ.

*“ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തു നിന്നു ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു; എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു.” സങ്കീർത്തനങ്ങൾ 139 : 2, 3*

ഓർമ്മയുടെ പുസ്തകത്തിൽ നിന്നും എല്ലാം മായിച്ച് കളയണമേ. തിരുരക്തത്താൽ എന്നെ കഴുകണമേ. അനേകം പാപങ്ങളുടേയും കടങ്ങളുടേയും ലിസ്റ്റ് നമ്മുടെ പേരിലുണ്ട്.

ഒരു ജോലിയുടെ ആവശ്യത്തിന് ഒരാൾക്ക് രണ്ടുലക്ഷം രൂപ വേണ്ടി വന്നു. ഒരു നല്ല മനുഷ്യനോട് ചെന്ന് ചോദിച്ചു. ഉടനെ ആ മനുഷ്യൻ രൂപയെടുത്ത് കൊടുത്തു. കുറച്ച് കഴിഞ്ഞപ്പോൾ മോളുടെ കല്യാണത്തിന്റെ ആവശ്യം വന്നു. അദ്ദേഹം പണക്കാരനായതുകൊണ്ട് വീണ്ടും പത്തുലക്ഷം രൂപ ചോദിച്ചു.

അങ്ങനെ ചോദിച്ചാൽ എങ്ങനെയാണ്? നീ എനിക്ക് പണം തരാനുള്ളതുകൊണ്ട് വീടും സ്ഥലവുമെല്ലാം എഴുതി വയ്ക്ക്. അദ്ദേഹം പറഞ്ഞു. അങ്ങനെ പ്രോമിസറി നോട്ട് എഴുതി വച്ചു. കാലങ്ങൾ മുമ്പോട്ട് പോയി. കൊടുക്കുവാൻ മാർഗ്ഗങ്ങൾ കാണുന്നില്ല. ജപ്തിനോട്ടീസായി. അപ്പോൾ അയൽപക്കക്കാരനായ നല്ല മനുഷ്യൻ ഈ മനുഷ്യന്റെ കട

മെല്ലാം സ്വന്തം ബാങ്ക് അക്കൗണ്ടിൽ നിന്ന് കൊടുത്തു. പ്രോമിസറി നോട്ട് തിരികെ വാങ്ങി കീറി എറിഞ്ഞുകളഞ്ഞു. ഈ സഹായിച്ച മനുഷ്യനോട് കടംകൊണ്ട മനുഷ്യന് നന്ദിയുണ്ടോ? ഉണ്ടാകും. അതാണ് സ്തുതി.

കർത്താവായ യേശു ചെയ്തത് അതാണ്. എന്റേയും നിന്റേയും കടം മുഴുവനും അവൻ ഏറ്റെടുത്തു. അവന്റെ സ്വത്തിൽ നിന്ന് രൂപ മുഴുവനും പിശാചിന് കൊടുത്തു തീർത്തു. നിന്റെ അകൃത്യങ്ങളുടെ എല്ലാ പട്ടികയും അവൻ കീറി തന്നിരിക്കുകയാണ്. ഇനി നിനക്ക് പേടിക്കേണ്ട, ധൈര്യമായി മുമ്പോട്ട് പോകാം.

നിങ്ങൾ ചെയ്യേണ്ടത് ചെയ്യാത്തതാണ് കടങ്ങൾ; നിങ്ങൾ ചെയ്യരുതാത്തത് ചെയ്തതാണ് പാപങ്ങൾ. പാപവും കടവുമെല്ലാം ദൈവം ഏറ്റെടുത്തു.

യേശുവിനോട് പറയൂ: നീ എന്നോട് കൂടെ ഇരിക്കണമേ. പാപങ്ങളുടെ ചാർജ്ജ്ഷീറ്റ് മാറ്റിത്തരണമേ. എന്റെ വാക്കിലുള്ള, പ്രവൃത്തിയിലുള്ള പാപങ്ങൾ, എന്റെ കൊടുക്കൽ വാങ്ങലിലുള്ള പാപങ്ങൾ, എന്റെ കുടുംബജീവിതത്തിലുള്ള പാപങ്ങൾ, ചുമതലാബോധമില്ലാതെ സമയങ്ങൾ നഷ്ടപ്പെടുത്തിയ പാപങ്ങൾ, ഞാൻ മൂലം ചിലരെല്ലാം വേദനിക്കാൻ ഇടയായ പാപങ്ങൾ, എന്റെ ജീവിതത്തിൽ വന്നുപോയ വ്യാജവും സൂത്രവും കൗശലവും കളവും എല്ലാം നീ ഏറ്റെടുത്തു എന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ ഞാൻ എന്നെത്തന്നെ മുഴുവനായി നിനക്കു തരുന്നു. ഇനി ഞാൻ എന്റെ വകയല്ല, നിന്റെ വകയാണ്. എന്റെ യേശുവേ, ഞാൻ ഇന്നുമുതൽ നിനക്കായി ജീവിക്കും.

# ആറ്

ദൈവം യാക്കോബിന് ഏഴ് വാഗ്ദത്തങ്ങൾ നല്കി. നിങ്ങൾ ഇന്ന് ദൈവത്തോട് പറയണം: ദൈവമേ, നീ ഇന്ന് എനിക്ക് എന്തെല്ലാം വാഗ്ദത്തങ്ങളാണ്, ഏതെല്ലാം കൃപയുടെ നിറവുകളാണ് തരുന്നത് എന്ന് ഞാനറിയുന്നില്ല. എന്നാൽ ഒന്നു ഞാനറിയുന്നു.

1. നിന്റെ പാദപീഠത്തിലാണ് ഞാൻ വന്നിരിക്കുന്നത്.
2. നീ എന്നെ സ്നേഹിക്കുന്നു.
3. നീ എന്റെ ജീവിതത്തിൽ ചിലത് ചെയ്യാൻ പോകുകയാണ്.

വചനം നമ്മിൽ പ്രവർത്തിച്ച് അത്ഭുതങ്ങൾ സൃഷ്ടിക്കും; അതിശയങ്ങൾ നടക്കും.

> *"അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽക്കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. നിന്റെ സന്തതി ഭൂമിയിലെ പൊടി പോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും*

*പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇതാ, ഞാൻ നിന്നോടുകൂടെയുണ്ട്; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേക്കു നിന്നെ മടക്കി വരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തത് നിവർത്തിക്കും.” ഉല്പത്തി 28 : 12 – 15*

ഏഴ് വാഗ്ദത്തങ്ങളാണ് ദൈവം യാക്കോബിന് നൽകിയത്.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ദൈവത്തിൽ നിന്ന് ഏതെങ്കിലും വാഗ്ദത്തങ്ങൾ കിട്ടിയിട്ടുണ്ടോ? 1975–ൽ കോലഞ്ചേരി, സെന്റ് പീറ്റേഴ്സ് കോളേജിന്റെ മുറ്റത്ത് വച്ച് വലിയ ഒരു കൺവെൻഷൻ നടത്തി. അന്ന് ഞാൻ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും പരിശുദ്ധനായ ദൈവപുരുഷൻ അവിടെ വന്നിരുന്നു. അദ്ദേഹത്തെ എന്റെ ഡിപ്പാർട്ടുമെന്റിൽ വിളിച്ച് കൊണ്ടുപോയി അന്ന് ഞാൻ ഇരിക്കുന്ന കസേരയിൽ ഇരുത്തി.

ഏതാനും ചിലർകൂടി അദ്ദേഹത്തിനൊപ്പം ഉണ്ടായിരുന്നു. അതിൽ ഒരാൾ ഒരു ദർശനം കണ്ടു. പ്രിൻസിപ്പാളിന്റെ മുറി ചൂണ്ടിക്കാട്ടി, ‘നിനക്ക് അവിടെ പോയി ഇരിക്കണ്ടേ’ എന്ന് ചോദിച്ചു. അപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. മൂവായിരം കുട്ടികളും നൂറ്റി അറുപത്തഞ്ച് അദ്ധ്യാപകരും അനദ്ധ്യാപകരും ഉൾപ്പെടെയുള്ള വലിയോരു സ്ഥാപനം നടത്തിക്കൊണ്ടു പോകുവാനുള്ള പ്രാപ്തിയില്ല എന്ന് എനിക്ക് നല്ലതുപോലെ അറിയാം.

1995 ഏപ്രിൽ മാസം ഒന്നാം തീയതി ഞാൻ പ്രിൻസിപ്പാളിന്റെ കസേരയിൽ കയറി ഇരുന്നു. രണ്ടു വർഷം പ്രിൻസിപ്പൽ ആയിട്ട് അവിടെ ജോലി ചെയ്ത് വിരമിച്ചു. 1975ൽ ദൈവം വാഗ്ദാനം ചെയ്തു. ഇരുപത് വർഷങ്ങൾക്കുശേഷം അത് നിവൃത്തിയായി.

നിങ്ങൾക്കും വാഗ്ദത്തങ്ങൾ ലഭിച്ചിട്ടുണ്ടാകാം; നിങ്ങളെ,

ആരും എത്തിപ്പിടിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലേയ്ക്ക് നയിക്കാമെന്ന, നിങ്ങൾക്ക് പ്രാപ്തിയില്ലാത്ത രംഗങ്ങളിൽ നിങ്ങൾക്ക് പ്രാപ്തി തരാമെന്ന, യോഗ്യതയില്ലാത്ത സ്ഥലങ്ങളിലേക്ക് നിങ്ങളെ ഉയർത്തിക്കൊണ്ടുവന്ന് യോഗ്യത തരാമെന്ന് പറയുന്ന ഒരു നല്ല പിതാവ് നമുക്കുണ്ട്! സർവ്വശക്തനായ ഒരു യേശു നമുക്കുണ്ട്! ഈ യേശുവിനെ നിങ്ങൾക്ക് സ്വന്തമാക്കാൻ കഴിഞ്ഞിട്ടുണ്ടോ? യേശുക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്നത് നിങ്ങൾക്ക് അനുഭവമാക്കാൻ കഴിഞ്ഞിട്ടുണ്ടോ? യേശുവിനോട് ചേർന്ന് നടക്കാൻ നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ?

നിങ്ങൾക്ക് ദൈവത്തോട് വാക്ക് പറയാം: കർത്താവേ, ക്രിസ്തുവിൽ ലയിച്ചുള്ള ജീവിതം, ക്രിസ്തുവിനെ ചാരിയുള്ള ജീവിതം, ക്രിസ്തുവിന്റെ പാദം ആശ്രയിച്ചുള്ള ജീവിതം, ക്രിസ്തുവിനെ സ്നേഹിച്ചുള്ള ജീവിതം, ക്രിസ്തുവിനെ വിശ്വസിച്ചുള്ള ജീവിതം, ക്രിസ്തുവിനെ മുറുകെ പിടിച്ചുള്ള ജീവിതം നാഥാ! എനിക്ക് തരണമേ.

വിവാഹം ആലോചിക്കുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കൂ, നീ ആഗ്രഹിക്കുന്ന, ആത്മീയജീവിതത്തിന് പ്രയോജനപ്പെടുന്ന ഒരു തക്ക തുണയെ എനിക്ക് തരണമേ. നിങ്ങൾ പഠിക്കാൻ ഇരിക്കുമ്പോൾ പ്രാർത്ഥിക്കണം: എന്റെ ഓർമ്മശക്തി വേണ്ടതുപോലെ പ്രവർത്തിക്കുന്നില്ല. ഞാൻ ഇന്നിന്ന വിഷയങ്ങൾക്ക് മോശമാണ്. അവിടെ എനിക്ക് ഒരു വിജയം തരണം. എന്റെ ബുദ്ധി കൂടുതൽ മൂർച്ചയുള്ളതാക്കി തീർക്കണം. ജീവിതത്തിലെ ഓരോ കാര്യവും നിങ്ങൾ ദൈവത്തോട് ചോദിച്ച് വാങ്ങണം.

ബിസിനസ്സിലേയ്ക്ക് പോകുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കണം. യേശുവിന്റെ നാമത്തിൽ ഈ ബിസിനസ്സ് ചെയ്യാൻ, കർത്താവിന്റെ ആത്മാവ് വേദനിക്കുന്നതൊന്നും സംഭവിക്കാതെ ചെയ്യാൻ എനിക്ക് കൃപ തരണമേ. കർത്താവേ, കഷ്ടമോ, നഷ്ടമോ വരാതെ ഈ ബിസിനസ്സ് പൂർത്തീകരിക്കാൻ

കൃപ തരണമേ. അടിക്കടി വിജയം ലഭിക്കാൻ എനിക്ക് ഭാഗ്യം തരണമേ. നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ട് പോകൂ. ജീവിതത്തിന്റെ എല്ലാ രംഗത്തും നിങ്ങൾ യേശുക്രിസ്തുവിനോട് കൂടെയായിരിക്കട്ടെ.

ദൈവത്തിൽനിന്ന് വാഗ്ദത്തങ്ങൾ നിങ്ങൾ പ്രാപിക്കണം. വേദപുസ്തകത്തിൽ അതിമനോഹരമായ വാഗ്ദത്തങ്ങളുണ്ട്.

> *"യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്ററികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും; ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല; അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായ്ച്ചുകൊണ്ടിരിക്കും." യിരമ്യാവ് 17 : 7, 8*

വേദപുസ്തകം വായിക്കുമ്പോൾ ദൈവം നേരിട്ട് വാഗ്ദത്തങ്ങൾ തരുന്നത് അനുഭവിക്കാൻ സാധിക്കും. ഞാൻ ആത്മീയജീവിതത്തിന്റെ ആരംഭകാലങ്ങളിൽ തൊണ്ണൂറ്റി ഒന്നാം സങ്കീർത്തനം നിരന്തരം വായിക്കുമായിരുന്നു. എന്നെ ആവേശം കൊള്ളിച്ച സങ്കീർത്തനമാണ് മുപ്പത്തിനാലാം സങ്കീർത്തനം. എന്നെ ധൈര്യപ്പെടുത്തിയിട്ടുള്ള സങ്കീർത്തനമാണ് 27-ാം സങ്കീർത്തനം.

> *"യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും? എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്കർമ്മികൾ എന്റെ മാംസം തിന്നുവാൻ എന്നോട് അടുക്കുമ്പോൾ ഇടറി വീഴും. ഒരു സൈന്യം എന്റെ നേരെ പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയ*

*പ്പെടുകയില്ല; എനിക്കു യുദ്ധം നേരിട്ടാലും ഞാൻ നിർഭയമായിരിക്കും. ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ. അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറയ്ക്കും; പാറമേൽ എന്നെ ഉയർത്തും. ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെമേൽ എന്റെ തല ഉയരും; ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അർപ്പിക്കും; ഞാൻ യഹോവയ്ക്കു പാടി കീർത്തനം ചെയ്യും."*

*സങ്കീർത്തനങ്ങൾ 27 : 1 – 6*

*"ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക."*

*സങ്കീർത്തനങ്ങൾ 27 : 13, 14*

എന്റെ ജീവിതത്തിൽ അനേകം പ്രതിസന്ധികൾ വന്ന അവസരത്തിൽ ഞാൻ ഇരുപത്തിയേഴാം സങ്കീർത്തനത്തിന്റെ അവസാനത്തെ വാക്യം കൂടെക്കൂടെ പറയും. കലങ്ങിയിരിക്കുന്ന മനസ്സിന് ശാന്തത തരാൻ ഈ വാക്യം സഹായകരമാണ്.

നിങ്ങൾ രാത്രിയിൽ ഉറക്കമില്ലാതെ കിടക്കുമ്പോൾ വേദവാക്യങ്ങൾ കാണാതെ ഉച്ചരിക്കൂ. ദൈവത്തിന്റെ സന്ദേശങ്ങൾ, വാഗ്ദത്തങ്ങൾ ഉരുവിട്ടുകൊണ്ടു കിടക്കൂ. അപ്പോൾ യേശുക്രിസ്തുവിന്റെ ആശ്വസിപ്പിക്കുന്ന കരം നിങ്ങളെ തലോടുന്നത് നിങ്ങൾക്ക് അനുഭവിക്കുവാൻ സാധിക്കും. നിങ്ങൾ

അറിയാതെ സുഖനിദ്രയിലേക്ക് പോകും. ഒരു ദു:സ്വപ്നവും നിങ്ങളെ അലട്ടുകയില്ല. നിങ്ങളുടെ ഹൃദയം ശാന്തമായിരിക്കും. വചനം വാഗ്ദത്തമാണ്.

യാക്കോബിന്,

1. Vision - സ്വപ്നം ലഭിച്ചു.
2. Voice - ശബ്ദം ലഭിച്ചു.
3. Vow - നേർച്ച ലഭിച്ചു.

*"അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ട് സത്യം; ഞാനോ അത് അറിഞ്ഞില്ല എന്നു പറഞ്ഞു. അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു. യാക്കോബ് അതികാലത്ത് എഴുന്നേറ്റു തലയണയായി വച്ചിരുന്ന കല്ല് എടുത്ത് തൂണായി നിർത്തി, അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന്നു ബേഥേൽ എന്നു പേർ വിളിച്ചു; ആദ്യം ആ പട്ടണത്തിന്നു ലൂസ് എന്നു പേരായിരുന്നു. യാക്കോബ് ഒരു നേർച്ച നേർന്നു." ഉല്പത്തി 28 : 16 - 20*

എന്റെ അമ്മ കരഞ്ഞുകരഞ്ഞു തളർന്നുപോയ ഒരാളായിരുന്നു. കഷ്ടപ്പാട് മാറാൻ ഒരുപാട് വഴിപാട് നേരുമായിരുന്നു. എന്റെ അപ്പൻ മരിക്കുമ്പോൾ എനിക്ക് ഒരു വയസ്സ്, പെങ്ങൾക്ക് അഞ്ച് വയസ്സ്, അമ്മയ്ക്ക് മുപ്പത് വയസ്സ്. എനിക്കും പെങ്ങൾക്കും അമ്മയ്ക്കും എന്നും രോഗം. അന്ന് നാട്ടുവൈദ്യന്റെ അടുക്കൽ ചെന്ന് കഷായം, കുഴമ്പ്, എണ്ണ എന്നിങ്ങനെ അനേകം ചികിത്സകൾ! വലഞ്ഞുപോയ കാലങ്ങൾ!

അമ്മ നേർച്ച നേർന്നു, ഞങ്ങളുടെ പള്ളിയിലെ പള്ളിപ്പെ

രുന്നാൾ ഏറ്റുകഴിക്കാമെന്ന്. എനിക്ക് ജോലി കിട്ടിയ ആദ്യത്തെ ശമ്പളംകൊണ്ടാണ് പള്ളിപ്പെരുന്നാൾ ഏറ്റു കഴിച്ചത്. പിന്നെയും നേർന്നു, കോലഞ്ചേരി പള്ളിയിലെ മിഥുനം 29-ാം തീയതി പെരുന്നാളിന് റോഡിൽ രണ്ടുവശത്തും ഇരിക്കുന്ന ധർമ്മ ക്കാർക്ക് ധർമ്മം കൊടുക്കാമെന്ന്. ഒരു ആണ്ടുമുഴുവൻ എന്നും പ്രാർത്ഥിച്ച്, ഉച്ചയ്ക്ക് നമസ്ക്കരിച്ച്, നാല്പത് കുമ്പിട്ട് പ്രാർത്ഥി ച്ചതിന്ശേഷം മാത്രം ആഹാരം കഴിച്ച് ആണ്ടുനോമ്പ് നോക്കി.

ദുരിതം മാറാൻ നേർച്ചകൾ, കാഴ്ചകൾ! പലതരത്തിൽ തന്നെത്താൻ ക്രമീകരിച്ചു. ആഹാരത്തിൽ നിയന്ത്രണം! രുചി കരമായ ആഹാരങ്ങൾ വേണ്ട എന്ന് വയ്ക്കുന്നു. ഇതെല്ലാമാ ണെങ്കിലും ദുരിതം മാറിയില്ല. പിറവം പള്ളിയിൽ മൂന്ന് പൈത ങ്ങളുടെ നേർച്ച ആണ്ട്തോറും കഴിക്കാമെന്ന് നേർന്നു. ഒരാ ളുടെ കൈയിൽ നേർച്ചയ്ക്കുള്ള സാധനങ്ങളും കോഴിയും എല്ലാമായിട്ട് എല്ലാ ആണ്ടിലും പറഞ്ഞുവിട്ടുകൊണ്ടിരുന്നു.

കുന്നുക്കുരുടിപള്ളിയിൽ-അഞ്ച് ത്രോണോസ് ഉള്ള പള്ളിയാണ് അന്ന്-എല്ലാ ശനിയാഴ്ചയും കുർബ്ബാന ചൊല്ലി ക്കുമെന്ന് തീരുമാനിച്ചു. ആൾരൂപം നേർച്ചയിടുക! പൊന്നു കൊണ്ടുള്ള പാമ്പും പുറ്റും നേർച്ച നേരുക! ഇതെല്ലാം തട്ടാനെ ക്കൊണ്ട് ഉണ്ടാക്കിച്ചുകൊണ്ടിടുകയാണ്. ഇങ്ങനെ ഒട്ടേറെ നേർച്ചകൾ! ഈ നേർച്ചകളെല്ലാം നടത്തിക്കൊണ്ടിരുന്നപ്പോഴും അമ്മയുടേയും പെങ്ങളുടേയും എന്റേയും ഹൃദയത്തിൽ യേശുവുണ്ടായിരുന്നില്ല.

ഞങ്ങൾ രണ്ടു നേരവും നമസ്ക്കരിക്കുന്നവരായിരുന്നു. ഒരു ഞായറാഴ്ചയും മുടങ്ങാതെ പള്ളിയിൽ പോകുന്നവരാ യിരുന്നു. അതുകൊണ്ടൊന്നും യേശുവിന് വസിക്കാൻ ഇടമു ണ്ടായിരുന്നില്ല. നേർച്ചകൾ നടത്താം, കാഴ്ചകൾ നടത്താം. പക്ഷേ, യേശുവില്ലാതെ ഇതെല്ലാം ചെയ്യുവാൻ സാധിക്കും. എന്നാൽ പതിനേഴാമത്തെ വയസ്സിൽ കരുണയുള്ള കർത്താവ് എന്റെ ഹൃദയത്തിലേക്ക് നടന്ന് കയറി.

എന്റെ ജീവിതത്തിൽ യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക എന്നതായിരുന്നു ഏറ്റവും വലിയ നേർച്ച! ഏറ്റവും വലിയ സമർപ്പണം!

*"മകനേ, നിന്റെ ഹൃദയം എനിക്കു തരിക."*
*സദൃശവാക്യങ്ങൾ 23 : 26*

എന്നാണ് യേശു പറയുന്നത്. ഹൃദയത്തിൽ ഒളിച്ചിരിക്കുന്ന പാമ്പുകളെയും കുറുനരികളെയും സിംഹങ്ങളെയും പുറത്താക്കാം എന്നാണ് കർത്താവ് പറയുന്നത്.

പാമ്പിനെപ്പോലെ വിഷം വമിക്കുന്നത് ചിലത് ഹൃദയത്തിലുണ്ട്; അനേകരെ കൊല്ലുന്ന പ്രകൃതം! അത് ഈർഷ്യയും വൈരാഗ്യവും വിദ്വേഷവുമായി ഹൃദയത്തിൽ കുമിഞ്ഞിരിക്കുകയാണ്.

കൗശലം, ഉപായം പ്രയോഗിക്കുക, തന്ത്രം പ്രയോഗിക്കുക എന്നിങ്ങനെയുള്ള അനേകദോഷങ്ങൾ ഹൃദയത്തിൽ പതുങ്ങിക്കിടപ്പുണ്ട്.

ഹൃദയത്തിൽ ഗർജ്ജിക്കുന്ന സിംഹമുണ്ട്. ഞാനാണ് രാജാവ്, എന്നെ കവിഞ്ഞ് വേറെ ആരുമില്ല എന്ന് വിചാരിക്കുന്ന സിംഹം. ഞാൻ മുമ്പൻ, എന്റെ അഭിപ്രായത്തിന് വില കൊടുക്കണം, എന്നെ മാനിക്കണം, എന്നെ സ്നേഹിക്കണം, എന്നെ മുമ്പിൽ നിർത്തണം, എന്നോട് ചോദിക്കണം. ആ സിംഹം അകത്തുണ്ട്.

നിങ്ങൾ ചിന്തിക്കൂ, നിങ്ങളുടെ ഹൃദയത്തിൽ എന്തെല്ലാമാണ് ഉള്ളത്? അതെല്ലാം നിങ്ങൾ ദൈവത്തോട് തുറന്ന് പറയണം. അപ്പോൾ കർത്താവ് നിങ്ങളുടെ ജീവിതത്തിലേയ്ക്ക് കടന്നു വരും. അതാണ് നേർച്ച. നിങ്ങൾ നേർച്ച നേരണം. നിങ്ങൾ എത്രപേർ മനസ്സറിഞ്ഞ് ഒരു നേർച്ച നേർന്നിട്ടുണ്ട്. നിങ്ങൾ നിങ്ങളെത്തന്നെ ക്രിസ്തുവിന് കൊടുത്തുവോ?

എബ്രാഹാം ലിങ്കന്റെ കാലത്താണ് അമേരിക്കയിൽ

നിന്ന് അടിമവ്യവസായം മാറ്റിക്കളഞ്ഞത്. അടിമവ്യവസായം ഉണ്ടായിരുന്ന കാലത്ത്, ഒരു വീട്ടിൽ മൂന്ന് അടിമകൾ ഉണ്ടായിരുന്നു. അപ്പൻ, അമ്മ, മകൻ. അടിമകളുടെ യജമാനൻ അവരെ വിറ്റുകളയാം എന്ന് തീരുമാനിച്ച് ചന്തയിൽ കൊണ്ടുപോയി. അവർ കരഞ്ഞുകൊണ്ടു നിൽക്കുമ്പോൾ ഒരാൾ വന്ന് അപ്പനെ വിലയ്ക്ക് വാങ്ങി. എല്ലാവരും ഏങ്ങലടിച്ച് കരഞ്ഞു. വിലയ്ക്കു വാങ്ങിയ ആൾ അപ്പനെ കൊണ്ടുപോയി. വേറൊരാൾ വന്ന് അമ്മയെ വിലയ്ക്ക് വാങ്ങി. മോനും അമ്മയും കരഞ്ഞു. അമ്മയെ കൊണ്ടുപോയിക്കഴിഞ്ഞപ്പോൾ മോനെയും വേറൊരാൾ വിലയ്ക്ക് വാങ്ങി. ഇപ്പോൾ മൂന്നുപേരും മൂന്നിടത്തായി.

ഇവരുടെ കരച്ചിൽ കണ്ട് ഒരു നല്ല മനുഷ്യന് സഹതാപം തോന്നി. അയാൾ അപ്പനെ കൊണ്ടുപോയ ആളോട് ചോദിച്ചു, നിങ്ങൾക്ക് ഈ അടിമയെ തരാൻ എന്തു വില വേണം? അയാൾ വാങ്ങിയതിനേക്കാൾ വലിയോരു വില പറഞ്ഞു. ആ വില കൊടുത്ത് ഇദ്ദേഹം അപ്പനെ വാങ്ങി. അമ്മയെ കൊണ്ടുപോയ ആളോടു ചോദിച്ചു: എന്തു വില വേണം? അയാളും വലിയോരു വില പറഞ്ഞു. അതുകൊടുത്ത് അമ്മയേയും വാങ്ങി. മോനെ കൊണ്ടുപോയ ആളോട് ചോദിച്ചു: ഈ അടിമയ്ക്ക് എന്തു വില വേണം? അയാൾ പറഞ്ഞ വലിയോരു തുക കൊടുത്ത് ആ മകനേയും വാങ്ങി. ഇപ്പോൾ അവരെല്ലാം ആ നല്ല യജമാനന്റെ കീഴിൽ വന്നു. അവർക്ക് സന്തോഷമായി.

അദ്ദേഹം പറഞ്ഞു: നിങ്ങൾ എന്റെ അടിമകളല്ലേ? ഞാൻ നിങ്ങളെ വില കൊടുത്ത് വാങ്ങിയല്ലോ. എന്നാൽ ഞാൻ നിങ്ങളെ അടിമത്വമില്ലാതെ സ്വതന്ത്രരാക്കിയിരിക്കുന്നു. നിങ്ങളുടെ അടിമത്വം ഞാൻ വിടർത്തിയിരിക്കുന്നു. ഇനി നിങ്ങൾ ആരുടേയും അടിമകളല്ല. ഇനി നിങ്ങൾക്ക് ഇഷ്ടംപോലെ പോകാം, ജീവിക്കാം.

അപ്പനും അമ്മയും മകനും അമ്പരന്നു. സ്വന്തം രൂപ കൊടുത്ത് ഞങ്ങളെ വിലയ്ക്ക് വാങ്ങിയിട്ട് വെറുതെ വിട്ടിരി

ക്കുന്നു. ഇതെന്തൊരു സ്നേഹമാണ്! അവർ അദ്ദേഹത്തിന്റെ കാൽക്കൽ വീണു പറഞ്ഞു: യജമാനനേ, ഞങ്ങൾ വേറെ എവിടെയും പോകുന്നില്ല. ഞങ്ങൾ എന്നും അങ്ങയുടെ അടിമ കൾ. അങ്ങയുടെ അടിമകൾ ആയിരിക്കുന്നത് ഞങ്ങൾക്ക് ഇഷ്ടമാണ്. ഞങ്ങളെ പറഞ്ഞുവിടല്ലേ. മൂന്നു അടിമകളും അവർക്ക് സ്വാതന്ത്ര്യം കിട്ടിയെങ്കിലും അടിമത്വത്തിന് തയ്യാ റായി. ഇതാണ് നേർച്ച!

നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ, ക്രിസ്തു നിങ്ങൾക്കു വേണ്ടി വില കൊടുത്ത് പിശാചിന്റെ കൈയിൽ നിന്ന് നിങ്ങളെ വാങ്ങി എന്ന്? ക്രിസ്തു കൊടുത്തത് തന്റെ സ്വന്തം ജീവനാണ്. സ്വന്തം ശരീരമാണ്; സ്വന്തം രക്തമാണ്. പിശാചിന്റെ പിണിയാ ളുകൾ യേശുവിനെ കരണത്തടിച്ചു, മുഖത്തേയ്ക്ക് തുപ്പി, യേശുവിന്റെ മുഖത്തു നിന്ന് രോമങ്ങൾ പിഴുതെടുത്തു.

യേശുവിന്റെ പുറം ഉഴവുചാലുപോലെ കീറത്തക്കവണ്ണം ചാട്ടവാറുകൊണ്ട് ആഞ്ഞാഞ്ഞ് പ്രഹരിച്ചു. യേശുവിന്റെ ശിര സ്സിൽ മുൾമുടി വച്ചു. യേശുവിന്റെ കൈകളും കാലുകളും തുളച്ചു. യേശുവിന്റെ ചങ്ക് കുന്തംകൊണ്ട് കുത്തി. യേശു വിനെ നിന്ദിച്ചു, പരിഹസിച്ചു, ഏറ്റവുമധികം പീഡിപ്പിച്ചു. അവ സാനം കുരിശിന്മേൽ തറച്ചു.

യേശു തന്നെത്തന്നെ ക്രൂശിൽ ബന്ധിതനാകാൻ സമർപ്പിച്ചു. എന്നെ വിടുവിക്കുവാൻ, എനിക്ക് സ്വാതന്ത്ര്യം തരുവാൻ, എന്റെ ബന്ധനം അഴിക്കുവാൻ, എന്റെ കെട്ടുകൾ പൊട്ടിച്ച് കളയുവാൻ, എന്റെ ശാപം മാറ്റാൻ യേശു കുരിശിൽ ശാപമായിത്തീർന്നു. എന്റെ പാപം മാറ്റാൻ യേശു ശിരസ്സി ന്മേൽ പാപം വഹിച്ചു. എന്റെ ബന്ധനങ്ങളഴിക്കാൻ യേശു കുരിശിൽ ബന്ധിതനായിക്കിടന്നു. ഇതാണ് സുവിശേഷം! ഇത് വിശ്വസിക്കുന്ന ആർക്കും യേശുവിന്റെ അടിമയാകുവാൻ പറ്റും. ഇത് വിശ്വസിക്കുമ്പോൾ മാത്രമേ നാം സമർപ്പിക്കുകയു ള്ളൂ. അതാണ് നേർച്ച.

നിങ്ങൾക്ക് ഒരു നേർച്ച നേരാൻ സാധിക്കുമോ? നിങ്ങൾ ഓർമ്മയില്ലാതിരുന്ന കാലത്ത്, മാമോദീസാ സമയത്ത് നേർന്ന നേർച്ച എന്താണ്? സാത്താനേ, നിന്നെയും നിന്നിലുള്ള സകല ഭയത്തെയും നിന്റെ സകല ശക്തിയേയും ഞാൻ ഉപേക്ഷിക്കുന്നു. മശിഹാ തമ്പുരാനെ, നിന്നെ ഞാൻ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. പന്ത്രണ്ട് വയസ്സ് ആകുമ്പോൾ നാം ഓരോരുത്തരും തന്നെത്താൻ ഈ കാര്യം തിരിച്ചറിയണം. ഒരിക്കൽ പറഞ്ഞ വാക്ക് തിരിച്ചറിഞ്ഞ് എന്റെ കർത്താവേ, എന്റെ സ്വന്ത മനസ്സുകൊണ്ട്, സ്വന്തം താല്പര്യംകൊണ്ട്, സ്വന്തം തീരുമാനംകൊണ്ട് ഞാൻ സാത്താനെ ഉപേക്ഷിക്കുന്നു. ഞാൻ മശിഹാതമ്പുരാനെ സ്വീകരിക്കുന്നു. അതാണ് നേർച്ച; അതാണ് വാസ്തവമായ വഴിപാട്; അതാണ് സമർപ്പണം. നിങ്ങൾ യേശുവിനോട് വാക്ക് പറഞ്ഞിട്ടുണ്ടോ? നീ എന്നെ നിന്റെ രക്തം കൊടുത്ത് വിലയ്ക്ക് വാങ്ങിയതിനാൽ ഇന്നുമുതൽ ഞാൻ നിന്റെ വക.

പതിനേഴാമത്തെ വയസ്സിൽ ഞാൻ ദൈവസന്നിധിയിൽ പറഞ്ഞു: യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. ഈ തീരുമാനം എടുത്തതിന് ശേഷം ഞാൻ തിരികെ വന്നത് ഒരു പുതിയ മനുഷ്യനായിട്ടാണ്. പുതിയ സ്വഭാവത്തോടുകൂടിയാണ്. എന്റെ പ്രാർത്ഥനാരീതികൾ മാറി, എന്റെ സമ്പ്രദായങ്ങൾ മാറി, എന്റെ ജീവിതഗതികൾ മാറി; എല്ലാം മാറി പുതുതായി. അതിനെത്തുടർന്ന് പെങ്ങളും അമ്മയും മാനസാന്തരപ്പെട്ടു. ഞങ്ങളുടെ കുടുംബം സ്വർഗ്ഗമാകാൻ തുടങ്ങി. കരുണയുള്ള കർത്താവ് കുടുംബത്തിലേയ്ക്ക് കടന്നുവന്ന് ഞങ്ങളുടെ കുടുംബത്തിൽ സമാധാനത്തിന്റെ, സന്തോഷത്തിന്റെ, ഐശ്വര്യത്തിന്റെ പുതിയ വാതായനങ്ങൾ തുറന്നു.

ഇന്ന് നിങ്ങളെത്തന്നെ ക്രിസ്തുവിന്റെ പാദപീഠത്തിലേയ്ക്ക് അർപ്പണം ചെയ്യുക. യേശുവേ, ഇത്രയും കാലം സാത്താൻ പന്താടിയ ജീവിതമാണ്. തിന്മയ്ക്ക് വിട്ട് കൊടുത്ത ജീവിതമാണ്. മദ്യപാനത്തിനും അശുദ്ധിക്കും വിട്ടുകൊടുത്ത

ജീവിതമാണ്. തിന്മപ്രവൃത്തികൾക്കും വഴക്കിനും വക്കാണത്തിനും വിട്ടുകൊടുത്ത ജീവിതമാണ്. മോഷണത്തിനും കവർച്ചയ്ക്കും വിട്ടുകൊടുത്ത ജീവിതമാണ്. കുടുംബം മുടിച്ച ജീവിതമാണ്. മാതാപിതാക്കളോട് അഹങ്കാരത്തോടെ സംസാരിച്ച ജീവിതമാണ്. ഈ ജീവിതം ഇന്ന് ഞാൻ യേശുവിന്റെ കൈകളിലേയ്ക്ക് വച്ചുമാറുന്നു.

കരുണയുള്ള കർത്താവേ, നിന്റെ രക്തം കൊടുത്ത് എന്നെ വിലയ്ക്കുവാങ്ങി എന്ന് വിശ്വസിച്ചുകൊണ്ട് എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു. നീ എന്നെ സ്വീകരിക്കണമേ. നിന്റെ തൃക്കരം എന്റെമേൽ വയ്ക്കണമേ. യേശുവേ, നിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയ ചോരയാലും നീരിനാലും എന്നെ കഴുകി വെടിപ്പാക്കണമേ. തിരുരക്തത്താൽ സമ്പൂർണ്ണ ശുദ്ധീകരണം തരണമേ. ഇന്നുമുതൽ പുതിയ സൃഷ്ടിയായി ജീവിക്കും എന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

# ഏഴ്

യാക്കോബ് ദൈവത്തോട്: “നീ എന്റെ ദൈവമായിരിക്കും, ഞാൻ നിന്റെ ദാസനായിരിക്കും” എന്ന് വാക്കുപറഞ്ഞു.

യാക്കോബിന് സ്വപ്നം ലഭിച്ചു. സ്വപ്നത്തെ തുടർന്ന് ദൈവത്തിന്റെ ശബ്ദം ലഭിച്ചു. ദൈവത്തിന്റെ ശബ്ദം ലഭിച്ചപ്പോൾ യാക്കോബ് നേർച്ച നേർന്നു.

നമുക്കെല്ലാവർക്കും ഒരു സ്വപ്നം വേണം. എന്റെ ആയുസ്സ് മരണത്തോളം ക്രിസ്തുവിനുവേണ്ടി സമ്പൂർണ്ണമായി ചെലവഴിക്കപ്പെടണമെന്നതായിരിക്കണം നമ്മുടെ സ്വപ്നം. എനിക്ക് ഒരു ശുഭഭാവിയുണ്ട്. ക്രിസ്തു എന്നിൽ ഇറങ്ങിനിൽക്കും. ക്രിസ്തുവിന്റെ കരം എന്നെ തലോടും. ക്രിസ്തുവിന്റെ കൈവെള്ളയിൽ എന്നെ താങ്ങും. ഇനിയും നല്ല ഭാവി എനിക്ക് കിട്ടും. എന്റെ കരിഞ്ഞുണങ്ങിയ, വാടിപ്പോയ ജീവിതമിനിയും തളിരെടുത്ത്, കൂമ്പെടുത്ത്, നാമ്പെടുത്ത് സത്ഫലങ്ങൾ പുറപ്പെടുവിക്കും എന്ന സ്വപ്നം വേണം.

നിങ്ങൾക്ക് കിട്ടിയിട്ടുണ്ടോ ഒരു സ്വപ്നം? യാതന നിറഞ്ഞ് ഓടിയോടി തളർന്ന ജീവിതത്തിൽ എന്നെ ഇതുവരെയും നടത്തിയത് ആരാണ്? ഈ നിമിഷംവരെയും എന്നെ പരിപാലിച്ച ഒരത്ഭുതകരം! ഞാൻ അവനെ അന്വേഷിക്കാതിരുന്നപ്പോഴും എന്നെത്തന്നെ അന്വേഷിച്ച് എന്റെ പിന്നാലെ വന്നുകൊണ്ടിരുന്ന യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെ കരം! ഞാൻ അവനെവിട്ട് ഓടിയപ്പോഴും എന്റെ പിന്നാലെ ഓടിവന്ന് എന്നെ തടഞ്ഞുനിറുത്തിയ യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെ അത്ഭുതകരം!

നാം സ്നേഹിക്കുന്നില്ലെങ്കിലും ക്രിസ്തു നമ്മെ സ്നേഹിക്കുന്നു. നമുക്ക് ഏറ്റവും നല്ല ഭാവി അവൻ കരുതുന്നു. ക്രിസ്തുവിന് നമ്മെക്കുറിച്ച് ചില ശുഭകരമായ ആശകളുണ്ട്. ഇന്നത്തെ കണ്ണീരും കടവും രോഗവും കഷ്ടതയും യാതനയും തീരുമെന്ന് ക്രിസ്തു കാണുന്നുണ്ട്.

നാളുകൾ കഴിഞ്ഞ് സന്തോഷമനുഭവിക്കുമ്പോൾ നാം ഓർക്കും ദൈവമേ! എന്നെ നീ ഇങ്ങനെ കരുതിയല്ലോ? പ്രിയപ്പെട്ടവരേ, നിങ്ങൾ പഴയകാലങ്ങളിലേയ്ക്ക് തിരിഞ്ഞ് നോക്കണം. നിങ്ങൾ ഏകാകികളായിരുന്നപ്പോൾ, വാടിത്തളർന്നപ്പോൾ, ഓടി അലഞ്ഞപ്പോൾ, ആരോരുമില്ല എന്ന് തോന്നിയപ്പോൾ, രോഗം വന്ന് ഗ്രസിച്ചപ്പോൾ, ഭാരങ്ങൾ നിങ്ങളെ അലട്ടിയപ്പോൾ, പലരും നിങ്ങൾക്ക് ശത്രുക്കളായപ്പോൾ, നിങ്ങൾ ഉപകാരം ചെയ്തവർ എതിരാളികളായിത്തീർന്നപ്പോൾ, നിങ്ങളെക്കുറിച്ച് ഇല്ലാത്തത് പറഞ്ഞുപരത്തിയപ്പോൾ, അപ്പോഴെല്ലാം നിങ്ങളെ താങ്ങാനും തലോടാനും യേശു ഉണ്ടായിരുന്നു. അന്ന് നിങ്ങൾ അതറിഞ്ഞില്ല.

ഒരു അദൃശ്യകരം! അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവായ അന്നുമുതൽ നമ്മെ നടത്തിയ കരം! ഈ സ്നേഹത്തെ തിരിച്ചറിയുമ്പോൾ നാം അറിയാതെ നന്ദിയാൽ സ്തുതിച്ചുപോകും.

ഇന്നത്തെ കഷ്ടതകളും ദുരിതങ്ങളും മാറുന്നത് നിങ്ങൾ സ്വപ്നം കാണണം. യാക്കോബ് ഓടിത്തളർന്ന് കല്ലിന്മേൽ തലവച്ച് കിടക്കുകയായിരുന്നു. മരണഭീതിയോടെയുള്ള ഓട്ടമല്ലേ? ഏശാവ് കൊന്നാലോ? ഉറങ്ങാൻ പേടിയാണ്. പക്ഷേ, അറിയാതെ ഉറങ്ങിപ്പോയി. മയക്കത്തിൽ ഇതാ ഒരു സ്വപ്നം!

സ്വപ്നത്തിന്റെ അർത്ഥമെന്താണ്? മകനേ, നീ വിചാരിച്ചു നിനക്ക് അപ്പനില്ല, അമ്മയില്ല, സഹോദരനില്ല എന്ന്. എന്നാൽ നീ ഏകനല്ല. നിനക്ക് തുണയായി, സഹായിയായി ദൈവമുണ്ട്. ദൈവം മാത്രമല്ല മാലാഖമാരുണ്ട്. മാലാഖമാർ

കയറുകയും ഇറങ്ങുകയും ചെയ്യുകയാണ്. ഭൂമിയെയും ആകാശത്തെയും ബന്ധിപ്പിക്കുന്ന, അന്തരീക്ഷത്തിൽ പടുത്തുയർത്തിയ കോവണിയാണ് കർത്താവായ യേശുക്രിസ്തു.

മകനേ, നിന്റെ ജീവിതത്തിൽ നീ വലയുമ്പോൾ, തളരുമ്പോൾ, ക്ഷീണിതനാകുമ്പോൾ, മാലാഖമാർ നിന്റെ കൂടെയുണ്ട് എന്ന് വിശ്വസിക്കു. യേശുക്രിസ്തു നിന്റെ അരികിലുണ്ട് എന്ന് നീ വിശ്വസിക്കുക. കാരണം, നിന്നെ സ്നേഹിക്കുന്ന ക്രിസ്തുവിന് നിന്നെ മറക്കാൻ സാദ്ധ്യമല്ല.

ഇന്ന് കർത്താവിൽനിന്ന് വാഗ്ദത്തങ്ങൾ ഏറ്റുവാങ്ങാൻ നിങ്ങൾ തയ്യാറാണോ? ഇന്നത്തെ ചുടുബാഷ്പങ്ങളും, പാപജീവിതവും, ഏകാന്ത ജീവിതവും, ദുരിതങ്ങളും പട്ടിണിയുമെല്ലാം മാറുമെന്ന വാഗ്ദത്തം ഏറ്റുവാങ്ങാൻ നിങ്ങൾ തയ്യാറാണോ? ഇന്നത്തെ പട്ടിണി സ്നേഹത്തിനാണ്; ഭർത്താവിന്റെ, ഭാര്യയുടെ, മകളുടെ, മകന്റെ, അമ്മായിയമ്മയുടെ, മരുമകളുടെ സ്നേഹത്തിനാണ് പട്ടിണി. ദൈവം എല്ലാം തരാമെന്നാണ് പറയുന്നത്.

> *"രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്."*
>
> *യെശയ്യാവ് 59 : 1, 2*

വാഗ്ദത്തങ്ങൾ നിങ്ങളുടെ ജീവിതത്തിൽ നിറവേറ്റിത്തരാൻ ദൈവത്തിന് ആഗ്രഹമുണ്ട്. പാപം മാറ്റുമ്പോൾ നിങ്ങളുടെ ജീവിതത്തിലേയ്ക്ക് സമാധാനം ഒഴുകിവരും. ജീവിതത്തിലെ പോരായ്മകൾ കർത്താവ് മാറ്റിത്തരും.

> *"യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ*

*എന്നാൽ നിങ്ങൾക്കു തുറക്കും.” മത്തായി 7 : 7*

പിന്നെ എന്തുകൊണ്ടാണ് കിട്ടാത്തത്? കാരണം, നിങ്ങൾ പ്രാർത്ഥിക്കേണ്ടതുപോലെയല്ല പ്രാർത്ഥിക്കുന്നത്. നിങ്ങൾ പാപം മാറ്റിയിട്ട് പ്രാർത്ഥിക്കുന്നില്ല. ആവശ്യഭാരവുംപേറി ക്രിസ്തുവിന്റെ സന്നിധിയിൽ ചെല്ലുമ്പോൾ ആദ്യം തന്നെ പാപം എന്തെല്ലാമുണ്ട് എന്ന് കണ്ടുപിടിച്ച് അനുതാപത്തോടെ ഏറ്റു പറയൂ.

കർത്താവേ, വന്നത് വന്നു. തിരുത്തുവാൻ ആവില്ല; സംഭ വിച്ചുപോയി. പ്രായശ്ചിത്തം ചെയ്യുവാൻ എനിക്ക് ഒന്നുമില്ല. നീ കുരിശിൽ ചൊരിഞ്ഞ രക്തത്താൽ എന്റെ ഈ പാപക്കറ കഴുകിത്തരണം. പാപത്തിന്റെ ചെളി ഏശാത്ത ഒരു പുതിയ ജീവിതം നയിക്കുമെന്ന് ഞാൻ വാക്കുപറയുന്നു. എന്റെ ആവ ശ്യങ്ങൾ സാധിപ്പിച്ചു തരണമേ.

യാക്കോബ് ദൈവത്തിന് നേർച്ച നേർന്നു. വ്യവസ്ഥയി ന്മേലുള്ള സമർപ്പണമാണ് യാക്കോബിന്റേത്. അതല്ല ഒരു ദൈവദാസന് വേണ്ടത്. മനുഷ്യർ വിചാരിച്ചിരിക്കുന്നത് ദൈവ ത്തിന് എന്തെല്ലാമോ നമ്മിൽനിന്ന് ചോദിച്ചുവാങ്ങണമെന്നാണ്. ദൈവത്തിന് ഒന്നും വേണ്ട. നിങ്ങളുടെ വീട്, ആരോഗ്യം, പൈസ, ശരീരം ഒന്നും ദൈവത്തിന് വേണ്ട. ദൈവത്തിന് കൊടുക്കുക എന്നുവച്ചാൽ കരുത്തനായവന്റെ കരങ്ങളി ലേയ്ക്ക് നിങ്ങളുടെ ജീവിതം ഏല്പിക്കുക എന്നതാണ്.

യാക്കോബ് ദൈവത്തിന് കൊടുക്കുവാൻ ഉദ്ദേശിക്കു ന്നത് എന്തെല്ലാമാണ്?

1. ഇവിടെ ഞാൻ ഒരു ആലയം പണിയും. The pillow is made a pillar.
2. യഹോവ എനിക്ക് ദൈവമായിരിക്കും.
3. കർത്താവേ, നീ എനിക്ക് തരുന്നതിൽനിന്ന് ഞാൻ ദശാംശം തരും.

യാക്കോബിന്റെ സമർപ്പണം പൂർണ്ണതയുള്ളതല്ല.

ക്രിസ്തുഭക്തന് വേണ്ട സമർപ്പണം എന്തായിരിക്കണം? കർത്താവേ, നീ തന്നത് കൊണ്ടല്ലേ ഇതെല്ലാം എനിക്ക് കിട്ടിയത്. അതുകൊണ്ട് ദശാംശമല്ല മുഴുവനും നിന്റേതാണ്. നിങ്ങൾക്ക് വ്യവസ്ഥ കൂടാതെ സമർപ്പിക്കുവാൻ സാധിക്കുമോ?

> *"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതു വിധം? എന്റെ വിശ്രാമസ്ഥലവും ഏത്? എന്റെ കൈ ഇതൊക്കെയും ഉണ്ടാക്കി; അങ്ങനെ യാകുന്നു ഇതൊക്കെയും ഉളവായത് എന്നു യഹോവ അരുളിച്ചെയ്യുന്നു." യെശയ്യാവ് 66 : 1, 2*

> *"അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കു ന്നില്ലതാനും" അപ്പൊസ്തലപ്രവൃത്തികൾ 7 : 48*

മനുഷ്യൻ പണിയുന്നതിലൊന്നും വസിക്കാത്തവൻ വസിക്കുന്ന ഒരിടമുണ്ട്, അതാണ് മനുഷ്യഹൃദയം! മനുഷ്യന്റെ ഹൃദയത്തിലാണ് ആലയം സ്ഥാപിക്കേണ്ടത്. അവിടെയാണ് വിശുദ്ധിയുടെ ആരാധന നടക്കേണ്ടത്. നമ്മുടെ ഹൃദയത്തിൽ ക്രിസ്തു വസിക്കുമ്പോൾ പള്ളിയ്ക്ക് അർത്ഥമുണ്ട്. വിശുദ്ധ കുർബ്ബാനയ്ക്ക് അർത്ഥമുണ്ട്. മനുഷ്യഹൃദയത്തിൽ ക്രിസ്തു വസിക്കണം. യേശുക്രിസ്തു വസിക്കത്തക്കവണ്ണം നിങ്ങളുടെ ഹൃദയം ഒരുങ്ങിയിട്ടുണ്ടോ?

ഹൃദയത്തിൽ പാപമുണ്ടെങ്കിൽ ക്രിസ്തു അവിടെയില്ല. നിങ്ങളുടെ ഹൃദയത്തിൽ വൈരാഗ്യമുണ്ടോ? സ്വാർത്ഥത യുണ്ടോ? പൊങ്ങച്ചമുണ്ടോ? സ്വയമുണ്ടോ? ലോകമോഹ മുണ്ടോ? ആഡംബരഭ്രമമുണ്ടോ? പ്രതികാരവാഞ്ഛയുണ്ടോ? ആരോടെങ്കിലും മുഷിച്ചിലുണ്ടോ? കോപമുണ്ടോ? എങ്കിൽ ക്രിസ്തു അവിടെ വസിക്കുന്നില്ല.

ഇന്ന് നിങ്ങൾക്ക് ഒരു തീരുമാനമെടുക്കാം: യേശുവേ, പാപ ത്തോടുകൂടെ നീ വസിക്കയില്ല എന്ന് എനിക്ക് മനസ്സിലായി. നിന്റെ മന്ദിരമാകാൻ ഞാൻ എന്നെ സമർപ്പിക്കുന്നു. നീ എന്റെ

ഹൃദയത്തിൽ എഴുന്നള്ളി ആവസിക്കണമേ.

കർത്താവിന് നമ്മളൊന്നും കൊടുക്കണ്ട. കർത്താവ് ചോദിക്കുകയാണ്, കാട്ടിലെ മൃഗങ്ങളെല്ലാം എന്റേതല്ലേ, നിങ്ങൾ കൊണ്ടുവന്നിട്ട് വേണമോ എനിക്ക്?

> *"എന്റെ ജനമേ, കേൾക്ക; ഞാൻ സംസാരിക്കും. യിസ്രായേലേ, ഞാൻ നിന്നോടു സാക്ഷീകരിക്കും; ദൈവമായ ഞാൻ നിന്റെ ദൈവമാകുന്നു. നിന്റെ ഹനനയാഗങ്ങളെക്കുറിച്ച് ഞാൻ നിന്നെ ശാസിക്കുന്നില്ല; നിന്റെ ഹോമയാഗങ്ങൾ എപ്പോഴും എന്റെ മുമ്പാകെ ഇരിക്കുന്നു. നിന്റെ വീട്ടിൽ നിന്നു കാളയെയോ, നിന്റെ തൊഴുത്തുകളിൽ നിന്ന് കോലാട്ടുകൊറ്റന്മാരെയോ ഞാൻ എടുക്കയില്ല. കാട്ടിലെ സകല മൃഗവും പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കളും എനിക്കുള്ളവയാകുന്നു. മലകളിലെ പക്ഷികളെ ഒക്കെയും ഞാൻ അറിയുന്നു; വയലിലെ ജന്തുക്കളും എനിക്കുള്ളവ തന്നേ. എനിക്കു വിശന്നാൽ ഞാൻ നിന്നോടു പറകയില്ല; ഭൂലോകവും അതിന്റെ നിറവും എന്റേതത്രേ. ഞാൻ കാളകളുടെ മാംസം തിന്നുമോ? കോലാട്ടുകൊറ്റന്മാരുടെ രക്തം കുടിക്കുമോ? ദൈവത്തിന്നു സ്തോത്രയാഗം അർപ്പിക്ക; അത്യുന്നതന്ന് നിന്റെ നേർച്ചകളെ കഴിക്ക. കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും."*
>
> *സങ്കീർത്തനങ്ങൾ 50 : 7 – 15*

നിന്റെ വഴിപാട് ഒന്നും എനിക്ക് വേണ്ട. എനിക്ക് വേണ്ടത് നിന്റെ നന്ദിയുള്ള ഹൃദയമാണ്. ഇതെല്ലാം നിനക്ക് തന്ന ജീവനുള്ള ദൈവത്തോട് നന്ദി അർപ്പിക്കുക. അത്യുന്നതന് നിന്റെ സമർപ്പണങ്ങൾ കാണിക്കയായി കൊടുക്കൂ. നിന്നെത്തന്നെ നീ കാഴ്ചയായി അർപ്പണം ചെയ്യണം.

യാക്കോബ് എല്ലാം വ്യവസ്ഥവച്ച് പറയുകയാണ്. ഞാനും പലതും വ്യവസ്ഥവച്ച് ദൈവത്തോട് പറഞ്ഞിട്ടുണ്ട്. ആത്മീയത്തിന്റെ പക്വതയില്ലായ്മ. എനിക്ക് പരീക്ഷയ്ക്ക് നല്ല മാർക്ക് തന്നാൽ ഞാൻ നിന്റെ വേലക്കാരനായിക്കൊള്ളാം. ഇങ്ങനെ ചില വ്യവസ്ഥകൾ വച്ചിരുന്നു. അതെന്റെ അപക്വമായ സമർപ്പണങ്ങളായിരുന്നു. പക്ഷേ, പക്വതയില്ലാത്ത സമർപ്പണങ്ങൾപോലും ദൈവം സ്വീകരിച്ചു.

നമ്മുടെ ബലഹീനത കാണുന്നവനാണ് ദൈവം. നിങ്ങൾ ആത്മീയമായ പരിജ്ഞാനമില്ലാതെ ദൈവത്തോട് പലതും പ്രാർത്ഥിച്ച് കാണും. പക്ഷേ, അതുപോലും അവൻ ക്ഷമിക്കുന്നു.

> *"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്ന് അടുത്തു ചെല്ലുക."* *എബ്രായർ 4 : 15, 16*

യാക്കോബ് ദൈവത്തോട് പറയുകയാണ്: നീ എനിക്ക് ഇതെല്ലാം ചെയ്തുതരണം. ദൈവം എന്നോട് കൂടെയിരിക്കണം. ഞാൻ പോകുന്ന യാത്രയിൽ എന്നെ കാക്കണം. ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും തരണം. എന്റെ അപ്പന്റെ വീട്ടിലേയ്ക്ക് സൗഖ്യത്തോടെ മടക്കി വരുത്തണം.

ഓരോന്നും എണ്ണിയെണ്ണി പറയുകയാണ്. ക്രിസ്തുവിനോട് ഓരോന്നും പറയാൻ intimacy - അടുപ്പം - വേണം. നിങ്ങൾ ഒറ്റയ്ക്ക് ക്രിസ്തുവിന്റെ അടുത്തിരുന്ന് ഉള്ള് തുറക്കണം. നിങ്ങളുടെ ആവശ്യങ്ങൾ, ആഗ്രഹങ്ങൾ, പോരായ്മകൾ, വിഡ്ഢിത്തങ്ങൾ, അപാകതകൾ, അവിവേകങ്ങൾ, സ്വഭാവത്തിലെ മാലിന്യങ്ങൾ എല്ലാം തുറന്നുപറയണം. നിങ്ങളുടെ

മണ്ടത്തരങ്ങൾപോലും ദൈവം ക്ഷമയോടെ കേട്ടുകൊണ്ടിരിക്കും. നിങ്ങൾ വാതോരാതെ എണ്ണിയെണ്ണി പറയുമ്പോഴും ദൈവം എല്ലാം കേട്ടുകൊണ്ട് ശാന്തനായിട്ടിരിക്കും. മനുഷ്യർക്ക് കേട്ടിരിക്കാൻ സാധിക്കയില്ല.

കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കണം. പരീക്ഷയ്ക്ക് പാസ്സാകാൻ ബുദ്ധിയും ഓർമ്മയും തരണമെന്ന് ദൈവത്തോട് പറയണം. Weak subjects പഠിച്ചിട്ട് ഓർക്കാൻ കഴിയുന്നില്ലല്ലോ, അതിന്മേൽ നിന്റെ തിരുരക്തം ഒരു തുള്ളി ഒഴിച്ച് എനിക്ക് ഒരു പുതിയ കൃപ തരണമേയെന്ന് പ്രാർത്ഥിക്കണം. പ്രാർത്ഥനയിൽ കൂടി എല്ലാം പ്രാപിക്കാം. നിങ്ങൾക്ക് പരീക്ഷിച്ച് നോക്കാം. ഓരോന്നും ദൈവസന്നിധിയിൽ ചോദിച്ച് വാങ്ങുവാനുള്ള intimacy, ദൈവത്തോടുള്ള സ്നേഹ ദാർഢ്യം നിങ്ങൾ പ്രാപിക്കണം.

നമുക്കിന്ന് ദൈവത്തോട് ചോദിക്കാം: ദൈവമേ, നീ എന്നോട് കൂടെ ഇരിക്കണം. ഞാൻ പോകുന്നിടത്തെല്ലാം നീ എന്നോടു കൂടെ പോരണം. നിനക്ക് പോകാൻ പറ്റാത്തയിടത്ത് ഞാൻ പോകയില്ല.

മോശ ഒരിക്കൽ പറഞ്ഞു: നിന്റെ സാന്നിദ്ധ്യം എന്റെ കൂടെ പോരണമേ.

> *"തിരുസാന്നിദ്ധ്യം എന്നോടുകൂടെ പോരുന്നില്ല എങ്കിൽ ഞങ്ങളെ ഇവിടെ നിന്നു പുറപ്പെടുവിക്കരുതേ."* *പുറപ്പാട് 33 : 15*

നിങ്ങൾ പ്രാർത്ഥിക്കണം: യേശുവേ, ഞാൻ പരീക്ഷാഹാളിലേയ്ക്ക് പോകുന്നു, ഞാൻ ജോലിയ്ക്ക് ഓഫീസിൽ പോകുന്നു, ഞാൻ കിടന്നുറങ്ങാൻ പോകുന്നു, നീ എന്നോട് കൂടെ പോരണമേ. ഞാൻ ഭക്ഷിപ്പാൻ ഇരിക്കുന്നു, നീ എന്നോട് കൂടെ ഇരിക്കണമേ. സിംഹത്തിന്റെ സ്വഭാവമുള്ളവരുടെ മുമ്പിലേയ്ക്ക് ഞാൻ പോവുകയാണ്, കരുണയുള്ള കർത്താവേ, സിംഹത്തിന്റെ വായ് അടയ്ക്കണമേ. ഞാൻ ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് പോവുകയാണ്, നീ എന്നോടുകൂടെ ഇരിക്ക

ണമേ.

To be with Jesus! ജീവിതത്തിൽ ദൈവത്തോടുകൂടെ ആകുക! അത് മനോഹരമായ ഒരു അനുഭവമാണ്. ഒരുനിമിഷം പോലും യേശുവില്ലാതെ ജീവിക്കരുത്. അങ്ങനെ ജീവിതം ശുദ്ധീകരിക്കുന്നവർക്ക് ദൈവം തരുന്ന വാഗ്ദത്തമാണ്:

*"ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്." മത്തായി 28 : 20*

ഏതു കൊടിയ വേദനയുടെ നടുവിലും ഹോസ്പിറ്റൽ കിടക്കയിൽ കിടക്കുമ്പോഴും ബിസിനസ്സ്രംഗത്ത് നിൽക്കുമ്പോഴും, ടെൻഷനടിച്ച് വിഷമിക്കുമ്പോഴും, ഡിപ്രഷനിൽ തളരുമ്പോഴും, പരീക്ഷാപേടി വരുമ്പോഴും യേശു കൂടെയിരിക്കാം എന്ന് പറയുന്നു.

എന്തൊരു ധൈര്യമാണ്! യേശു കുരിശും ചുമന്നുപോയ ആ കുരിശിന്റെ അറ്റം താങ്ങുന്ന ജീവിതം! ആ അറ്റം താങ്ങുമ്പോൾ കുരിശിൽനിന്ന് ഒലിച്ചിറങ്ങുന്ന തിരുരക്തത്താൽ പവിത്രമാക്കപ്പെടുന്ന ജീവിതം! നിങ്ങളുടെ ജീവിതം ശുദ്ധമാകട്ടെ. കഴിഞ്ഞകാല ജീവിതത്തിലെ പാപങ്ങൾ കഴുകിക്കിട്ടുന്നത് നിങ്ങളുടെ അനുഭവമായിത്തീരട്ടെ. പൂർണ്ണമായ സമർപ്പണത്തിലേയ്ക്ക് വരിക. വന്നതെല്ലാം യേശു സമ്പൂർണ്ണമായി ക്ഷമിച്ച് പുതിയ ജീവിതം പടുത്ത് തരും.

നമുക്ക് സമർപ്പിക്കാം: യേശുവേ, ഞാൻ പാപമില്ലാത്ത ജീവിതം നയിക്കും. വന്നുപോയ പാപങ്ങൾ നിന്റെ തിരുവിലാവിൽനിന്ന് ഒഴുകിയ രക്തത്താൽ, നിന്റെ കൈകളിൽനിന്നും കാലുകളിൽ നിന്നും ഒഴുകിയ തിരുരക്തത്താൽ കഴുകണമേ. എന്നെ വിശുദ്ധീകരിക്കണമേ.

# എട്ട്

"യഹോവയോടു ഞാൻ പറഞ്ഞുപോയി എനിക്കു പിന്മാറിക്കൂടാ."

ക്രിസ്തീയജീവിതത്തിന്റെ സ്ഥായിയായ, കാതലായ ഒരനുഭവമാണ് സമർപ്പണം. ആത്മീയജീവിതം സമർപ്പണം കൂടാതെ ആരംഭിക്കുവാൻ സാധിക്കുകയില്ല.

ഞാൻ പൈശാചികശക്തിയോട് യാത്രപറഞ്ഞ് യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്ന അനുഗൃഹീതമായ ഒരു അനുഭവമാണ് സമർപ്പണം.

എന്റെ 17-ാമത്തെ വയസ്സിലാണ് ഞാൻ സമർപ്പണമെടുത്തത്. വളരെ ദൂരവ്യാപകമായ ഫലങ്ങളാണ് ആ സമർപ്പണംമൂലം ഉണ്ടായത്. എന്റെ ജീവിതത്തിൽ നിരാശമാറി, വിഷാദഭാവം മാറി, അപകർഷതാബോധം മാറി, പിരിമുറുക്കം മാറി. ഹൃദയത്തിലേയ്ക്ക് സമാധാനം ഇരച്ചുവന്നു. എനിക്ക് ഉടയവനുണ്ട് എന്നുള്ള ഉറപ്പുകിട്ടി. യേശുക്രിസ്തുവിനോട് ചേർന്നുള്ള ജീവിതത്തിന്റെ മധുരിമ. യേശുക്രിസ്തു ഹൃദയത്തിൽ വന്നാൽ ലഭിക്കുന്ന സമാധാനവും ശാന്തിയും അഭിവൃദ്ധിയും ഐശ്വര്യവും എന്ത് എന്ന് ഞാൻ അനുഭവിച്ചു.

പ്രിയപ്പെട്ടവരേ, ഇന്നു നിങ്ങൾക്ക് ഒരു സമർപ്പണമെടുക്കാം. നിങ്ങൾ സഭ മാറണ്ട, സമുദായം മാറണ്ട, നിങ്ങളുടെ ജീവിതം മാറും. നിങ്ങൾക്ക് സമാധാനം നിറഞ്ഞ സൗഭാഗ്യപൂർണ്ണമായൊരു ജീവിതം ലഭിക്കും. ജീവിതത്തിന് കെട്ടുറപ്പ് ലഭിക്കും. കരുത്ത് ലഭിക്കും. ജീവിതത്തിന്റെ നൈരാശ്യം മാറും. നിങ്ങളുടെ മനസ്സിലുള്ള അങ്കലാപ്പുകളും ആവലാതി

കളും ആശങ്കകളും മാറി ഹൃദയം സ്വസ്ഥമായി തീരും. ഹൃദയം പ്രശാന്തമോഹനമായിത്തീരും.

വലിയ നിരാശയുടെ മദ്ധ്യത്തിലാണ് യാക്കോബ് നേർച്ച നേർന്നത്. തന്റെ ഭാവിയെക്കുറിച്ച് ഒരു പ്രതീക്ഷയുമില്ലാത്ത അവസ്ഥയിൽ യാക്കോബ് ഒരു നേർച്ച നേർന്നു. ഇവിടെ, ദൈവം സംസാരിച്ച് കഴിയുമ്പോഴാണ് യാക്കോബ് സംസാരിക്കുന്നത്. ദൈവമാണ് മുൻകൈ എടുക്കുന്നത്.

സ്നേഹിതരേ, എന്റെയും നിങ്ങളുടെയും ജീവിതത്തിൽ മുൻകൈ എടുത്തത് ദൈവമാണ്. നാം എന്റെ കർത്താവേ, എന്ന് വിളിക്കാൻ ഇടയാകുന്നുണ്ടെങ്കിൽ, തിരുവചനം വായിക്കുവാൻ തോന്നുന്നുണ്ടെങ്കിൽ, ദൈവകരങ്ങളിൽ ജീവിതം ഭരമേല്പിക്കാൻ തോന്നുന്നുണ്ടെങ്കിൽ ദൈവം മുൻകൈ എടുത്തതാണ്. ദൈവം നമ്മുടെ ഭാവി അറിയുന്നു. നാം നോക്കുമ്പോൾ നമ്മുടെ ഭാവി ശൂന്യമാണ്. ഇരുളടഞ്ഞതാണ്. പ്രതീക്ഷ നൽകുന്നതല്ല, നൈരാശ്യം പൂണ്ടതാണ്.

നിങ്ങളിൽ പലരും നാളെയെക്കുറിച്ച് പ്രതീക്ഷയുള്ളവരല്ല. ഞാൻ വിലയില്ലാത്തവനാണ്, വിലയില്ലാത്തവളാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ട്. മറ്റുള്ളവർക്കുള്ളതുപോലെ സൗകര്യങ്ങൾ, ധനസമ്പത്ത്, ആരോഗ്യം, സാഹചര്യങ്ങൾ, വിദ്യാഭ്യാസം, ജോലി, വിവാഹജീവിതം ഒന്നും എനിക്കില്ലല്ലോ എന്ന് ചിന്തിക്കുന്നവരുണ്ട്. മറ്റുള്ളവരെപ്പോലെ ഒരു ഓമനക്കുഞ്ഞിനെ പോറ്റുവാൻ ലഭിച്ചില്ലല്ലോ എന്ന് ചിന്തിക്കുന്നവരുണ്ട്. ജീവിതം എല്ലാ വിധത്തിലും നശിച്ചുപോയല്ലോ എന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ ദൈവം ഇതാ മുൻകൈയെടുക്കുന്നു.

യാക്കോബ് നിരാശയോടെ ബേർ-ശേബ മരുഭൂമിയിൽക്കൂടി ഓടിയോടി തളർന്ന് വിവശനായി ഒരു പാറമേൽ തലവെച്ച് ആ മരുപ്പറമ്പിൽ ഇരുട്ടത്ത് കിടന്നുറങ്ങുമ്പോൾ സ്വർഗ്ഗത്തിലെ ദൈവം യാക്കോബിന് വെളിപ്പെടുകയാണ്; യാക്കോബിന് ഒരു സ്വപ്നം നൽകുകയാണ്.

പ്രിയപ്പെട്ടവരേ, നിങ്ങൾ ഇന്ന് പ്രതീക്ഷയൊന്നുമില്ലാതെ

യിരിക്കുമ്പോൾ ഗോവണിയുടെ മുകളിൽനിന്ന് ദൈവം നിങ്ങളോട് സംസാരിക്കുകയാണ്. നിങ്ങളുടെ അരികത്ത്, നിങ്ങളോട് ചേർന്നുനിന്ന്, നിങ്ങളുടെ ഹൃദയത്തിലേക്ക് ഉറ്റു നോക്കി, നിരാശപൂണ്ടിരിക്കുന്ന നിങ്ങളുടെ ഹൃദയത്തിലേക്ക് ആശ്വാസത്തിന്റെ തൂമഞ്ഞ് പൊഴിച്ചുകൊണ്ട് അവിടുന്ന് ഇപ്പോൾ സംസാരിക്കുകയാണ്. നിങ്ങൾക്ക് നല്ല ഭാവി ഉണ്ട്, നല്ലകാലങ്ങൾ ഉണ്ട്, നിങ്ങൾക്ക് മക്കളുണ്ടാകുമെന്ന് പറഞ്ഞുതരികയാണ്.

യാക്കോബിനോട് അങ്ങനെയാണ് ദൈവം പറഞ്ഞത്. നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരുമെന്ന്. യാക്കോബിന് ഭാവിയെക്കുറിച്ച് പ്രതീക്ഷ കൊടുക്കുകയാണ്. നിത്യനായ ദൈവം മുൻകൈയെടുത്ത് ഭാവിയെക്കുറിച്ച് പ്രതീക്ഷ നൽകുന്നു.

സഹോദരങ്ങളേ, നിങ്ങൾ ആരെങ്കിലും തളർന്നിരിക്കുന്നവരുണ്ടോ? ഭാവി ഇരുളടഞ്ഞവരുണ്ടോ? ഒരു ജീവിത വിജയം കിട്ടാത്തവരുണ്ടോ? നിങ്ങളെ കരുതുവാൻ ഒരു ദൈവമുണ്ട്; മുൻകൈ എടുക്കുന്ന ദൈവമുണ്ട്.

യാക്കോബ് പ്രാർത്ഥിക്കുകയോ, ദൈവത്തെ വിളിക്കുകയോ, ദൈവം ഉണ്ടെന്ന് ചിന്തിക്കുകയോ ഒന്നും ചെയ്യാതെ ഈ ലോകത്തിലെ കാര്യങ്ങൾ മാത്രം ചിന്തിച്ച് തളർന്ന് കിടക്കുകയായിരുന്നു. ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷകളെല്ലാം കരിഞ്ഞുണങ്ങിയ യൗവ്വനക്കാരനോട് സ്വർഗ്ഗത്തിലെ ദൈവം മുൻകൈ എടുത്ത് സംസാരിക്കുകയാണ്.

യാക്കോബ്, ഒരു ദൈവമുണ്ട് എന്ന് അറിഞ്ഞതാണെങ്കിലും, അപ്പന്റെ അപ്പനായ അബ്രാഹാമിന്റെ പാരമ്പര്യത്തിൽ വളർന്നു വന്നവനാണെങ്കിലും ഒരു പ്രതിസന്ധി വന്നപ്പോൾ യാക്കോബ് ദൈവത്തെ ഓർത്തില്ല. കാരണം, യാക്കോബിന്റെ ഒന്നാമത്തെ വിഷയം ലോകമായിരുന്നു.

ലോകത്തിൽ ഉന്നതനാകണം. ജ്യേഷ്ഠാവകാശം പ്രാപിച്ച് എന്റെ സഹോദരന് ഉള്ളതിനേക്കാൾ ഇരട്ടി സമ്പത്ത് പ്രാപി

ക്കണം. സുഖമായി ജീവിക്കണം. ലോകം അറിയത്തക്കവിധം എല്ലാവരുടെയും മുമ്പിൽ പ്രസിദ്ധനും പ്രശസ്തനുമായി കഴിയണം എന്നതായിരുന്നു യാക്കോബിന്റെ ലക്ഷ്യം.

പ്രിയപ്പെട്ടവരേ, നമ്മുടെ ലക്ഷ്യം എന്തായിരുന്നു? ലോകം മാത്രം. ഈ ലോകത്തിലെ ഉയർച്ച, സന്തോഷങ്ങൾ, സുഖഭോഗങ്ങൾ! ഈ ഭൂമിയിലേയ്ക്ക് നോക്കിയാണ് നാം നടന്നിരുന്നത്; മുകളിലേയ്ക്ക് നോക്കിയിരുന്നില്ല.

യാക്കോബിനും അതാണ് പറ്റിയത്. യാക്കോബ് വീടിനെ, അപ്പനെ, അമ്മയെ ഓർത്തു. ചേട്ടന്റെ ജ്യേഷ്ഠാവകാശം ഓർത്തു. ജ്യേഷ്ഠാവകാശം കവർന്നെടുക്കേണ്ട വിധം എങ്ങനെയാണ് എന്നോർത്തു. ബുദ്ധിപൂർവ്വം അതിന്റെ കരുനീക്കങ്ങൾ നടത്തി. ആ ജ്യേഷ്ഠാവകാശം തട്ടിയെടുത്തു. യാക്കോബ് ധാരാളം സമ്പാദ്യങ്ങൾ കരുതിക്കൂട്ടി. പക്ഷേ, അവൻ നേടേണ്ടത് നേടിയില്ല. അവൻ മുകളിലേയ്ക്ക് നോക്കിയില്ല.

ഇതുവരെയും നിങ്ങൾ മേലോട്ട് നോക്കിയില്ലെങ്കിലും ദൈവം ഇന്ന് മുൻകൈയെടുത്ത് നിങ്ങളുടെ അരികിലേക്ക് വരികയാണ്. മരണമുണ്ട് എന്ന് നിങ്ങൾ ചിന്തിച്ചില്ല. ഇവിടെ പലതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളും ഇഷ്ടക്കേടുകളും മുഷിച്ചിലുകളും വഴക്കുകളും പിണക്കങ്ങളും വൈരാഗ്യങ്ങളും പ്രതികാരചിന്തകളും ധനമോഹങ്ങളും അതിനുവേണ്ടി പലതരത്തിലുള്ള മലക്കം മറിച്ചിലുകളും, പലതരത്തിലുള്ള തന്ത്രങ്ങളും കൗശലങ്ങളും ഉപായങ്ങളും ഇതെല്ലാമായി ഇത്രയുംകാലം കഴിഞ്ഞു.

ഇത്രയുംകാലം ലോകമേ ശരണമെന്നതായിരുന്നു ചിന്ത. ഭൂമിയിലേയ്ക്ക് തന്നെ നോക്കി നടന്നു. എന്നാൽ ഇതാ ദൈവം മുൻകൈ എടുക്കുന്നു.

നിങ്ങളിൽ പലരും സമർപ്പണമെടുത്തിട്ടുണ്ട് പക്ഷേ, ശരിയായ സമർപ്പണത്തിലേക്ക് വന്നിട്ടില്ല. ഞാൻ ദൈവത്തെ ആരാധിക്കാം, ഞാൻ ഭക്തനായി ജീവിക്കാം, ഞാൻ പ്രാർത്ഥിക്കാം, ഞാൻ ദൈവത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടി എന്നെ

ക്കൊണ്ടാവുന്നത് സഹകരിക്കുകയും ചെയ്യാം. പക്ഷേ ഒരുകാര്യമുണ്ട്, എന്റെ കാര്യം നീ നോക്കണം.

എന്റെ പരീക്ഷ നീ പാസ്സാക്കിത്തരണം. എന്റെ വിവാഹം നടത്തിത്തരണം. എന്റെ രോഗം മാറ്റിത്തരണം, എന്റെ കഷ്ടപ്പാടുകൾക്ക് ഒരു പൊറുതി തരണം. എനിക്ക് നീ ഒരു വരുമാന മാർഗ്ഗം തരണം. എനിക്ക് ഒരു സമാധാനവഴി കാണിച്ച് തരണം. ഭൗതികമായ ചില ആവശ്യങ്ങൾ നടത്തിക്കിട്ടുന്നതിനുവേണ്ടി ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ്. അതല്ല ശരിയായ സമർപ്പണം.

ശരിയായ സമർപ്പണത്തിന് ഒരു വ്യവസ്ഥയുമില്ല. കർത്താവേ, നീ എന്നെ സ്നേഹിച്ചു; എന്നോട് കരുണതോന്നി ഈ നിസ്സാരനെ കരുതി. എനിക്കുവേണ്ടി ഏറ്റവും നല്ലത് മുൻ ഒരുക്കുകയും ചെയ്തു. അതുകൊണ്ട് ഞാൻ നിന്നെ സ്നേഹിക്കും. ക്രിസ്തീയജീവിതം ഭദ്രമായി നിങ്ങൾക്ക് തുടരണമെങ്കിൽ നിങ്ങൾ ആഴമേറിയ സമർപ്പണത്തിലേയ്ക്ക് വരണം. വ്യവസ്ഥയില്ലാത്ത സമർപ്പണം.

വ്യക്തമായ സമർപ്പണം എടുത്തുകഴിയുമ്പോൾ നാം ദൈവത്തിന്റെ സ്വന്തമായിത്തീരുകയാണ്. ദൈവത്തിന് സ്വന്തമായിത്തീരുമ്പോൾ നമ്മുടെ രോഗം, വിദ്യാഭ്യാസം, വിവാഹം, ഭവനം എല്ലാം കർത്താവ് ഏറ്റെടുക്കുകയാണ്.

നമ്മെത്തന്നെ മുഴുവനായി കൊടുത്താൽ പിന്നെ നാം യേശുവിന്റെ കൈയിലായിക്കഴിഞ്ഞു. പിന്നെ രോഗസൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കണ്ട. പരീക്ഷ പാസ്സാകാൻ പ്രാർത്ഥിക്കണ്ട. ജോലിയുടെ കാര്യം പ്രാർത്ഥിക്കണ്ട. ഒന്നുംവേണ്ട എന്നല്ല ഞാൻ പറയുന്നത്. എല്ലാം പ്രാർത്ഥിക്കാം പക്ഷേ, നിങ്ങൾ വ്യവസ്ഥ വച്ചല്ല പ്രാർത്ഥിക്കേണ്ടത്.

കർത്താവേ, ഞാൻ നിന്റെ മകനല്ലേ, മകളല്ലേ? എന്റെ ജീവിതം ഞാൻ നിനക്ക് തന്നതല്ലേ? മരണത്തോളം പാപമില്ലാതെ ജീവിക്കുമെന്ന് ഞാൻ നിന്നോട് പറഞ്ഞതല്ലേ? നീ എന്റെ അപ്പനല്ലേ? എന്റെ സ്രഷ്ടാവല്ലേ? വീണ്ടെടുപ്പുകാരനല്ലേ? നീ എന്നെ രക്തംകൊടുത്ത് വിലയ്ക്ക് വാങ്ങിയതല്ലേ?

യേശുവേ, ഞാൻ നിന്റേതാണ്. കർത്താവേ, എനിക്ക് ഏറ്റവും നല്ലത് നീ തരണമേ.

കർത്താവേ, ഈ പരീക്ഷ പാസ്സാകണമെന്ന് എനിക്കാഗ്രഹമുണ്ട്. കർത്താവേ, ഈ പരീക്ഷ നിന്റെ സമയത്ത്, നീ ആഗ്രഹിക്കുന്ന സമയത്ത് പാസ്സാക്കി തരണം. കർത്താവേ, എന്റെ മോളുടെ വിവാഹം നടത്തണമെന്ന് എനിക്കാഗ്രഹമുണ്ട്. പ്രായമായി വരുന്നു. ആലോചിക്കുവാൻ വേറെ ആരുമില്ല. അവൾക്ക് കൊടുക്കുവാനൊന്നും കാര്യമായിട്ട് എനിക്കില്ല; കർത്താവേ, ഞാൻ എന്നെത്തന്നെ നിനക്ക് തന്നതല്ലേ? എന്റെ കാര്യം നീ ഏറ്റെടുത്തതല്ലേ? എന്റെ കുഞ്ഞിന്റെ കാര്യം നോക്കണമേ എന്ന് ഞാൻ അപേക്ഷിക്കുന്നു.

കർത്താവേ, ഈ അപേക്ഷ ഞാൻ കൊടുക്കുകയാണ്. എനിക്കൊരു ആഗ്രഹമുണ്ട് ഒരു ജോലി കിട്ടണമെന്ന്. കാരണം, എനിക്ക് വരുമാനമാർഗ്ഗമില്ല. കർത്താവേ, നീ എന്റെ അപ്പനല്ലേ? ഞാൻ നിന്റെ മകനല്ലേ, മകളല്ലേ? എനിക്ക് ഈ ജോലിതരണമെന്ന് നിന്നോട് ഞാൻ അപേക്ഷിക്കുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങൾ വ്യവസ്ഥകൂടാതെ സമർപ്പിച്ച് കഴിയുമ്പോൾ നിങ്ങളുടെകാര്യം ദൈവം ഏറ്റെടുത്ത് എല്ലാം അനുഗ്രഹമായിട്ട് തരാൻ തുടങ്ങും. പാപമില്ലാത്ത ജീവിതം നയിക്കുകയാണെങ്കിൽ യേശുവിന്റെ അധികാരമുള്ള നാമത്തിൽ ഞാൻ പറയുന്നു, നിങ്ങളുടെ ആഗ്രഹങ്ങൾ അവൻ സാധിപ്പിച്ച് തരും.

> *"അവന്റെ ഹൃദയത്തിലെ ആഗ്രഹം നീ അവന്നു നല്കി; അവന്റെ അധരങ്ങളുടെ യാചന നിഷേധിച്ചതുമില്ല."* *സങ്കീർത്തനങ്ങൾ 21 : 2*

പ്രാർത്ഥിച്ചാൽ മറുപടി ലഭിക്കും. പ്രാർത്ഥന കേൾക്കും. പ്രിയപ്പെട്ടവരേ, ചോദിച്ച് വാങ്ങണം. ഇതായിരിക്കണം വ്യവസ്ഥ. കർത്താവേ, നീ എന്നെ വിലയ്ക്ക് വാങ്ങിയതല്ലേ. നിന്റെ ചങ്കിലെ ചോര കൊടുത്ത് എന്നെ നീ വിലയ്ക്ക് വാങ്ങിയതിനാൽ ഞാൻ നിന്റെ വകയായതുകൊണ്ട് ഈ കാര്യം നീ

സാധിപ്പിച്ച് തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു. അവകാശം പറഞ്ഞ് ചോദിക്കാം.

സ്നേഹിതരേ, സമ്പൂർണ്ണമായ സമർപ്പണം – unconditional surrender – എടുക്കുവാൻ നിങ്ങൾ തയ്യാറാണോ? യേശുക്രിസ്തു അങ്ങനെയാണ് ഗോഗുൽത്തായിൽ ചെയ്തത്. പിതാവിന്റെ ഹിതത്തിന് സമ്പൂർണ്ണമായി വിട്ടുകൊടുത്തു. തന്നെത്തന്നെ ക്രൂശിൽ അർപ്പിച്ചു. പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് മാറിപ്പോകണമേ എന്നു പ്രാർത്ഥിച്ചു. കാരണം, മനുഷ്യജാതിയുടെ പാപം ചുമക്കുക, വഹിക്കുക എന്നുള്ളത് വലിയൊരു കഷ്ടതയായിരുന്നു. അശുദ്ധി തൊടാത്തവനായ യേശു സകല മനുഷ്യരുടേയും പാപം മുഴുവൻ വഹിക്കുകയായിരുന്നു.

സകല മനുഷ്യരുടെയും കൊള്ളകൾ, സകല മനുഷ്യരുടെയും കവർച്ചകൾ, വ്യഭിചാരങ്ങൾ, ജീവിതത്തിൽ വന്നുപോയ വഴക്കുകൾ, പിണക്കങ്ങൾ, വൈരാഗ്യങ്ങൾ, വിദ്വേഷങ്ങൾ, പ്രതികാരചിന്തകൾ എല്ലാം യേശു വഹിച്ചു. അതെല്ലാം സഹിക്കാൻ യേശു തയ്യാറായി. അല്പംപോലും വഹിക്കാൻ സാധ്യമല്ലാത്തത് വഹിക്കുന്നതാണ് കുരിശ്.

പാപം അകൃത്യമാണ്, ലംഘനമാണ്, അഴുക്കാണ്, മ്ലേച്ഛതയാണ്, അശുദ്ധിയാണ്. ഇതെല്ലാം യേശു വഹിക്കുകയാണ്. പിതാവേ, ഇതെല്ലാം ഞാൻ വഹിക്കണമെന്നുണ്ടോ? എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ.

ഒരുദാഹരണം പറയാം. ചത്ത് ദുർഗന്ധം വമിക്കുന്ന ഒരു നായയെ നിങ്ങളുടെ തലയിൽ കെട്ടിവച്ചിട്ട് നിങ്ങളോട് നടക്കാൻ പറയുന്നു എന്നിരിക്കട്ടെ. നിങ്ങൾക്കുള്ള ശിക്ഷയാണ്. എന്തൊരു കഠിനശിക്ഷ! അതിങ്ങനെ ചീഞ്ഞളിഞ്ഞ് കണ്ണിൽക്കൂടിയും മൂക്കിൽക്കൂടിയും ചുണ്ടിൽക്കൂടിയുമെല്ലാം ഒലിച്ചിറങ്ങുന്നു. അതിന്റെ ചീഞ്ഞഭാഗങ്ങൾ, ഒലിച്ചിറങ്ങുന്ന ഭാഗങ്ങൾ, ചിന്തിക്കാൻ വയ്യ! പ്രിയപ്പെട്ടവരേ, ഇതാണ് യേശു വഹിച്ചത്.

മനുഷ്യജാതിയുടെ അഴുക്കായജീവിതം മുഴുവനും യേശു തന്റേമേൽ വഹിച്ചു. എന്റെ കണ്ണുകൊണ്ടുള്ള പാപത്തിന് യേശുവിന്റ കണ്ണിൽ തുപ്പലേറ്റു. എന്റെ നാവുകൊണ്ട് അശുദ്ധി, അസഭ്യവാക്ക് പറഞ്ഞതിന് മറ്റുള്ളവരെ കളിയാക്കിയതിന്, ചിലരെ ദുഷിച്ചതിന്, ചിലരെ വിധിച്ചതിന് യേശുവിന്റെ മുഖത്തേയ്ക്ക് തുപ്പലേറ്റു. യേശുവിന്റെ കരണത്ത് അടിയേറ്റു.

എന്റെ ചിന്തയിൽ വൈരാഗ്യവും പകയും വിദ്വേഷവും ഉണ്ടായതിന് യേശുവിന്റെ ശിരസ്സിൽ മുൾമുടിയേറ്റു. എന്റെ കൈകൾ അരുതാത്തത് ചെയ്തതിന് യേശുവിന്റെ കൈകൾ ആണി അടിച്ച് തകർക്കപ്പെട്ടു. എന്റെ കാൽ അരുതാത്ത വഴിക്ക് നടന്നതിന് യേശുവിന്റെ കാൽ ആണികൾ അടിച്ച് തകർക്കപ്പെട്ടു. എന്റെ ഹൃദയത്തിൽ അശുദ്ധമോഹങ്ങൾ ഉണ്ടായതിന്, പുറത്ത് പറയാൻ ലജ്ജിക്കുന്ന ആഗ്രഹങ്ങൾ ഉണ്ടായതിന്, ലജ്ജാപരമായ മ്ലേച്ഛമോഹങ്ങൾ വച്ചുപിടിപ്പിച്ചതിന്, അരുതാത്ത ചിന്തകളിൽ എന്റെ ഹൃദയം മുഴുകിയതിന് യേശുവിന്റെ ചങ്കിൽ കുന്തംകൊണ്ട് കുത്തേറ്റു. ഇതെല്ലാം കർത്താവ് എനിക്ക് ഒഴിവാക്കിത്തരികയാണ് ചെയ്തത്.

സ്നേഹിതാ, നിന്റെ ജീവിതത്തിൽ ഈ പാപങ്ങൾ ഒഴിവാക്കുവാൻ യേശു കുരിശു വഹിച്ചു. “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമെ” എന്നുപറഞ്ഞു പ്രാർത്ഥിച്ചുകൊണ്ട് യേശു കുരിശിന്മേൽ കിടന്നു. അതാണ് സമർപ്പണം.

നിങ്ങൾക്കിപ്പോൾ ദൈവത്തോട് പറയാം: കർത്താവേ, നീ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി നിന്റെ ജീവൻ വെടിഞ്ഞതിനാൽ, നീ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി കുരിശിൽ മരിച്ചതിനാൽ, നീ എന്നെ സ്നേഹിച്ച് കുറ്റമില്ലാത്ത രക്തം ചിന്തിയതിനാൽ, ഇന്നുമുതൽ യേശുവേ, ഞാൻ നിനക്കായി ജീവിക്കും. യാതൊരു വ്യവസ്ഥയുമില്ലാതെ ഞാൻ നിന്നെ സ്നേഹിക്കും.

# ഒൻപത്

ക്രിസ്തീയജീവിതത്തിൽ സമർപ്പണത്തിന് വലിയ പ്രാധാന്യമുണ്ട്. ആത്മീയജീവിതത്തിൽ വ്യക്തമായ സമർപ്പണം കൂടാതെ ആർക്കും മുമ്പോട്ട് പോകുവാൻ സാദ്ധ്യമല്ല.

വീണ്ടുംജനനമില്ലാതെ ക്രിസ്തീയജീവിതം സാദ്ധ്യമല്ല. അതിന് സഭ മാറണ്ട, സമുദായം മാറണ്ട, പുറമേയുള്ള കർമ്മപരിപാടികൾ വേണ്ട; അത് ഉള്ളിൽ നടക്കുന്ന ഒരു പ്രക്രിയയാണ്. നമ്മുടെ ജീവിതത്തിൽ പഴയ മനുഷ്യൻ (The old human being), പഴയ പ്രകൃതി (old nature) മരിച്ചിട്ട്, ഒരു പുതിയ മനുഷ്യൻ ഉയർത്തെഴുന്നേൽക്കുന്ന അനുഭവം. പരിശുദ്ധാത്മാവ് നമ്മുടെ ആളത്വത്തിൽ പൊരുന്നി ആവസിച്ച് നമ്മിൽ നിന്ന് ഒരു പുതിയ മനുഷ്യൻ ഉയർത്തെഴുന്നേൽക്കുന്ന അനുഭവം.

പഴയ സ്വഭാവം, വീക്ഷണം, ലക്ഷ്യം, ജീവിത ദർശനം, എല്ലാം മാറുകയാണ്. ജീവിതത്തിന്റെ ലക്ഷ്യം ക്രിസ്തു ആയി മാറുന്നു. അതാണ്, “സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹായെ ഞാൻ സ്വീകരിക്കുന്നു” എന്ന് മാമോദീസയിൽ പറയുന്നത്. ഈ ഭൂമിയിൽ നിന്ന് മരിച്ച് അക്കരെ നിത്യതയിൽ, സ്വർഗ്ഗരാജ്യത്തിലേയ്ക്ക് നാം കടന്നുചെല്ലുമ്പോൾ അവിടെ പ്രവേശനം കിട്ടണമെങ്കിൽ പഴയമനുഷ്യൻ മരിച്ച് പുതിയമനുഷ്യനായിത്തീർന്ന ആത്മീയ അനുഭവം നമുക്കു വേണം.

സ്വർഗ്ഗരാജ്യത്തിൽ ചെല്ലുമ്പോൾ നാം യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട്, പരിശുദ്ധാത്മാവിനാൽ നവീകരിക്കപ്പെട്ട്, ഒരു പുതിയ മനുഷ്യനായിത്തീർന്നുവോ

എന്ന് മാത്രമാണ് നോക്കുന്നത്. അവിടെ കയറി ചെല്ലുന്നതിന് ഒരു വ്യവസ്ഥ മാത്രമേയുള്ളൂ. യേശുക്രിസ്തു ക്രൂശിൽ കാണിച്ച സ്നേഹം ഉൾക്കൊണ്ട്, യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ ആ തിരുരക്തത്തിന്റെ ജീവൻ പ്രാപിച്ചുകൊണ്ട്, ക്രിസ്തുവിന്റെ ആത്മാവിനെ പ്രാപിച്ച് നാം വീണ്ടുംജനനം അനുഭവിച്ചുവോ? അതു മാത്രമേ നമ്മോട് ചോദിക്കുകയുള്ളൂ.

ഈ ഭൂമിയിൽ നിന്ന് മരിച്ചുപോയാൽ എല്ലാം തീർന്ന് പോകുകയല്ല. ഭൂമിയിൽ ഒരു കർട്ടൻ വച്ചിരിക്കുന്നു. അതിന്റെ അപ്പുറത്തേയ്ക്ക് നാം പോകുന്നു എന്നേയുള്ളൂ. മരണമെന്ന തിരശ്ശീലയ്ക്ക് അപ്പുറം നാം കടന്ന് പോകുന്നു. ചില ആളുകൾ തിരശ്ശീലയ്ക്കപ്പുറത്ത്, ചിലർ ഇപ്പുറത്ത്. തിരശ്ശീലയ്ക്ക് അപ്പുറത്തേയ്ക്ക് ഒരു നാൾ നാമും കടന്നുപോകും. ജീവിതം തുടരുകയാണ്. മരണം എന്ന കടവ് കടന്ന് നാം അതിവിശാലമായ നിത്യത എന്ന ലോകത്തേയ്ക്ക് പ്രവേശിക്കുന്നു.

നിത്യതയിലേയ്ക്ക് ചെല്ലുമ്പോൾ ന്യായവിധിയെ നാം അഭിമുഖീകരിക്കും. നാം എല്ലാവരും ന്യായവിധിയുടെ മുമ്പിൽ, ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ ചെല്ലും. അവിടെ എല്ലാവരുടേയും മുഴങ്കാൽ മടങ്ങും.

> *“അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും “യേശുക്രിസ്തു കർത്താവ്” എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടി വരും.” ഫിലിപ്പ്യർ 2 : 10, 11*

നിത്യത ഒരു യാഥാർത്ഥ്യമാണ്. മരണത്തോടടുക്കുന്ന സമയത്ത് ഏതാനും സമയങ്ങൾക്കുള്ളിൽ ജീവിതത്തിലെ കഴിഞ്ഞകാലം മുഴുവനും മനസ്സിലേയ്ക്ക് വരും. മറന്നുപോയ പാപങ്ങൾപോലും ഓർമ്മയിലേയ്ക്ക് വരും. നിത്യതയുടെ തീരത്ത് ശാന്തതയോടെ ചെല്ലണമെങ്കിൽ നാം വീണ്ടുംജനനം

അനുഭവിക്കണം.

വീണ്ടുംജനനത്തിൽ നാം നിലനിൽക്കണമെങ്കിൽ വ്യക്തമായ സമർപ്പണം വേണം. സാത്താനെ ഞാൻ ഉപേക്ഷിച്ചവനാണ്, മശിഹായെ ഞാൻ സ്വീകരിച്ചവനാണ് എന്ന് നാം തന്നെ ഹൃദയത്തിൽ അനുഭവിക്കണം. അതാണ് വീണ്ടുംജനനം എന്ന് പറയുന്നത്. അത് വിശ്വാസത്തിൽക്കൂടി നമുക്ക് കിട്ടുന്ന ഒരനുഭവമാണ്. Christian life itself is an experience. അതിന് വേണ്ടത് സമർപ്പണമാണ്.

യാക്കോബിന് വാഗ്ദത്തങ്ങൾ ലഭിച്ചു. യാക്കോബ് ദൈവത്തോട് വാക്കുപറയുകയാണ്: എനിക്ക് ഈ കാര്യങ്ങളെല്ലാം ചെയ്തു തന്നാൽ ഞാൻ നിന്റെ ആരാധകനായിരിക്കും. എന്റെ ആഗ്രഹം സാധിച്ചു തന്നാൽ ഞാൻ പുറകോട്ട് പോകില്ല. യാക്കോബ് വ്യക്തമായി സമർപ്പിച്ചു.

നിങ്ങൾ എന്നെങ്കിലും ദൈവസന്നിധിയിൽ സമർപ്പണമെടുത്തിട്ടുണ്ടോ? കർത്താവേ, ഞാൻ എന്നും പാപം കൂടാതെ നിന്നുകൊള്ളാം. നിങ്ങൾ ദൈവത്തോട് എന്തെല്ലാമാണ് ശപഥങ്ങൾ ചെയ്തിട്ടുള്ളത്? നിങ്ങൾ പറഞ്ഞതിലെന്തെങ്കിലും വാക്കുവ്യത്യാസം വരുത്തിയോ?

യാക്കോബ് പറഞ്ഞ വാക്ക് ദൈവം കുറിച്ചുവച്ചു. യാക്കോബിന്റെ ജീവിതത്തിൽ പിന്നീട് വാക്കുവ്യത്യാസം വന്നു. പക്ഷേ, സ്വർഗ്ഗത്തിലെ ദൈവത്തിന്റെ വാക്കിന് വ്യത്യാസം വന്നില്ല. മകനേ, നിന്നോട് ദൈവം ഒരിക്കൽ ഒരു വാക്ക് പറഞ്ഞിട്ടുണ്ടെങ്കിൽ നീ വിശ്വസിക്കൂ, നീ വാക്ക് മാറിയാലും സ്വർഗ്ഗത്തിലെ ദൈവം വാക്കുമാറുകയില്ല. ദൈവം ഉപേക്ഷിക്കയില്ല. ദൈവം പിന്നാലെ നിൽക്കും.

യാക്കോബിന്റെ വാർദ്ധക്യത്തിലേയ്ക്ക് വരുമ്പോൾ സ്വർഗ്ഗത്തിലെ ദൈവം എല്ലാം പൂർത്തീകരിക്കുന്നു. വിശുദ്ധന്മാരുടെ നിരയിലേയ്ക്ക് യാക്കോബിനെ കയറ്റിനിർത്തുന്നു. അനേകം അനുഭവങ്ങളുടെ പരമ്പര യാക്കോബിന്റെ മീതെ

കൊടുങ്കാറ്റുപോലെ വലിയ ഭീതിയും കരിനിഴലും വീശിയപ്പോൾ, വലിയ പ്രയാസങ്ങളും പ്രതിസന്ധികളും വന്നപ്പോൾ - മക്കൾ നഷ്ടപ്പെടുന്നു, കുടുംബം തകരുന്നു, ഭാര്യ മരിക്കുന്നു, വലിയ ക്ഷാമം നേരിടുന്നു-അപ്പോഴൊന്നും ദൈവം യാക്കോബിനെ മറന്നില്ല. യാക്കോബ് ഒരവസരത്തിൽ പറഞ്ഞു.

*"സകലവും എനിക്കു പ്രതികൂലം തന്നേ."*
*ഉല്പത്തി 42 : 36*

യാക്കോബ് പറഞ്ഞ വാക്കുപാലിക്കുന്നത് കാണാൻ സ്വർഗ്ഗത്തിലെ ദൈവം നോക്കിനിന്നു. ഓരോ കൊടുങ്കാറ്റിൽ കൂടെയും ഓരോ കഷ്ടതയിൽ കൂടെയും യാക്കോബിന് ശുദ്ധീകരണം കൊടുത്തുകൊണ്ടിരുന്നു. താൻ വിചാരിച്ച കടവിൽ യാക്കോബിനെ എത്തിക്കുവാൻ ദൈവം അദ്ധ്വാനിച്ചുകൊണ്ടിരുന്നു. ദൈവം തോറ്റില്ല. സ്വർഗ്ഗത്തിലെ ദൈവം നല്ലവേല ആരംഭിച്ചുവെങ്കിൽ പൂർത്തീകരിക്കുവാൻ നോക്കിനിൽക്കുകയാണ്.

*"ഞാൻ നിന്നെ ഒരു നാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല."* *എബ്രായർ 13 : 5*

യാക്കോബ് നേർച്ച നേർന്നെങ്കിലും യാക്കോബ് തുടങ്ങിയ ഇടത്ത് തന്നെ പിഴച്ചു.

*"പിന്നെ യാക്കോബ് പ്രയാണം ചെയ്തു കിഴക്കരുടെ ദേശത്ത് എത്തി. അവൻ വെളിമ്പ്രദേശത്ത് ഒരു കിണറ് കണ്ടു. അതിന്നരികെ മൂന്ന് ആട്ടിൻകൂട്ടം കിടക്കുന്നു. ആ കിണറ്റിൽ നിന്ന് ആയിരുന്നു ആട്ടിൻ കൂട്ടങ്ങൾക്ക് വെള്ളം കൊടുക്കുന്നത്; എന്നാൽ കിണറ്റിന്റെ വായ്ക്കലുള്ള കല്ല് വലുതായിരുന്നു. ആ സ്ഥലത്ത് കൂട്ടങ്ങൾ ഒക്കെ കൂടുകയും അവർ കിണറ്റിന്റെ വായ്ക്കൽ നിന്നു കല്ല് ഉരുട്ടി ആടുകൾക്കു വെള്ളം കൊടുക്കുകയും കല്ല് കിണറ്റിന്റെ വായ്ക്കൽ അതിന്റെ*

*സ്ഥലത്തു തന്നേ തിരികെ വയ്ക്കയും ചെയ്യും. യാക്കോബ് അവരോട്: സഹോദരന്മാരേ, നിങ്ങൾ എവിടത്തുകാർ എന്നു ചോദിച്ചതിന്ന്: ഞങ്ങൾ ഹാരാന്യർ എന്ന് അവർ പറഞ്ഞു.”*

*ഉല്പത്തി 29 : 1 – 4*

യാക്കോബ് കനാനിൽ നിന്ന് പുറപ്പെട്ട് ഹാരാനിൽ എത്തി. യാക്കോബ് യാത്രയിൽ ദൈവത്തോട് പറഞ്ഞ വാക്ക്, ഞാൻ എന്നും നിന്നെ ആരാധിക്കുമെന്നാണ്. ഞാൻ നിന്നെ മറക്കുകയില്ല, എന്റെ ജീവിതം മുഴുവനും നിനക്കായിരിക്കും.

*“ദൈവം എന്നോടുകൂടെ ഇരിക്കയും ഞാൻ പോകുന്ന ഈ യാത്രയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്കു തരികയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്ക് സൗഖ്യത്തോടെ മടക്കി വരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്ക് ദൈവമായിരിക്കും. ഞാൻ തൂണായി നിർത്തിയ ഈ കല്ല് ദൈവത്തിന്റെ ആലയവും ആകും.” ഉല്പത്തി 28 : 20 – 22*

ഒന്നാംസ്ഥാനം ദൈവത്തിന് എന്നാണ് യാക്കോബ് പറഞ്ഞത്. പക്ഷേ, ഇപ്പോൾ യാക്കോബ് ചെയ്തതെന്താണ്? യാക്കോബ് ദൈവത്തെ മറന്നു.

പണ്ട് യാക്കോബിന്റെ അപ്പനായ യിസ്ഹാക്കിന് മണവാട്ടിയെ തേടി അബ്രാഹാമിന്റെ ദാസനായ എല്യാസർ ഇതേ കിണറിന്റെ അരികെ ചെല്ലുകയുണ്ടായി. അന്ന് എല്യാസർ ചെയ്തതെന്താണ്?

*“വൈകുന്നേരം സ്ത്രീകൾ വെള്ളം കോരുവാൻ വരുന്ന സമയത്ത് അവൻ ഒട്ടകങ്ങളെ പട്ടണത്തിന്നു പുറത്ത് ഒരു കിണറ്റിന്നരികെ നിറുത്തി പറഞ്ഞതെന്തെന്നാൽ: എന്റെ യജമാനനായ അബ്രാഹാമിന്റെ ദൈവമായ യഹോവേ, എന്റെ യജമാന*

*നായ അബ്രാഹാമിനോട് കൃപ ചെയ്ത് ഇന്നു തന്നെ കാര്യം സാധിപ്പിച്ചു തരേണമേ. ഇതാ, ഞാൻ കിണറ്റിനരികെ നില്ക്കുന്നു; ഈ പട്ടണക്കാരുടെ കന്യകമാർ വെള്ളം കോരുവാൻ വരുന്നു. നിന്റെ പാത്രം ഇറക്കി എനിക്കു കുടിപ്പാൻ തരേണം എന്നു ഞാൻ പറയുമ്പോൾ: കുടിക്ക; നിന്റെ ഒട്ടകങ്ങൾക്കും കുടിപ്പാൻ കൊടുക്കാമെന്നു പറയുന്ന സ്ത്രീ തന്നെ നീ നിന്റെ ദാസനായ യിസ്ഹാക്കിന് നിയമിച്ചവളായിരിക്കട്ടെ; നീ എന്റെ യജമാനനോടു കൃപ ചെയ്തു എന്ന് ഞാൻ അതിനാൽ ഗ്രഹിക്കും.” ഉല്പത്തി 24 : 11 – 14*

അബ്രാഹാമിന്റെ ദാസനായ എല്യാസർ കിണറ്ററികെ വന്നപ്പോൾ ആദ്യമെ പ്രാർത്ഥിക്കുകയാണ്. പക്ഷേ, യിസ്ഹാക്കിന്റെ മകനായ യാക്കോബ് കിണറ്ററികെ വന്നപ്പോൾ അവരോട് ചോദിക്കുകയാണ്, നിങ്ങൾ ആരുടെ ഇടയന്മാരാണ്, ഈ ആട് ആരുടെ വകയാണ് എന്നെല്ലാം. അവൻ പ്രാർത്ഥിച്ചില്ല, ദൈവത്തെ മറന്നുപോയി.

അവൻ വഴിയാത്രയിൽ പറഞ്ഞ വാക്കെല്ലാം മറന്നു. യാത്ര ചെയ്ത് ലക്ഷ്യസ്ഥാനത്ത് എത്തിക്കഴിഞ്ഞു, അവനെ നടത്തിയ ദൈവത്തെ മറന്നു. അവന് vision കൊടുത്ത ദൈവത്തെ അവൻ മറന്നു. അവന് voice കൊടുത്ത ദൈവത്തെ അവൻ മറന്നു. അവൻ ആരോട് vow എടുത്തുവോ ആ ദൈവത്തെ മറന്നു. അവന്റെ സമർപ്പണം അവൻ മറന്നു.

നിങ്ങളുടെ ജീവിതത്തിൽ പ്രാർത്ഥന മറന്നുപോയവരില്ലേ? പ്രാർത്ഥനയുടെ സമയം മറ്റു ചിലതിനുവേണ്ടി മാറ്റിവച്ചവരില്ലേ? പ്രഭാതയാഗവും സന്ധ്യായാഗവും നടത്തേണ്ട സമയത്ത് വേറെ കാര്യങ്ങളിൽ മുഴുകിപ്പോയിട്ടില്ലേ? നിങ്ങൾ ദൈവത്തിന് ഒന്നാംസ്ഥാനം കൊടുത്തിട്ടുണ്ടോ? ദൈവത്തിന് മഹത്വം കരേറ്റിയിട്ടുണ്ടോ?

പരീക്ഷയ്ക്ക് പോകുമ്പോൾ പ്രാർത്ഥിച്ചു. പരീക്ഷ കഴിഞ്ഞ് വരുമ്പോൾ മുട്ടുമടക്കി സ്തുതിച്ചിട്ടുണ്ടോ? ജോലിയ്ക്ക് വേണ്ടി പ്രാർത്ഥിച്ചു. ഇന്റർവ്യൂവിന് പോകുമ്പോൾ പ്രാർത്ഥിച്ചു. ജോലി കിട്ടിയതിനുശേഷം ദൈവത്തിന് മഹത്വം കരേറ്റിയോ? വിവാഹാലോചനാസമയത്ത് പ്രാർത്ഥിച്ചു; വിവാഹം കഴിഞ്ഞപ്പോൾ ദൈവത്തെ മറന്നുപോയില്ലേ?

ഒരു കുഞ്ഞിനെ കിട്ടിയപ്പോൾ തന്ന ദൈവത്തെ മറന്നുപോയില്ലേ? രോഗം മാറുവാൻ കാര്യമായി പ്രാർത്ഥിച്ചു. രോഗം മാറിയപ്പോൾ ദൈവത്തെ മറന്നുപോയില്ലേ? കടം മാറുവാൻ പ്രാർത്ഥിച്ചു, ഭാഗ്യവശാൽ കടം മാറിക്കിട്ടി. അതുകഴിഞ്ഞപ്പോൾ ദൈവത്തോടുള്ള നന്ദി കുറഞ്ഞുപോയില്ലേ?

ദൈവത്തോട് പറഞ്ഞ വാക്ക് നാം മാറരുത്. നിങ്ങളുടെ ജീവിതത്തിൽ ദൈവത്തോടുള്ള സമർപ്പണത്തിൽ നിന്ന് പിന്മാറ്റം വന്നത്, ദൈവത്തോടുള്ള സ്നേഹം കുറഞ്ഞുപോയത്, പ്രാർത്ഥനയുടെ വീര്യം കുറഞ്ഞുപോയത് ഏതെല്ലാം കാര്യങ്ങളിലാണ്? അപ്പോൾ നിങ്ങൾക്ക് കാണാം നിങ്ങളുടെ വീഴ്ചയുടെ അടിസ്ഥാനം എവിടെയാണെന്ന്.

ദൈവം എല്ലാം ക്ഷമിക്കുന്നവനാണ്. എല്ലാം പൊറുത്തുകൊണ്ട്, സഹിച്ചുകൊണ്ട് വീണ്ടും യഥാസ്ഥാനപ്പെടുത്തുന്നവനാണ്. വീണ്ടും നിങ്ങളെ തിരികെ കൊണ്ടുവരുന്നവനാണ്; സമാധാനം തരുന്നവനാണ്; പോരായ്മകൾ നികത്തിത്തരുന്നവനാണ്; വന്നുപോയ കേടുകളെല്ലാം തീർത്തുതരുന്നവനാണ്. എല്ലാം സൗഖ്യമാക്കിത്തരുന്നവനാണ്. ഈ നല്ല ദൈവമാണ് ക്രൂശിൽ മരിച്ച രക്ഷകൻ!

ക്രൂശിലെ രക്ഷയിലേയ്ക്ക്, സ്നേഹത്തിലേയ്ക്ക് നോക്കൂ. അവിടെ ത്യാഗം മാത്രമേയുള്ളൂ; വിട്ടുവീഴ്ച മാത്രമേയുള്ളൂ. അവിടെ ആരോടും പരാതിയില്ല, പരിഭവമില്ല, പിണക്കമില്ല, സ്നേഹം മാത്രമേയുള്ളൂ. നിങ്ങളുടെ കേടുകൾ ക്രിസ്തു മാറ്റിത്തരും. നഷ്ടപ്പെട്ട വിശുദ്ധി തിരികെത്തരും. തീരുമാനം ലംഘിച്ചുപോയെങ്കിലും എല്ലാം മടക്കിത്തരുന്ന സ്നേഹം!

യേശു സ്നേഹത്തോടെ നിങ്ങളോട് കെഞ്ചുകയാണ്: "കടന്നുപോകുന്ന ഏവരുമായുള്ളോരേ, ഞാൻ ഈ ക്രൂശിൽ കിടന്ന് പിടയുന്നത് നിങ്ങൾക്ക് ഏതുമില്ലയോ?" വിലാപങ്ങൾ 1 : 12. മോനേ, മോളേ, നിനക്ക് വേണ്ടിയാണ് എന്റെ ചങ്ക് തുറന്ന് തിരുരക്തം വാർന്നൊഴുകിയത്. നീ ശാപവാക്ക്, ചീത്തവാക്ക് പറഞ്ഞതിന്, നീ പിണങ്ങിയതിന്, നിന്റെ ജീവിതം നിരാശയിൽ ആണ്ടുപോയതിന്, നീ നിന്നെത്തന്നെ ശപിച്ചതിന്, നിന്റെ മക്കളെ നീ പ്രാകിയതിനെല്ലാമാണ് എന്റെ മുഖത്ത് തുപ്പലേറ്റത്. നീ ചീത്ത പടം കണ്ടതിനാണ് എന്റെ കരണത്ത് അടിയേറ്റത്. നീ ഏൽക്കേണ്ട ശിക്ഷ ഒഴിവാക്കിത്തരാനാണ് ഞാൻ ശിക്ഷയേറ്റത്. എന്റെ രക്തം നീ കാണൂ.

ഇന്ന് നിങ്ങളെ യഥാസ്ഥാനപ്പെടുത്തുവാൻ വന്നിരിക്കുന്ന യേശുവിന്റെ പാദപീഠത്തിലേയ്ക്ക് നിങ്ങളെത്തന്നെ സമർപ്പിക്കൂ. നാഥാ, ഞാൻ ഇതുവരെയും എടുത്ത സമർപ്പണങ്ങൾ തെറ്റിപ്പോയി. തീരുമാനങ്ങൾ ലംഘിച്ചുപോയി. ഇന്ന് എന്റെ ദേഹവും ദേഹിയും ആത്മാവും ഞാൻ വീണ്ടും സമർപ്പിക്കുന്നു. എന്നോട് മനസ്സലിയണമേ. യാക്കോബിനെ യഥാസ്ഥാനപ്പെടുത്തി യിസ്രായേലാക്കി മാറ്റിയ ദൈവമേ, പാരിൽ പരദേശി യാക്കോബിനെ സ്വർഗ്ഗത്തിന്റെ അവകാശിയാക്കിയ ദൈവമേ, ഇന്ന് എന്റെമേൽ നിന്റെ ആത്മാവിനെ പകരണമേ.

## പത്ത്

*"സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു; എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു. കുരികിൽ ഒരു വീടും, മീവൽ പക്ഷി കുഞ്ഞുങ്ങൾക്ക് ഒരു കൂടും കണ്ടെത്തിയിരിക്കുന്നു."*

*സങ്കീർത്തനങ്ങൾ 84 : 1 – 3*

നാം ദൈവസന്നിധിയിൽ ഇരിക്കുന്നതാണ് നമ്മുടെ ഹൃദയത്തിലുള്ള ചുമടുകൾ മാറിക്കിട്ടുന്ന ആശ്വാസ സമയം. ഇന്ന് നമുക്ക് ദൈവത്തോട് പറയാം:

*"എന്നെ പകയ്ക്കുന്നവർ കണ്ടു ലജ്ജിക്കേണ്ടതിന്ന്, നന്മയ്ക്കായി ഒരു അടയാളം എനിക്കു തരേണമേ."*

*സങ്കീർത്തനങ്ങൾ 86 : 17*

മനഷ്യജീവിതം സമർപ്പിക്കുന്നതിന്റെ പ്രാധാന്യമാണ് നാം ചിന്തിച്ചുവരുന്നത്.

1. കന്യകമറിയാമിന്റെ സമർപ്പണം.

കന്യകമറിയാം പറഞ്ഞു: "ഇതാ ഞാൻ കർത്താവിന്റെ ദാസി." നിത്യനായ ദൈവം, ഒരിടത്തും ഒതുങ്ങാത്തവനായ ദൈവം, മനുഷ്യരുടെ ഇടയിലേയ്ക്ക് ഇറങ്ങി വരുവാൻ കന്യകമറിയാമിന്റെ സമർപ്പണം കാരണമായിത്തീർന്നു.

2. യാക്കോബിന്റെ സമർപ്പണം.

യാക്കോബിന് ഒരു vision കിട്ടി, voice കിട്ടി, യാക്കോബ് ഒരു vow– ശപഥം – എടുത്തു.

യാക്കോബ് നേർച്ച നേർന്നു. ഇനി ഞാൻ എന്നെ മുഴുവനായി നിനക്ക് തരുന്നു. നീ എന്റെ ദൈവമായിരിക്കും. ഞാൻ നിന്റെ സ്വന്തമായിരിക്കും. ഞാൻ ചില വ്യവസ്ഥകൾ നിന്നോട് പറയുകയാണ്.

1. ദൈവം എന്നോട് കൂടെ ഇരിക്കണം.
2. ഞാൻ പോകുന്ന യാത്രയിൽ നീ എന്നെ കാക്കണം.
3. എനിക്ക് ഭക്ഷിപ്പാൻ ആഹാരം നീ തരണം.
4. എനിക്ക് ധരിപ്പാൻ വസ്ത്രം നീ തരണം.
5. എനിക്ക് കിടപ്പാടം നീ തരണം.
6. എന്റെ അപ്പന്റെ വീട്ടിലേയ്ക്ക് നീ എന്നെ മടക്കിക്കൊണ്ടു വരണം.
7. നീ എനിക്ക് സൗഖ്യം തരണം.

ഞാൻ കനാൻ – Palestine – നിൽ നിന്ന് അങ്ങ് ദൂരെ ഹാരാനിലേയ്ക്ക് (മെസൊപ്പൊത്താമ്യയിലേയ്ക്ക്) യാത്ര ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ കണ്ടിട്ടില്ലാത്ത സ്ഥലത്തേയ്ക്ക് ഞാൻ ഇതാ പോവുകയാണ്. എന്റെ ഭാവി safe and sound ആക്കിത്തരുമെന്ന് നീ എനിക്ക് ഉറപ്പ് തരണം. സമർപ്പണത്തിന് ഞാൻ ചില 'കണ്ടീഷൻസ്' വയ്ക്കുകയാണ്. ഞാൻ നിന്നിൽ നിന്ന് ചിലത് പ്രാപിക്കണമെന്ന് ആഗ്രഹിക്കയാണ്.

അടുത്ത് നിൽക്കുന്ന അപ്പനോട് മകൻ ചോദിക്കുന്നതുപോലെ, നമ്മുടെ ഭർത്താവിനോട് കാര്യങ്ങൾ ചോദിച്ച് വാങ്ങുന്നതുപോലെ, അടുത്ത സ്നേഹിതനോട് നാം ചോദിച്ച് വാങ്ങുന്നതുപോലെ യാക്കോബ് ചോദിക്കുകയാണ്. നാമും ദൈവത്തോട് ചോദിച്ചുവാങ്ങണം; പിടിച്ചുവാങ്ങണം.

*“സ്വർഗ്ഗത്തിൽ വസിക്കുന്നവനായുള്ളോവേ, നിങ്കലേക്ക് ഞാൻ എന്റെ കണ്ണ് ഉയർത്തുന്നു. ദാസന്മാരുടെ കണ്ണ് യജമാനന്റെ കൈയിലേക്കും ദാസിയുടെ കണ്ണ് യജമാനത്തിയുടെ കൈയിലേക്കും എന്നപോലെ ഞങ്ങളുടെ കണ്ണ് ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേക്ക് അവൻ ഞങ്ങളോട് കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു.”*

*സങ്കീർത്തനങ്ങൾ 123 : 1, 2*

ഞാൻ എം.എ. ഡിഗ്രി പരീക്ഷയുടെ ഫലം ചോദിച്ചുവാങ്ങി. ഞാൻ പരീക്ഷാഹാളിലേയ്ക്ക് പോകുമ്പോൾ പ്രാർത്ഥിച്ചിട്ട് പോകും. പരീക്ഷ കഴിഞ്ഞ് വന്നും പ്രാർത്ഥിക്കും. ഞാൻ ബൈബിൾ വായിക്കും. അന്ന് വായിച്ച ഒരു വാകൃമാണ്,

*“വലിയ കൊള്ള കണ്ടുകിട്ടിയവനെപ്പോലെ ഞാൻ നിന്റെ വചനത്തിൽ ആനന്ദിക്കുന്നു.”*

*സങ്കീർത്തനങ്ങൾ 119 : 162*

ഞാൻ അന്ന് വേദപുസ്തകം വായിച്ച് ധൈര്യപ്പെട്ടു. Linguistics എന്ന വിഷയം എനിക്ക് കാര്യമായി ഒന്നും അറിയാത്ത വിഷയമായിരുന്നു. ഞാൻ നല്ലതുപോലെ വായിച്ച് പഠിച്ചു. എന്നിട്ടും തലയിൽ ഇരിക്കുന്നില്ല.

ഞാൻ പരീക്ഷാഹാളിന്റെ ഡെസ്കിൽ പേന വച്ചിട്ട് പ്രാർത്ഥിച്ചു: യേശുവേ, ഞാൻ എഴുതുന്നതിന് മുമ്പ് നീ എന്റെ പേന വാഴ്ത്തിത്തരണം. എന്റെ അടുക്കലേയ്ക്ക് അദ്ധ്യാപകൻ വരുന്നത് കണ്ടപ്പോൾ ഞാൻ പ്രാർത്ഥിച്ചു. കർത്താവേ, എന്റെ കൈയിലേയ്ക്ക് ചോദ്യപേപ്പർ തരുന്നതിന് മുമ്പ് നിന്റെ തൃക്കരങ്ങളിൽ വാങ്ങിച്ച് ആ തിരുരക്തം പുരണ്ട തൃക്കൈകൾകൊണ്ട് ആ ചോദ്യപേപ്പർ എടുത്ത് വാഴ്ത്തിയിട്ട് എനിക്ക് തരണം. അന്ന് കർത്താവ് കൂടെയിരിക്കും എന്ന് എനിക്ക് വിശ്വാസമുണ്ടായിരുന്നു.

Linguistics question paper കിട്ടിയപ്പോൾ കണ്ണിൽ ഇരുട്ട്

കയറുന്നതുപോലെ തോന്നി. കാരണം, ഞാൻ ആദ്യം കണ്ട പത്ത് ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഒന്നും ഓർമ്മയിലേക്ക് വരുന്നില്ല. പെട്ടെന്ന് ഞാൻ പ്രാർത്ഥിച്ചു: കർത്താവേ, നീ എന്നോടു കൂടെയിരിക്കണമേ. ഞാൻ തീരുമാനിച്ചു അറിയാൻ പാടില്ലാത്തത് അവിടെ ഇരിക്കട്ടെ, അറിയാവുന്നത് എല്ലാം എഴുതാം. ഒടുക്കം പരീക്ഷ തീരാൻ അഞ്ച് മിനിട്ട് ഉള്ളപ്പോഴാണ് അറിയാൻ വയ്യാത്തതിലേയ്ക്ക് തിരിഞ്ഞത്. അറിയാൻ വയ്യാത്ത ചോദ്യങ്ങൾ എടുത്ത് പ്രാർത്ഥിച്ചിട്ട് ഞാൻ പറഞ്ഞു: കർത്താവേ, ഞാൻ എഴുതാൻ തുടങ്ങുകയാണ്.

ഞാൻ എങ്ങനെയാണ് എഴുതിയത് എന്ന് എനിക്ക് അറിയില്ല. ഞാൻ പുറത്തുവന്ന് എന്റെ നോട്ട്ബുക്ക് എടുത്തു നോക്കിയപ്പോൾ എഴുതിയത് നൂറുശതമാനവും ശരി. എങ്ങനെ സാധിച്ചു? അതാണ് പറയുന്നത് ചോദിച്ചുവാങ്ങണമെന്ന്. പിടിച്ചുവാങ്ങണമെന്ന്. പരീക്ഷയുടെ റിസൽട്ട് ചോദിച്ചുവാങ്ങണം. ഞാൻ ഒരു private candidate ആയിരുന്നെങ്കിലും എനിക്കാണ് അന്ന് എം.എ. ഡിഗ്രിയ്ക്ക് റാങ്ക് കിട്ടിയത്. ചോദിച്ചാൽ തരുന്ന ഒരു ദൈവമുണ്ട്. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത ദൈവമുണ്ട്. യാചിച്ചാൽ തരുന്ന ഒരു ദൈവമുണ്ട്.

എന്നെ ആളുകൾ തെറ്റിദ്ധരിച്ചിട്ടും വെറുത്തിട്ടും ദൈവത്തിന്റെ വേല ചെയ്യുന്നതിന് കാരണം എനിക്ക് യേശു സമീപസ്ഥനാണ് എന്നതാണ്. എനിക്ക് യേശുവുമായി സ്നേഹബന്ധം വന്നുപോയി. യേശു ഇല്ലെങ്കിൽ ഞാൻ പൂജ്യമാണ്. യേശുവിനോടുള്ള നന്ദിയിൽ നിറഞ്ഞുകൊണ്ട് എന്റെ കർത്താവിന്റെ വേല ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. യേശുവാണ് എനിക്ക് അഡ്രസ്സ് തന്നത്, ജോലി തന്നത്, ജീവിക്കാൻ മാർഗ്ഗം തന്നത്. നിങ്ങൾ ദൈവത്തോട് പിടിച്ച് വാങ്ങണം.

യാക്കോബ് ദൈവത്തോട് ചോദിച്ച് വാങ്ങി.

എല്ലാം കേൾക്കാൻ ഗോവണിയുടെ മുകളിൽ ദൈവം നില്ക്കുകയാണ്. മനുഷ്യൻ അവന്റെ നിസ്സാരതയിൽ പറയുന്ന

വാക്കുകൾപോലും കേൾക്കാൻ ദൈവം നിൽക്കുകയാണ്. യാക്കോബിന്റെ നേർച്ചയെ തുടർന്ന് യാക്കോബിന് ദൈവത്തിന്റെ പ്രത്യക്ഷതകൾ നൽകി.

നിങ്ങൾക്ക് ദൈവത്തിന്റെ പ്രത്യക്ഷത വേണമെങ്കിൽ തനിയെ മുറിയിൽ ഇരുന്ന് വേദപുസ്തകം ഏകാഗ്രതയോടെ വായിക്കാൻ തുടങ്ങുക. വചനത്തിൽക്കൂടിയുള്ള പ്രത്യക്ഷത നിങ്ങൾക്ക് ലഭിക്കും. വചനത്തിൽക്കൂടി ദൈവം ആശ്വാസം തരും; സംസാരിക്കും. നിങ്ങളുടെ അവസ്ഥ വെളിപ്പെടുത്തി തരും.

യാക്കോബിന് ദൈവത്തിന്റെ പ്രത്യക്ഷത ലഭിച്ചു.

*"അപ്പോൾ യഹോവ യാക്കോബിനോട്: നിന്റെ പിതാക്കന്മാരുടെ ദേശത്തേക്കും നിന്റെ ചാർച്ചക്കാരുടെ അടുക്കലേയ്ക്കും മടങ്ങിപ്പോക; ഞാൻ നിന്നോടു കൂടെ ഇരിക്കും എന്ന് അരുളിച്ചെയ്തു."*

*ഉല്പത്തി 31 : 3*

യാക്കോബ് ദൈവത്തോട് നേർച്ച നേർന്നിട്ട് ഇരുപത് വർഷം കഴിഞ്ഞിരിക്കുന്നു. യാക്കോബ് ജീവിതത്തിന്റെ പല രംഗങ്ങളിലേയ്ക്ക് ചെന്നപ്പോഴേയ്ക്കും അന്ന് പറഞ്ഞ വാക്ക് മറന്നുപോയി. യാക്കോബ് അമ്മയുടെ സഹോദരനായ ലാബാന്റെ വീട്ടിലെത്തി. ലാബാന്റെ പെൺമക്കളെ കണ്ടു. ലാബാന്റെ ഇളയ മകളായ റാഹേലിനെ യാക്കോബിന് ബോധിച്ചുപോയി. യാക്കോബ് പതുക്കെ ജഡത്തിലേയ്ക്ക് തിരിഞ്ഞു. സമ്പന്നനാകണം എന്ന് ആഗ്രഹിച്ചു. യാക്കോബ് ദൈവത്തോടു പറഞ്ഞവാക്ക് മറന്നിട്ട് സമ്പത്തിലേയ്ക്കും ഭാര്യയിലേയ്ക്കും പോയി. എല്ലായിടത്തും ചതിയാണ് പറ്റിയത്.

നിങ്ങൾ ദൈവത്തോട് വാക്കുപറഞ്ഞവരാണെങ്കിൽ, പ്രതിഷ്ഠ ചെയ്തവരാണെങ്കിൽ ദൈവത്തെ മറന്നുപോയാൽ ചതിപറ്റും; അബദ്ധംപറ്റും. യാക്കോബിനെ അമ്മാവനായ ലാബാൻ ചതിച്ചു. യാക്കോബ് ലാബാനോട് പറഞ്ഞു: നിന്റെ

ഇളയമകളായ റാഹേലിനെ എനിക്ക് വിവാഹം കഴിച്ചു തരണം. ലാബാൻ കുബുദ്ധിയായിരുന്നു, ഉപായിയായിരുന്നു, തന്ത്രശാലിയായിരുന്നു. അവൻ പറഞ്ഞു: മോനേ, തരാമല്ലോ. നീ ഏഴ് വർഷം എന്നെ സേവിക്ക്. നീ യോഗ്യനാണെന്ന് തെളിയിക്ക്. പാവം യാക്കോബ് ദൈവത്തെ മറന്ന്, റാഹേലിനെ ഓർത്ത് വേല ചെയ്തു.

ഏഴുവർഷം കഴിഞ്ഞപ്പോൾ യാക്കോബ് ലാബാനോട് പറഞ്ഞു, റാഹേലിനെ വിവാഹം കഴിച്ച് തരണമെന്ന്. വിവാഹം കഴിഞ്ഞ ആദ്യദിവസം തന്നെ യാക്കോബിന് മനസ്സിലായി ചതി പറ്റിയെന്ന്. ചോദിച്ചത് ഇളയമകൾ റാഹേലിനെയാണ്. ലേയ അത്ര സുന്ദരിയല്ല. ലേയയുടെ കണ്ണിന് കാന്തി കുറവാണ്. റാഹേലിന്റെ കണ്ണ് തിളക്കമുള്ള ആകർഷകമായ കണ്ണുകളാണ്.

യാക്കോബ് ലാബാനോട് ചോദിച്ചു: എന്നെ നീ എന്തിനാണ് ചതിച്ചത്? ലാബാന് അറിഞ്ഞുകൂടാ, യാക്കോബ് ദൈവത്തോട് വാക്കുപറഞ്ഞവനാണെന്ന്. അമ്മാവന് യാക്കോബിന്റെ ദൈവത്തെ പരിചയമില്ല. പക്ഷേ, ജീവനുള്ള ദൈവത്തിന് അറിയാമല്ലോ. ദൈവത്തെ മറന്ന് ജഡത്തിലേയ്ക്കും ലോകത്തിലേയ്ക്കും തിരിഞ്ഞ ദൈവദാസന് വലിയ കെണി പറ്റുകയാണ്, നഷ്ടം സംഭവിക്കുകയാണ് ചെയ്തത്.

ലാബാൻ പറഞ്ഞു: റാഹേലിനെ തരാമല്ലോ. പക്ഷേ, നീ ഒരു ഏഴുവർഷംകൂടി ജോലി ചെയ്യണം. ഞങ്ങളുടെ നാട്ടിലെ പതിവ്, മൂത്തവൾ ഇരിക്കുമ്പോൾ ഇളയവളെ കെട്ടിച്ച് വിടാറില്ല. ലാബാൻ നല്ല വാക്ക് പറഞ്ഞു. അങ്ങനെ ലേയയെ ഭാര്യയായി സ്വീകരിച്ചു.

പക്ഷേ, എന്തൊരു നിരാശമുറ്റിയ ജീവിതം! ലേയ ആത്മാർത്ഥമായി യാക്കോബിനെ സ്നേഹിച്ചു. പക്ഷേ, അന്നുമുതൽ യാക്കോബ് അവളെ അവഗണിക്കുകയാണ്. ഭാര്യയാണ് പക്ഷേ, യാക്കോബിന്റെ ഹൃദയം റാഹേലിനെക്കുറിച്ച് ഓർത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ഭാര്യയെന്ന നിലയിൽ ലേയയെ സ്വീകരിക്കുന്നുണ്ട്. പക്ഷേ, ആ സ്നേഹത്തിന്

അതിരുണ്ട്, പരിമിതിയുണ്ട്. യാക്കോബ് ഉള്ളഴിഞ്ഞ് ഭാര്യ ലേയയെ സ്നേഹിക്കുന്നില്ല. ലേയ നെടുവീർപ്പിട്ടു.

മുഴുവനായും സ്നേഹത്തോടെ ഭാര്യയെ, ഭർത്താവിനെ സ്നേഹിക്കാത്ത ഭർത്താക്കന്മാരും ഭാര്യമാരും ഉണ്ട്. കുടുംബ ജീവിതം ദുരിതമാണ്. ആ കുടുംബത്തിലെന്നും അലോഹ്യ മാണ്, സ്വൈര്യക്കേടാണ്. ആ കുടുംബത്തിൽ സ്നേഹം കിട്ടു ന്നില്ല. സ്നേഹമല്ലേ കുടുംബജീവിതം? ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം വെറുതെ ശാരീരികബന്ധം മാത്രമല്ലല്ലോ. അതിനെക്കാൾ എത്രയോ ഉപരിയായി ആത്മാവിന്റെ അന്തരാ ളത്തിലുള്ള സുദൃഢമായ ബന്ധമാണ്.

യാക്കോബിന്റെ മനസ്സിൽ എപ്പോഴും ഞാൻ ചതി പറ്റിപ്പോയവനല്ലേ? ഞാൻ ആഗ്രഹിച്ചത് ഇവളെ അല്ലല്ലോ? എന്റെമേൽ കെട്ടിവച്ചതല്ലേ എന്ന ചിന്തകളാണ്. ഈ വിവാഹം യാക്കോബിന്റെ മനസ്സിൽ അതൃപ്തിയാണ്.

അനേകം ഭാര്യമാരും ഭർത്താക്കന്മാരും ഇന്ന് അതൃപ്തി യുള്ളവരാണ്. ആ കുടുംബം ഭദ്രമാകുകയില്ല. തിരുത്തേണ്ടത് തിരുത്തി ദൈവസന്നിധിയിൽ നിരപ്പായിക്കഴിഞ്ഞാൽ മാത്രമേ സമാധാനം വരികയുള്ളൂ. സാക്ഷാൽ സമാധാനം കിട്ടണമെ ങ്കിൽ ദൈവവുമായി നിരപ്പാകണം.

യാക്കോബ് ദൈവത്തോട് പറഞ്ഞ വാക്ക് മറന്നുപോയി. യാക്കോബ് ദു:ഖിതനാണ്.

> *"ലേയ അനിഷ്ടയെന്ന് യഹോവ കണ്ടപ്പോൾ അവളുടെ ഗർഭത്തെ തുറന്നു."       ഉല്പത്തി 29 : 31*

എത്രയോ ഭാര്യമാർ സ്നേഹത്തിന് വേണ്ടി കൊതിക്കു ന്നവരുണ്ട്. ഭർത്താവിന്റെ കരുണയ്ക്കായി, നല്ല വാക്കിനായി, മധുരവാക്ക് പറയുന്നത് കേൾക്കാനായി കൊതിക്കുന്ന ഭാര്യ മാരുണ്ട്. ഭാര്യയുടെ ഇമ്പമുള്ള വാക്ക് കേൾക്കാൻ, സ്നേഹ മുള്ള നോട്ടം കിട്ടാൻ, ഒരു മധുരമായ പുഞ്ചിരി കിട്ടാൻ ആഗ്ര ഹിക്കുന്ന ഭർത്താക്കന്മാരുണ്ട്. ഭാര്യയ്ക്ക് എപ്പോഴും അതൃ

പ്തിയാണ്. 'ഇതിലും എത്രയോ നല്ല കല്യാണാലോചനകൾ വന്നതാണ്?' ഇങ്ങനെയുള്ള ചിന്തകൾ നിങ്ങളുടെ ഉള്ളത്തിലുണ്ടെങ്കിൽ, ദൈവത്തോട് പറഞ്ഞ വാക്ക് മറന്നുപോയെങ്കിൽ കുടുംബജീവിതം ഭദ്രമാകുകയില്ല, സമാധാനമുള്ളതായിതീരുകയില്ല.

എനിക്ക് കിട്ടിയ ഭാര്യ എന്റെ ജീവിതത്തിൽ എനിക്ക് കിട്ടാവുന്നതിൽ ഏറ്റവും നല്ല സ്ത്രീയെന്ന് ഭർത്താവ് ചിന്തിക്കണം. എനിക്ക് കിട്ടിയ എന്റെ ഭർത്താവ്, എനിക്ക് കിട്ടാവുന്ന ഏറ്റവും നല്ല പുരുഷനെന്ന് ഭാര്യ ചിന്തിക്കണം. അങ്ങനെയുള്ള കുടുംബങ്ങൾ നഷ്ടപ്പെടുകയില്ല. അങ്ങനെയുള്ള കുടുംബത്തിലെ മക്കൾ നശിച്ചുപോകയില്ല. അവർ ദോഷത്തിലേയ്ക്ക് പോകയില്ല; മക്കൾ അനുഗൃഹീതരായിത്തീരും.

മക്കളെക്കുറിച്ച് കരയുന്നവർ മനസ്സിലാക്കണം, ഈ എന്റെ മോൻ, മോൾ വഴിതെറ്റിപ്പോകാൻ കാരണം എന്റെ ജീവിതത്തിലെ ചില അസംതൃപ്തികളാണ്; മാലിന്യങ്ങളാണ്; സ്നേഹക്കുറവുകളാണ്. ഭർത്താവിനോട് ഇണങ്ങിപ്പോകാൻ കഴിയാത്തതാണ്; ഭാര്യയെ സ്നേഹിക്കാൻ കഴിയാത്തതാണ്. അതുകൊണ്ടാണ് മക്കൾ നാനാവിധമായിപ്പോയത്. ഭാര്യയും ഭർത്താവും ഒന്നാണെങ്കിൽ, ഒരു ഹൃദയമാണെങ്കിൽ, നിഷ്കളങ്കസ്നേഹത്താൽ യോജിച്ചവരാണെങ്കിൽ, പൂർണ്ണമായി സ്നേഹിക്കുന്നവരാണെങ്കിൽ ആ വീട്ടിലുണ്ടാകുന്ന മക്കൾ നഷ്ടപ്പെട്ടു പോകയില്ല. അവർ അരുതാത്ത വഴിയിലേയ്ക്ക് പോകുകയില്ല.

നിങ്ങളുടെ മക്കൾ പഠിക്കാൻ മോശമാണെങ്കിൽ, അവർക്ക് പഠിക്കാൻ ബുദ്ധിയില്ലെങ്കിൽ, അവർക്ക് പഠിച്ച് മുന്നേറാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങൾ മനസ്സിലാക്കൂ, നിങ്ങളുടെ കുടുംബത്തിൽ ഭാര്യയും ഭർത്താവും തമ്മിൽ അകൽച്ചയുണ്ട്. ഏതെങ്കിലും ഭിന്നതകളുണ്ട്; എവിടെയെങ്കിലും അതൃപ്തിയുണ്ട്. മക്കൾ അതുകൊണ്ട് നാനാവിധമായിപ്പോയി.

അതുകൊണ്ട് കുടുംബജീവിതത്തിൽ അതൃപ്തിയുണ്ടെ

ങ്കിൽ പറിച്ച് മാറ്റിക്കൊള്ളുക. അത് ദൈവത്തിന്റെ സന്നിധി യിലിരുന്ന് കഴുകിക്കൊള്ളണം. ഒരു അണുപോലും അതൃപ്തി വെച്ചുകൊണ്ടിരുന്നാൽ മക്കൾക്ക് ദോഷമാകും. ഒരു ദിവസം പോലും ഭിന്നതയായിട്ടിരിക്കരുത്. നിഷ്ക്കളങ്കമായി സ്നേഹിച്ചു കൊള്ളുക.

വേദപുസ്തകത്തിലെ മൂന്നു തത്വങ്ങൾ ഭാര്യ ചെയ്യേണ്ട തുണ്ട്.

1. ഭാര്യ ഭർത്താവിന് കീഴ്പ്പെടണം.
2. ഭാര്യ ഭർത്താവിനെ അനുസരിക്കണം.
3. ഭാര്യ ഭർത്താവിനെ ഭയപ്പെടണം.

ഭർത്താവ് ചെയ്യേണ്ടത്,

1. ഭർത്താവ് ഭാര്യയെ സ്നേഹിക്കണം.
2. ഭർത്താവ് ഭാര്യയെ കരുതണം.
3. ഭർത്താവ് ഭാര്യയെ ബഹുമാനിക്കണം.

ആ കുടുംബം ഐശ്വര്യമായിരിക്കും.

*"ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴട ങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനു സരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞ് വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇട യാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നു ന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കു ന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷ ണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വില യേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ടു ദൈവ ത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ*

*തങ്ങളെത്തന്നേ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നത്. അങ്ങനെ സാറാ അബ്രാഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ചിരുന്നു; നന്മ ചെയ്ത് യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ നിങ്ങൾ അവളുടെ മക്കൾ ആയിത്തീർന്നു." 1 പത്രോസ് 3 : 1 – 6*

ഭർത്താവ് ദൈവവചനം അനുസരിക്കുന്നില്ല, പ്രാർത്ഥിക്കുന്നില്ല, കൂട്ടായ്മയിൽ വരുന്നില്ല, ആത്മീയ ബോധമില്ല. നിങ്ങളുടെ ദൈവഭയത്തോടുകൂടിയ നിർമ്മലമായി നടപ്പ് ഭർത്താവ് കാണണം, അറിയണം. ഭാര്യ ഉപദേശിക്കാതെ, പ്രസംഗം കേൾപ്പിക്കാതെ, ഭാര്യയുടെ ജീവിതവിശുദ്ധികണ്ട് ഭർത്താവ് ചേർന്ന് വരുവാൻ ഇടയാകും.

*"അങ്ങനെ തന്നേ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിന്ന് വിവേകത്തോടെ ഭാര്യമാരോടു കൂടെ വസിച്ച്, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്കു ബഹുമാനം കൊടുപ്പിൻ."*

*1 പത്രോസ് 3 : 7*

ഭാര്യയെ സ്നേഹിച്ചാൽ മാത്രം പോരാ, കരുതിയാൽ മാത്രം പോരാ, വിവേകത്തോടുകൂടെ വസിക്കണം. അവരെ ബഹുമാനിക്കണം. ഭാര്യ എന്നെക്കാൾ ചെറുതല്ല, താണവളല്ല, അവൾ ഒരു വേലക്കാരിയെപ്പോലെ എന്നെ അനുസരിക്കേണ്ടവളല്ല. ഭാര്യ എന്റെ ഒപ്പംതന്നെ equal partner ആണ്. ഭാര്യയെ തരം താഴ്ത്തി കാണരുത്.

ഭാര്യയുടെ അപ്പന്റേയും അമ്മയുടേയും കുറ്റം പറയരുത്. ഭാര്യയുടെ സഹോദരന്മാരുടെ കുറ്റം പറയരുത്. ഭാര്യയ്ക്ക് സ്വത്തില്ല, അവളുടെ സ്ത്രീധനം പോരാ, സൗന്ദര്യം പോരാ, അവൾക്ക് വിദ്യാഭ്യാസം പോരാ, എന്റെ അത്രയും പദവിയില്ല എന്നൊന്നും ഭർത്താവിനു തോന്നിപ്പോകരുത്. അവളെ തുല്യ

പങ്കാളിയായി കരുതിക്കൊള്ളണം. Better half ആയി കരുതിക്കൊള്ളണം.

ഈ തത്വമൊന്നും യാക്കോബ് അനുസരിച്ചില്ല. നിങ്ങൾ ദൈവത്തോട് പറഞ്ഞ ഏതെങ്കിലും വാക്ക് മറന്നുപോയോ? ഒരിക്കൽ ദൈവത്തോടു പറഞ്ഞ വാക്കിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ? പ്രതിഷ്ഠ എവിടെയെങ്കിലും മാറിപ്പോയിട്ടുണ്ടോ?

മദ്യം തൊടില്ല എന്ന് പറഞ്ഞിട്ട് പിന്നെയും മദ്യം രുചി നോക്കിയില്ലേ? ചീത്തകൂട്ടുകെട്ടിലേയ്ക്ക് പോകില്ല എന്നല്ലേ നീ പറഞ്ഞത്? പിന്നെയും ചീത്തകൂട്ടുകെട്ടിൽ പോയില്ലേ? ചീത്തവാക്ക് നാവിൽ വരില്ലെന്ന് പറഞ്ഞിട്ട് പിന്നെയും ചീത്ത വാക്ക് കേട്ട് രസിച്ചില്ലേ?

ഭർത്താവിന് പൂർണ്ണമായി കീഴ്പ്പെടുമെന്നും വിനയപ്പെടുമെന്നും അനുസരിക്കുമെന്നും കോപിക്കില്ലെന്നും പറഞ്ഞതല്ലേ? പക്ഷേ വീണ്ടും കോപിച്ച് വിറയ്ക്കുകയും പ്രാകുകയും ചെയ്തില്ലേ? നീ ദൈവത്തോട് പറഞ്ഞ വാക്കിൽ നിന്ന് പിറകോട്ട് പോയേടത്തോളം നിനക്ക് ചതിപറ്റിക്കൊണ്ടിരിക്കുകയാണ്.

യഹോവയോട് പറഞ്ഞ വാക്ക് പാലിപ്പിൻ. പ്രിയമുള്ളവരേ, ഇതുവരെയും ദൈവത്തോട് വാക്ക് പറഞ്ഞില്ലെങ്കിൽ അതിന് പറ്റിയ സമയമാണ്. ക്രിസ്തു അരികത്ത് വന്നിരിക്കുന്ന സമയത്ത്, ഇപ്പോൾ യേശുവിനോട് പറയുവിൻ: കർത്താവേ, ഞാനൊരു നേർച്ച നേരുകയാണ്. “യഹോവയോടു ഞാൻ പറഞ്ഞുപോയി എനിക്ക് പിന്മാറിക്കൂടാ.”

ഈ ശരീരം ഇന്നുമുതൽ നിനക്കാണ്. ഈ ശരീരം ഇനി മലിനപ്പെടുത്തുകയില്ല. അന്യൻ കാണുകയില്ല. അന്യൻ തൊടുകയില്ല. ഈ ശരീരം വിശുദ്ധമായിരിക്കും. ഈ അവയവങ്ങൾ ഓരോന്നും പരിശുദ്ധമായിരിക്കും. കർത്താവേ, മ്ലേച്ഛചിത്രങ്ങൾ കാണാൻ ഇനി ഈ കണ്ണ് കിട്ടുകയില്ല. ഇനി ഈ നാവിൽ

അരുതാത്തത് വരികയില്ല. ഈ ചുണ്ടിൽ അരുതാത്തത് തൊടുകയില്ല.

യേശുവേ, ഈ ജീവിതത്തിൽ അരുതാത്തത് ചെയ്കയില്ല, എഴുതുകയില്ല. എന്റെ കാലുകൾ അരുതാത്ത വഴിക്ക് പോകുകയില്ല. എന്റെ ചിന്തയിൽ അഴുക്ക് വികാരങ്ങൾക്ക് ഇടംകൊടുക്കുകയില്ല. ഇനി നുണ പറയുകയില്ല. യേശുവേ, എന്റെ ദേഹവും ദേഹിയും ആത്മാവും നിനക്ക് തരുന്നു. എന്റെ ഭാവി നിനക്കു തരുന്നു. എന്റെ വരുമാനം നിനക്ക് തരുന്നു. എന്റെ entire future, personality നിന്റെ കൈകളിലേയ്ക്ക് തരുന്നു. യേശുവേ, എന്നെ ഇന്ന് സ്വീകരിക്കണമേ. എന്റെ നേർച്ച അംഗീകരിക്കണമേ.

# പതിനൊന്ന്

*"അവൻ ഗർഭത്തിൽ വച്ച് തന്റെ സഹോദരന്റെ കുതികാൽ പിടിച്ചു; തന്റെ പുരുഷപ്രായത്തിൽ ദൈവത്തോടു പൊരുതി. അവൻ ദൂതനോടു പൊരുതി ജയിച്ചു; അവൻ കരഞ്ഞു അവനോടു അപേക്ഷിച്ചു; അവൻ ബേഥേലിൽവെച്ച് അവനെ കണ്ടെത്തി, അവിടെവെച്ച് അവൻ നമ്മോടു സംസാരിച്ചു." ഹോശേയ 12 : 3, 4*

"യഹോവയോടു ഞാൻ പറഞ്ഞുപോയി എനിക്കു പിന്മാറിക്കൂടാ" എന്ന വാക്യത്തെ ആസ്പദമാക്കി സമർപ്പണം എന്ന വിഷയത്തെക്കുറിച്ചാണ് നാം ചിന്തിച്ച് വരുന്നത്. സമർപ്പ ണം! Dedication! Commitment! Surrender!

എന്റെ ദേഹവും ദേഹിയും ആത്മാവും ഞാൻ സമർപ്പി ക്കുന്നു എന്ന് നാം പറഞ്ഞിട്ടുണ്ട്. പടകും വലയും ഞാൻ സമർപ്പിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്. എന്നെ മുഴുവനായി സമർപ്പിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്. ഇങ്ങനെ പറഞ്ഞിട്ടുള്ള അനേകംപേർ ഇന്ന് ഇതു വായിക്കുന്നുണ്ടാകും.

നിത്യനായ ദൈവം! ചരിത്രാതീതനായ ദൈവം! കാല ങ്ങൾക്കും ദേശങ്ങൾക്കും യുഗങ്ങൾക്കും അടക്കാൻ വയ്യാ ത്ത ദൈവം! ആ ദൈവം ഒരു പ്രത്യേക സ്ഥലത്ത് ഒരു പ്രത്യേക വ്യക്തിയോട് സംസാരിച്ചു. ദൈവമെന്നും സംസാരിക്കുന്നവ നാണ്. ബേർ-ശേബ മരുഭൂമിയിൽ വച്ച് യാക്കോബിനോട് ദൈവം പറഞ്ഞത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും നിന്റെ പിതാവായ യിസ്ഹാക്കിന്റെ ദൈവവും

ആകുന്നു എന്നാണ്.

മോനേ, നീ ഏകനല്ല, ഞാൻ നിന്റെ ദൈവമാകുന്നു. മാറാത്തവനായ ദൈവം നിന്നോട് കൂടെയുണ്ട്. ദൈവം യാക്കോബിന് ധൈര്യവും ബലവും പ്രത്യാശയും വിശ്വാസവും കൊടുക്കുകയാണ്.

യാക്കോബ് ദൈവസന്നിധിയിൽ നേർച്ചനേർന്നു. യാക്കോബിന്റെ സമർപ്പണം അപൂർണ്ണമാണ്. It was on condition. ഉല്പത്തി 32–ാം അദ്ധ്യായത്തിൽ യാക്കോബിന്റെ സമർപ്പണം ആഴത്തിലാവുകയാണ്. ബേഥേലിൽ വച്ചുള്ള സമർപ്പണം ആഴമില്ലാത്ത, വ്യവസ്ഥയോടുകൂടിയുള്ള സമർപ്പണമാണ്. എന്നാൽ ദൈവം യാക്കോബിനെ തള്ളിക്കളഞ്ഞില്ല. ഇവൻ ശരിയായ സമർപ്പണത്തിലേക്ക് വന്നില്ലല്ലോ എന്നാൽ ഇനി അവൻ എന്റെകൂടെ നടക്കണ്ട, ഇവന്റെ കാര്യം ഞാൻ നോക്കുകയില്ല എന്ന് ദൈവം പറഞ്ഞില്ല.

നിങ്ങൾ ഒരു കാര്യം ഗ്രഹിച്ചുകൊള്ളണം. സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെക്കുറിച്ച് മടുത്തുപോയിട്ടില്ല. ക്ഷീണിച്ച് പോയിട്ടില്ല. ആശ കൈവിട്ടിട്ടില്ല. സ്വർഗ്ഗത്തിലെ ദൈവം ഒരിക്കൽ നിങ്ങളിൽവച്ച പ്രതീക്ഷ നഷ്ടപ്പെടുത്താതെ കാത്തുകൊണ്ടിരിക്കുകയാണ്. നിങ്ങളെ ആഴമേറിയ ജീവിതാനുഭവങ്ങളിലേയ്ക്ക് നയിക്കുന്നതിന് ദൈവം ബദ്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ചില ആത്മികനന്മകൾ നിങ്ങൾക്ക് തരുന്നതിന് ദൈവം അദ്ധ്വാനിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ വിശ്വസിക്കൂ. ദൈവം നിങ്ങളെ മറന്നിട്ടില്ല.

20 വർഷം മുമ്പാണ് യാക്കോബ് സമർപ്പണം പറഞ്ഞത്. അതിന് ശേഷം യാക്കോബ് ദൈവത്തെ മറന്നാണ് ജീവിച്ചതെങ്കിലും ദൈവം യാക്കോബിനെ മറന്നില്ല. ഒരൊറ്റദിവസംപോലും ഒരൊറ്റനിമിഷംപോലും ദൈവം യാക്കോബിനെ മറന്നില്ല. “ഞാൻ പോകുന്ന യാത്രയിൽ എന്നോടുകൂടെ ഇരിക്കയും എനിക്ക് ധരിപ്പാൻ വസ്ത്രവും എനിക്ക് ഭക്ഷിപ്പാൻ ആഹാരവും തരികയും എന്റെ അപ്പന്റെ വീട്ടിലേയ്ക്ക് മടക്കി

വരുത്തുകയും ചെയ്യുമെങ്കിൽ ദൈവം എന്റെ ദൈവമായിരിക്കും. ഞാൻ ദൈവത്തോടുകൂടെ ആയിരിക്കും" എന്നുപറഞ്ഞ വാക്കെല്ലാം യാക്കോബ് മറന്നുപോയി.

സംഭവബഹുലമായ 20 വർഷങ്ങൾ, യാക്കോബ് അങ്ങ് മെസപ്പൊത്തോമ്യയിലെ ഹാരാനിൽ എത്തി. അവിടെ യൂഫ്രട്ടീസ് ടൈഗ്രീസ് നദീതടങ്ങളിൽ ധാരാളം പുൽമേടുകൾ ഉള്ള, നല്ല മലഞ്ചരിവുള്ള പ്രദേശത്ത് ആടുമാടുകളെ നോക്കിക്കൊണ്ട് ജീവിച്ചു.

അമ്മാവന്റെ വേലക്കാരനെപ്പോലെ യാക്കോബ് 20 കൊല്ലം അവിടെ കഴിഞ്ഞു. എന്തൊരു ദയനീയമായ കാലം! വളരെ ശ്രേഷ്ഠനായ ഒരു നല്ല അപ്പന്റെ മോൻ ഒരു അനാഥനെപ്പോലെ സ്വന്തം അമ്മാവന്റെ വീട്ടിലെ വേലക്കാരനായികഴിയുന്നു.

നിങ്ങൾക്കും തിരിഞ്ഞു നോക്കിയാൽ കാണാൻ പറ്റും, നിങ്ങളുടെ ജീവിതത്തിലെ വിരസതയുടെ നാളുകൾ! അദ്ധ്വാനത്തിന്റെ നാളുകൾ! കഷ്ടപ്പാടിന്റെ നാളുകൾ! ദുരിതം പിടിച്ച നാളുകൾ! രാപകലില്ലാതെ വേലചെയ്ത നാളുകൾ! യാക്കോബ് പറയുന്നുണ്ട്:

> *"ഇങ്ങനെയായിരുന്നു എന്റെ വസ്തുത; പകൽ വെയിൽ കൊണ്ടും രാത്രി ശീതം കൊണ്ടും ഞാൻ ക്ഷയിച്ചു; എന്റെ കണ്ണിന് ഉറക്കമില്ലാതെയായി."*
>
> *ഉല്പത്തി 31 : 40*

ആടുകളെ നോക്കുവാനുള്ള ബദ്ധപ്പാടുകൾകൊണ്ട്, ജോലിയിൽ വിശ്വസ്തതയോടെ നിൽക്കണമെന്നുള്ളതുകൊണ്ട് തന്നെത്തന്നെ മറന്ന് അദ്ധ്വാനിച്ചു.

നിങ്ങളിൽ ചിലർ അങ്ങനെയല്ലേ? ജോലിചെയ്ത സ്ഥാപനത്തിൽ ചോരയും നീരും ഒഴുക്കി നിങ്ങൾ വേല ചെയ്തു. അത്യദ്ധ്വാനം ചെയ്തു. പകലെന്ന് നോക്കിയില്ല, രാവെന്ന് നോക്കിയില്ല നിങ്ങൾ അദ്ധ്വാനിച്ചു. ഇന്നത്തെ ആകെത്തുക

എന്താണ്? നിരാശ മാത്രം. യാക്കോബ് പറയുന്നുണ്ട്:

*“ഇനി എന്റെ സ്വന്തഭവനത്തിനു വേണ്ടി ഞാൻ എപ്പോൾ കരുതും.”* *ഉല്പത്തി 30 : 30*

എന്റെ കാര്യം നോക്കാതെ ഞാൻ അമ്മാവന്റെ കാര്യം നോക്കി. അമ്മാവന്റെ മക്കൾക്ക് സ്വത്തുണ്ടാക്കി. അമ്മാവന് ധാരാളം സമ്പൽസമൃദ്ധിയുണ്ടായി. ഞാൻ അദ്ധ്വാനിച്ചു, എല്ലാം എന്റെ അമ്മാവന്. എന്റെ കാര്യം നോക്കാൻ പറ്റിയില്ല.

നിങ്ങൾക്കും തോന്നുന്നില്ലേ? നിങ്ങൾ പലരും നിങ്ങളുടെ വീട്ടിൽ നിങ്ങളുടെ അനുജന്മാരുടെയോ സഹോദരിമാരുടെയോ വിവാഹകാര്യങ്ങൾ, വിദ്യാഭ്യാസകാര്യങ്ങൾ, അവരുടെ വീടിന്റെ കാര്യങ്ങൾ, എന്തെല്ലാം അന്വേഷിച്ചു? നിങ്ങൾ നിങ്ങളെതന്നെ മറ്റുള്ളവർക്കുവേണ്ടി ചെലവഴിച്ചു. കഷ്ടപ്പെട്ട് ജീവിച്ചു. ദുരിതമനുഭവിച്ച് ജീവിച്ചു. ഫലമോ? എന്റെ കാര്യം മാത്രം നോക്കിയില്ലല്ലോ എന്ന നിരാശ!

സ്വന്തം ഭവനത്തിനുവേണ്ടി കരുതാതെ 20 വർഷങ്ങൾ യാക്കോബ് ചെലവഴിച്ചു. ഭാര്യമാർക്കുവേണ്ടി രണ്ട് തവണയായിട്ട് പതിനാല് വർഷം. പിന്നത്തെ ആറുകൊല്ലം ആടുമാടുകളെ മേയിച്ചുള്ള അദ്ധ്വാനമാണ്. അങ്ങനെ 20 വർഷത്തെ അദ്ധ്വാനം!

യാക്കോബിന് തോന്നി ഇനി ഞാൻ ഇവിടെ നിൽക്കുന്നത് പന്തിയല്ല. ഇനി അമ്മാവന്റെകൂടെ നിൽക്കുന്നതിലും ഭേദം എന്റെ അപ്പന്റെ വീട്ടിലേയ്ക്ക് പോകുന്നതാണ്. യാക്കോബ് പുറപ്പെടാൻ തീരുമാനിച്ചു. ഭാര്യമാർ രണ്ടുപേരുണ്ട്, മക്കളുണ്ട്, ആടുമാടുകളുണ്ട്, ദാസീദാസന്മാരുണ്ട്. റാഹേൽ അപ്പോൾ പൂർണ്ണഗർഭിണിയാണ്.

യാക്കോബ് എല്ലാവരെയും കൂട്ടി തിരികെ അപ്പന്റെ ഭവനത്തിലേക്ക്, കനാനിലേക്ക് പോവുകയാണ്. ഏതാണ്ട് 600 നാഴിക ദൂരമുണ്ട്. യാത്രപോകുമ്പോഴെല്ലാം യാക്കോബിന്റെ ചങ്കിടിപ്പ് വർദ്ധിക്കുന്നു. യാക്കോബ് 20 വർഷം മുമ്പ് അപ്പന്റെ

വീട്ടിൽ നിന്ന് പോരുന്നത് മരണഭയത്തോടെയാണ്. ഏശാവിന്റെ ജ്യേഷ്ഠാവകാശം അപഹരിച്ചതിനാൽ ഏശാവ് കൊന്നാലോ എന്ന് പേടിച്ചാണ് വീടുവിട്ട് പോന്നത്.

ഇപ്പോൾ ഏശാവിന്റെ കോപം തണുത്ത് കാണുമോ? അതോ ഇപ്പോഴും വൈരാഗ്യത്തോടെ ഇരിക്കുകയായിരിക്കുമോ? എന്നെ കൊല്ലുമോ? ഏശാവിനും ദാസീദാസന്മാരുണ്ട്. വലിയ മല്ലന്മാരായ, യുദ്ധവീരന്മാരായ സേവകരുണ്ട്. അവരെല്ലാവരും കൂടി ആക്രമിക്കുമോ? അമ്മാവന്റെ കൈയിൽ നിന്ന് രക്ഷപ്പെട്ട് പോകുന്നെങ്കിലും ഇത് വീണ്ടും മരണത്തിന്റെ വായിലേക്കുള്ള യാത്രയാണോ? യാക്കോബിന് പേടിയുണ്ട്.

യാക്കോബ് പോകുമ്പോൾ വഴിമദ്ധ്യത്തിൽവച്ച് ഒരു വാർത്തകേട്ടു. നാനൂറ് ആളുകളുമായി ഏശാവ് യാക്കോബിന്റെ നേരെ വരുന്നു എന്ന്. നാനൂറ് പേർ, തീർച്ചയായിട്ടും എന്നെയും ഭാര്യമാരെയും മക്കളെയും ദാസീദാസന്മാരെയും ആടുമാടുകളെയും കൊല്ലും. യാക്കോബിന്റെ കരുത്തെല്ലാം, ധീരതയെല്ലാം നഷ്ടപ്പെട്ടു.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിൽ മരണഭീതിയോടെ ദിനരാത്രങ്ങൾ എണ്ണിയ ദിവസങ്ങളുണ്ടോ? ഈ രോഗം എന്നെ ഈലോകത്തിൽനിന്ന് മാറ്റുന്നതാണോ? ഇപ്പോൾ ഞാൻ ആശുപത്രിയിലേക്ക് പോകുന്നു, ജീവനോടെ വീട്ടിലേക്ക് മടങ്ങിപ്പോരുമോ? ഇപ്പോൾ എന്നെ ശസ്ത്രക്രിയയ്ക്ക് എടുത്തുകൊണ്ടുപോകുന്നു, ഇനി ഞാൻ ജീവനോടെ പുറത്തേയ്ക്ക് വരുമോ? എന്റെ ജീവിതം, അത് ഇവിടെ തീരാൻ പോവുകയാണോ? ആശങ്കയുടെ നിമിഷങ്ങളിൽ പതറി ഉലയുന്നവർ! വലിയ ഭീതിയുടെ മുൾമുനയിൽ നിന്നുകൊണ്ട് ഇപ്പോൾ ഇത് വായിക്കുന്നവരുണ്ടോ? പ്രിയപ്പെട്ടവരേ, യാക്കോബ് ഭീതിയുടെ മുൾമുനയിലായിപ്പോയി.

എന്തും സംഭവിക്കാം. എന്റെ സഹോദരൻ ഏശാവ് വരുന്നു. യാക്കോബ് അങ്കലാപ്പിലായി. തിരിച്ചോടാൻ നിർവ്വാഹമില്ല. കാരണം, ലാബാനും യാക്കോബും കൂടെ മിസ്പയിലെ

കാവൽമാടത്തിൽവച്ച് ഒരു തൂൺനാട്ടിയിട്ട് ആ തൂണിനെ സാക്ഷിനിർത്തി വാക്കുപറഞ്ഞു. യാക്കോബ് പറഞ്ഞു: ഈ തൂണിന്റെ സ്ഥാനം വിട്ട് ഇനി ഞാൻ അങ്ങോട്ട് വരികയില്ല എന്ന്. ലാബാൻ പറഞ്ഞു: ഈ തൂണ് വിട്ട് ഞാൻ നിന്റെ അരികിലേക്കും വരികയില്ല. വ്യക്തമായി വേർതിരിഞ്ഞതാണ്. ഇനി തിരികെ പോകാൻ സാധ്യമല്ല. മരണം മുന്നിൽ കാണുന്നു. യാക്കോബ് അമ്പരപ്പിലായി.

> *"രാത്രിയിൽ അവൻ എഴുന്നേറ്റു. തന്റെ രണ്ടു ഭാര്യമാരെയും രണ്ടു ദാസിമാരെയും പതിനൊന്നു പുത്രന്മാരെയും കൂട്ടി യബ്ബോക് കടവു കടന്നു. അങ്ങനെ അവൻ അവരെ കൂട്ടി ആറ്റിന്നക്കരെ കടത്തി; തനിക്കുള്ളതൊക്കെയും അക്കരെ കടത്തിയ ശേഷം യാക്കോബ് തനിയേ ശേഷിച്ചു."*
>
> *ഉല്പത്തി 32 : 22, 23*

യാക്കോബ് അപ്പോഴും ബുദ്ധികൊണ്ട് കണക്കുകൂട്ടുകയാണ്. ചേട്ടൻ ഏശാവും അവന്റെ യോദ്ധാക്കളും വരുമ്പോൾ എന്റെ ദാസീദാസന്മാരെയും ആടുമാടുകളെയും മക്കളെയും ഭാര്യമാരെയും കൊല്ലുമ്പോഴേയ്ക്കും എനിക്കോടി രക്ഷപ്പെടാമല്ലോ! ഓടാൻ എനിക്ക് നല്ല പരിചയമല്ലേ? 600 നാഴിക ഓടിയവനല്ലേ? ഈ മണലാരണ്യത്തിൽ കൂടി ഞാൻ ഓടിക്കൊള്ളാം. യാക്കോബ് സ്വന്തം ശക്തിയിൽ, ബുദ്ധിയിൽ ആശ്രയിച്ചുകൊണ്ട് ഓരോന്നും മനസ്സിൽ സ്വരുക്കൂട്ടുകയാണ്. ആ രാത്രിയിലെ നിശ്ശബ്ദതയിൽ യാക്കോബ് കാതോർത്ത് ഇരിക്കുകയാണ്. യാക്കോബ് തന്നെത്താൻ ശേഷിച്ചു!

പ്രിയപ്പെട്ടവരേ, ഞാൻ ഒരു മർമ്മം പറഞ്ഞുതരാം. നിങ്ങളുടെ ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ, പ്രശ്നങ്ങൾ വരുമ്പോൾ നേരിടാൻ ആരും കൂടെയുണ്ടാവുകയില്ല. ആരെല്ലാം ഉണ്ട് എന്ന് പറഞ്ഞാലും ആർക്കും ഒന്നും സാധിക്കുകയില്ല. അമ്മയുണ്ട്, അപ്പനുണ്ട്, ചേട്ടനുണ്ട്, അനുജനുണ്ട്, സഹോദരിമാരുണ്ട്, സ്വന്തക്കാരുണ്ട്, ഭാര്യയുണ്ട്, ഭർത്താവുണ്ട്, ആർക്കും

നമ്മെ സഹായിക്കുവാൻ സാധ്യമല്ല. നീ തനിയെ ശേഷിക്കും!

കടംവന്ന് നിങ്ങളെ വീർപ്പുമുട്ടിച്ചപ്പോൾ, വീട്ടിൽ ചില പ്രശ്നങ്ങൾ വന്നപ്പോൾ, ഭർത്താവും ഭാര്യയും തമ്മിൽ ചില അലോസരങ്ങൾ വന്നപ്പോൾ, ജോലിയില്ലാതെ വലഞ്ഞപ്പോൾ, ജീവിതത്തിൽ ചില കാര്യങ്ങൾക്ക് വറുതി വന്നപ്പോൾ, രോഗം നിങ്ങളെ ഗ്രസിച്ചപ്പോൾ ആർക്കെങ്കിലും നിന്നെ സഹായിക്കാൻ പറ്റിയോ? നീ തനിയെ ശേഷിക്കും! ആർക്കും സഹായിക്കാൻ പറ്റുകയില്ല. ആരെല്ലാം ഉണ്ടെന്ന് പറഞ്ഞാലും ആർക്കും നിന്നെ താങ്ങാൻ പറ്റുകയില്ല. ആർക്കും താങ്ങാൻ പറ്റാത്തയിടത്ത് താങ്ങുന്ന നിത്യനായ ക്രിസ്തു ഉണ്ട്!

ആരുമില്ലെങ്കിലും ആ ജീവനുള്ള ദൈവമുണ്ടെങ്കിൽ നീ ഭാഗ്യശാലിയാണ്. “With Jesus I am a hero and without Jesus I am a zero.”

പരീക്ഷാഹാളിലേക്ക് നിങ്ങൾ പോകുമ്പോൾ യേശു കൂടെ ഇരിക്കുന്നു എങ്കിൽ നിങ്ങൾ ഹീറൊ ആയി പുറത്ത് വരും. നിങ്ങളുടെ ജോലിസ്ഥലത്ത് നിങ്ങൾ ചെല്ലുമ്പോൾ യേശു നിങ്ങളുടെ കൂടെയുണ്ടെങ്കിൽ നിങ്ങൾ ഹീറൊ ആയി അറിയപ്പെടും. നിങ്ങളുടെ പ്രവർത്തനരംഗങ്ങളിൽ, കുടുംബ ജീവിതത്തിൽ യേശു ഉണ്ടെങ്കിൽ അവിടെ സ്വർഗ്ഗമാണ്. സ്നേഹിതരേ, യേശു നിങ്ങളുടെ ജീവിതത്തിലുണ്ടോ? ഈ യേശുവിനെ നിങ്ങൾ എതിരേറ്റിട്ടുണ്ടോ? യേശു നിങ്ങളുടെ കൂടെ ഉണ്ടായിരിക്കണമെന്ന് നിർബ്ബന്ധമുണ്ടായിട്ടുണ്ടോ? കർത്താവേ, നീ ഇല്ലെങ്കിൽ ജീവിതം പൂജ്യമല്ലേ? വ്യർത്ഥമല്ലേ? നിഷ്ഫലമല്ലേ? നിങ്ങൾ ദൈവത്തോട് ഏറ്റുപറഞ്ഞിട്ടുണ്ടോ?

> *“എന്നാൽ യാക്കോബ് ബേർ-ശേബയിൽനിന്നു പുറപ്പെട്ടു ഹാരാനിലേക്കു പോയി. അവൻ ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അസ്തമിക്കകൊണ്ട് അവിടെ രാപാർത്തു.” ഉല്പത്തി 28 : 10, 11*

20 കൊല്ലം മുമ്പ് യാക്കോബ് ഇതേ വഴിയിൽക്കൂടി

പോന്നപ്പോൾ അവിടെവച്ച് സൂര്യൻ അസ്തമിച്ചുപോയിരുന്നു. വർഷം 20 കഴിഞ്ഞിട്ടും യാക്കോബിന്റെ ജീവിതത്തിലെ സൂര്യൻ ഇന്നും അസ്തമിച്ചുതന്നെ നിൽക്കുകയാണ്.

നിങ്ങളുടെ ജീവിതത്തിൽ ഒരുകാലത്ത് ഉദിച്ചുനിന്ന സൂര്യൻ ഇന്ന് അസ്തമിച്ചിരിക്കുകയാണ്. ആശയറ്റ് നിൽക്കുകയാണ്. വഴിമുട്ടി നിൽക്കുകയാണ്. ഒരു കരേറ്റവുമില്ലാതെ വലയുക യാണ്. എന്നും നെടുവീർപ്പല്ലേ, ദുരിതമല്ലേ, ഏങ്ങലടികളല്ലേ, ദീർഘനിശ്വാസങ്ങളല്ലേ, യാതനയല്ലേ? യാതനകൾക്ക്, ദുരിത ങ്ങൾക്ക് എന്നുണ്ട് ഒരു വിശ്രമം? എന്നും ഒന്നു മാറി കഷ്ടപ്പാ ടുകളല്ലേ നിങ്ങളുടെ ജീവിതത്തിൽ?

സൂര്യൻ അസ്തമിച്ചിരിക്കുമ്പോൾ നിങ്ങൾ തനിയേ ശേഷിച്ചുകൊള്ളുക. എന്തിനാണ്? ദൈവത്തോട് ഒരു ഏറ്റുമുട്ട ലിനുള്ള അവസരമാണത്. എല്ലാ പരിശ്രമവും അസ്തമി ക്കുന്നു. എല്ലാം തീർന്നു, ഇനി അദ്ധ്വാനിച്ചിട്ട് കാര്യമില്ല. ഇനി ദൈവമെന്നെ താങ്ങുകയല്ലാതെ രക്ഷയില്ല. സൂര്യൻ അസ്ത മിച്ചു കഴിഞ്ഞു. ഇരുട്ട് വ്യാപരിച്ചു കഴിഞ്ഞിരിക്കുന്നു. കരിനി ഴൽ വീശിത്തുടങ്ങിയിരിക്കുന്നു.

നിങ്ങൾ ദൈവത്തോട് വാക്കുപറയണം: കർത്താവേ, ഞാൻ ഇതാ തനിയേ ശേഷിച്ചിരിക്കുന്നു. എനിക്കാരും താങ്ങില്ല. എന്റെ ഭാര്യക്ക്, ഭർത്താവിന് എന്നെ ഒരുവിലയുമില്ല. എന്റെ മക്കൾക്ക് എന്നെ ഒരു ബഹുമാനവുമില്ല. എന്റെ മാതാപിതാ ക്കൾക്ക് എന്നെ ഒരു വാത്സല്യവുമില്ല. എന്റെ കാര്യം നോക്കാൻ എനിക്കാരുമില്ല. ഞാൻ തനിയേ ശേഷിച്ചിരിക്കുക യാണ്.

ഞാൻ ഏകനായിരുന്നു; അനാഥനായിരുന്നു; ഒത്തിരി കരഞ്ഞ മനുഷ്യനായിരുന്നു. പക്ഷേ, ദൈവം എന്നെ ചിരി ക്കാൻ പഠിപ്പിച്ചു. ആശയറ്റവരായി, ദുഃഖതപ്തരായി, മനസ്സുനൊന്ത് ആരെങ്കിലും ഇന്ന് ഇരിക്കുന്നുവോ, എങ്കിൽ നിങ്ങളോട് ഞാൻ പറഞ്ഞുതരാം, നീ തനിയെ ശേഷിക്കു മ്പോൾ നിന്റെ അരികത്തേക്ക് വരുന്ന സർവ്വശക്തനായ ഒരു

ദൈവമുണ്ട്. നീ ഏകനായി ഇരിക്കുമ്പോൾ, ഒറ്റപ്പെട്ട് പോകുമ്പോൾ നിന്റെകാര്യം അന്വേഷിക്കുന്ന ഒരു ദൈവമുണ്ട്.

നിന്റെ ജീവിതത്തിൽ നീ തളർന്നുപോകുമ്പോൾ, നീ വാടിപ്പോകുമ്പോൾ, നീ മ്ലാനവദനനായി പോകുമ്പോൾ, ഹൃദയം നിരാശാപൂരിതമായി തീരുമ്പോൾ നിന്റെ അരികത്തേയ്ക്ക് വരുന്ന ഒരു ദൈവമുണ്ട്. ആ ദൈവം ജീവനുള്ള ക്രിസ്തുവാണ്. അവൻ നിന്നെ തഴയുകയില്ല. നിനക്ക് ഏറ്റവും നല്ലത് അവൻ തരും. നിന്റെ ജീവിതത്തിന്റെ കാര്യങ്ങളെല്ലാം അവൻ ഏറ്റെടുക്കും.

*"അപ്പോൾ ഒരു പുരുഷൻ ഉഷസ്സാകുവോളം അവനോടു മല്ലുപിടിച്ചു."* *ഉല്പത്തി 32 : 24*

അവനോട് യുദ്ധംചെയ്ത പുരുഷൻ യേശുക്രിസ്തുവാണ്. അപ്പോൾ നിങ്ങൾ പറയും: അതെങ്ങനെയാണ്? യേശുക്രിസ്തു പിന്നെയും നൂറ്റാണ്ടുകൾ കഴിഞ്ഞല്ലേ ജനിച്ചത്?

*"യേശു അവരോട്: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹാം ജനിച്ചതിന്നു മുമ്പേ ഞാൻ ഉണ്ട് എന്നു പറഞ്ഞു."*

*യോഹന്നാൻ 8 : 58*

യേശു, ആദിയും അന്തവുമില്ലാത്തവനാണ്. യേശു beginningless beginning and endless end ആണ്. യേശുക്രിസ്തു, നിത്യനായ ദൈവം! പഴയനിയമത്തിൽ ദൂതൻ, പുരുഷൻ എന്നു നാം കാണുന്ന ഭാഗങ്ങളിൽ എല്ലാം യേശുവിനെയാണ് കാണിക്കുന്നത്.

ഒരു പുരുഷൻ വന്ന് യാക്കോബിനോട് മല്ലുപിടിക്കുകയാണ്. സത്യസമർപ്പണത്തിലേക്ക് - Deep surrender - ആഴമേറിയ സമർപ്പണത്തിലേക്ക് വരാനാണ് ഈ പുരുഷൻ വന്ന് മല്ലുപിടിക്കുന്നത്.

ക്രിസ്തു ഇന്ന് നിങ്ങളോട് പൊരുതുകയാണ്, യുദ്ധം ചെയ്യുകയാണ്, നിങ്ങൾ യേശുവിന്റെ കൃപ അനുഭവിക്കു

വാൻ. നിങ്ങളുടെ സ്വയം (ego, self) ഒന്ന് തകർന്നുകിട്ടിയിട്ട് നിങ്ങൾ ദൈവത്തെ അള്ളിപ്പിടിക്കുന്നതിന്, ദൈവം നിങ്ങൾക്കൊരു അവസരം തരികയാണ്.

പ്രിയപ്പെട്ടവരേ, നിങ്ങൾ തനിയെ ശേഷിക്കുന്ന സമയത്ത്, ഒരു പുരുഷൻ ഉഷസ്സാകുവോളം യാക്കോബിനോട് മല്ലുപിടിച്ചതുപോലെ ഇപ്പോൾ നിങ്ങളുടെ അരികത്ത് വന്ന് യേശു നിങ്ങളോട് മല്ലുപിടിക്കുകയാണ്. മോനേ, നിന്റെ കഴിവുകൾ, ചില പ്രത്യേകഗുണങ്ങൾ, self, ചില സിദ്ധികൾ, നിന്റെ ആത്മീയം, പാണ്ഡിത്യം, വിദ്യാഭ്യാസം എല്ലാം താഴെ വയ്ക്കൂ. യേശു ഇല്ലാത്തത് പൂജ്യമാണ്, നിഷ്ഫലമാണ്. യേശു ഉണ്ടെങ്കിൽ എല്ലാം പ്രയോജനകരമാണ്.

ഒരു പുരുഷൻ നേരം വെളുക്കുവോളം അവനോട് മല്ലുപിടിച്ചു അവനെ ഒന്ന് തകർക്കുവാൻ. യാക്കോബ് പറയുകയാണ്, എന്നാലും എനിക്ക് പേടിക്കാനൊന്നുമില്ല. ഞാൻ ഓടും, രക്ഷപ്പെടും. ചേട്ടൻ വന്ന് ഭാര്യമാരെയും മക്കളെയും ആടുമാടുകളെയും ദാസീദാസന്മാരെയും കൊന്ന്, ഈ കടവ് കടന്ന് ഇപ്പുറം വരുമ്പോഴേയ്ക്കും ഞാൻ വളരെ ദൂരെ ഓടിക്കഴിഞ്ഞിരിക്കും.

യാക്കോബിന് സ്വയം ഒരു കഴിവുണ്ട്. ആ കഴിവിൽ, സാമർത്ഥ്യത്തിൽ, ജ്ഞാനത്തിൽ ആശ്രയിച്ച് നില്ക്കുകയാണ്. എന്നാലും ഞാൻ നേടിക്കൊള്ളാം. കുഞ്ഞേ, നീ അപകടത്തിലാണ്. നിന്റേതെല്ലാം താഴെ വയ്ക്കൂ. എല്ലാം താഴെ വയ്ക്കുമ്പോൾ കർത്താവ് നിന്നെ രക്ഷിക്കും.

ഒരു കഥ കേട്ടിട്ടുണ്ട്. നല്ല വെള്ളമുള്ള സമയം. ഒരുത്തൻ പെരുവെള്ളത്തിൽ പോയി. ഒരു നീന്തൽ വിദഗ്ദ്ധൻ അവിടെയുണ്ട്. അദ്ദേഹത്തോട് എല്ലാവരും അപേക്ഷിച്ചു: അപകടം വരുന്നതിന് മുമ്പ് ദയവായി അയാളെ രക്ഷിക്കുക. അയാൾ ഒന്നും ചെയ്യുന്നില്ല. കുറച്ച് കഴിഞ്ഞപ്പോൾ ആ മനുഷ്യൻ വെള്ളത്തിൽ താണുകൊണ്ടിരിക്കുന്ന സമയത്ത്, മുങ്ങൽ വിദഗ്ദ്ധൻ നീന്തിച്ചെന്ന് അവനെ കൈത്തണ്ടയിൽ വഹിച്ചു

കൊണ്ട് കരയ്ക്ക് കയറ്റി. ആളുകൾ ചോദിച്ചു: ഇത്രയും വൈകിയത് എന്തിനാണ്? കുറച്ചുകൂടി നേരത്തെ അവനെ രക്ഷിക്കാമായിരുന്നല്ലോ?

മുങ്ങൽവിദഗ്ദ്ധൻ പറഞ്ഞു: അവന്റെ കഴിവ് എല്ലാം തീർന്നെങ്കിലേ അവനെ എനിക്ക് പിടിച്ചുകൊണ്ടുവരാൻ പറ്റൂ. അല്ലെങ്കിൽ അവൻ ബലം പിടിക്കും. സ്വന്തം ശക്തിയിൽ ആശ്രയിക്കും. അവനെ രക്ഷപ്പെടുത്താൻ എനിക്ക് സാധിക്കുകയില്ല.

ദൈവത്തിന്റെ ആത്മാവ് നമ്മുടെ നിസ്സാരതയിൽ കനിഞ്ഞ് നമ്മെ രക്ഷിക്കുവാൻ നമ്മുടെ അരികിലേയ്ക്ക് ജീവജലസമൃദ്ധിയിൽ നീന്തി വരികയാണ്. നമ്മുടെ കഴിവെല്ലാം അസ്തമിച്ച് നാം നിസ്സഹായരായി നിലവിളിക്കുമ്പോൾ, കഴുത്തറ്റം താണുകൊണ്ടിരിക്കുമ്പോൾ, ഏതാനും മിനിറ്റുകൾക്കുള്ളിൽ തീരും എന്ന സ്ഥിതി വരുമ്പോൾ ദൈവത്തിന്റെ ആത്മാവ് ഇതാ വരുന്നു.

ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്; കർത്താവേ, നീ എന്നെ അനുഗ്രഹിക്കാതെ ഇനി എനിക്ക് രക്ഷയില്ല. വചനം പറയാൻ നിൽക്കുമ്പോൾ ഞാൻ ദൈവത്തോട് പറയാറുണ്ട്: കർത്താവേ, ഞാൻ പൂജ്യമായിട്ടാണ് നിൽക്കുന്നത്. എന്റെ കൈയിൽ ഒന്നുമില്ല. പാവപ്പെട്ട, സമാധാനമില്ലാതെ വലയുന്ന ജനം വന്നിട്ടുണ്ട്. എന്റെ കർത്താവേ, ഈ ജനത്തിനു കൊടുക്കാൻ നീ മനസ്സലിഞ്ഞ് വചനം തരണം.

സ്നേഹിതരേ, നിങ്ങളുടെ കൈയിൽ ഒന്നുമില്ല എന്നു പറഞ്ഞ് നിങ്ങൾ സമർപ്പിക്കുമ്പോൾ ദൈവം എല്ലാം നിങ്ങൾക്ക് തരും. ഇന്ന് നിങ്ങൾ ഒന്നുമില്ലാത്തവരായി, പൂജ്യമായി യേശുവിന്റെ അരികിലേക്ക് വരിക. യേശുവിനോട് വാക്കുപറയുക. എന്നോട് ഇത്രയും കാലം മല്ലുപിടിച്ച യേശുവേ, എനിക്ക് തകർച്ച തരുവാൻ എന്റെ ജീവിതത്തിൽ അദ്ധ്വാനിച്ച ദൈവമേ, എന്നെ ഒന്ന് തൊടണമെ. എന്റെമേൽ നിന്റെ കരം വയ്ക്കണമെ.

*"തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ, നീ നിരസിക്കയില്ല"*

*സങ്കീർത്തനങ്ങൾ 51 : 17*

എന്നിലേയ്ക്ക് നിന്റെ ആത്മാവ് ഒഴുകി വരണമേ. പരിശുദ്ധാത്മാവിന്റ അരുവി എന്റെമേൽ ഒഴുകണമേ. പരിശുദ്ധാത്മാവിന്റെ ശക്തിയും കൃപയും എന്റെമേൽ വ്യാപരിച്ച് എന്നെ വിശുദ്ധീകരിക്കണമെ. ശക്തിയില്ലാത്ത എന്നെ ശക്തനാക്കി മാറ്റണമെ. ബലഹീനനായ എന്നെ ബലശാലിയാക്കി മാറ്റണമെ. ഒന്നുമില്ലാത്തവനായ എന്നെ എല്ലാം ഉള്ളവനാക്കി മാറ്റണമേ. നീ എല്ലാം ഉള്ളവനല്ലേ? കരുത്തനല്ലേ? ശക്തനല്ലേ? ധീരനല്ലേ? യേശുവേ, നീ എന്റെ ഹൃദയത്തിലേക്ക് വരണമേ.

ഈ പുരുഷൻ വെളുപ്പാൻകാലം വരെ യാക്കോബിനോട് മല്ലിട്ട് കഴിഞ്ഞിട്ടും യാക്കോബിന് അനക്കമില്ല. പക്ഷേ, അവസാനം ആ പുരുഷൻ ജയിച്ചു. ഞാൻ നിങ്ങളോട് പറയട്ടെ: മോനേ, നിന്നിൽ നല്ല പ്രവൃത്തി ആരംഭിച്ച കർത്താവായ യേശുക്രിസ്തു തോൽക്കുകയില്ല! അവൻ ജയമെടുക്കും!

നീ വിശ്വസിക്കൂ, നിന്റെ നിരാശകൾ, കണ്ണുനീർ, വേദനകൾ, ജീവിതത്തിലെ ഭാരങ്ങളും പ്രാരബ്ധങ്ങളും എല്ലാം മാറും. മരിച്ചാൽ മതി എന്നുള്ള ചിന്ത മാറും. ഇനിയും ജീവിക്കണമെന്നുള്ള ആശ നിനക്ക് ലഭിക്കും. ഇനിയും നിനക്ക് നല്ല കാലങ്ങൾ ലഭിക്കും. എന്തുകൊണ്ട്? യേശു നിന്നിൽ ഒരു നല്ല പ്രവൃത്തി ആരംഭിച്ചിരിക്കുന്നു. കുരിശിലെ മരണത്തോളം നിങ്ങളെ സ്നേഹിച്ച രക്ഷകൻ! തന്റെ തങ്കത്തിരുവിലാവ് തുറന്ന് രക്തം ചൊരിഞ്ഞ് തിരുരക്തത്താൽ നിന്നെ കഴുകുവാൻ അദ്ധ്വാനിക്കുന്ന രക്ഷകൻ! അവൻ ഒരിക്കലും തോറ്റിട്ടില്ല. അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടവനാണ്. അവൻ നിന്റെ ജീവിതത്തിൽ ജയം തരുവാനായി വന്നിരിക്കുകയാണ്.

## പന്ത്രണ്ട്

*"അപ്പോൾ ഒരു പുരുഷൻ ഉഷസ്സാകുവോളം അവനോട് മല്ലുപിടിച്ചു. അവനെ ജയിക്കയില്ല എന്നുകണ്ടപ്പോൾ അവൻ അവന്റെ തുടയുടെ തടം തൊട്ടു; ആകയാൽ അവനോടു മല്ലുപിടിക്കയിൽ യാക്കോബിന്റെ തുടയുടെ തടം ഉളുക്കിപ്പോയി. എന്നെ വിടുക; ഉഷസ്സ് ഉദിക്കുന്നുവല്ലോ എന്ന് അവൻ പറഞ്ഞതിന്ന്: നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് അവൻ പറഞ്ഞു."*

*ഉല്പത്തി 32 : 24 – 26*

യാക്കോബ് ദൈവത്തോടു പറഞ്ഞു എന്ന് ഞാൻ ഭാവനയിൽ കാണട്ടെ: നീ എന്റെ തുടയുടെ തടം തൊട്ടില്ലേ? എനിക്കു നടക്കാൻ വയ്യ. എന്റെ സഹോദരൻ വരുമ്പോൾ എനിക്കൊരാൾക്ക് ഓടി രക്ഷപ്പെടാം എന്നായിരുന്നു എന്റെ വിചാരം. ഭാര്യമാരും മക്കളും എല്ലാം അപ്പുറത്തല്ലേ? എന്റെ സഹോദരൻ വരുമ്പോൾ അവരെ പിടികൂടുകയോ, കൊല്ലുകയോ, കവർച്ചചെയ്യുകയോ ചെയ്യുന്ന സമയത്ത് എനിക്കോടി രക്ഷപ്പെടാമെന്നായിരുന്നു എന്റെ പരിപാടി. ഇനി അത് നടപ്പില്ല. തുടയുടെ തടം ഉളുക്കിപ്പോയിരിക്കുന്നു.

ജീവിതത്തിൽ ചില ഉളുക്കുകൾ വരുന്നതു നല്ലതാണ്. ചില സന്ദർഭങ്ങളിൽ നിനച്ചിരിയാതെ ചില കെടുതികൾ വരുന്നത്, ആകസ്മികമായ ചില വിപത്തുകൾ വരുന്നത്, സഹായികൾ എതിരാളികളായി മാറുന്നത്, അപ്രതീക്ഷിതമായി അത്യാഹിതം നേരിടുന്നത്, ഒരു രോഗം പെട്ടെന്നുവന്നു പിടികൂടു

ന്നത്, ചികിത്സിച്ചിട്ടും ഫലപ്പെടാതെ വരുന്നത്, പണസംബന്ധമായി ഒരു വലിയ നഷ്ടം നേരിടുന്നത്, ഒരു വലിയ കടം വന്നു കയറുന്നത്, ഏറ്റവും പ്രിയപ്പെട്ടവർ ആരെങ്കിലും ഈ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടുപോകുന്നത് എല്ലാം നഷ്ടമാണ്. പക്ഷേ, ആ ഉളുക്ക് നന്മയിലേക്കുള്ള ഒരു മുഖാന്തരമാക്കാൻ ജീവനുള്ള ദൈവത്തിനു കഴിയും.

ദൈവം ആർക്കും ദോഷം ചെയ്യുന്നില്ല. ദൈവം ആർക്കും ഉപദ്രവം ചെയ്യുന്നില്ല. ദൈവത്തിന്റെ ശിക്ഷ എന്നുപറയുന്നത് ഏതെങ്കിലും ആപത്തോ, മരണമോ, പണസംബന്ധമായ കുഴപ്പങ്ങളോ, കടമോ ഒന്നും വരുത്തുന്നതല്ല. ദൈവത്തിന്റെ ഏറ്റവും വലിയ ശിക്ഷ, ദൈവത്തിന്റെ ആത്മാവു നമ്മിൽനിന്നു മാറിപ്പോകുന്നതാണ്. ദൈവസാന്നിദ്ധ്യം മാറിപ്പോകുന്നതാണ്; ദൈവത്തിന്റെ ദീപം നമ്മിൽ കെട്ടുപോകുന്നതാണ്. ദൈവത്തിന്റെ കൃപയുടെ കരം നമ്മുടെ തലമേൽനിന്ന് മാറിപ്പോകുന്നതാണ്; ദൈവത്തിന്റെ മുഖം നമുക്കു മറയ്ക്കുന്നതാണ്. ദൈവത്തിന്റെ മുഖം മറയുന്നു!

> *"രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്."*
>
> *യെശയ്യാവ് 59 : 1, 2*

മനുഷ്യന്റെ ജീവിതത്തിൽ പാപം വരുമ്പോൾ ദൈവം മനുഷ്യനെ ശിക്ഷിക്കും. ദൈവത്തിന്റെ മുഖം മറയ്ക്കും. "ദൈവമേ" എന്നു വിളിച്ചാൽ വിളികേൾക്കാൻ ആളില്ല. "അപ്പാ" എന്നു വിളിച്ചാൽ മറുപടി പറയാൻ ആളില്ല. "ഓടിവരണേ" എന്നു പറഞ്ഞാൽ ഓടി വരാൻ ആളില്ല. ദൈവം മാറി

പ്പോകുന്നതാണ് ഏറ്റവും വലിയ ശിക്ഷ!

ദൈവം ആരേയും രോഗം വരുത്തി ശിക്ഷിക്കുന്നില്ല. ദൈവം ആർക്കും കടം വരുത്തി ശിക്ഷിക്കുന്നില്ല. ദൈവം ആർക്കും മരണം വരുത്തി ശിക്ഷിക്കുന്നില്ല. ദൈവം ആർക്കും അത്യാഹിതങ്ങളോ അപകടങ്ങളോ വരുത്തി ശിക്ഷിക്കുന്നില്ല. അതെല്ലാം വരുത്തുന്നതു പിശാചാണ്. പിശാചാണ് ദോഷം വരുത്തുന്നത്. ഉപദ്രവങ്ങൾ വരുത്തുന്നത് പിശാചാണ്. രോഗവും കെടുതിയും കേടും കഷ്ടവും നഷ്ടവും വരുത്തു ന്നത് പിശാചാണ്. പിശാച് വരുത്തുന്ന കേടും കെടു തിയുമെല്ലാം നന്മയ്ക്കാക്കി ദൈവം രൂപാന്തരപ്പെടുത്തി തരിക യാണ് ചെയ്യുന്നത്.

ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കാക്കി ദൈവം രൂപാന്തരപ്പെടുത്തിത്തരുന്നു.

> *"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു."* *റോമർ 8 : 28*

പരീക്ഷയിൽ തോൽക്കുന്നത് ദൈവം തരുന്ന ശിക്ഷയല്ല, അത് പിശാച് വരുത്തുന്നതാണ്. പരീക്ഷയിൽ നല്ലപോലെ എഴുതാൻ സാധിക്കാതിരിക്കുന്നത് പിശാച് വരുത്തുന്ന ഉപദ്ര വമാണ്, ദൈവം ചെയ്യുന്നതല്ല. പക്ഷേ, നന്മയ്ക്കാക്കി ദൈവം രൂപാന്തരപ്പെടുത്തിത്തരും.

യാക്കോബ്, വാസ്തവത്തിൽ രക്ഷപ്പെടാൻ നിർവ്വാഹമി ല്ലാത്തവനായിത്തീർന്നു. യാക്കോബിന് ഉളുക്കുപറ്റിപ്പോയി.

ജീവിതത്തിൽ ചില ഉളുക്കുകൾ വരുമ്പോൾ ഒന്ന് തിരിഞ്ഞു നോക്കാൻ നമുക്ക് സാധിക്കും. ഉളുക്കുകൾ അനു ഗ്രഹത്തിന്റെ സമൃദ്ധിയിലേക്ക് വരാൻ നമ്മെ സഹായിക്കും. രക്ഷപ്പെടാൻ മാർഗ്ഗമില്ലാതെ യാക്കോബ് വലയുകയാണ്. ഇനി

ഓടി രക്ഷപ്പെടാൻ നിർവ്വാഹമില്ല. യാക്കോബ് തന്റെ കഴിവിന്റെ അതിരിലെത്തി നിൽക്കുകയാണ്. ഇനി ഒരു പോംവഴിയുമില്ല.

സഹോദരങ്ങളേ, എല്ലാ വഴിയും അടഞ്ഞ് നിങ്ങൾ നില്ക്കുകയാണോ? മരിക്കുകയല്ലാതെ ഇനി ഗതിയില്ല എന്ന് ചിന്തിച്ചുപോയ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടോ? ആത്മഹത്യയല്ലാതെ വേറെ പോംവഴിയില്ല. മനസ്സു മടുത്തു. ഹൃദയം വിഷാദഭരിതമായി. മനസ്സ് നിരാശാപൂരിതമായി. ആശയറ്റുപോയി. എല്ലാവഴികളും അടഞ്ഞ് നിങ്ങൾ നിൽക്കുകയാണോ?

അപ്പോൾ നിങ്ങൾ യേശുവിനോടു പ്രാർത്ഥിക്കണം: കർത്താവേ, ഈ സമയത്ത് ഞാൻ നിന്നെ അത്യാവശ്യക്കാരനായി വിളിക്കുകയാണ്. നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല.

യാക്കോബ് ഈ പുരുഷന്റെ കാൽക്കൽ വീണ് രണ്ടുകാലിലും ഇറുകെ പിടിച്ചു. ഞാൻ നിന്നെ വിടുകയില്ല എന്നാണ് പറയുന്നത്. ഇതാ, മരണം എന്റെ പടിവാതിൽക്കൽ വന്നു നിൽക്കുകയാണ്. ഏതാനും സമയത്തിനകം എന്റെ സഹോദരൻ വന്ന് എന്നെ പിടികൂടും, എന്നെ കൊല്ലും. ഇരുപതുകൊല്ലമായി അവന്റെ മനസ്സിലിരിക്കുന്ന പകപോക്കാൻ പറ്റിയ അവസരം കണ്ട് അവൻ ഇതാ 400 ആളുകളുമായി വരികയാണ്. കർത്താവേ, എന്നെ നീ അനുഗ്രഹിച്ചല്ലാതെ നിന്നെ ഞാൻ വിടുകയില്ല. ഇനി നിന്റെ അനുഗ്രഹമില്ലാതെ എനിക്ക് ഒരു നിമിഷം ജീവിക്കാൻ സാധിക്കുകയില്ല. യാക്കോബ് ദൈവത്തിൽ ആശ്രയിക്കുകയാണ്.

നിങ്ങൾ എന്നെങ്കിലും ഇങ്ങനെ പറഞ്ഞിട്ടുണ്ടോ? നിങ്ങൾ ദൈവത്തോട് മുട്ടിപ്പായി ചോദിച്ചു നോക്കിയിട്ടുണ്ടോ, കർത്താവേ, നീ എന്നെ അനുഗ്രഹിക്കാതെ ഞാൻ നിന്നെ വിടുകയില്ല എന്ന്. എന്റെമേൽ നിന്റെ കരം വച്ച് ഈ കെടുതിയിൽ നിന്ന്, ഈ ഊരാക്കുരുക്കിൽ നിന്ന് എന്നെ വിടുവിക്കാതെ

ഞാൻ എന്തു ചെയ്യും? കർത്താവേ, എന്നെ സഹായിപ്പാൻ ആരുമില്ല. എല്ലാവഴികളും എല്ലാ പദ്ധതികളും പൊളിഞ്ഞു. ഞാൻ ഇതുവരെ എന്റെ കഴിവുകൊണ്ടെല്ലാം പിടിച്ചുനിന്നു. എന്നാൽ ഇപ്പോൾ ഞാൻ തകർന്നിരിക്കുന്നു.

നിർബ്ബന്ധമായും വേറൊരു പോംവഴിയുമില്ലാതെ ഇങ്ങനെ അറ്റകൈയ്ക്ക് എന്നപോലെ നിങ്ങൾ ദൈവത്തെ വിളിച്ചിട്ടുണ്ടെങ്കിൽ, കേൾക്കൂ. നിങ്ങൾ വിശ്വസിക്കൂ. നിത്യനായ ദൈവം ആ വിളി കേട്ടിട്ടുണ്ട്. നിങ്ങൾ വലഞ്ഞ്, വിഷമിച്ച്, തകർന്ന്, തളർന്ന് ദൈവത്തെ ഒന്നുവിളിച്ചു നോക്കൂ. കാണാം ദൈവം വിളികേൾക്കുന്നത്. ദൈവം ഓടിവരുന്നത്.

“ഇതാ ഞാൻ വരുന്നു. പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു.” “ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു.” നാം വിളിക്കുമ്പോൾ ദൈവം ഓടി അണയും, ഭക്തന്റെ അരികിലേക്ക്, നിലവിളിക്കുന്നവന്റെ അരികിലേക്ക്. വശംകെട്ടു കരയുന്നവന്റെ അരികിലേക്ക് സ്വർഗ്ഗത്തിലെ ദൈവം ഓടി ഇറങ്ങിവരും.

യാക്കോബ് പറഞ്ഞു: “നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല.” സ്നേഹിതരേ, ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ ആരെല്ലാം മനസ്സു പതറി ഇരിക്കുന്നുണ്ട്? ആരെല്ലാം ഉള്ളുപൊള്ളിയിരിക്കുന്നുണ്ട്? ആരെല്ലാം ഹൃദയം വിഷാദഭരിതമായിരിക്കുന്നുണ്ട്? നിരാശയിൽ ആണ്ടുപോയിട്ടുണ്ട്? നാളെ എന്ത് എന്ന് പാരവശ്യം പൂണ്ടിരിക്കുന്നുണ്ട്? നാളെയെക്കുറിച്ചുള്ള ആവലാതികൊണ്ട് മനസ്സ് അസ്വസ്ഥമായിരിക്കുന്നുണ്ട്?

നിങ്ങൾ അരികത്തു വന്നിരിക്കുന്ന ക്രിസ്തുവിനോടു പറയൂ: കർത്താവേ, ഇപ്പോൾ ഞാൻ നിന്നോടു യാചിക്കുന്നു. നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല. അപ്പോൾ പ്രാർത്ഥന കേൾക്കുന്ന ദൈവത്തിന്റെ അനന്ത മോഹനമായ സ്നേഹം നിങ്ങൾക്കു കാണാം. യേശുവിന്റെ കര

ത്തിന്റെ ദിവ്യസ്പർശം നിങ്ങൾക്കനുഭവിക്കാം.

നിങ്ങളുടെ പ്രതിസന്ധി എന്ത്, നിങ്ങളുടെ പ്രശ്നത്തിന്റെ രൂക്ഷത എന്ത് എന്ന് നിങ്ങൾ ദൈവത്തോടു പറയൂ. നിങ്ങൾ പറയുംമുമ്പേ അറിയുന്ന ദൈവം നിങ്ങൾക്കുവേണ്ടി കരമെടുക്കും.

പ്രിയപ്പെട്ടവരേ, അനുഗ്രഹത്തിന്റെ ഉപാധി എന്താണ്? അനുഗ്രഹിക്കാൻ ദൈവം തയ്യാറാണ്. പക്ഷേ, ഒരു കാര്യം ചെയ്യണം. അനുഗ്രഹിക്കണമെങ്കിൽ നിന്റെ പേരു പറയണം.

> *"നിന്റെ പേർ എന്ത് എന്ന് അവൻ അവനോടു ചോദിച്ചതിന്ന്: യാക്കോബ് എന്ന് അവൻ പറഞ്ഞു." ഉല്പത്തി 32 : 27*

കർത്താവിനറിയാൻ പാടില്ലേ യാക്കോബിന്റെ പേര്? യാക്കോബിനോട് ചോദിച്ചറിഞ്ഞിട്ടുവേണോ? പക്ഷേ ചോദിക്കുകയാണ്, നിന്റെ പേരെന്ത്?

> *"താൻ ഉണ്ടാക്കിയ രുചികരമായ ഭോജനവും അപ്പവും തന്റെ മകനായ യാക്കോബിന്റെ കൈയിൽ കൊടുത്തു. അവൻ അപ്പന്റെ അടുക്കൽ ചെന്നു: അപ്പാ, എന്നു പറഞ്ഞതിന്ന്: ഞാൻ ഇതാ; നീ ആർ, മകനേ എന്ന് അവൻ ചോദിച്ചു. യാക്കോബ് അപ്പനോട്: ഞാൻ നിന്റെ ആദ്യജാതൻ ഏശാവ്; എന്നോടു കല്പിച്ചത് ഞാൻ ചെയ്തിരിക്കുന്നു." ഉല്പത്തി 27 : 17 – 19*

ഇരുപതുകൊല്ലം മുമ്പ് കണ്ണുകാഴ്ച മങ്ങിയ അപ്പന്റെ മുമ്പിൽ ചെന്നുനിന്ന് യാക്കോബ് പറഞ്ഞതാണ്: "ഞാൻ നിന്റെ ആദ്യജാതൻ ഏശാവ്" എന്ന്. ഇരുപതുകൊല്ലംമുമ്പ് അപ്പനെ കബളിപ്പിച്ചു. ഒരു കൂസലുമില്ലാതെയാണ് അപ്പനോട് നുണ പറഞ്ഞത്.

താൻ നുണപറഞ്ഞത് യാക്കോബ് മറന്നെങ്കിലും സ്വർഗ്ഗ

ത്തിലെ ദൈവത്തിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിവച്ചിരിക്കുന്നു. അന്ന് ഞാൻ നിന്റെ ആദ്യജാതൻ ഏശാവ് എന്നുപറഞ്ഞപ്പോൾ അപ്പനായ യിസ്ഹാക്കിനൊരു സംശയം: മോനേ, നീ ഒന്ന് അടുത്തുവരാമോ? ഞാൻ ഒന്നു തപ്പി നോക്കട്ടെ. കാരണം, ശബ്ദം യാക്കോബിന്റേത്. അപ്പന് ഈ മോനെ അത്ര വിശ്വാസം പോരാ. യാക്കോബ് കഴുത്തും കൈയും എല്ലാം ആട്ടുരോമംകൊണ്ട് പൊതിഞ്ഞാണു വന്നിരിക്കുന്നത്. അപ്പൻ തപ്പി നോക്കി.

ഏശാവിന്റെ ശരീരം രോമാവൃതമാണ്. ഏശാവിന്റെ ശരീരംപോലെ തന്നെ ഈ ശരീരം. അപ്പൻ പറഞ്ഞു: ശബ്ദം യാക്കോബിന്റേത്, ശരീരം ഏശാവിന്റേയും. അപ്പന് വിശ്വസിക്കേണ്ടി വന്നു. കാരണം, തപ്പിനോക്കിയപ്പോൾ അപ്പന് അത് ഏശാവാണ് എന്നു തോന്നിപ്പോയി.

ഒരു കൂസലുമില്ലാതെ ഇരുപതുകൊല്ലം മുമ്പ് അപ്പന്റെ മുമ്പിൽ നുണപറഞ്ഞ്, അപ്പനെ കബളിപ്പിച്ച് അനുഗ്രഹം വാങ്ങിയ യാക്കോബ് കഴിഞ്ഞ ഇരുപതുകൊല്ലവും ആ പാപവും പേറിയാണ് നടക്കുന്നത്. ഇരുപതുകൊല്ലം മുമ്പ് സമർപ്പണം എടുക്കുമ്പോഴും ആ പാപം മാറിയിട്ടില്ല. ആ പാപം പേറിക്കൊണ്ടു തന്നെയാണ് സമർപ്പണം എടുക്കുന്നത്.

ബേർ-ശേബാ മരുഭൂമിയിൽക്കൂടി 600 നാഴിക ഓടുമ്പോഴും പാപം മാറിയിട്ടില്ല. ലേയയ്ക്കു വേണ്ടിയും റാഹേലിനു വേണ്ടിയും പതിന്നാലുകൊല്ലം വേലചെയ്ത് അമ്മാവന്റെ വീട്ടിൽ താമസിക്കുമ്പോഴും പാപം മാറിയിട്ടില്ല. ആടുമാടുകൾക്കുവേണ്ടി ആറുകൊല്ലം കഠിനമായി രാവെന്നില്ല, പകലെന്നില്ലാതെ അദ്ധ്വാനിച്ച് ചോരനീരാക്കിയപ്പോഴും ആ പാപം മാറിയിട്ടില്ല. സമർപ്പണം എടുത്തിട്ടുണ്ട്. പക്ഷേ, പാപം മാറിയിട്ടില്ല. പാപം മാറാതെ പൂർണ്ണ അനുഗ്രഹം ലഭിക്കയില്ല.

നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് യാക്കോബു പറഞ്ഞപ്പോൾ ആ പുരുഷൻ - ക്രിസ്തു -

ചോദിക്കുകയാണ്: നിന്റെ പേരെന്ത്? ഇരുപതു കൊല്ലം മുമ്പ് അപ്പന്റെ മുമ്പിൽ നുണപറഞ്ഞ അതേ നാവുകൊണ്ട് ഇപ്പോൾ എടുത്തുപറയുന്നു: "ഞാൻ യാക്കോബ്!" തുറന്നു പറഞ്ഞേ പറ്റൂ, ഏറ്റുപറഞ്ഞേ പറ്റൂ, തിരുത്തിപ്പറഞ്ഞേ പറ്റൂ. ഏതു നാവു കൊണ്ട് ഞാൻ ഏശാവ് എന്നുപറഞ്ഞോ അതേ നാവുകൊണ്ട് ഞാൻ യാക്കോബ് എന്നു തിരുത്തിപ്പറയണം.

തിരുത്തി പറയാനുള്ളവരുണ്ട്. മാപ്പു ചോദിക്കാനു ള്ളവരുണ്ട്. നിങ്ങളിൽ ചിലർക്കെല്ലാം ഭാര്യയോടു മാപ്പുചോദി ക്കാൻ കാണും. അപ്പനോടു മാപ്പുചോദിക്കാൻ കാണും. അമ്മ യോടു മാപ്പുചോദിക്കാൻ കാണും. ഭർത്താവിനോട് ക്ഷമ ചോദിക്കാൻ കാണും. അമ്മാവിയമ്മയോട് ക്ഷമ ചോദിക്കാൻ കാണും. മരുമോളോട് ക്ഷമ ചോദിക്കാൻ കാണും. അല്ല, മക്ക ളോടുപോലും ക്ഷമ ചോദിക്കാൻ കണ്ടു എന്നു വരാം.

ഞാൻ എന്റെ വിദ്യാർത്ഥികളോട് മാപ്പുചോദിച്ചിട്ടുണ്ട്. മൂന്നാം വർഷം ഡിഗ്രിക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയോടു ഞാൻ മാപ്പുചോദിച്ചു. അവന്റെ പേര് ശ്രീധരൻ എന്നാണ്. സാധാരണ ക്ലാസ്സിൽ ഞാൻ ചോദ്യം ചോദിക്കാറുണ്ട്. ഒരു ദിവസം ഈ കൊച്ചൻ മറുപടി പറഞ്ഞില്ല. എന്തുകൊണ്ടു പഠിച്ചുകൊണ്ടുവന്നില്ല എന്നു ചോദിച്ചു. അപ്പോൾ അവൻ മിണ്ടിയില്ല. എനിക്കു നല്ല ദേഷ്യം വന്നു. ഞാൻ പുറത്തിറക്കി വിട്ടു. എന്നിട്ട് പറഞ്ഞു: "വൈകുന്നേരം മൂന്നരയ്ക്ക് എന്നെ വന്നുകാണണം. എന്നിട്ട് നാളെ ക്ലാസ്സിൽ കയറിയാൽ മതി."

അവനെ ഇറക്കിവിട്ടപ്പോൾ മുതൽ എനിക്ക് മനസ്സി നൊരു വിഷമം. കാരണം, പഠിക്കാനല്ലേ കോളജിൽ വരുന്നത്. പഠിക്കാൻ വരുന്നവൻ ക്ലാസ്സിനു പുറത്തുനിന്നിട്ട് പ്രയോ ജനമില്ലല്ലോ. അവനോട് അത്രയും കർക്കശമാകണ്ടായിരുന്നു എന്നൊരു തോന്നൽ. അതുകൊണ്ട് അവൻ വരാൻ ഞാൻ കാത്തുനിന്നു. പക്ഷേ, മൂന്നരയ്ക്ക് അവൻ വന്നില്ല. അവൻ വരുമോ എന്നറിയാതെ എനിക്ക് വീട്ടിൽ പോകാൻ സാധിക്കു

ന്നുമില്ല. ഞാൻ സ്റ്റാഫ് റൂമിൽ തന്നെ ഇരുന്നു. നാലുമണി ആയപ്പോൾ മിക്കവാറും കോളേജ് വിജനമായി. അപ്പോഴാണ് ഇവൻ കയറി വരുന്നത്.

ഞാൻ ചോദിച്ചു: നീ എന്താ വൈകിയത്? സാറേ, എല്ലാവരും പോകട്ടെ എന്നു വിചാരിച്ചാണ്. സാറേ, ഞാൻ പഠിക്കാതെ വന്നതിന് കാരണമുണ്ട്. അത് പരസ്യമായി പറയാൻ പറ്റില്ല. ഇന്നലെ എന്റെ അച്ഛൻ കുറെ വൈകിയാണു വന്നത്. എന്റെ അച്ഛൻ ഇന്നലെ അരി കൊണ്ടുവന്നില്ല. അമ്മ കിടപ്പാണ്. അമ്മയ്ക്ക് ആസ്മ ആണ്. അച്ഛൻ കൊണ്ടുവരുന്ന അരി വെച്ചിട്ടുവേണം കഞ്ഞി കുടിക്കാൻ. അച്ഛൻ വന്നപ്പോൾ അരി വാങ്ങിയില്ലേ എന്ന് അമ്മ ചോദിച്ചു.

കിട്ടിയതു മുഴുവൻ കുടിച്ചിട്ടാണ് അച്ഛൻ വന്നത്. അമ്മ കിടന്നകിടപ്പിൽ അല്പം പരിഭവമായിട്ട് എന്തോ പറഞ്ഞു. അച്ഛനു ദേഷ്യംവന്നു. അച്ഛൻ കുറെ ചീത്തവിളിക്കുകയും അമ്മയെ തല്ലുകയും ചെയ്തു. രോഗിയായി കിടക്കുന്ന അമ്മ തല്ലുകൊണ്ടു. എനിക്ക് സങ്കടം വന്നു. സാറേ, രാവിലെ എങ്കിലും അമ്മയ്ക്കു കഞ്ഞികൊടുക്കണമല്ലോ. അച്ഛനു ജോലിക്കു പോയാൽ അവിടെ ആഹാരം കിട്ടും. സാറേ, ഞാൻ രാത്രി ബീഡി തെറുത്തു. എനിക്കു രാത്രി വായിക്കാൻ പറ്റിയില്ല. രാവിലെ തന്നെ ബീഡികൊണ്ടുപോയി കടയിൽ കൊടുത്ത് അരി മേടിച്ചുകൊണ്ടുവന്നുവച്ചിട്ടാണ് ഞാൻ പോന്നത്. വായിക്കാൻ പറ്റിയില്ല.

എനിക്ക് സങ്കടം വന്നു. ഞാൻ പറഞ്ഞു: മോനേ, നീ എന്നോടു ക്ഷമിക്കണം. ഞാൻ ഇത്രയ്ക്കു മനസ്സിലാക്കിയില്ല. ഞാൻ നിന്നോടു ദേഷ്യപ്പെട്ട് നിന്നെ പുറത്തിറക്കി വിട്ടത് തെറ്റായിപ്പോയി. അവനെ ചേർത്തുനിർത്തി എന്നോടു ക്ഷമിക്കണം എന്നു പറഞ്ഞിട്ട് അവനെ പറഞ്ഞുവിട്ടു.

പിറ്റേന്ന് ക്ലാസ്സിൽ പരസ്യമായി ഞാൻ പറഞ്ഞു: ഇന്നലെ ശ്രീധരനെ ക്ലാസ്സിൽ നിന്ന് പുറത്തിറക്കിവിട്ടത് എന്റെ കൈയിലെ

വലിയ ഒരു വീഴ്ചയായിപ്പോയി. എല്ലാവരോടുമായി ഞാൻ പറയുകയാണ്, എല്ലാവരും എന്നോടു ക്ഷമിക്കണം. ഞാൻ മാപ്പു ചോദിച്ചു.

ഇനി നിങ്ങൾ ചിന്തിച്ചു നോക്ക്. എവിടെയെങ്കിലും തെറ്റു പറ്റിയിട്ടുണ്ടോ? ഭാര്യയെ മർദ്ദിച്ചവരുണ്ടോ? ഭാര്യയെ വാക്കു കൊണ്ടു മുറിപ്പെടുത്തിയവരുണ്ടോ? ഭർത്താവിനെ വാക്കു കൊണ്ടു മുറിപ്പെടുത്തിയവരുണ്ടോ? മക്കളെ മുറിപ്പെടുത്തിയ വരുണ്ടോ? മക്കളോട് സ്നേഹമില്ലാതെ പെരുമാറിയവരു ണ്ടോ? മക്കളോട് വാത്സല്യമില്ലാതെ പെരുമാറിയവരുണ്ടോ?

ഒരു കൊച്ചൻ എന്നോടുപറഞ്ഞതാണ്. സാറേ, ഞാൻ പബ്ലിക്ക് ബൂത്തിൽ നിന്നാണു വിളിക്കുന്നത്. വീട്ടിൽ നിന്നു വിളിക്കാൻ പറ്റില്ല. അപ്പൻ അറിഞ്ഞാൽ എന്നെ കൊല്ലും. സാറേ, അപ്പൻ അത്ര ദേഷ്യക്കാരനാണ്. സാറിന്റെ പ്രസംഗം T V യിൽ കേട്ടു. അതുകൊണ്ട് സാറിനെ വിളിച്ചതാണ്.

എന്റെ വീട്ടിൽ TV ഓൺ ചെയ്തുതരില്ല. കാരണം, സാറിന്റെ പ്രസംഗം കേൾക്കുന്നത് എന്റെ അപ്പന് ഇഷ്ടമല്ല. അതു കൊണ്ട് അടുത്ത വീട്ടിൽ പോയാണ് പ്രസംഗം കേട്ടത്. അതിൽ നിന്ന് നമ്പർ കുറിച്ചെടുത്താണു വിളിക്കുന്നത്. ഞാൻ സാറിനെ നേരിട്ടു കണ്ടിട്ടില്ല. പക്ഷേ, സാർ ജോലിചെയ്ത St. Peter's college-ൽ തന്നെ ഞാൻ ഇപ്പോൾ പഠിക്കുകയാണ്. ഞാൻ ഡിഗ്രി വിദ്യാർത്ഥിയാണ്. സാറേ, എനിക്കൊരു സങ്കടം പറയാ നുണ്ട്. സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കണം. സാറിനെ നേരിട്ടു കാണാൻ നിവൃത്തിയില്ല. സാറിന്റെ വീട്ടിൽ പ്രാർത്ഥന യ്ക്കുവരാനും നിവൃത്തിയില്ല. സാറേ, എന്റെ അപ്പന് എന്നോടു സ്നേഹമുണ്ടാകാൻ പ്രാർത്ഥിക്കണം.

“എന്താണ് മോനേ, അങ്ങനെ പറയാൻ കാരണം?” “സാറേ, എന്റെ അപ്പൻ എന്നെ പേരു പറഞ്ഞു വിളിക്കുന്നതു ഞാൻ കേട്ടിട്ടില്ല. അപ്പൻ ഒരു തെറി പറഞ്ഞുകൊണ്ടാണ് എന്നെ വിളിക്കുന്നത്. ആ വാക്ക് സാറിനോടു പറയാൻ എനിക്കു

വിഷമമുണ്ട്. എന്റെ അപ്പനിൽ നിന്ന് സ്നേഹത്തിന്റെ ഒരു വാക്കു കിട്ടാൻ ഞാൻ കൊതിക്കുന്നു. സാറ് എനിക്കുവേണ്ടി പ്രാർത്ഥിക്കണം.”

ഞാൻ പറഞ്ഞു: മോനേ, നീ അപ്പനെ സ്നേഹിക്ക്. നീ അപ്പനെ അപ്പനായിട്ട് മാനിക്ക്. നിനക്ക് സ്നേഹം കിട്ടും. ഇന്ന ല്ലെങ്കിൽ നാളെ കിട്ടും. ദൈവം നിന്നെ സ്നേഹിക്കുന്നുണ്ട്. അഥവാ അപ്പന്റെ സ്നേഹം കിട്ടിയില്ലെങ്കിലും സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സ്നേഹം നിനക്ക് കിട്ടാതിരിക്കയില്ല. ഞാൻ അവനെ ആശ്വസിപ്പിച്ചു.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിൽ തിരുത്താൻ എന്തെങ്കിലുമുണ്ടോ? സ്നേഹം കൊടുക്കേണ്ടിടത്ത് സ്നേഹം കൊടുക്കാതെ പോയിട്ടുണ്ടോ? കരുണ കാണിക്കേണ്ടിടത്ത് കരുണ കാണിക്കാതെ പോയിട്ടുണ്ടോ? വാത്സല്യം കാണിക്കേ ണ്ടിടത്ത് വാത്സല്യം കാണിക്കാതെ പോയിട്ടുണ്ടോ? എന്തെങ്കിലും തിരുത്താനുണ്ടോ? നിങ്ങൾ കടന്നുപോന്ന പടവു കൾ ഓരോന്നായി ഓർത്തു നോക്കൂ. ചില ഉളുക്കുകൾ, ചില കേടുകൾ നിങ്ങൾക്കു സംഭവിച്ചിട്ടുണ്ട്. അരുതാത്തത് ചിലത് സംഭവിച്ചു പോയിട്ടുണ്ട്. നിങ്ങൾക്ക് അർഹതയില്ലാത്ത പൈസ നിങ്ങളുടെ കൈയിൽ വന്നുപോയിട്ടുണ്ട്.

നിങ്ങൾ കൊള്ളരുതാത്ത രീതിയിൽ നിങ്ങളുടെ പൈസ ചെലവഴിച്ചിട്ടുണ്ട്. നിങ്ങളുടെ ആരോഗ്യം, യുവത്വത്തിന്റെ ഓജസ്സ് നിങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞിട്ടുണ്ട്. അശുദ്ധി സംഭവിച്ചുപോയിട്ടുണ്ട്. തിരുത്താനില്ലേ? ഓർത്തുനോക്കൂ.

യാക്കോബിനോടു ദൂതൻ ചോദിച്ചു: നിന്റെ പേരെന്ത്? യാക്കോബ് പറഞ്ഞു: ഞാൻ യാക്കോബ്. ഒരിക്കൽ തെറ്റുപ റ്റിയ അതേ നാവുകൊണ്ട് അതേകാര്യം തന്നെ തിരുത്തി പറയു കയാണ്.

നിങ്ങൾക്ക് എവിടെയെല്ലാം തിരുത്താനുണ്ട്? ആർക്കെ

ങ്കിലും കൊടുത്തുതീർക്കാനുണ്ടോ? നിങ്ങൾ ദയവായി നിങ്ങളുടെ ന്യായീകരണങ്ങൾ താഴെ വയ്ക്കൂ. എന്നിട്ട് യാതൊരുപാധികളുമില്ലാതെ ദൈവസന്നിധിയിൽ നിങ്ങൾ തീരുമാനിക്കൂ: കർത്താവേ, എനിക്കു തെറ്റുപറ്റിയിടത്തെല്ലാം ഞാൻ തിരുത്തിക്കൊള്ളാം. ഇപ്പോൾ നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല.

തെറ്റുപറ്റിയിടത്തെല്ലാം തിരുത്തിക്കൊള്ളാമെന്ന് നിങ്ങൾ തീരുമാനിച്ചുകൊണ്ട് ദൈവത്തോട് വാക്കുപറഞ്ഞാൽ സ്വർഗ്ഗത്തിലെ ദൈവം നിങ്ങൾക്ക് കൃപ തരും. ദൈവം നിങ്ങളെ വളർത്തും. നിങ്ങളെ ഉയർത്തും.

ഒരു ചെറുപ്പക്കാരൻ എന്നെ കാണാൻ വന്നു. അവൻ പറഞ്ഞു: എറണാകുളം മാർക്കറ്റ് റോഡിൽ ഒരു സേട്ടുവിന്റെ കടയിൽ ഞാൻ കണക്കെഴുത്തുകാരനായിരുന്നു. എനിക്ക് വേറെ നല്ലജോലി കിട്ടി. ഞാൻ അവിടെനിന്നുപോന്നു. ആ സേട്ടുവിന്റെ കടയിൽ കണക്കെഴുത്തുകാരനായിരുന്നപ്പോൾ കുറച്ചു രൂപ അവിഹിതമായി ഞാൻ എടുത്തുപോയി. എനിക്കിപ്പോൾ അത് തിരുത്തണമെന്നുണ്ട്. എന്തുവേണമെന്നറിയാൻ പാടില്ല.

ഞാൻ ചോദിച്ചു: ആ സേട്ടു കോപിഷ്ഠനാണോ? നീ മാപ്പുചോദിക്കാൻ ചെന്നാൽ നിന്നെ ഉപദ്രവിക്കുമോ? സാറേ, എനിക്കറിയാൻ പാടില്ല. അദ്ദേഹം അന്നൊക്കെ നല്ല കോപിഷ്ഠനായിരുന്നു. ചിലപ്പോൾ മുൻകോപത്തോടുകൂടി എന്തും ചെയ്യാൻ മടിക്കാത്ത ആളാണ്.

ഞാൻ പറഞ്ഞു: നീ ഒരുങ്ങണം. ഇരുപത്തൊന്നു ദിവസം ഉപവാസം എടുക്കൂ. ഞാനും നിനക്കുവേണ്ടി പ്രാർത്ഥിക്കാം. ഇരുപത്തൊന്നു ദിവസം കഴിഞ്ഞ് അവൻ കുറച്ചു രൂപയുമായി വന്നു. ഞാൻ പറഞ്ഞു: നീ ചെന്ന് മാപ്പുചോദിച്ച് അദ്ദേഹത്തോടു പറയണം: "എനിക്ക് ഒരബദ്ധം പറ്റിപ്പോയി. ഞാൻ ഇത്രയും രൂപ എടുത്തുപോയി. ഓർമ്മയിലുള്ളതിലും അധികം രൂപ ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ഇത് അങ്ങ് വാങ്ങണം. എന്നോട്

ക്ഷമിക്കണം. എനിക്കു മാപ്പുതരണം.”

വൈകുന്നേരം അവൻ വീണ്ടും വന്നു: സാറേ, ഞാൻ വലിയ സമാധാനത്തോടെയാണ് വന്നിരിക്കുന്നത്. ഒരത്ഭുതം നടന്നു. ഞാൻ ചെല്ലുമ്പോൾ സേട്ടു അവിടെത്തന്നെ ഉണ്ടായിരുന്നു. ഞാൻ സേട്ടുവിനോട് നമുക്കു മുകളിലോട്ടു പോകാം, ഒരുകാര്യം രഹസ്യമായിട്ട് പറയാനാണെന്ന് പറഞ്ഞു. സേട്ടു എന്റെ കൂടെ മുകളിലേക്ക് വന്നു. ഞാൻ പൊട്ടിക്കരഞ്ഞു കൊണ്ടു പറഞ്ഞു: ഞാൻ ഇവിടെനിന്നു കുറച്ചു രൂപ അപഹരിച്ചു. എനിക്കു തെറ്റുപറ്റിപ്പോയി. ആ രൂപ തിരിച്ചു തരാനായിട്ട് വന്നതാണ്. നിനക്ക് എന്താ അങ്ങനെ തോന്നിയത് എന്നദ്ദേഹം ചോദിച്ചു.

ഞാൻ ഒരു സുവിശേഷയോഗത്തിനുപോയി. ഞാൻ ദൈവത്തിന്റെ വചനം കേട്ടു. എനിക്ക് തെറ്റുപറ്റി എന്നു മനസ്സിലായി. അതെന്റെ കൈയിൽ ഇരുന്നാൽ എനിക്കു ദോഷമാണെന്ന് മനസ്സിലായി. എന്റെ ഭാവിക്ക് അപകടമാണെന്ന് മനസ്സിലായി. അതുകൊണ്ട് അത് തിരിച്ചുതന്ന് മാപ്പുചോദിക്കാൻ വന്നതാണ്. ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ ഞാൻ അറിയാതെ കരഞ്ഞുപോയി. അദ്ദേഹവും കരഞ്ഞു. ആ സേട്ട് എന്നെ കെട്ടിപ്പിടിച്ചു: മോനേ, നിനക്കു നല്ലതുവരട്ടെ. രൂപ നീ തരണ്ട. ഇതു ഞാൻ നിനക്കു തന്നതായിട്ട് കരുതിക്കോ. നിനക്കു നല്ല ഭാവി ഉണ്ടാകും എന്നുപറഞ്ഞ് എന്റെ തലയിൽ കൈ വച്ച് അനുഗ്രഹിച്ച് പറഞ്ഞുവിട്ടു.

അവൻ എന്നോടു പറഞ്ഞു: സാറേ, പോയി പറയുന്നതു വരെയും വേണ്ട, വേണ്ട എന്ന് ആരോ പിടിച്ചു പിറകോട്ടു വലിക്കുന്നതുപോലെ ആയിരുന്നു. പറഞ്ഞു കഴിഞ്ഞപ്പോൾ എനിക്കു വലിയ സമാധാനമായി. വലിയ സ്വസ്ഥതയായി.

പ്രിയമുള്ളവരേ, നിങ്ങൾക്കു തിരുത്താൻ വല്ലതും ഉണ്ടോ?

*"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവന്നോ കരുണ ലഭിക്കും."*

*സദൃശവാക്യങ്ങൾ 28 : 13*

മാപ്പുചോദിക്കുന്നതു മോശമാണ്, അത് മാന്യതക്കുറവാണെന്ന് കരുതണ്ട. പ്രിയപ്പെട്ടവരേ, അത് മഹത്വത്തിന്റെ ലക്ഷണമാണ്. എവിടെയെല്ലാമാണോ നിരപ്പാകേണ്ടത്, ഒന്നും ബാക്കി വച്ചേക്കരുത്. കരടൊന്നും ജീവിതത്തിൽ ഉണ്ടായിരിക്കരുത്.

യാക്കോബ്, "ഞാൻ യാക്കോബ്" എന്ന് ഏറ്റുപറഞ്ഞു. അവനു കരുണ ലഭിച്ചു.

*"നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചതുകൊണ്ട് നിന്റെ പേർ ഇനി യാക്കോബ് എന്നല്ല യിസ്രായേൽ എന്നു വിളിക്കപ്പെടും."*

*ഉല്പത്തി 32 : 28*

സത്യമായ സമർപ്പണത്തിലേക്കു വന്നത് ഏറ്റുപറച്ചിലോടുകൂടിയാണ്. പാപം ഏറ്റുപറഞ്ഞുപേക്ഷിച്ചതുകൊണ്ടാണ് സമർപ്പണത്തിന്റെ പൂർണ്ണതയിലേക്ക് വന്നത്. ശരിയായ സമർപ്പണം വന്നപ്പോൾ ദൈവം പറയുകയാണ്: ഇനി നിന്റെ പേര് യാക്കോബ് എന്നല്ല. നിനക്ക് ഞാൻ പേരു മാറ്റിത്തരികയാണ്. ഒരു പുതിയ പേരു തരികയാണ്. യിസ്രായേൽ – Prince of God – 'ദൈവത്തിന്റെ രാജകുമാരൻ' എന്നപേര് നിനക്കു തരികയാണ്.

പുതിയ അനുഗ്രഹം പുതിയ പേരോടുകൂടിയാണ്. പഴയതെല്ലാം മാറ്റിക്കളഞ്ഞാണ് അനുഗ്രഹം പകരുന്നത്. പഴയ സ്വഭാവങ്ങൾ മാറ്റിക്കൊണ്ടാണ് അനുഗ്രഹം പകരുന്നത്.

നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് രാത്രിയുടെ ഏകാന്തതയിൽ ദൈവസന്നിധിയിലിരുന്ന്

മുട്ടിപ്പായി പ്രാർത്ഥിക്കുക. നിങ്ങൾ ഒറ്റയ്ക്കിരുന്ന് ജീവിതത്തിൽ വന്നുപോയ പാപങ്ങൾ ഒന്നൊന്നായി ഏറ്റുപറയണം. യേശുവേ, നീ എന്റെ അരികിലേക്ക് വന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ കർത്താവേ, എന്റെ ഹൃദയം ഞാൻ തുറക്കുകയാണ്. എന്റെ പാപങ്ങളെല്ലാം ഞാൻ ഏറ്റുപറഞ്ഞിരിക്കയാണ്. ഇനി മേലിൽ പാപമില്ലാത്ത ഒരു പുതിയ ജീവിതം നയിക്കുമെന്ന് ഞാൻ നിന്നോട് വാക്കുപറയുകയാണ്. ഇപ്പോൾ എന്നെ അനുഗ്രഹിച്ചല്ലാതെ നീ കടന്നുപോകരുതേ. എന്നെ അനുഗ്രഹിക്കാതെ നീ മാറിപ്പോകരുതേ.

നിങ്ങൾ മുട്ടിപ്പായി പറയൂ. അപ്പോൾ കാണാം, യേശുവിന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെ തലമേൽ വരുന്നത്. നിങ്ങളുടെ ഹൃദയത്തിൽ ഒരാശ്വാസം നിങ്ങൾക്കു ലഭിക്കും. നിങ്ങളുടെ പ്രാർത്ഥന ക്രിസ്തു കേട്ടു എന്നുള്ള ഉറപ്പു കിട്ടും. നിങ്ങളെ കർത്താവനുഗ്രഹിച്ചു എന്നുള്ള ധൈര്യം കിട്ടും. നിങ്ങൾ യേശുവിന്റെ വകയായി എന്നുള്ള ഒരു പ്രാഗത്ഭ്യം നിങ്ങൾക്കു കിട്ടും. നിങ്ങളുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ലഭിക്കും.

സന്തോഷം നിങ്ങളുടെ ഹൃദയത്തിൽ അലതല്ലാൻ തുടങ്ങും. അതോടെ നിങ്ങളുടെ ജീവിതത്തിൽനിന്ന് രോഗങ്ങൾ പോലും മാറിപ്പോകും. കാരണം, വേദപുസ്തകം പറയുന്നു:

*"സന്തുഷ്ട ഹൃദയം നല്ലോരു ഔഷധമാകുന്നു."*
*സദൃശ്യവാക്യങ്ങൾ 17 : 22*

നിങ്ങളുടെ ജീവിതത്തിൽ സന്തുഷ്ടഹൃദയം പ്രാപിക്കുക. സന്തുഷ്ടഹൃദയം പ്രാപിക്കുമ്പോൾ വിട്ടുമാറാത്ത തലവേദന മാറും. വയറിലെ അസ്വസ്ഥതകൾ മാറും. ക്യാൻസർ രോഗം പോലും മാറും.

മരണത്തോളം പാപമില്ലാത്ത ജീവിതം ഞാൻ നയിക്കുമെന്ന് സമർപ്പണമെടുത്താൽ നിങ്ങളുടെ പരീക്ഷയിൽ

നിങ്ങൾ വിജയിക്കും. നിങ്ങളുടെ മക്കൾ ഉത്തരോത്തരം അഭിവൃദ്ധിപ്പെടും. നിങ്ങളുടെ പ്രശ്നങ്ങൾ മാറിക്കിട്ടും.

പാപത്തോടുകൂടി അനുഗ്രഹമില്ല. പാപത്തെ ഞാൻ വിടുന്നു; അനുഗ്രഹം എന്നിലേക്കൊഴുകുന്നു. പാപത്തെ ഞാൻ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നു. ഇന്നുമുതൽ പാപമില്ലാത്ത ജീവിതം ഞാൻ തീരുമാനിക്കുന്നു. അങ്ങനെ നിങ്ങൾ തീരുമാനിക്കുമ്പോൾ യേശുവിന്റെ തിരുരക്തം നിങ്ങളെ കഴുകും.

നമ്മുടെ പാപങ്ങളെല്ലാം, കടങ്ങളെല്ലാം യേശുവിന്റെ account–ലേക്കു മാറ്റുകയാണ്. യേശുവിന്റെ ധനമെല്ലാം നമ്മുടെ account – ലേക്കു മാറുകയാണ്. ഒരു money transfer!

നിങ്ങളുടെ ശാപത്തിന്റേയും വ്യഭിചാരത്തിന്റേയും തിന്മയുടേയും മദ്യപാനത്തിന്റേയും കഞ്ചാവിന്റേയും മയക്കുമരുന്നിന്റേയും വഴക്കിന്റേയും വൈരാഗ്യത്തിന്റേയും അസൂയയുടേയും പിണക്കത്തിന്റേയും പകയുടേയും വിദ്വേഷത്തിന്റേയും അക്കൗണ്ട് എല്ലാം യേശുവിന്റെ അക്കൗണ്ടിലേക്ക്. യേശുവിന്റെ വിശുദ്ധിയുടെ അക്കൗണ്ട് നിങ്ങളുടെ അക്കൗണ്ടിലേക്ക്. യേശുവിന്റെ സ്നേഹത്തിന്റെ അക്കൗണ്ട് നിങ്ങളുടെ അക്കൗണ്ടിലേക്ക്. യേശുവിന്റെ കരുണയുടെ അക്കൗണ്ട് നിങ്ങളുടെ അക്കൗണ്ടിലേക്ക്. പാപക്ഷമയുടെ അക്കൗണ്ടെല്ലാം നിങ്ങളുടെ അക്കൗണ്ടിലേക്ക്.

കാൽവറിക്രൂശിലെ സ്നേഹമല്ലയോ നിങ്ങളെ ക്ഷണിക്കുന്നത്. നീ പുറത്തു നിൽക്കേണ്ടവനല്ല; അനുഗ്രഹത്തിന്റെ ഉടയവനായി വാഴേണ്ടവനാണ്. കർത്താവായ യേശു വിളിക്കുന്ന സമയം നിങ്ങൾ നഷ്ടപ്പെടുത്തരുത്.

നമുക്കു പ്രാർത്ഥിക്കാം: കരുണയുള്ള കർത്താവേ, ഈ നല്ല സമയത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അത്ഭുതകൃപയ്ക്കും അത്ഭുതസാന്നിദ്ധ്യത്തിനുമായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ പാപത്തിന്റെ അക്കൗണ്ടെല്ലാം

നിന്റെ അക്കൗണ്ടിലേക്ക് transfer ചെയ്തതിനായി നിന്നെ സ്തുതിക്കുന്നു. നിന്റെ സ്നേഹത്തിന്റെയും വിശുദ്ധിയുടെയും അക്കൗണ്ടെല്ലാം ഞങ്ങളുടെ പേരിൽ മാറ്റിത്തന്നതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സമർപ്പണം എടുത്ത എല്ലാവരുടെമേലും തൃക്കരം വയ്ക്കണമേ. നിന്റെ ആണിപ്പാടുള്ള കരം നിന്റെ മക്കളുടെ കണ്ണുനീരു തുടയ്ക്കണമേ. കുടുംബസമാധാനം നൽകണമേ. അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി ഞങ്ങളെ ഒരുക്കണമേ. യേശുവിൻ നാമത്തിൽത്തന്നേ, ആമ്മേൻ.

## പതിമൂന്ന്

*“ഞാനോ സ്തോത്രനാദത്തോടെ നിനക്ക് യാഗം അർപ്പിക്കും; നേർന്നിരിക്കുന്നത് ഞാൻ കഴിക്കും.”*

*യോനാ 2 : 9*

“യഹോവയോട് ഞാൻ പറഞ്ഞുപോയി, എനിക്ക് പിന്മാറിക്കൂടാ.” യോനാ പറയുകയാണ്: നേർന്നിരിക്കുന്നത്, വാക്ക് പറഞ്ഞത് ഞാൻ കഴിക്കും.

സുറിയാനിസഭയുടെ ആരാധനയിൽ വിശുദ്ധ കുർബ്ബാനയുടെ ആദ്യ ഭാഗങ്ങളിൽ ഒരു ഗീതമുണ്ട്.

“എന്നും സ്തുതി നിൻ കനിവിനു കനിവേറും-രക്ഷകനേ
എത്ര നിറഞ്ഞിന്നെങ്ങും കാണുന്നു-നിൻ ദാനം
നിനുവയരോടുണ്ടാ-യകോപം
നിലവിളിയാൽ നീ-നീക്കി-യല്ലോ”

നിനവെ എന്ന പ്രദേശത്തുള്ളവരോട് ദൈവത്തിന് കോപമുണ്ടായപ്പോൾ ആ ജനം അനുതപിച്ചു നിലവിളിച്ചു, ദൈവം കോപം മാറ്റി. കടലിൽ മത്സ്യത്തിന്റെ വയറ്റിൽ കിടന്ന് യോനാ നിലവിളിച്ചു, ദൈവം യോനായോട് കരുണ കാണിച്ചു. അതുകൊണ്ട് ദൈവമേ, ഞങ്ങളോടും കരുണചെയ്യണമേ.

നിനവെ എന്നു പറയുന്ന പട്ടണം, അന്നത്തെ അസ്സീറിയൻ സാമ്രാജ്യത്തിലെ ഒരു തുറമുഖനഗരമാണ്. നിനവെ എന്ന പേരിൽ ഉള്ളിലേയ്ക്ക് മാറി ഉയർന്നതലത്തിൽ ഒരു പട്ടണമുണ്ട്. നിനവെയിലുള്ള ജനം ദുർമാർഗ്ഗികളായി, ദുഷ്ടന്മാരായി, ദൈവബോധമില്ലാത്തവരായിത്തീർന്നു. ദുഷിച്ച പ്രവർത്തന

ങ്ങളിൽ മുഴുകിയ അവരെ ദൈവം ശിക്ഷിക്കുവാൻ തീരുമാനിച്ചു. ദൈവം തന്റെ ഹിതം പലപ്പോഴും തന്റെ പ്രവാചകന്മാരെ അറിയിക്കാറുണ്ട്. സ്വർഗ്ഗീയപദ്ധതികൾ, മനുഷ്യനെക്കുറിച്ചുള്ള പദ്ധതികൾ മനുഷ്യരിൽ ദൈവം തിരഞ്ഞെടുക്കുന്ന പ്രവാചകന്മാരെ അറിയിക്കും. അത് ദൈവത്തിന്റെ പ്രമാണമാണ്.

മോശ, യോശുവ തുടങ്ങിയ പ്രവാചകന്മാർ. പിന്നെ മുന്നോട്ട് വരുമ്പോൾ ശമൂവേൽ. ശമൂവേൽ പ്രവാചകന്റെ കാലം കഴിഞ്ഞ് ഏലിയാവ്, ഏലീശാ, ഗാദ്, നാഥാൻ പ്രവാചകൻ. പിന്നെ യിരെമ്യാവ്, യെശയ്യാവ്, ദാനിയേൽ, യെഹസ്ക്കേൽ എന്നിങ്ങനെയുള്ള അനേകം പ്രവാചകന്മാരെ നാം തിരുവചനത്തിൽ കാണുന്നുണ്ട്. ദൈവത്തിന്റെ ഹിതം മനുഷ്യരെ അറിയിക്കുവാൻ നിയോഗിക്കപ്പെട്ടവരാണ് അവർ. അവർ ദൈവത്തിൽനിന്ന് തിരുശബ്ദം ശ്രവിച്ചിട്ട്, ആ ദൈവികപദ്ധതികൾ ജനത്തിന് പകർന്നുകൊടുക്കുന്നു. അവർ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിച്ചുകൊണ്ടിരുന്നു.

യോനാപ്രവാചകനോട് ദൈവം പറഞ്ഞു: നാല്പതു ദിവസം കഴിഞ്ഞാൽ നിനവെ ഉന്മൂലമാകും. എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് നീ അവർക്കൊരു മുന്നറിയിപ്പ് കൊടുക്കണം. ദൈവസന്നിധിയിൽ പ്രതിഷ്ഠയെടുത്ത്, നേർച്ച നേർന്ന് പ്രതിജ്ഞയെടുത്ത ദൈവത്തിന്റെ പ്രവാചകനായ യോനായോട് ദൈവം പറഞ്ഞു: നീ ഇപ്പോൾ നിനവെയിലേക്ക് പോക.

ആഫ്രിക്കയുടെ വടക്കെ തീരത്ത് മെഡിറ്ററേനിയൻ കടലിന്റെ അരികത്ത്, ലിബിയയോട് ചേർന്ന ഭാഗത്താണ് യോനാ അന്ന് തമസിക്കുന്നത്. യോനായോടു ദൈവം പറഞ്ഞു: നീ പുറപ്പെടുക.

*“അമിത്ഥായുടെ മകനായ യോനായ്ക്ക് യഹോവ യുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ: നീ പുറ*

*പ്പെട്ട് മഹാനഗരമായ നിനവെയിലേക്കു ചെന്ന് അതിന്നു വിരോധമായി പ്രസംഗിക്ക; അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു. എന്നാൽ യോനാ യഹോവയുടെ സന്നിധിയിൽനിന്നു തർശീശിലേക്കു ഓടിപ്പോകേണ്ട തിന്ന് പുറപ്പെട്ടു യാഫോവിലേക്കു ചെന്നു, തർശീശിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടു കൂലി കൊടുത്തു യഹോവയുടെ സന്നിധിയിൽ നിന്ന് അവരോടുകൂടെ തർശ്ശീശിലേക്കു പോയ്ക്കളവാൻ അതിൽ കയറി.”* *യോനാ 1: 1 – 3*

മെഡിറ്ററേനിയൻ കടലിനെയും ചെങ്കടലിനെയും യോജിപ്പിക്കുന്ന സൂയസ്കനാൽ അന്ന് ഇല്ല. തീർച്ചയായും നിനവെയിലേയ്ക്ക് പോകണമെങ്കിൽ മെഡിറ്ററേനിയൻ കടലിൽക്കൂടി യോനാ നേരെ കിഴക്കോട്ട് യാത്ര ചെയ്ത് പിന്നെ കരയിൽ കടന്ന് ചെങ്കടലിന്റെ അപ്പുറത്ത് ചെന്ന് നടന്ന് വേണം നിനവെയിൽ എത്താൻ.

ഈ വചനം കേട്ടപ്പോൾ യോനാ ഓർത്തു; ഞാൻ പോയാൽ, ദൈവം പറഞ്ഞത് ഞാൻ നിനവെക്കാരോട് പറയും, സംശയമില്ല. ഞാൻ പറയുന്നത് നിനവെ ഉന്മൂലമാകുമെന്നാണ്. നിങ്ങൾ അനുതപിച്ചാൽ നിങ്ങൾക്ക് രക്ഷയുണ്ട്, നിങ്ങൾ മാനസാന്തരപ്പെട്ടാൽ നിങ്ങളുടെ ശിക്ഷ മാറിക്കിട്ടും എന്നൊന്നും പറയാൻ ദൈവം പറഞ്ഞിട്ടില്ല. നാല്പതു ദിവസം കഴിഞ്ഞാൽ നിനവെ ഉന്മൂലമാകും എന്നുമാത്രമേ എനിക്ക് പറയാൻ പറ്റൂ.

ഞാൻ അവിടെ ചെന്ന് അതുപോലെ തന്നെ പറഞ്ഞാൽ ജനം അനുതപിക്കും; മാനസാന്തരപ്പെടും. അപ്പോൾ ദൈവം ശിക്ഷ മടക്കിക്കളയും. എന്റെ വാക്ക് വെറുതെയാകും. എനിക്ക് വിലയില്ലാതാകും. യോനാ തന്റെ സ്വന്തം സ്ഥാനം, മാനം, നിലനില്പ്, മനുഷ്യരുടെ ഇടയിലുള്ള അംഗീകാരം എല്ലാം നോക്കി.

പ്രവാചകനായിരുന്നെങ്കിലും സ്വന്തജീവിതത്തിൽ നടക്കേണ്ട ശുദ്ധീകരണം പ്രാപിച്ചിരുന്നില്ല. സ്വയം ക്രൂശിക്കപ്പെട്ടിരുന്നില്ല, തകർന്നിരുന്നില്ല. ഞാൻ, എന്റേത്, എന്റെ അഭിപ്രായം, എന്റെ ശുശ്രൂഷ – ego, self. അത് യോനായ്ക്ക് വിട്ടുകളയാൻ കഴിഞ്ഞിരുന്നില്ല. പ്രവാചകനായിരുന്നെങ്കിലും പ്രവാചകശുശ്രൂഷയ്ക്ക് ആവശ്യമായ വിശുദ്ധി ഉണ്ടായിരുന്നില്ല.

പ്രിയപ്പെട്ടവരേ, നമ്മിൽ പലരും ദൈവസന്നിധിയിൽ, “സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹായെ ഞാൻ സ്വീകരിക്കുന്നു” എന്ന് പ്രതിഷ്ഠ എടുത്തവരാണ്. അന്ന് വളരെ ചെറിയ കുഞ്ഞായിരുന്നപ്പോൾ നമ്മുടെ തലതൊട്ടപ്പനോ തലതൊട്ടമ്മയോ പറഞ്ഞത് നാം ഓർക്കുന്നില്ലെങ്കിലും പിന്നീട് നാം വളർന്നു വരുമ്പോൾ, അവർ ഇതെല്ലാം പറഞ്ഞുതന്ന്, നമ്മെ ദൈവികവഴിയിലേക്ക് തിരിക്കുകയും, നമ്മെ ആ വഴിയിൽക്കൂടി നടത്തുകയും, നമ്മെ ഇങ്ങനെ പണ്ടൊരു സമർപ്പണം എടുത്തിരുന്ന കാര്യം ഓർമ്മപ്പെടുത്തുകയും ചെയ്ത് ജീവിതത്തിൽ സാക്ഷാത്തായ അനുഭവത്തിലേക്ക് നയിക്കേണ്ടതാണ്.

അത് ഏതെങ്കിലും കർമ്മപരിപാടി നിർവ്വഹിച്ചല്ല. നമ്മുടെ സ്വന്തം ഇച്ഛാശക്തികൊണ്ട്, സ്വന്തം ഹൃദയത്തിൽ ഒരു തീരുമാനമെടുത്ത്, ഞാൻ സാത്താനെ ഉപേക്ഷിച്ചവനാണ്, ഉപേക്ഷിച്ചവളാണ്, പാപത്തെ വിട്ടവളാണ്, പാപസാഹചര്യങ്ങളോട് യാത്രപറഞ്ഞവനാണ്, അതുകൊണ്ട് ഇനി എനിക്ക് പാപം ചെയ്യുവാൻ പറ്റുകയില്ല, “യഹോവയോടു ഞാൻ പറഞ്ഞുപോയി എനിക്ക് പിന്മാറിക്കൂടാ” എന്നുള്ള വ്യക്തമായ ബോദ്ധ്യത്തോടും ധാരണയോടും കൂടി നാം ഒരു വിശുദ്ധജീവിതം നയിക്കേണ്ടതാണ്.

പാപത്തിന്റെ ചിന്തകളില്ലാത്തപ്പോഴും നമ്മുടെ പാപപ്രകൃതി – sinful nature – നമ്മിൽ ഉണ്ടായിരുന്നു. ഈ പാപപ്രകൃതി മരിച്ചെങ്കിൽ മാത്രമേ ഫലപ്രദമായ ശുശ്രൂഷ നിർവ്വഹിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ; മാത്രമല്ല, നമുക്ക് ദൈവരാജ്യത്തിൽ എത്തുവാനും, ദൈവസന്നിധിയിൽ പ്രസന്നതയോടെ

നിൽക്കുവാനും സാധിക്കയുള്ളൂ. യോനായ്ക്ക് ഇതൊന്നും അത്ര നിശ്ചയമുണ്ടായിരുന്നില്ലെന്ന് തോന്നുന്നു.

യോനാ പുറപ്പെട്ട് കുറച്ച് മുന്നോട്ടുപോയി. പക്ഷേ, അവിടെ തുറമുഖത്ത് എത്തിയപ്പോൾ, മെഡിറ്ററേനിയൻ കടലിൽ കിഴക്കോട്ടും പടിഞ്ഞാറോട്ടും പോകുന്ന കപ്പലുണ്ട്. കിഴക്കോട്ട് പോകുന്ന കപ്പലിൽ അസ്സീറിയൻ സാമ്രാജ്യത്തിന്റെ തുറമുഖ നഗരമായ നിനെവെയിലേയ്ക്ക് പോകാം. പടിഞ്ഞാറോട്ട് പോകുന്ന കപ്പൽ തർശ്ശീശിലേയ്ക്ക് (Great Britain) – ഇന്നത്തെ UK യിലേക്ക് – പോകുന്ന കപ്പലാണ്.

യോനായ്ക്ക് വേണമെങ്കിൽ നിനവെയിലേയ്ക്ക് പോകാം. പക്ഷേ, യോനായുടെ 'സ്വയം' ശക്തമായതുകൊണ്ട്, ego വളരെ കരുത്തോടെ നിന്നതുകൊണ്ട്, എന്റെ സ്ഥാനം, എന്റെ മാനം, എന്റെ വാക്ക്, എന്റെ വാക്കിന്റെ വില എന്നുള്ളതിന് ഒന്നാംസ്ഥാനം കൊടുത്തതുകൊണ്ട്, അഹങ്കാരിയായിരുന്നതുകൊണ്ട്, നേരെ പടിഞ്ഞാറോട്ടുള്ള കപ്പലിൽ കയറി.

> *"എന്നാൽ യോനാ യഹോവയുടെ സന്നിധിയിൽ നിന്നു തർശീശിലേക്കു ഓടിപ്പോകേണ്ടതിന്നു പുറപ്പെട്ടു യാഫോവിലേയ്ക്കു ചെന്നു, തർശ്ശീശിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടു കൂലി കൊടുത്തു യഹോവയുടെ സന്നിധിയിൽനിന്നു അവരോടുകൂടെ തർശീശിലേക്കു പോയ്ക്കളവാൻ അതിൽ കയറി."* *യോന 1: 2, 3*

തർശീശിലേയ്ക്ക് പോകുന്ന കപ്പലിൽ കയറാൻ, ദൈവത്തിന്റെ വഴിയുടെ എതിർദിശയിലേക്ക് പോകുവാൻ യോനാ കൂലി കൊടുത്തു. സ്നേഹിതരേ, നിങ്ങളോട് ചോദിക്കട്ടെ, നിങ്ങളുടെ ജീവിതത്തിൽ ദൈവം തന്ന വിഭവങ്ങൾ, ആരോഗ്യം, സമ്പത്ത്, ബുദ്ധിശക്തി, കഴിവ് ഇതെല്ലാം പിശാചിന് കൂലിയായി കൊടുത്തവരാരെങ്കിലും ഇത് വായിക്കുന്നുണ്ടോ?

നിങ്ങളുടെ കഴിവുകൾ സാത്താന് പന്താടാൻ വിട്ടുകൊ

ടുത്തവർ! ആരോഗ്യം പാപത്തിനുകൊടുത്ത് നശിപ്പിച്ചവർ! പണം കൊടുത്തു ശരീരത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തിക്കളഞ്ഞവർ! കുടുംബത്തിന്റെ ശാന്തി, സ്നേഹം നഷ്ടപ്പെടുത്തിയവർ! മാതാപിതാക്കളുടെ ഹൃദയത്തെ വ്രണപ്പെടുത്തിയവർ! ഭാര്യയെ നിരന്തരം ഉപദ്രവിച്ച് ആ സാധുവിന്റെ ഹൃദയത്തെ നൊമ്പരപ്പെടുത്തുകയും വളരെ വേദനിപ്പിക്കുകയും ചെയ്തുപോയവർ!

ഭർത്താവിനോട് അവിശ്വസ്തതയും അനുസരണക്കേടും കാണിച്ച് എപ്പോഴും പരിഭവിക്കുകയും വഴക്കടിക്കുകയും ചെയ്ത് കുടുംബം കലക്കിയവർ! അവരെല്ലാം ലോകജീവിതത്തിൽ പിശാചിന് കൂലികൊടുത്തവരാണ്. ദൈവത്തിനെതിരെ നടക്കാൻ പിശാചിനുവേണ്ടി തങ്ങളെത്തന്നെ വിട്ടുകൊടുത്തവരാണ്. നിങ്ങൾ ചിന്തിച്ചാൽ നിങ്ങൾക്ക് തന്നെ അറിയാം, എന്തെല്ലാമാണ് നഷ്ടപ്പെടുത്തിയത് എന്ന്.

കഴിഞ്ഞദിവസം ഒരു ചെറുപ്പക്കാരൻ പറഞ്ഞു, ഒരു വർഷംകൊണ്ട് നാല് ലക്ഷം രൂപ കുടിച്ച് മുടിച്ചു എന്ന്. വേറൊരു ചെറുപ്പക്കാരൻ പറഞ്ഞു, ഒരു വർഷംകൊണ്ട് പതിനൊന്ന് ലക്ഷം രൂപ കുടിച്ച് മുടിച്ചു എന്ന്. എല്ലാം നഷ്ടപ്പെടുകയല്ലേ? കൂലി കൊടുക്കുകയാണ്!

വേറൊരു ചെറുപ്പക്കാരൻ എന്നോട് പറഞ്ഞു: സാറേ, ഞാനിന്ന് രോഗിയായി. കാരണം, കുത്തഴിഞ്ഞ ജീവിതമാണ്. ഞാൻ പറഞ്ഞു: മോനേ, പ്രാർത്ഥിക്കാം. പക്ഷേ, ഇനിയെന്ത്? സാറേ, സംശയമില്ല, ഇനി ഞാൻ യേശുക്രിസ്തുവിനെ മാനിച്ച് ജീവിക്കും. പക്ഷേ, ഭാര്യ എന്നെവിട്ട് പോയി. അവൾ തിരികെ വരുമെന്ന് തോന്നുന്നില്ല. ഞാൻ അവനോടു പറഞ്ഞു: ഞാനിനി ഒരു പുതിയ മനുഷ്യനായി ജീവിച്ചുകൊള്ളാമെന്ന് അവളോട് പറയാമോ? അവൻ പറഞ്ഞു: ഞാൻ പറഞ്ഞാൽ അവൾ വിശ്വസിക്കില്ല.

ഞാൻ അവനോട് ഒരു E-Mail അയയ്ക്കാൻ പറഞ്ഞു. അതിൽ ഇന്ന കൂട്ടായ്മയിൽ പോയി, ഇന്ന ആളെ കണ്ടു,

എന്റെ ജീവിതം മുഴുവൻ തുറന്നുപറഞ്ഞു. ഇനി ഞാൻ പാപം ചെയ്യുകയില്ല. ഇതിനുമുമ്പ് പറയാറുള്ളതുപോലെയല്ല, നീ ഇത് വിശ്വസിച്ച്, ഞാൻ നിന്നോട് ചെയ്തതെല്ലാം ക്ഷമിക്കണം എന്ന് മാപ്പുപറയാൻ പറഞ്ഞു. പിന്നീട് അവൻ എന്നെകണ്ട പ്പോൾ പറഞ്ഞു: സാറേ, ആ E-Mail അവൾ receive ചെയ്തിട്ടില്ല.

പ്രിയപ്പെട്ടവരേ, പലതും കൂലികൊടുത്ത് വാങ്ങിയവ രുണ്ട്. വിവാഹമോചനം വന്നതെന്തുകൊണ്ടാണ്? എല്ലാം പിശാചിന് കൂലികൊടുത്തതാണ്. ദൈവത്തിനെതിരായി യാത്രചെയ്യുവാൻ കൂലികൊടുത്തവർ!

സ്നേഹിതാ, നിന്റെ അഹങ്കാരം, പരിഭവസ്വഭാവം, പിറുപിറുക്കുന്ന സ്വഭാവം, ആവലാതിപ്പെടുന്ന സ്വഭാവം, ആശങ്ക പ്പെടുന്ന സ്വഭാവം ഇതെല്ലാംകൊണ്ട് നീ എന്തെല്ലാമാണ് നഷ്ട പ്പെടുത്തിയത്?

നിന്റെ കുടുംബത്തിൽ സമാധാനമുണ്ടോ? നിന്റെ മക്കൾ നേർവഴിയിലാണോ പോകുന്നത്? നിന്റെ ഭർത്താവിന്റെ ഹൃദയം നീറി നീറി പുകഞ്ഞുകൊണ്ടിരിക്കയല്ലേ? മോനേ, നീ ചിന്തിക്കൂ, നിന്റെ ജീവിതത്തിൽ ഇന്ന് സമാധാനമുണ്ടോ? നിന്റെ കുടുബം കലങ്ങിയിരിക്കയല്ലേ? നിന്റെ ഭാര്യ അന്യാധീ നപ്പെട്ടു പോയിരിക്കയല്ലേ? നിന്റെ മക്കൾ നാനാവിധമായിപ്പോയി രിക്കയല്ലേ?

യോനാ കൂലി കൊടുത്ത് കപ്പലിൽ കയറി. എന്നാൽ മനുഷ്യരുടെ ആരുടേയും മുഖത്ത് നോക്കാൻ അവന് ധൈര്യമില്ല. അവൻ വേഗം താഴെ തട്ടിലേക്കിറങ്ങി അടിത്തട്ടിൽ ചെന്നു കിടന്ന് ഉറക്കംപിടിച്ചു. പക്ഷേ, എന്തുണ്ടായി?

> *"യഹോവയോ സമുദ്രത്തിൽ ഒരു പെരുങ്കാറ്റ് അടി പ്പിച്ചു; കപ്പൽ തകർന്നു പോകുവാൻ തക്കവണ്ണം സമുദ്രത്തിൽ വലിയൊരു കോൾ ഉണ്ടായി."*
>
> *യോനാ 1 : 4*

കപ്പൽ തകർന്ന് പോവുന്ന കൊടുങ്കാറ്റ് അടിച്ചു. ചര

ക്കെല്ലാം എടുത്ത് പുറത്ത് എറിഞ്ഞുകളഞ്ഞു.

> *"കപ്പൽക്കാർ ഭയപ്പെട്ടു ഓരോരുത്തൻ താന്താന്റെ ദേവനോടു നിലവിളിച്ചു; കപ്പലിന്നു ഭാരം കുറയ്ക്കേണ്ടതിന്ന് അവർ അതിലെ ചരക്ക് സമുദ്രത്തിൽ എറിഞ്ഞുകളഞ്ഞു."* *യോനാ 1 : 5*

മെഡിറ്ററേനിയൻ കടലിൽ വല്ലപ്പോഴുമേ ഇങ്ങനെ കൊടുങ്കാറ്റ് ഉണ്ടാകാറുള്ളൂ. ഈ കൊടുങ്കാറ്റിൽ കപ്പൽ ആടിയുലഞ്ഞ് മുങ്ങാറായി. എല്ലാവരും അമ്പരപ്പിലായി; കൂട്ടക്കരച്ചിലായി. ആർക്കും ഒന്നും മനസ്സിലാകുന്നില്ല. ചരക്ക് കളഞ്ഞിട്ടും കപ്പലിന്റെ ഭാരം കുറച്ചിട്ടും കപ്പൽ മുങ്ങുമെന്നുള്ള സ്ഥിതിയിലായി.

ഇപ്പോൾ നിങ്ങൾക്ക് പുറകോട്ടു തിരിഞ്ഞുനോക്കാൻ സാധിക്കും. ഞാൻ ഒരാൾ കാരണമാണ് കുടുംബം കലങ്ങിയത്; മക്കൾ നാനാവിധമായിപ്പോയത്; മക്കൾ സുബോധമില്ലാത്തവരെപ്പോലെ ലോകത്തിന്റെ മോഹങ്ങളിൽപ്പെട്ടുഴന്ന് അവസാനം ജീവിതം താറുമാറാക്കിക്കളഞ്ഞത്. ഞാൻ ഒരാൾ കാരണമാണ് എന്റെ ഭർത്താവ് തീരാരോഗിയായി ഇന്ന് ഹാർട്ട് അറ്റാക്കും ബ്ലഡ് പ്രഷറും വർദ്ധിച്ച് ടെൻഷൻകൊണ്ട് വലയുന്നത്. ഞാനൊരാൾ മൂലമാണ് കുടുംബത്തിലെ സമ്പത്ത് മുഴുവനും നശിച്ചത്. നിങ്ങളുടെ മദ്യപാനം, കഞ്ചാവ്, ചീത്തകൂട്ടുകെട്ടുകൾ, യൗവ്വനത്തിളപ്പിൽ കാട്ടിക്കൂട്ടിയ വിക്രിയകൾ എല്ലാം കാരണമാണ് നിങ്ങളുടെ കുടുംബം നശിച്ചത് എന്ന് ഓർക്കുക.

വാസ്തവത്തിൽ യോനാ എന്ന കെടാച്ചരക്ക് കപ്പലിന്റെ അടിത്തട്ടിൽ കിടപ്പുണ്ട്. നിങ്ങൾ പലതും ചെയ്തു. പള്ളിയിൽ പോയി കുമ്പസാരിച്ചു, കുർബ്ബാനകൊണ്ടു, സുവിശേഷയോഗങ്ങളിൽ പങ്കെടുത്തു, സാധുജനസംരക്ഷണത്തിന് ചിലതെല്ലാം ചെയ്തു. ഇതെല്ലാം ചെയ്തിട്ടും പ്രിയപ്പെട്ടവരേ, കപ്പലിന്റെ കോൾ അടങ്ങുന്നില്ല, ചുഴലിക്കാറ്റ് ശമിക്കുന്നില്ല, അങ്കലാപ്പു

കൾ മാറുന്നില്ല. നിന്റെ ജീവിതത്തിൽ വന്ന തകരാറുകൾ മാറണമെങ്കിൽ ഇനിയും എടുത്തുകളയേണ്ടത് കപ്പലിന്റെ പുറത്തേയ്ക്ക് കളയണം. അതിനെ എടുത്ത് കളയാത്തിടത്തോളം കാലം സ്വസ്ഥത കിട്ടുകയില്ല.

സ്നേഹിതാ, നിന്റെ ജീവിതത്തിൽ മറഞ്ഞുകിടക്കുന്ന, ഇന്നും ഏറ്റുപറയാത്ത, ഉപേക്ഷിക്കാത്ത, വിട്ടുകളയാൻ നിനക്ക് ആഗ്രഹം തോന്നാത്ത ചില മുറുകെപറ്റുന്ന പാപങ്ങൾ നിന്നിൽ ഇഴുകിച്ചേർന്നിരിക്കുകയാണ്. അത് നിന്റെ ജീവിതത്തിൽ ഉള്ളിടത്തോളം നിനക്ക് അഭിവൃദ്ധി കിട്ടുകയില്ല; കുടുംബത്തിൽ സ്വസ്ഥത കിട്ടുകയില്ല; നിന്റെ മക്കൾക്ക് ശുഭഭാവി കിട്ടുകയില്ല. എല്ലാം നേരെയാക്കിത്തരാൻ യേശുവിനു കഴിയും.

എന്നാൽ സ്നേഹിതരേ, നേരെയാക്കാൻ യേശുവിന് കഴിയണമെങ്കിൽ ഈ കെടാച്ചരക്ക് എടുത്തുകളയണം. ജീവിതത്തിൽ നിന്നും മാറിപ്പോകാത്ത, വിട്ടുകളയാൻ നിനക്ക് മനസ്സില്ലാത്ത പാപത്തിന്റെ ചില ഊറിയ രസങ്ങൾ, പാപങ്ങൾ നിന്റെ ഹൃദയത്തിൽ ഇന്നും പറ്റിപ്പിടിച്ചു നിൽക്കുന്നുണ്ട്. അത് നീ വിട്ടുകളഞ്ഞല്ലാതെ മകനേ, മകളേ, നിനക്ക് സ്വസ്ഥത കിട്ടുകയില്ല.

എത്ര സമ്പത്തുണ്ടായാലും മക്കളുണ്ടായാലും ഭാര്യയുണ്ടായാലും ഭർത്താവുണ്ടായാലും വലിയ മനോഹരമായ മണിമാളിക ഉണ്ടായാലും സ്വസ്ഥത കിട്ടണമെങ്കിൽ ഒരു പോംവഴിയേ ഉള്ളൂ. ഇതുവരേയും മറഞ്ഞുകിടക്കുന്ന ചില യോനമാരുണ്ട്. അവരെ നീ എടുത്ത് പുറത്തുകളയണം. അതിന് നിനക്ക് മനസ്സായാൽ നിന്റെ ജീവിതം ശാന്തമാകും. എല്ലാം സ്വസ്ഥമാകും. സമാധാനം നിന്റെ ജീവിതത്തിലേയ്ക്ക് ഇരച്ചുകയറും.

നിന്റെ രോഗം മാറും, കഷ്ടത മാറും, വേദനകൾ മാറും, നിന്റെ കുടുംബത്തിലേയ്ക്ക് ഐശ്വര്യം വരും. നിന്റെ കടത്തിന് പരിഹാരം വരും. കടത്തിൽ നീ മുങ്ങി വലയുകയാണ്;

ബിസിനസ്സ് തകർന്നുകൊണ്ടിരിക്കുകയാണ്; പലതരത്തിൽ, പല കെടുതികൾ നിന്നെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. പൈശാചികസേനകൾ നിന്നെ ആക്രമിച്ച്, നിന്റെ കുടുംബത്തെ വിഴുങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നാൽ നിനക്കുയരാൻ ദൈവം ഒരു വഴി തുറക്കുകയാണ്. ഇന്ന് കപ്പലിന്റെ അടിത്തട്ടിൽ ഉറങ്ങിക്കിടക്കുന്ന യോനയെ എടുത്ത് പുറത്ത് കളയുക.

> *"യോനയോ കപ്പലിന്റെ അടിത്തട്ടിൽ ഇറങ്ങികിടന്നു നല്ലവണ്ണം ഉറങ്ങുകയായിരുന്നു. കപ്പൽപ്രമാണി അവന്റെ അടുക്കൽ വന്നു അവനോട്: നീ ഉറങ്ങുന്നത് എന്ത്? എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്ക; നാം നശിച്ചുപോകാതിരിക്കേണ്ടതിന്ന് ദൈവം പക്ഷേ നമ്മെ കടാക്ഷിക്കും എന്നു പറഞ്ഞു." യോനാ 1 : 5, 6*

ഇന്ന് നമുക്കുചുറ്റും നടക്കുന്ന ചലനങ്ങൾ അറിയാതെ ചിലർ ഉറങ്ങിക്കിടക്കുകയാണ്. ചുറ്റും ചലനം, വലിയ ഇളക്കം, പ്രക്ഷുബ്ധമായ അന്തരീക്ഷം, ചുറ്റും പ്രക്ഷോഭങ്ങൾ! ആകെ സമൂഹം ആടിയുലയുകയാണ്. ഒന്നിനെക്കുറിച്ചും ചിന്തയില്ലാതെ മണിമാളികയിൽ രസിക്കുന്നവരുണ്ട്. ദന്തമന്ദിരങ്ങളിൽ സുഖിച്ച് കഴിയുന്നവരുണ്ട്. സമൂഹത്തിന്റെ വേലിയേറ്റങ്ങൾ ഉൾക്കൊള്ളുവാൻ കഴിവില്ലാതെ, സമൂഹത്തിന്റെ പ്രക്ഷുബ്ദ്ധമായ കോളിളക്കങ്ങൾ കാണാൻ കഴിവില്ലാതെ അതിനെക്കുറിച്ച് അന്ധതയഭിനയിച്ചു കഴിയുന്ന ഒരു വലിയ മേലാളവർഗ്ഗം!

പാവപ്പെട്ടവന്റെ വേദന കാണാൻ കഴിവില്ലാതെ, സാധുവിന് സുവിശേഷം കൊടുക്കാൻ മനസ്സില്ലാതെ സുവിശേഷത്തിന്റെ വാതിൽ അടയ്ക്കുന്ന സമുദായത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ! നിങ്ങൾ എവിടെ പോയാലും ആ കൂട്ടായ്മയിലേയ്ക്ക് പോവല്ലേ എന്ന് പറയും. പോയാൽ മനുഷ്യൻ രക്ഷപ്പെടും! അകത്തിരിക്കുന്ന യോനായെ എറിഞ്ഞുകളയാൻ സാധിക്കും! പാവപ്പെട്ടവൻ വലയുന്നത്, കുടുംബങ്ങൾ

തകരുന്നത്, വിവാഹമോചനങ്ങൾ നടക്കുന്നത് അവർക്ക് വിഷമമില്ല.

ഇന്ത്യയിൽ, കേരളത്തിലാണ് ഇന്ന് ഏറ്റവും കൂടുതൽ വിവാഹമോചനവും ആത്മഹത്യയും കൊലപാതകവും നടക്കുന്നത്. ഈ സംസ്കാരഭദ്രമായ 'ദൈവത്തിന്റെ നാട്ടി'ൽ കൊലപാതകങ്ങളുടെ പരമ്പര! സ്നേഹിതരേ, നിങ്ങൾ ചിന്തിക്കണം. ഇതേക്കുറിച്ച് നമ്മുടെ സമുദായനേതാക്കന്മാരിൽ ആർക്കാണ് വേദനയുള്ളത്? വല്ലവരും ചിന്തിച്ചിരുന്നുവെങ്കിൽ പറഞ്ഞേനെ: ആ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ പോയി വചനം കേൾക്ക്, നിങ്ങൾക്കൊക്കെ ഒരു മാനസാന്തരം കിട്ടും എന്ന്!

എന്നാൽ മറിച്ച് പറയുന്നതോ? അങ്ങോട്ട് പോവല്ലേ. അത് സഭയ്ക്ക് എതിരാണ്, ഭീഷണിയാണ്! ഈ കൂട്ടായ്മ സഭയോ, സമുദായമോ മാറ്റുന്നില്ല. സ്നാനം മാറ്റുന്നില്ല. പത്തുപൈസ പിരിവ് മേടിക്കുന്നില്ല, സംഭാവന മേടിക്കുന്നില്ല. എന്താണീ കൂട്ടായ്മ ചെയ്യുന്നത്? മൂവായിരത്തോളം യുവാക്കന്മാർക്ക് മാനസാന്തരം വരുവാൻ അവരെ വിളിച്ച് ക്ലാസ്സെടുക്കുന്നു. പതിനായിരത്തിലേറെ ആളുകൾ വന്ന് വചനം കേൾക്കുന്നു. അനേകർക്ക് മനസ്സമാധാനം കിട്ടുന്നു. അതാണ് കൂട്ടായ്മ ചെയ്ത തെറ്റ്.

നമ്മുടെ കൂട്ടായ്മയിലെ ഗായകസംഘത്തിലെ സാജു കോതമംഗലം കോളേജിൽ പഠിച്ചപ്പോൾ, അന്യായമായി പലതും ചെയ്തിരുന്നു. രാത്രികാലങ്ങളിൽ കൂട്ടുകാർ കൂടി, കോതമംഗലം കോളേജിന്റെ പരിസരത്തുള്ള വീടുകളിൽ കയറി കോഴി മോഷ്ടിക്കും; അടുത്തുള്ള പറമ്പിൽനിന്ന് കരിക്ക് മോഷ്ടിക്കും; കൂട്ടുകാർ കൂടി മേളിക്കും.

ഒരിക്കൽ സക്കായിയുടെ മാനസാന്തരത്തെക്കുറിച്ച് പ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ സാജു മാനസാന്തരപ്പെട്ടു. എന്റെ അടുക്കൽ വന്നു. എനിക്ക് അബദ്ധം പറ്റിപ്പോയി. ബി.

എ.യ്ക്ക് പഠിച്ചുകൊണ്ടിരുന്നപ്പോൾ കൂട്ടുകാർകൂടി തെറ്റുകൾ ചെയ്തതാണ്. ഇനി ഞാൻ എന്താണ് ചെയ്യേണ്ടത് എന്ന് ചോദിച്ചു. ആ വീടുകളിൽ ചെന്ന് മോഷ്ടിച്ച വസ്തുക്കൾക്ക് പകരം നീ കൂടുതൽ രൂപ കൊടുക്കാൻ പറഞ്ഞു.

സാജു മൂന്നിരട്ടിയും നാലിരട്ടിയും കൊടുക്കാനായി വീടുകൾതോറും കയറി. വെറുതെയല്ല സാജു വളർന്നത്! സാമ്പത്തികമായി ഉയർന്ന ഭദ്രതയിലെത്തിയത്! സാജുവിന്റെ അപ്പനും അമ്മയും കൂലിപ്പണിക്കാരായിരുന്നു. ഇന്നോ നാലായിരത്തിലേറെ ജോലിക്കാർക്ക് മാസശമ്പളം കൊടുക്കുന്നു. സാജു ഇന്ന് വിശുദ്ധിയുടെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഓടി നടക്കുന്നു. യോനയെ പുറത്തെറിഞ്ഞ് കളയാൻ തയ്യാറായി.

ജീവനുള്ള ദൈവത്തിന്റെ കരങ്ങളിലേയ്ക്ക് ജീവിതം കൊടുത്താൽ സ്വർഗ്ഗത്തിലെ ദൈവം അത്ഭുതം പ്രവർത്തിക്കും. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾമൂലം വന്ന കേടുകൾ പോക്കാനായി മറഞ്ഞുകിടക്കുന്ന പാപങ്ങൾ, അശുദ്ധികൾ എല്ലാം എടുത്ത് എറിഞ്ഞ് കളയുക.

> *"അവർ അവനോട്: ആരുടെ നിമിത്തം ഈ അനർത്ഥം നമ്മുടെമേൽ വന്നു എന്നു നീ പറഞ്ഞുതരേണം; നിന്റെ തൊഴിൽ എന്ത്? നീ എവിടെനിന്നു വരുന്നു? നിന്റെ നാട് ഏത്? നീ ഏതു ജാതിക്കാരൻ? എന്നു ചോദിച്ചു. അതിന് അവൻ അവരോട്: ഞാൻ ഒരു എബ്രായൻ, കടലും കരയും ഉണ്ടാക്കിയ സ്വർഗ്ഗീയദൈവമായ യഹോവയെ ഞാൻ ഭജിച്ചുവരുന്നു എന്നു പറഞ്ഞു."*
>
> *യോനാ 1 : 8, 9*

ദൈവത്തിനെതിരായി യാത്ര ചെയ്യുമ്പോഴും യോനാ പറയുന്നു, ഞാൻ സ്വർഗ്ഗീയ ദൈവമായ യഹോവയെ ഭജിച്ചുവരുന്നു എന്ന്. ഇന്നത്തെ ക്രൈസ്തവലോകം ഇങ്ങനെയല്ലേ?

പറയുന്നതെല്ലാം കെങ്കേമമായ കാര്യങ്ങൾ! അൾത്താരയിൽ നിന്നും, മദ്ബഹായിൽ നിന്നും, മനോഹരമായ പ്രസംഗങ്ങൾ. പക്ഷേ, ചെയ്യുന്നതോ? പുറത്ത് പറയാൻ വേദനിക്കുന്നതും അറയ്ക്കുന്നതുമായ കാര്യങ്ങൾ.

ഇന്ന് സുവിശേഷകന്മാർപോലും ജീവിതത്തിൽ സനാതനമൂല്യങ്ങൾ മറന്ന് ജീവിക്കുന്നവരല്ലേ? ഈ ജീവിതത്തിൽ മറഞ്ഞുകിടക്കുന്ന പാപങ്ങളെ എടുത്തുകളയാൻ മനസ്സില്ലെങ്കിൽ ജീവിതം ശൂന്യമാക്കപ്പെടും. യോനാ നല്ല അഭിമാനത്തോടെയാണ് പറയുന്നത്. പക്ഷേ യോനാ, കൂടെ പറഞ്ഞു: എനിക്കൊരബദ്ധം പറ്റി. കിഴക്കോട്ട് പോകാനാണ് പറഞ്ഞത്, പക്ഷേ ഞാൻ പടിഞ്ഞാറോട്ട് യാത്രചെയ്തുപോയി.

നീ ദൈവത്തെ ഭജിച്ചു വരുന്നു എന്ന് പറയുകയും ദൈവത്തിന് വിരോധമായി പോവുകയും ചെയ്തു. അതെന്തിനാണ് നീ അങ്ങനെ ചെയ്തത്? ഈ കോളിളക്കം മാറാൻ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? മോനേ, നീ പറയൂ. നിനക്ക് എന്താണ് തോന്നുന്നത് എന്ന് അവർ ചോദിച്ചു. അവൻ അവരോട് പറഞ്ഞു: എന്നെ എടുത്ത് സമുദ്രത്തിൽ ഇട്ടുകളവിൻ. എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്ക് തട്ടിയിരിക്കുന്നു. യോനായ്ക്ക് ശരിയായ കാഴ്ചപ്പാട് കിട്ടി. യോനാ ശരിയായ വഴിയിലേയ്ക്ക് വന്നു. കപ്പൽ പടിഞ്ഞാറോട്ടു തന്നെ പൊയ്ക്കൊണ്ടിരിക്കയാണ്. പക്ഷേ, യോനായുടെ ഹൃദയം ശരിയായ വഴിയിലേയ്ക്ക് വന്നു.

പ്രിയപ്പെട്ടവരേ, യഥാർത്ഥമായ കാഴ്ചപ്പാട്, ഞാനാണ് തെറ്റിന് ഉത്തരവാദി, ഞാനാണ് പ്രശ്നത്തിന് കാരണക്കാരൻ, ഞാനാണ് ശരിയാകേണ്ടത്, എന്റെനിമിത്തം ഈ വലിയ കോൾ നിങ്ങൾക്ക് തട്ടിയിരിക്കുന്നു എന്ന് കാണുന്നതാണ്.

എന്നെ എടുത്ത് എറിഞ്ഞുകളവിൻ എന്ന് യോനാ പറഞ്ഞ നിമിഷം അവർ യോനായെ കപ്പലിന്റെ അടിത്തട്ടിൽ നിന്ന് എടുത്തുപൊക്കി കടലിന്റെ ആഴത്തിലേയ്ക്ക് ഇട്ടു.

യോനാ, എന്നെ എടുത്ത് എറിഞ്ഞുകളവിൻ എന്ന് പറഞ്ഞ നിമിഷം തന്നെ സ്വർഗ്ഗത്തിൽനിന്ന് സമുദ്രത്തിന്റെ ആഴത്തിലുള്ള ഒരു മഹാമത്സ്യത്തിന് ഒരു പ്രത്യേക കല്പന കിട്ടി. ദൈവമായ യഹോവ കല്പിക്കയാൽ ഒരു മഹാമത്സ്യം വായ് പിളർന്ന് താഴെ സമുദ്രത്തിനടിയിൽ നിൽക്കുകയാണ്. ഈ കപ്പൽ നീങ്ങുന്നതിന്റെ ഒപ്പം മഹാമത്സ്യം നീങ്ങിക്കൊണ്ടിരിക്കുന്നു. മഹാമത്സ്യത്തെ ദൈവം നിയന്ത്രിക്കുന്നു!

യോനായെ എടുത്ത് താഴോട്ട് ഇട്ടു, കപ്പൽ വളരെ ശാന്തമായി, കോളിളക്കം മാറി, കൊടുങ്കാറ്റ് മാറി, തിരമാലകൾ അടങ്ങി, എല്ലാം ശാന്തമായി.

മകനേ, നിന്റെ മറഞ്ഞുകിടക്കുന്ന പാപം മാറിയാൽ ജീവിതം വളരെ ശാന്തമാകും. പാപങ്ങളെല്ലാം ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചു കഴിയുമ്പോൾ, ഇനി പാപമില്ലാത്തൊരു ജീവിതമാണ് നയിക്കാൻ പോകുന്നത് എന്ന് തീരുമാനമെടുത്ത് കഴിയുമ്പോൾ ജീവിതത്തിൽ എന്തൊരു സ്വസ്ഥതയാണെന്നോ? ധൈര്യമാണെന്നോ? പ്രാഗത്ഭ്യമാണെന്നോ? ആരെല്ലാം എതിർത്താലെന്ത്? എന്തു സംഭവിച്ചാലെന്ത്? രോഗം വന്നാലെന്ത്? സകലരും ഉപദ്രവിച്ചാലെന്ത്? പാപം മാറി ഹൃദയം ശുദ്ധമായിക്കിട്ടുമ്പോൾ, പാപങ്ങൾ കഴുകിക്കിട്ടുമ്പോൾ കിട്ടുന്ന സ്വസ്ഥത വലുതാണ്.

> *"യോനയെ വിഴുങ്ങേണ്ടതിന്ന് യഹോവ ഒരു മഹാമത്സ്യത്തെ കല്പിച്ചാക്കിയിരുന്നു. അങ്ങനെ യോനാ മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കിടന്നു." യോനാ 1 : 17*

ഞാൻ 1967 - ൽ ലൈഫ് മാഗസിനിൽ വായിച്ചു: ഒരു മഹാമത്സ്യം സ്വീഡന്റെ കടൽത്തീരത്തടിഞ്ഞു. അങ്ങനെ ഒരു മത്സ്യത്തെ ജന്തുശാസ്ത്രജ്ഞന്മാരാരും കണ്ടിട്ടില്ല. ആ മത്സ്യം ചത്താണടിഞ്ഞത്. മത്സ്യത്തിന്റെ വയറു പിളർന്നപ്പോൾ അതിന്റെ അകത്ത് രണ്ടു മനുഷ്യർ! ഒരാഴ്ച മുമ്പ് കടലിൽ മീൻ

പിടിയ്ക്കാൻ പോയവരാണ്. ഈ മത്സ്യം അവരെ വിഴുങ്ങിയെന്നു വേണം വിചാരിക്കാൻ. ഏതായാലും മത്സ്യത്തിന്റെ വയറ്റിൽ അവരെ കണ്ടു. അവർ സുഖമായിട്ടിരിക്കുന്നു. അവിടെ ഒരു വലിയ ഓക്സിജൻ ബ്ലാഡർ! പ്രാണവായു നിറച്ച സഞ്ചി. അതുകൊണ്ട് അവർക്ക് ശ്വസിക്കാൻ ഓക്സിജൻ ഉണ്ടായിരുന്നു. അന്ന് ഞാൻ അതിന്റെ ചിത്രം സഹിതം ലൈഫ് മാഗസിനിൽ വായിച്ചതോർക്കുന്നു. അതുവരെ ജന്തുശാസ്ത്രജ്ഞന്മാർക്ക് പോലും അജ്ഞാതമായിരുന്നു, മനുഷ്യനെ മത്സ്യം വിഴുങ്ങിയാൽ മനുഷ്യന് അതിനകത്ത് ജീവിക്കുവാൻ സാധിക്കുമെന്നത്.

മൂന്ന് ദിവസം യോനാ മത്സ്യത്തിന്റെ വയറ്റിൽ! യോനാ കപ്പലിൽ കയറിയപ്പോൾ കപ്പലിന് കോളിളക്കം; സ്വസ്ഥതയില്ല. മത്സ്യത്തിന്റെ വയറ്റിൽ യോനാ കയറിയപ്പോൾ മത്സ്യം പരക്കംപാഞ്ഞ് ഓടുകയാണ് നേരെ പടിഞ്ഞാറോട്ട്. ആരാണ് നിയന്ത്രിക്കുന്നത്? സ്വർഗ്ഗത്തിലെ ദൈവം! ഈ മത്സ്യം മെഡിറ്ററേനിയൻ കടൽ കടന്ന് അറ്റ്ലാന്റിക് സമുദ്രത്തിലേയ്ക്ക് കടന്ന് ജിബ്രാൾട്ടർ കടലിടുക്ക് കടക്കുന്നു.

മത്സ്യം നേരെ തെക്കോട്ട് ഓടുന്നു. പടിഞ്ഞാറേ തീരം പറ്റി അറ്റ്ലാന്റിക് സമുദ്രത്തിൽകൂടി ആഫ്രിക്കയുടെ പടിഞ്ഞാറേ തീരത്തുകൂടെ നേരെ തെക്കോട്ട് ഓടുന്നു. ഗുഡ്ഹോപ് മുനമ്പ് ചുറ്റുന്നു. ഇന്ത്യൻ മഹാസമുദ്രത്തിൽ കടക്കുന്നു. ഈ മത്സ്യം ആഫ്രിക്കയുടെ കിഴക്കേ തീരത്തുകൂടി നേരെ വടക്കോട്ട് ഓടുന്നു. അയ്യായിരം മൈൽ മൂന്നുദിവസംകൊണ്ട് സഞ്ചരിച്ച് ഈ മത്സ്യം ചെങ്കടൽ കടന്നു. നിനെവെയുടെ തീരത്ത് യോനായെ ഛർദ്ദിച്ചു. എന്തൊരതിശയം!

ജീവനുള്ള ദൈവത്തിന്റെ വഴിയിലേയ്ക്ക് തിരിഞ്ഞാൽ ദൈവം എത്തേണ്ടയിടത്ത് എത്തിക്കും. നിങ്ങൾ വഴിതെറ്റി പോവുകയായിരിക്കും. പല തരത്തിൽ തെറ്റുകൾ, പോരായ്മകൾ, കോളിളക്കങ്ങൾ, താങ്ങാൻവയ്യാത്ത ആപത്തുകൾ, ദുരിതങ്ങൾ സംഭവിച്ചുകാണും. എന്നാൽ ഇന്ന് നിങ്ങൾ ദൈവത്തി

ങ്കലേയ്ക്ക് തിരിഞ്ഞാൽ, പാപം എറിഞ്ഞുകളയാൻ നിങ്ങൾ തീരുമാനിച്ചാൽ ദൈവം നിങ്ങളെ എത്തേണ്ടിടത്ത് എത്തിക്കും.

മഹാമത്സ്യം പരിശുദ്ധാത്മാവിനെ കാണിക്കുന്നു; ഈ പാപിയായ മനുഷ്യനെ പേറിക്കൊണ്ടോടുന്ന പരിശുദ്ധാത്മാവിന്റെ സ്നേഹത്തെ കാണിക്കുന്നു. പാപിയായ മനുഷ്യനെ മുഴുവനായി ആവാഹിച്ചുകൊണ്ട് അവനെ എത്തേണ്ടിടത്ത് എത്തിക്കാൻ ശ്രമിക്കുന്ന സ്വർഗ്ഗത്തിലെ നിസ്തുല സ്നേഹത്തെ കാണിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം മനുഷ്യനെ രക്ഷിക്കുവാൻ ബദ്ധപ്പെടുകയാണ്. ആ വേദന മുഴുവൻ സഹിക്കുകയാണ്.

മത്സ്യം മൂന്ന് ദിവസം വേദന സഹിച്ചു. പ്രിയപ്പെട്ടവരേ, മൂന്നു രാവും മൂന്നു പകലും കർത്താവായ യേശുക്രിസ്തു ഭൂമിയുടെ മണ്ണിനടിയിൽ കിടന്നു. മൂന്നാംനാൾ ഉയർത്തെഴുന്നേറ്റപ്പോൾ കർത്താവ് പറഞ്ഞ ആദ്യത്തെ വാക്യം: “സ്ത്രീയെ നീ കരയുന്നതെന്ത്?” എന്നാണ്. യേശുക്രിസ്തു ക്രൂശിൽ മരിച്ചതും പാതാളത്തിൽ പോയതും ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നതും എന്തിനാണ്? ഒരൊറ്റ കാര്യം: കരയുന്നവരുടെ കരച്ചിൽ മാറ്റാൻ! ദു:ഖിക്കുന്നവരുടെ ദു:ഖം അകറ്റാൻ!

ആരെല്ലാം വേദനിക്കുന്നുണ്ടോ? ദു:ഖിക്കുന്നുണ്ടോ? ആ വേദനയും ദു:ഖവുമെല്ലാം യേശു ഏറ്റെടുക്കുന്നു. യേശു ബദ്ധപ്പെടുകയാണ്. ലോകത്തിന്റെ അഞ്ചു വൻകരകളിലും യേശുക്രിസ്തുവിന്റെ സുവിശേഷം വ്യാപിക്കുകയാണ്. ഈ സുവിശേഷത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന ആരെല്ലാം യേശുവിനുവേണ്ടി ഹൃദയം തുറക്കുന്നുവോ അവരെ യേശു സ്വീകരിക്കുകയും, ശാശ്വതശാന്തിയുടെ പാതയിലേയ്ക്ക് നയിക്കുകയും ചെയ്യുകയാണ്. അവരുടെ ജീവിതം കർത്താവ് ശോഭനമാക്കുകയാണ്; സ്വസ്ഥത കൊടുക്കുകയാണ്.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ കേടുകൾ മാറും. ഹൃദയത്തിലെ ആവലാതികൾ മാറും. ആവശ്യങ്ങൾ നിറവേറ്റിക്കിട്ടും.

ആഗ്രഹങ്ങൾ സാധിപ്പിച്ച് കിട്ടും. ജീവിതത്തിൽ നിങ്ങൾ താലോലിക്കുന്ന സ്വപ്നങ്ങൾ സാദ്ധ്യമായിത്തീരും.

മത്സ്യത്തിന്റെ വയറ്റിൽ ദീർഘനേരം, മൂന്ന് രാവും മൂന്ന് പകലും കിടന്നപ്പോൾ യോനാ പ്രാർത്ഥിച്ചു. ആ പ്രാർത്ഥന യിലെ മുഖ്യമായ വാക്കാണ് നമ്മുടെ ചിന്താവിഷയം - "നേർന്നിരിക്കുന്നത് ഞാൻ കഴിക്കും."

യോനാ പറയുകയാണ്: കർത്താവേ, ഞാൻ ഒരു നേർച്ച നേർന്ന മനുഷ്യനാണ്. ആ നേർച്ച തെറ്റിച്ചതുകൊണ്ടാണ് എനി ക്കിതെല്ലാം വന്നത്. നീ എന്നോട് കിഴക്കോട്ട് പോകാൻ പറ ഞ്ഞപ്പോൾ പടിഞ്ഞാറോട്ട് പോയവനാണ്. നേരെ വിരുദ്ധദിശ യിലേയ്ക്ക് യാത്രചെയ്തവനാണ്. തെറ്റുകൾ പറ്റിപ്പോയി. ഞാൻ നിന്നോട് വാക്കുപറയുന്നു: ഞാൻ പുറത്തു വന്നാൽ നേർന്നിരിക്കുന്നത് ഞാൻ കഴിച്ചുകൊള്ളാം.

നാഥാ! എന്റെ ജീവിതത്തിൽ ഞാൻ ചില തീരുമാനങ്ങൾ എടുത്തവനാണ്. ഇനി മദ്യപിക്കയില്ല, ആരേയും കുറ്റംവിധി ക്കയില്ല, വഴക്കടിക്കില്ല, കോപിക്കയില്ല, അശുദ്ധമായ നോട്ട ത്തിന് ഇടംകൊടുക്കയില്ല, അശുദ്ധമായ ചിത്രങ്ങൾ കാണില്ല, അഴുക്ക് ബന്ധത്തിലേക്കില്ല, ഇന്റർനെറ്റിലെ ചീത്ത സൈറ്റുക ളിൽ കടക്കയില്ല. എങ്കിലും പിന്നെയും തെറ്റുകൾ സംഭവി ച്ചുപോയി. നേർന്ന നേർച്ചകളെല്ലാം തെറ്റിച്ചുകളഞ്ഞു. നഷ്ട ത്തിന്റെ കണക്കുംപേറി ഞാൻ വരികയാണ്. എന്റെ യേശുവേ, ഇന്ന് ഞാൻ നിന്നോട് പറയുന്നു, നേർന്നിരിക്കുന്നത് ഞാൻ കഴിക്കും.

നിങ്ങൾക്ക് തീരുമാനിക്കാം, കർത്താവേ, നേർന്നിരിക്കു ന്നത് ഞാൻ കഴിക്കും. ഇനി ഞാൻ പഴയതിലേക്കില്ല; പഴയ പാപത്തിലേക്കില്ല; മറ്റുള്ളവരെ കുറ്റംവിധിക്കുന്ന പാതകത്തി ലേക്കില്ല; ആരേയും പഴിക്കയില്ല. ആരുടേയും കുറ്റം കാണുക യില്ല. എന്റെ കുറ്റംമാത്രം ഞാൻ കാണും. എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ പുതിയ സൃഷ്ടിയായി ജീവിക്കും. നിന്റെ

ചങ്കുപൊട്ടി ഒഴുകിയ തിരുരക്തത്താൽ ഇപ്പോൾ എന്നെ ഒന്നു കഴുകണമേ. എന്റെ പാപക്കറകൾ കഴുകി എന്നെ വിശുദ്ധീകരിക്കണമേ.

നാഥാ! ഞാൻ നിന്നോട് പറഞ്ഞ വാക്ക് പാലിപ്പാൻ ഇപ്പോൾ വീണ്ടുമൊരു പ്രതിഷ്ഠ എടുക്കുന്നു. ഒരു Re-dedication–ന് വേണ്ടി ഞാൻ ഒരുങ്ങുന്നു. കർത്താവേ, എന്റെ പാപം പോക്കണമേ. എന്നെ നിന്റെ തിരുവിലാവിൽ ഒളിപ്പിച്ച് നിന്റെ മഹത്വത്തിനുവേണ്ടി ഒരുക്കി നിത്യരാജ്യത്തിലേയ്ക്ക് എന്നെ പ്രവേശിപ്പിക്കണമേ. മരണനേരത്തും തീരാത്ത സ്വർഗ്ഗീയ സൗഭാഗ്യത്തിലേയ്ക്ക് എന്നെ ചേർക്കണമേ. എന്റെ പാപക്കടങ്ങളെല്ലാം പൊറുക്കണമേ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?

PTO

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?

# Prof. M.Y. യോഹന്നാൻ

**സുവിശേഷസന്ദേശം നൽകുന്നു**

**എല്ലാ ദിവസവും രാത്രി 8 : 30**
**പവർവിഷൻ TV**

**ശനി രാവിലെ 6 : 30**
**സൂര്യ TV**

**ഞായർ രാവിലെ 6 : 30**
**ജീവൻ TV**

**തിങ്കൾ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും:**

www.crfgospel.org

Ph : 9142 30 30 96


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും** (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച** (വനിതകളുടെ യോഗം) | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |